# 'ഓശാന' ഗവേഷണങ്ങളുടെ തനിനിറം

(വിപുലീകരിച്ച രണ്ടാം പതിപ്പ്)

ജോൺ കച്ചിറമറ്റം

www.malankaralibrary.com

# 'ഓശാന'ഗവേഷണങ്ങളുടെ തനിനിറം

(വിപുലീകരിച്ച രണ്ടാം പതിപ്പ്)

ജോൺ കച്ചിറമറ്റം

— പ്രസിദ്ധീകരണം —
ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി. ഒ.
686 655

www.malankaralibrary.com

മലയാളം
"ഓശാന" ഗവേഷണങ്ങളുടെ തനിനിറം
ലേഖനസമാഹാരം
ആദ്യപതിപ്പ് സെപ്റ്റംബർ 1, 1998
രണ്ടാം പതിപ്പ് സെപ്റ്റംബർ 25, 1998
പ്രസിദ്ധീകരണം : ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പകർപ്പവകാശം : ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
അച്ചടി : ദീപിക ഓഫ്സെറ്റ് പ്രിന്റേഴ്സ്, കോട്ടയം
വില : Rs. 24/-

## ഡോ. കച്ചിറമറ്റം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. "ഓശാന" ഗവേഷണങ്ങളുടെ തനിനിറം
2. വചനപ്രകാശം; ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
3. കുരിശിന്റെ വഴി
4. Homilies and Reflections "
5. Why American youth Turn to Budha "
6. Evolution in the human concept of God "
7. Re-discovery of India "
8. Catholic Eastern churches "
9. Prepare the way of the Lord "

**അച്ചടിയിൽ**

ആധുനികഭാരതവും ക്രൈസ്തവസംഭാവനകളും

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

## സത്യത്തോടുള്ള ബഹുമാനം !

"THE COMPLAINENT IS A PERSON HAVING LITTLE RESPECT FOR TRUTH AND HAS NO COMPUNCTION IN GIVING ANY NUMBER OF PREVARICATIONS WITHOUT ANY PRICK OF CONSCIENCE"

പരാതിക്കാരൻ സത്യത്തോട് യാതൊരു ബഹുമാനവുമില്ലാത്തവനാണ്. കൂടാതെ അയാൾക്ക് പശ്ചാത്താപമില്ലാതെ എത്രതവണയും വാക്കുമാറ്റി പറയുന്നതിന് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല. (തർജിമസ്വന്തം).

കോഴിക്കോട് ജില്ലാ മജിസ്ട്രേറ്റ് കോടതിയിൽ ദേവഗിരി കോളേജ് പ്രിൻസിപ്പൽ തുടങ്ങി എട്ടുപേരെ പ്രതികളാക്കി 1965-ൽ ശ്രീ ജോസഫ് പുലിക്കുന്നേൽ ഒരു മാനനഷ്ടക്കേസ് കൊടുക്കുകയുണ്ടായി. CC 339/65 ആയിരുന്നു പ്രസ്തുത കേസ്സ്. ജില്ലാ മജിസ്ട്രേറ്റ് ശ്രീ. ഐ. കെ. ചന്ദ്രശേഖരൻ പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാരനായ പി. എസ്സ്. ജോസഫിനെ (ജോസഫ് പുലിക്കുന്നേൽ)കുറിച്ച് എഴുതിയിരിക്കുന്ന ഭാഗമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

www.malankaralibrary.com

# വഞ്ചന നിറഞ്ഞ നാവേ!

ശക്തനായ മനുഷ്യാ,
ദൈവഭക്തർക്കെതിരെ ചെയ്ത ദുഷ്ടതയിൽ
നീ എന്തിനഹങ്കരിക്കുന്നു?
ദിവസം മുഴുവനും നീ വിനാശം നിരൂപിക്കുന്നു
വഞ്ചകാ, നിന്റെ നാവ്
മൂർച്ചയേറിയ ക്ഷൗരക്കത്തിപോലെയാണ്.
നന്മയേക്കാൾ തിന്മയും
സത്യത്തേക്കാൾ വ്യാജവും
നീ ഇഷ്ടപ്പെടുന്നു.
വഞ്ചന നിറഞ്ഞ നാവേ,
വിനാശകരമായ വാക്കുകളാണ് നിനക്ക് ഇഷ്ടം.
ദൈവം നിന്നെ എന്നന്നേയ്ക്കുമായി തകർക്കും
നിന്റെ കൂടാരത്തിൽനിന്ന്
അവിടുന്ന് നിന്നെ
വലിച്ചെടുത്ത് ചീന്തിക്കളയും.
ജീവിക്കുന്നവരുടെ നാട്ടിൽനിന്ന്
നിന്നെ അവിടുന്ന് വേരോടെ പിഴുതുകളയും
നീതിമാന്മാർ അതുകണ്ട് ഭയപ്പെടും
അവനെ അവർ പരിഹസിക്കും

(സങ്കീർത്തനം 52:1-7)

www.malankaralibrary.com

# പ്രസാധകക്കുറിപ്പ്

'ഓശാന' ഗവേഷണങ്ങളുടെ തനിനിറം എന്ന ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പ് സെപ്തംബർ 1-ാം തീയതിയാണ് പ്രസിദ്ധീകരിച്ചത്. ഈ ഗ്രന്ഥത്തിന് ഇത്ര പെട്ടെന്ന് ഒരു രണ്ടാം പതിപ്പ് വേണ്ടി വരുമെന്ന് പ്രതീക്ഷിച്ചില്ല.

ഈ പുസ്തകം വായിച്ചവർ ഇതിന്റെ കൂടുതൽ കോപ്പികൾ വാങ്ങി സുഹൃത്തുക്കൾക്ക് നൽകുവാൻ തയ്യാറായതുകൊണ്ടാണ് ഒന്നാം പതിപ്പ് ഇത്രയും വേഗം തീർന്നത്. ഇടമറ്റം കേന്ദ്രമായി പ്രവർത്തിക്കുന്ന ഭാരതീയ ക്രൈസ്തവപഠന കേന്ദ്രത്തിന്റെ പ്രവർത്തനശൈലി എല്ലാ വരും മനസ്സിലാക്കട്ടെയെന്ന് കരുതിയാണ് കുടുതൽ കോപ്പി വാങ്ങി വിതരണം ചെയ്യുവാൻ തയ്യാറായി പലരും മുന്നോട്ടു വന്നത്. ശ്രീ. ജോസഫ് പുലിക്കുന്നൻ സഭയുടെയും സമുദായത്തിന്റെയും രക്ഷിതാ വാണെന്ന് കരുതി അദ്ദേഹവുമായി വിവിധതലങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കുന്നവർക്ക് ഒരു പുനർചിന്തനത്തിന് ഈ ഗ്രന്ഥം സഹാ യിക്കുമെന്ന ഞങ്ങളുടെ അഭിപ്രായത്തോട് വായനക്കാർ പൂർണ്ണമായും യോജിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

ഒന്നാം പതിപ്പിൽ ചേർത്തിരിക്കുന്ന ലേഖനങ്ങൾക്കു പുറമെ രണ്ടു ലേഖനങ്ങൾ കൂടി ഈ പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പത്രോ സും, യൂദായും കണ്ടുമുട്ടുന്നുവെന്ന ശീർഷകത്തിൽ മലയാളം വാരിക യിൽ പുലിക്കുന്നൻ എഴുതിയ കഥയോടുള്ള പ്രതികരണമാണ് അതി ലൊന്ന്. ന്യൂനപക്ഷവകാശത്തിന്റെ മറവിൽ മതാധികാര സംരക്ഷണം എന്ന പുലിക്കുന്നന്റെ ലേഖനത്തെപ്പറ്റിയുള്ള വിലയിരുത്തലാണ് ന്യൂന പക്ഷാവകാശങ്ങളും പുലിക്കുന്നന്റെ വ്യാഖ്യാനങ്ങളും എന്ന ലേഖനം. ഒന്നാം പതിപ്പിന് അഭിനന്ദിച്ച് കത്തുകൾ അയയ്ക്കുകയും അതുവാങ്ങി പ്രചരിപ്പിക്കുകയും ചെയ്തവർക്കെല്ലാം ഹൃദയംഗമമായ നന്ദി. ഈ രണ്ടാം പതിപ്പിനും അർഹമായ സ്വീകരണം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പിഴക് ജനറൽ സെക്രട്ടറി

25-09-1998

**ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ**

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ഓശാനയിലെ ഗവേഷണങ്ങൾ | 7 |
| 2. | ഒരു ക്രൈസ്തവപഠനകേന്ദ്രത്തിന്റെ വിചാരണയും കുറെ സത്യങ്ങളും | 9 |
| 3. | ഭാരതീയക്രൈസ്തവപഠനകേന്ദ്രം - ചിലചിന്തകൾ | 13 |
| 4. | ഭാരതീയ ക്രൈസ്തവപഠനകേന്ദ്രവും മഠം ചാടിയ മദറും | 18 |
| 5. | ഓശാനയിലെ പ്രതികരണം - ഒരു മറുപടി | 23 |
| 6. | ജോസഫ് പുലിക്കുന്നേലിന്റെ സങ്കടഹർജിയും ഏ. കെ. സി. സി.യുടെ മറുപടിയും | 33 |
| 7. | പുലിമടയിലെ കാമഗവേഷണം | 39 |
| 8. | പുലികണ്ടക്കുറുപ്പിന്റെ പത്രധർമ്മം | 45 |
| 9. | സത്യധർമ്മാദിവെടിഞ്ഞ്.... | 52 |
| 10. | പുലിക്കുന്നന്റെ സഭാസ്നേഹം | 58 |
| 11. | യൂദാസിന്റെ വക്കീൽ - ഒരു കഥ | 61 |
| 12. | ന്യൂനപക്ഷാവകാശങ്ങളും പുലിക്കുന്നന്റെ വ്യാഖ്യാനങ്ങളും | 67 |
| 13. | അനുബന്ധം (പ്രൊഫ. മാത്യു ഉലകംതറയുടെ ലേഖനം) | 77 |


www.malankaralibrary.com

# 1. ഓശാനയിലെ ഗവേഷണങ്ങൾ

ഇടമററം കേന്ദ്രമായി പ്രവർത്തിക്കുന്ന ഭാരതീയ ക്രൈസ്തവ പഠന കേന്ദ്രത്തിൽ വച്ച് നടന്ന പല സമ്മേളനങ്ങളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. ഈ സ്ഥാപനത്തിൻെറ ഡയറക്ടർ ഒരു വിമർശകനാണെങ്കിലും കുറെയെങ്കിലും നന്മ അദ്ദേഹത്തിൽ നിന്നും സമൂഹത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. ആ പ്രതീക്ഷ കൊണ്ടാണല്ലോ റവ. ഡോ. മാത്യു വെള്ളാനിക്കലിനെപ്പോലുള്ള ദൈവശാസ്ത്ര ജ്ഞന്മാർ പുലിക്കുന്നൻെറ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച മലയാളം ബൈബി ളുമായി സഹകരിച്ചത്.

പല സന്ദർഭങ്ങളിലും പുലിക്കുന്നൻെറ ചില നടപടികളോട് വിയോജി ക്കേണ്ടി വന്നിട്ടുണ്ട്. അത് യഥാസമയം തുറന്നു പറയുകയും ചെയ്തിരുന്നു. അതു കൊണ്ട് കാര്യമായ പ്രയോജനം ഒന്നും ഉണ്ടായിട്ടില്ലെങ്കിലും, ചില സന്ദർഭങ്ങളിൽ ചില തിരുത്തലുകൾക്ക് പുലിക്കുന്നനെ വിധേയനാക്കുവാൻ സാധിച്ചിട്ടുണ്ട്. ശ്രീ പുലിക്കുന്നൻെറ കസിനായ സഖറിയാ മാതൃഭൂമിയിൽ കണ്ണാടി കാണ്മോളവും എന്ന കഥ എഴുതി. യേശുക്രിസ്തുവിനെ ഭീരുവും വിഷയലമ്പടനും സാമൂഹ്യവിരുദ്ധ നുമായി ചിത്രീകരിക്കുന്ന കഥയായിരുന്നു അത്. ആ കഥയിലെ പരാമർശനങ്ങളിൽ പലരും പ്രതിഷേധിക്കുകയും അതിനെതിരെ ലേഖനങ്ങളും പ്രസ്താവനകളും പ്രസിദ്ധീകരിക്കുകയും ചെയ്തു. സഖറിയായുടെ ആ കഥയെ അവഗണിച്ചാൽ മതിയെന്ന അഭിപ്രായമായിരുന്നു എനിക്കുണ്ടായിരുന്നത്.

സഖറിയായുടെ കഥയ്ക്കെതിരെ ഉയർന്നു വന്ന വിമർശനങ്ങൾ സഹിക്കുവാൻ ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രത്തിൻെറ സാരഥിക്ക് സാധിച്ചില്ല. അദ്ദേഹം കണ്ണാടി കാണ്മോളവും എന്ന കഥയെപ്പററി ഒരു ചർച്ച സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. സഖറിയായെക്കൂടി ആ യോഗത്തിലേക്ക് ക്ഷണിച്ചുകൊണ്ടു വരുവാനും നിശ്ചയിച്ചു. സഖറിയായെ ബഹുമാനിച്ചാദരിച്ച് അദ്ദേഹത്തിൻെറ മുഖം രക്ഷിക്കാനുള്ള പുലിക്കുന്നൻെറ ഒരു തന്ത്രമായിരുന്നു ഈ സമ്മേളനം. ഇങ്ങനെയൊരു യോഗം സംഘടിപ്പിക്കരുതെന്ന് പുലിക്കുന്നനോട് പലരും പറഞ്ഞു. ഞാൻ പല പ്രാവശ്യം ടെലഫോണിൽക്കൂടി ഈ അഭിപ്രായം പുലിക്കുന്നനെ അറിയിക്കുകയും ചെയ്തു. തുറന്ന ചർച്ചയാണ് - ആർക്കും വന്ന് അഭിപ്രായം പറയാം എന്നതായിരുന്നു പുലിക്കുന്നൻെറ മറുപടി.

ഏതായാലും സമ്മേളനം നടക്കുന്നതിന് ഒരാഴ്ച മുൻപ് കണ്ണാടികാണ്മോളം കഥ വിചാരണ ചെയ്തുകൊണ്ട് പുലിക്കുന്നൻ ഒരു ലഘുലേഖ അച്ചടിച്ചിറക്കി. ദൈവമായ യേശുവിനെ തള്ളിപ്പറഞ്ഞ തൻെറ കസിനായ കഥാകൃത്തിനെ തൻേറതായ ദൈവശാസ്ത്ര കാഴ്ചപ്പാടുകൊണ്ട് യേശുഭക്തനായി അവതരിപ്പിക്കു വാനാണ് പുലിക്കുന്നൻ ശ്രമിച്ചത്.

ശ്രീ പുലിക്കുന്നൻെറയും ക്രൈസ്തവ പഠനകേന്ദ്രത്തിൻെറയും ഈ നിലപാടിൽ പലർക്കും എതിർപ്പുണ്ടായി. പുലിക്കുന്നൻ തന്നെ എഴുതിയതുപോലെ പ്രമുഖ സാഹിത്യകാരന്മാരാരും ബോധപൂർവ്വം ഈ ചർച്ചാസമ്മേളനത്തിൽ പങ്കെടുക്കുവാൻ വന്നെത്തിയില്ല. ക്രൈസ്തവ പഠനകേന്ദ്രത്തിൽ നടക്കുന്ന പല

www.malankaralibrary.com

പരിപാടികളിലും പങ്കെടുക്കുന്ന പലരുമായി ഈ വിഷയം ഞാൻ ചർച്ച ചെയ്തു. പുലിക്കുന്നന്റെ ഈ നീക്കം പ്രതിഷേധാർഹമാണെന്ന് പലരും അഭിപ്രായപ്പെട്ടു. എന്നാൽ ആ അഭിപ്രായം പരസ്യമായി പറയുവാൻ പലരും വിസമ്മതിച്ചു. പുലിക്കുന്നന്റെ ഈ നീക്കത്തെ ധൈര്യപൂർവ്വം എതിർക്കുവാൻ തയ്യാറായി മുന്നോട്ട് വന്നത് പ്രൊഫ. മാത്യു ഉലകംതറമാത്രമാണ്.

മററു പലരും പുലിക്കുന്നനുമായി വാദപ്രതിവാദത്തിൽ ഏർപ്പെട്ടാൽ വ്യക്തിപരമായി അദ്ദേഹം തേജോവധം ചെയ്യുമെന്ന് ഭയപ്പെട്ട് മാളത്തിൽ കയറി ഒളിച്ചു.

പുലിക്കുന്നന്റെ ഈ നീക്കത്തെ എതിർക്കേണ്ടത് ആവശ്യമാണെന്ന് പലരും അഭിപ്രായപ്പെട്ടെങ്കിലും പൂച്ചയ്ക്ക് ആര് മണി കെട്ടും എന്ന ചോദ്യം ഉയർന്നു വന്നു. 1997 ജൂൺ ലക്കം എ.കെ.സി.സി.ബുള്ളറ്റിനിൽ ഭാരതീയ ക്രൈസ്തവ പഠന കേന്ദ്രത്തിന്റെ വിചാരണയെ, വിചാരണചെയ്തുകൊണ്ട് എഡിറ്റോറിയൽ പംക്തിയിൽ പേരുവച്ച് ഒരു ലേഖനം എഴുതി (ആ ലേഖനം ദീപനാളം വാരികയുൾപ്പെടെ പല പ്രസിദ്ധീകരണങ്ങളും എടുത്ത് ഉദ്ധരിച്ചു) കൂട്ടത്തിൽ പ്രൊഫ. മാത്യു ഉലകംതറ എഴുതിയ കണ്ണാടിക്കഥകളും ക്രൈസ്തവസമൂഹവും എന്ന ലേഖനവും ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചു. ഇതോടെ കലികൊണ്ട പുലിക്കുന്നൻ ഞങ്ങൾ ഉന്നയിച്ച ഒരു ആരോപണത്തിനും മറുപടി പറയാതെ വ്യക്തിപരമായി തേജോവധം ചെയ്യാനുള്ള ശ്രമമാണാരംഭിച്ചത്.

പുലിക്കുന്നന്റെ നയങ്ങളെ എതിർത്താൽ വ്യക്തിപരമായി തങ്ങളെ തേജോവധം ചെയ്യുമെന്ന് പലരും നൽകിയ മുന്നറിയിപ്പ് യാഥാർത്ഥ്യമായി. അതൊക്കെ പ്രതീക്ഷിച്ചുകൊണ്ടായിരിന്നു ഈ വെല്ലുവിളി ഏറ്റെടുത്തത്. ബുള്ളറ്റിനിൽ എഴുതിയ ലേഖനങ്ങളുടെ ആയിരം കോപ്പി അച്ചടിച്ച് ആവശ്യപ്പെട്ടവർക്കെല്ലാം അയച്ചുകൊടുത്തു. ഇത് വലിയ ഒരു സാമ്പത്തിക ഭാരമായിരുന്നു. എങ്കിലും ചരിത്രപരമായ ഒരു കടമ നിർവ്വഹിക്കുകയാണ് ഞങ്ങൾ ചെയ്തത്.

വിറളി പിടിച്ച പുലിക്കുന്നൻ സഭയെ തകർക്കുകയെന്ന ലക്ഷ്യത്തോടെ എഴുതിയ ലേഖനങ്ങൾക്ക് ഒന്നിനു പുറകേ ഒന്നായി എ.കെ.സി.സി. ബുള്ളറ്റിനിൽ കൂടി ഞാൻ മറുപടി എഴുതി. ലോകാരാദ്ധ്യയായ മദർതെരേസയേയും പഴയനിയമത്തിലെ വിശുദ്ധകഥാപാത്രമായ ദാവീദിനേയും ആക്ഷേപിച്ചുകൊണ്ട് രചിച്ച ലേഖനത്തേയും ചെറുകഥയേയും എതിർത്തുകൊണ്ട് ഞാനെഴുതിയ ലേഖനങ്ങളുടെ കോപ്പികൾ ആവശ്യത്തിന് വിതരണം ചെയ്യുവാൻ സാധിച്ചില്ല.

സമുദായ സ്നേഹികളുടെ നിരന്തരമായ അഭ്യർത്ഥനയെ മാനിച്ച് എ.കെ.സി.സി. ബുള്ളറ്റിനിലും ദീപനാളം വാരികയിലുമായി പ്രസിദ്ധീകരിച്ച ഏതാനും ലേഖനങ്ങൾ ഉൾക്കൊള്ളിച്ച് ഇപ്പോൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്. ഇടമററം കേന്ദ്രമായി പ്രവർത്തിക്കുന്ന ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രത്തിന്റെ പ്രവർത്തന ശൈലി മനസ്സിലാക്കുവാൻ ഈ ചെറുഗ്രന്ഥം സഹായിക്കുമെന്നാണ് എന്റെ വിശ്വാസം. ശ്രീ ജോസഫ് പുലിക്കുന്നനുമായി വിവിധ തലങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കുന്നവർക്ക് ഒരു പുനർചിന്തനത്തിന് ഈ ഗ്രന്ഥം വഴിയൊരുക്കുമെന്ന് പ്രത്യാശിക്കുന്നു.

www.malankaralibrary.com

# 2. ഒരു ക്രൈസ്തവ പഠനകേന്ദ്രത്തിൻെറ വിചാരണയും കുറെ സത്യങ്ങളും

ഈയടുത്തകാലത്ത് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കണ്ണാടി കാണ്മോളവും എന്ന കഥ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈസ്റ്ററിനും ക്രിസ്മസിനും വല്ലപ്പോഴും ഒക്കെ നല്ല ഫീച്ചറുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന മാതൃഭൂമി, ക്രിസ്ത്യാനികൾക്ക് ദൈവപുരുഷനും ലോകജനതയ്ക്ക് ആരാധനാമൂർത്തിയുമായ യേശുക്രിസ്തുവിനെ ഭീരുവും വിഷയലമ്പടനും സമൂഹ്യവിരുദ്ധനുമായി ചിത്രീകരിച്ച ഒരു കഥ പ്രസിദ്ധീകരിച്ചതിൻെറ പ്രസക്തിയെന്തെന്ന് എത്ര ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല. ഈസ്റ്ററിനും ക്രിസ്മസിനും ചില ലേഖനങ്ങൾ എഴുതി ക്രൈസ്തവ സമുദായത്തിൻെറ അംഗീകാരം നേടാനും അതേ സമയം ക്രിസ്തുവിനെ ബഹുജനദൃഷ്ടിയിൽ തരം താഴ്ത്തി കാണിക്കാനുമുള്ള ഈ ശ്രമം മാതൃഭൂമിയുടെ തനിനിറം വ്യക്തമാക്കുന്നതാണ് എന്നു പറയാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു. മാതൃഭൂമി പ്രസിദ്ധീകരിച്ച കഥയെപ്പറ്റി കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ്കമ്മിറ്റി പാസ്സാക്കിയ ഒരു പ്രമേയം പ്രസിദ്ധീകരിക്കുന്നതിനായി മാതൃഭൂമിക്കും അയച്ചുകൊടുത്തിരുന്നു. ഇതുവരെ മാതൃഭൂമി പ്രസിദ്ധീകരിച്ചില്ല. അതാണവരുടെ പത്രധർമ്മം. ക്രിസ്തുവിനെ അധിക്ഷേപിച്ചുകൊണ്ടുള്ള കഥ പ്രസിദ്ധീകരിക്കുക വഴി മാതൃഭൂമി ജനങ്ങളുടെ സമാധാന ജീവിതത്തെ ഭഞ്ജിക്കുന്ന ദേശദ്രോഹകരമായ കൃത്യമാണ് ചെയ്തതെന്ന് അവരെ അനുസ്മരിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. മാതൃഭൂമി വിവാദപരമായ ഈ കഥ പ്രസിദ്ധീകരിച്ച അതേ പേജിൽതന്നെ ആ കഥാകൃത്തിൻെറ പുസ്തകങ്ങളുടെ പരസ്യവും ചേർത്തിരുന്നു. ദൈവത്തെ വിരൂപനാക്കി, ക്രിസ്തുവിനെ വികലസ്വഭാവിയാക്കി കുറെ രചനകൾ നടത്തി കുറെ ഒച്ചപ്പാടുകളും വിവാദങ്ങളുമുണ്ടാക്കി, കഥാകാരൻെറ കുറെ പുസ്തകങ്ങൾ വിറ്റഴിക്കാനുള്ള കുറുക്കുവഴികൾ കഥാകൃത്ത് കണ്ടെത്തിയപ്പോൾ വളരെ"ബോധപൂർവ്വം" മാതൃഭൂമി അതിന് പശ്ചാത്തലമൊരുക്കികൊടുത്തു. ഒരു ക്രൈസ്തവ നാമധാരി എഴുതിയ ക്രിസ്തുവിനെ ആക്ഷേപിക്കുന്ന വിധത്തിലുള്ള കഥ പ്രസ്ദ്ധീകരിച്ച് അവർ നിർവൃതിയടഞ്ഞു.

ആവിഷ്കാരസ്വാതന്ത്ര്യത്തിൻെറ വക്താക്കൾ ഒരു കാര്യം ഗ്രഹിക്കണം. എല്ലാ രചനകളുടെയും പ്രചോദനം സ്നേഹമാണ്. നിർമ്മലസ്നേഹത്തിൽനിന്നേ നിർമ്മലസൃഷ്ടിയുണ്ടാകൂ. അധമവികാരങ്ങൾ അധമസന്തികളെ ജനിപ്പിക്കും. കല്പനാഗാംഭീര്യം വിദ്വേഷം നിറഞ്ഞ വിഷപ്രവാഹമായിക്കൂടാ. എല്ലാ മനുഷ്യർക്കും ഉത്തമമാതൃക കാട്ടിയെന്നതാണ് യേശുവിൻെറ പൂർണ്ണ മനുഷ്യത്വം ചെയ്ത വലിയ സംഭാവന. മാംസംധരിച്ച ആ ദൈവപുത്രൻ മാനവകുലത്തിൻെറ മധ്യത്തിൽ സമ്പൂർണ്ണമാതൃകാപുരുഷനായി പ്രശോഭിച്ചു. യേശുവിനെപ്പോലെ ബഹുമുഖമാതൃകാപുഷ്കലതകളുള്ള ഒരു പുരുഷൻ വേറെ ഉണ്ടായിട്ടില്ലെന്നാണ് മതനിഷേധികൾപോലും സമ്മതിക്കുന്നത്. സ്നേഹത്തിൻെറ പരമകാഷ്ഠയിൽ ത്യാഗത്തിൻെറ പരകോടി കാട്ടിയ ഒരു ലോകൈകമാതൃകയാണ് യേശു. പിറന്ന കാലിത്തൊഴുത്തുമുതൽ മരിച്ച കാൽവരിക്കുന്നുവരെ യേശു സ്നേഹത്തിൻെറയും

www.malankaralibrary.com

ത്യാഗത്തിന്റെയും പ്രദീപ്തപ്രതീകമായിരുന്നു. ആ പൂർണ്ണ മനുഷ്യനായ യേശുവിനെയാണ് കഥാകൃത്ത് ഭീരുവും വിഷയലമ്പടനും ആയി ചിത്രീകരിച്ചത്. ആ യേശുവിനെപ്പറ്റിയുള്ള കഥയാണ് മാതൃഭൂമി പ്രസിദ്ധീകരിച്ചത്. ലക്ഷക്കണക്കായ മനുഷ്യസ്നേഹികളെ വേദനിപ്പിച്ചതുകൊണ്ട് കഥാകൃത്തിനും മാതൃഭൂമിക്കും എന്തു നേട്ടമുണ്ടായി. മാതൃഭൂമിയെന്നല്ല ഏതു പ്രസിദ്ധീകരണവും എന്തെങ്കിലും പ്രസിദ്ധീകരിക്കുമ്പോൾ അതിന്റെ ഉള്ളടക്കത്തിൽ മനുഷ്യർക്കു പ്രയോജനമുള്ള എന്തെങ്കിലും ഉണ്ടായിരിക്കണം. ഈ കഥകൊണ്ട് എന്ത് സന്ദേശമാണ് ജനങ്ങൾക്ക് നൽകിയത് എന്ന് മാതൃഭൂമി ഒന്ന് വിശദീകരിക്കണം.

ആവിഷ്കാരസ്വാതന്ത്ര്യവക്താക്കൾ ഒരു കാര്യം ധരിക്കണം. മാതൃഭൂമിയെപ്പോലെയുള്ള പ്രസിദ്ധീകരണങ്ങളും ധരിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. ക്രിസ്തുവിനെപ്പറ്റി എഴുതിയതുപോലെ മുഹമ്മദുനബിയെപ്പറ്റി എഴുതിയാൽ എന്തായിരിക്കും സ്ഥിതി. ക്രിസ്തുവിനെ തേജോവധം ചെയ്യാൻ ശ്രമിച്ചുകൊണ്ടുള്ള കഥപോലെയൊന്ന് മുഹമ്മദുനബിയെപ്പറ്റി മാതൃഭൂമി പ്രസിദ്ധീകരിച്ചാൽ എന്തായിരിക്കും ഫലം. കോഴിക്കോട്ടോ, എറണാകുളത്തോ, കോട്ടയത്തോ, വേണ്ടാ ഈ കൊച്ചു സംസ്ഥാനത്ത് എവിടെയെങ്കിലും മാതൃഭൂമിക്ക് നിലം തൊടുവാൻ സാധിക്കുമോ? പിഴച്ച ആശയങ്ങളെ ശരിയായ ആശയങ്ങൾകൊണ്ട് ജയിച്ചടക്കണം. ആൾബലമല്ല ആശയബലം. ക്രിസ്തുവിനെതിരായ ആശയങ്ങളും ആവിഷ്കാരങ്ങളും ലോകാവസാനം വരെയുണ്ടാകും. ഉന്നതമായ ആശയങ്ങളും ഉദാത്തങ്ങളായ ആവിഷ്കാരങ്ങളും വഴി അവയെ ജയിച്ചടക്കുകയെന്നതാണ് ക്രൈസ്തവ ശൈലി. ഇതാണ് കുരിശിന്റെ വഴി. ക്രിസ്തുവിനെ വിമർശിക്കുന്നവരെയും വിലയിടിച്ചു കാണിക്കുന്നവരെയും അധികാരം കൊണ്ടോ, മറ്റു ശക്തിമാർഗ്ഗങ്ങൾ കൊണ്ടോ നിശ്ശബ്ദരാക്കുന്ന മാർഗ്ഗം ക്രൈസ്തവമല്ല. ഈ യാഥാർത്ഥ്യം മാതൃഭൂമിക്ക് ശരിക്കറിയാം. അതുകൊണ്ടാണ് ക്രൈസ്തവ സമൂഹത്തെ അധിക്ഷേപിക്കുന്ന വിധത്തിലുള്ള എന്തും പ്രസിദ്ധീകരിക്കാൻ മാതൃഭൂമി തയ്യാറാകുന്നത്. ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ ക്രൈസ്തവർ കാണിക്കുന്ന സഹിഷ്ണത ഒരു ബലഹീനതയായി മാതൃഭൂമിയും ആവിഷ്ക്കാരസ്വാതന്ത്ര്യവക്താക്കളും കരുതരുതെന്ന് ദൃഢമായ ഭാഷയിൽ ഞങ്ങൾ അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

ഗ്രഹണസമയത്ത് ഞാഞ്ഞൂലും തലപൊക്കും എന്നൊരു ചൊല്ലുണ്ട്. കണ്ണാടി കാണ്മോളവും എന്ന കഥയെപ്പറ്റി വിവാദം ആരംഭിച്ചപ്പോൾ ചില ഞാഞ്ഞൂലുകൾ തലപൊക്കാൻ തുടങ്ങി. അവർ ആ കഥാകൃത്തിനെ ഹീറോ ആക്കിമാറ്റാൻ തീരുമാനിച്ചു. ഇക്കഴിഞ്ഞ മെയ് 11-ാം തീയതി കണ്ണാടി കണ്മോളവും എന്ന കഥയെ മുൻനിറുത്തി കഥാകൃത്തിനെ വിളിച്ച് ആദരിക്കാൻതന്നെ അവർ തീരുമാനിച്ചു. വിവാദപരമായ ഈ കഥയെ മുൻനിറുത്തി കഥാകൃത്തിനെ വിളിച്ചുവരുത്തി ബൈബിളും സാഹിത്യവും എന്ന വിഷയത്തെപ്പറ്റി ഒരു തുറന്ന ചർച്ച നടത്തുന്നു എന്ന ലേബലിൽ ആണ് ആ നാടകം അരങ്ങേറിയത്. (പ്രസ്തുത യോഗം വിളിച്ചുകൂട്ടിയ ആൾപോലും ആ യോഗത്തിൽ പങ്കെടുത്തില്ലെന്നാണ് അറിയുന്നത്.) ആ ചർച്ചയിൽ കഥാകൃത്തിനെ രക്ഷിച്ചെടുക്കുന്നതിനായി ഇടമറ്റത്ത് പ്രവർത്തിക്കുന്ന ഒരു ക്രൈസ്തവ പഠനകേന്ദ്രം സമ്മേളനം

www.malankaralibrary.com

നടക്കുന്നതിന് ഒരാഴ്ചമുമ്പേ ഒരു ലഘുലേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. "കണ്ണാടി കാൺമോളവും ഒരു വിചാരണ"എന്നാണ് ആ ലഘുലേഖയുടെ തലക്കെട്ട്. ആ ക്രൈസ്തവ പഠനകേന്ദ്രത്തിൻെറ തനിനിറം മനസ്സിലാക്കാൻ സഹായിക്കുന്നതാണ് ആ ലഘുലേഖ. ആ ലഘുലേഖയിൽ കഥാകൃത്തിനെ രക്ഷിക്കാൻ നടത്തിയ ശ്രമത്തിനിടയിൽ സഭാധികാരത്തെയും മെത്രാന്മാരെയും ആക്ഷേപിക്കുവാനാണ് കൂടുതലായി ശ്രമിച്ചിരിക്കുന്നത് ഇടമറ്റത്തെ ക്രൈസ്തവ പഠനകേന്ദ്രത്തിൻെറ സാരഥി നാലുവാചകം എഴുതിയാൽ മെത്രാന്മാരെയും വൈദികരെയും സഭാധികാരികളെയും അതിനകത്ത് ആക്ഷേപിച്ചിരിക്കും. അതിൻെറ പ്രസക്തി എന്താണെന്നുപോലും ചിന്തിക്കാറില്ല. കണ്ണാടിയും കാൺമോളവും വിചാരണയിലും മെത്രാൻെറമേലാണ് തട്ടിക്കയറിയിരിക്കുന്നത്. വിവാദകഥയെപ്പറ്റി കഥ എഴുതിയ ആൾപോലും പറയാൻ ഇഷ്ടപ്പെടാത്ത കാര്യങ്ങളാണ് വിചാരണയിൽ തെളിഞ്ഞു കാണുന്നത്. കഥാകൃത്ത് പറഞ്ഞു:"ഞാൻ ക്രിസ്തുവിനെ ദൈവം ആയി ആരാധിക്കുന്നില്ല. ക്രിസ്തു എനിക്ക് ഒരു സുഹൃത്ത് മാത്രമാണ്." ആ സുഹൃത്ത് തന്നെപ്പോലെയായിരിക്കുമെന്ന സങ്കല്പത്തിലാണ് കഥാകൃത്ത് കഥ എഴുതിയത്. തൻെറ കഥയാണ് തൻെറ സംസ്ക്കാരമാണ് "കണ്ണാടി കാൺമോളവും" എന്ന കഥയിൽ പകർത്തിയിരിക്കുന്നത്.

കണ്ണാടി കാൺമോളവും എന്ന കഥയെ വിചാരണ നടത്തി ലേഖനം പ്രസിദ്ധീകരിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, എന്ത് പഠനമാണ് ഈ രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ആ വിചാരണ ഒരാവർത്തി വായിച്ചാൽ മനസ്സിലാകും. ആ വിചാരണയിലെ ഏതാനും വാചകങ്ങൾ താഴെ ചേർക്കുന്നു. "യേശുവിൻെറ കുടുംബത്തെക്കുറിച്ചുള്ള കഥാകാരൻെറ വിവരണം യേശുവിൻെറ മിഴിവുറ്റ മനുഷ്യവ്യക്തിത്വത്തിൻെറ അനാവരണമാണ്. " "യുവാവായഏതു മകൻെറയും ദുഃഖത്തിൻെറ കാലടി ശബ്ദംഈ വാക്കുകളിൽ കേൾക്കാം. " " ദൈവപുത്രസ്ഥാനത്താൽ തനിക്കു ലഭിച്ച ഈ അധികാരങ്ങളൊന്നും തൻെറ കുടുംബത്തിനുവേണ്ടി പ്രയോഗിക്കാതിരുന്ന യേശുവിൻെറ മനുഷ്യവ്യക്തിത്വത്തെ സഖറിയാ ഉദാത്തവൽക്കരിക്കുകയാണിവിടെ. കുടുംബത്തിലെ ഒരംഗമെന്നനിലയിൽ യേശുവിനുണ്ടാകാവുന്ന ദുഃഖങ്ങളും ആശങ്കകളും സ്നേഹവായ്പകളും ഈ കഥയിൽ അനാവൃതമാകുന്നു." "രക്ഷകൻെറ അമ്മയെന്ന നിലയിൽ മനുഷ്യവർഗ്ഗത്തിൻെറ തന്നെ അമ്മയായി കത്തോലിക്കാ ദൈവശാസ്ത്രം മറിയത്തെ ഉയർത്തിയിട്ടുണ്ട്. ആ ദൈവശാസ്ത്രസങ്കല്പത്തിൻെറ ചുവടുപിടിച്ചുകൊണ്ടാണ് മറിയത്തെ സക്കറിയാ അവതരിപ്പിക്കുന്നത്. " "യേശുവിനെ കാണുമ്പോൾ, യേശുവിൻെറ ദൗത്യത്തെപ്പറ്റി ഓർമ്മിക്കുമ്പോൾ ആ ദൗത്യം തന്നോട് പ്രഖ്യാപിച്ച മാലാഖയുടെ മുഖം മറിയം ഓർക്കുന്നത്, സന്ദർഭമനുസരിച്ച് തികച്ചും യുക്തിസഹമാണ്. " "യേശു പൂർണ്ണമനുഷ്യനായിരുന്നു എന്ന ദൈവശാസ്ത്രകാഴ്ചപ്പാടിനെയാണ് സക്കറിയാ തൻെറ കഥയിലൂടെ അനാവരണം ചെയ്യുന്നത്. "

കണ്ണാടി കാൺമോളവും എന്ന കഥയെ വിചാരണ നടത്തി കഥാകൃത്തിനെ നീതികരിക്കാനും കഥയിൽ എഴുതി വച്ചത് എല്ലാം ദൈവശാസ്ത്ര

www.malankaralibrary.com

കാഴ്ചപ്പാടിൽ ശരിയെന്ന് സ്ഥാപിക്കാനും ഇടമറ്റത്തെ ക്രൈസ്തവ പഠനകേന്ദ്രം ശ്രമിക്കുമ്പോൾ കഥാകൃത്ത് പറയുന്നു.:"യേശു ക്രിസ്തുവിനെ എങ്ങനെ അവതരിപ്പിക്കുവാനും എനിക്കവകാശമുണ്ട്.... എനിക്ക് യേശു സ്നേഹസമ്പന്നനായ ഒരു സുഹൃത്താണ് ദൈവമൊന്നുമല്ല." ദൈവമായ യേശുവിനെ തള്ളിപ്പറഞ്ഞ കഥാകൃത്തിനെ ദൈവശാസ്ത്രകാഴ്ചപ്പാടുകൊണ്ട് യേശുഭക്തനാക്കി മാറ്റാനാണ് വിചാരണക്കാരൻ ശ്രമിച്ചിരിക്കുന്നത്. ഈ ക്രൈസ്തവ പഠനകേന്ദ്രം നടത്തുന്ന സേവനം അതിഭയങ്കരം തന്നെ!

ഈ വിചാരണയിൽ വിചാരണക്കാരൻ യഥാർത്ഥ കുറ്റക്കാരെയും കണ്ടെത്തിയിരിക്കുന്നു! എല്ലാത്തിൻെറയും കുഴപ്പക്കാർ -കുറ്റക്കാർ ഇവിടുത്തെ മതാധികാരികളാണ്. വിചാരണക്കാരൻ സ്ഥിരം പ്രയോഗിക്കുന്ന വികല പൗരോഹിത്യം തുടങ്ങിയ പദപ്രയോഗങ്ങൾകൊണ്ട് ഈ സമൂഹത്തിൻെറ അടിത്തറ മാന്താമെന്നാണോ അദ്ദേഹം വിചാരിക്കുന്നത്. താനെഴുതുന്ന എല്ലാ ലേഖനങ്ങളിലും ഉപയോഗിക്കുന്ന ചില സ്ഥിരം ശൈലി പ്രയോഗം കൊണ്ട്, തൻെറ പക്ഷത്തേയ്ക്ക് എല്ലാവരെയും കൊണ്ടുവരാമെന്നാവാം അദ്ദേഹത്തിൻെറ വിചാരം.

ഒരു മുഴുഭ്രാന്തി ഒരു നാൽക്കവലയിൽനിന്ന് കാണിച്ച കോപ്രായങ്ങൾ കണ്ട് ഒരു പറ്റം തെരുവുകുട്ടികൾ ചിരിക്കുകയും കൂവുകയും ബഹളം വയ്ക്കുകയും ചെയ്തു. ആ ഭ്രാന്തി വിചാരിച്ചു താൻ കാണിക്കുന്ന വീരകൃത്യങ്ങൾ കണ്ടാണ് കുട്ടികൾ കൈയ്യടിച്ച് ചിരിച്ച് ബഹളമുണ്ടാക്കുന്നതെന്ന് ഭ്രാന്തി തൻെറ വികടത്തരങ്ങൾ വീണ്ടും തുടർന്നു. കുട്ടികളുടെ ചിരി കൂടുന്നതനുസരിച്ച് ഭ്രാന്തിയുടെ പെരുമാറ്റവും സാമാന്യമര്യാദകളെ അതിലംഘിക്കുന്നതായി തീർന്നു. പക്ഷേ ഭ്രാന്താണെന്നറിയാവുന്ന സാമാന്യബുദ്ധിയുള്ളവർ അത് പരിഗണിക്കാതെ മുന്നോട്ട് നടന്നു നീങ്ങി.

ക്രൈസ്തവ പഠനകേന്ദ്രം അച്ചടിച്ചിറക്കുന്ന വിചാരണകൾ വായിക്കുമ്പോൾ സാമാന്യബുദ്ധിയുള്ളവരെപ്പോലെ അതിന് അത്ര പരിഗണന കൊടുക്കാതെ നമുക്ക് മുന്നേറാം.

### അവൻ കള്ളനായിരുന്നു !

മറിയം ഒരു കുപ്പി വിലയേറിയ നാർദ്ദീൻതൈലം എടുത്ത് യേശുവിൻെറ പാദങ്ങളിൽപൂശി; തൻെറ തലമുടി കൊണ്ട് അവൻെറ പാദങ്ങൾ അവൾ തുടച്ചു. തൈലത്തിൻെറ സൗരഭ്യം വീടുമുഴുവൻ നിറഞ്ഞു. അവൻെറ ശിഷ്യന്മാരിൽ ഒരാളായ യൂദാസ്കറിയാത്ത ചോദിച്ചു. മുന്നൂറ് ദനാറയ്ക്ക് ഈ സുഗന്ധദ്രവ്യം വിറ്റ് ആ പണം എന്തുകൊണ്ട് ദരിദ്രർക്ക് കൊടുത്തില്ല? അയാൾ ഇപ്രകാരം ചോദിച്ചത് ദരിദ്രരെപ്പറ്റി താല്പര്യം ഉണ്ടായിരുന്നതുകൊണ്ടല്ല, മറിച്ച് അയാൾ കള്ളനായിരുന്നതുകൊണ്ടാണ്" (യോഹന്നാൻ 12:3-6)

അധികാരികളെ വിമർശിക്കുകയും വലിയ തത്വം പ്രസംഗിക്കുകയും ചെയ്യുന്ന പലരെയും നമുക്ക് കാണാം. അവർ യൂദാസിൻെറ ഭാഗം ചേർന്ന് ഭംഗിയായി വാദിക്കുന്നു.

www.malankaralibrary.com

# 3. ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രം - ചില ചിന്തകൾ

വസ്ത്രനിർമ്മാണ രംഗത്ത് പേരും പെരുമയും ആർജിച്ച ഒരു സ്ഥാപനമാണ് കിറ്റെക്സ് കമ്പനി. ഏത് കടയിൽ ചെന്നാലും കിറ്റെക്സ് ഉൽപ്പന്നങ്ങൾ ഉണ്ടോ എന്ന് അന്വേഷിക്കുന്നവരെ കാണാം. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയ പലരും കിറ്റെക്സ് എന്ന പദത്തോട് സാമ്യമുള്ള പേരുകൾ സ്വീകരിച്ചു ലുങ്കികളും മറ്റും ഉൽപാദിപ്പിച്ച് വിറ്റഴിക്കാൻ ശ്രമിക്കുന്നുണ്ട്. ഇത് വലിയ ഒരു തട്ടിപ്പ് തന്നെയാണ്.

ഇന്ത്യൻ കോഫി ഹൗസ് ആണെന്ന് തെറ്റിധരിപ്പിക്കാനുതകും വിധത്തിൽ ഇന്ത്യൻ കോഫി സെന്റർ പലയിടത്തും സ്ഥാപിച്ച് നടത്തുന്നതും കാണുവാൻ സാധിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള തട്ടിപ്പുകളിൽ സാധാരണക്കാരായ പലരും അകപ്പെടാറുണ്ട്. തട്ടിപ്പിന് വധേയരാരാകുന്നവർ ആ വസ്തുത പുറത്ത് പറയാതിരിക്കുന്നത് തട്ടിപ്പ് ശ്രമങ്ങൾ തുടർന്ന് കൊണ്ട് പോകുവാൻ അവർക്ക് ശക്തി നൽകുന്നു.

ഇടമറ്റത്ത് വിദേശസഹായത്തോടെ സ്ഥാപിച്ച് പ്രവർത്തിക്കുന്ന ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രം ഇതുപോലൊരു തട്ടിപ്പ് കേന്ദ്രമാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രത്തിൻെറ പ്രസിദ്ധീകരണമായ ഓശാന എന്ന മാസികയിലെ പ്രതിപാദ്യങ്ങളാണ് ഇങ്ങനെ സംശയിക്കുവാൻ കാരണം.

ഈ സംശയം പലപ്പോഴും തോന്നിയിട്ടുണ്ട്. സെപ്റ്റംബർ ലക്കം ഓശാന കിട്ടിയപ്പോൾ ആ സംശയം കുറേക്കൂടി ശരിയാണെന്ന് തോന്നുകയും ചെയ്തു. സെപ്റ്റംബർ ലക്കം ഓശാന കവർ കൂടാതെ 40 പേജുണ്ട്. ആകെ 13 ലേഖനങ്ങൾ ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. കവർ രണ്ടാം പേജിൽ എഡിറ്ററുടെ പേര് ചേർത്തിട്ടുണ്ട്. അതേ പേജിൽ തന്നെ ഒരു കുറിപ്പ് കൂടിയുണ്ട്. പേര് വെയ്ക്കാതെ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ രചനകളും എഡിറ്ററുടേതാണ് എന്നാണ് ആ കുറിപ്പ്. ആദ്യത്തെ ലേഖനം എഡിറ്ററുടെ പേരിൽ തന്നെയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. മറ്റ് 12 ലേഖനങ്ങളിലും എഴുതിയ ആളിൻെറ പേരില്ല. കവർ രണ്ടാം പേജിലെ കുറിപ്പ് അനുസരിച്ച് ഓശാന എഡിറ്റർ തന്നെയാണ് എല്ലാ ലേഖനങ്ങളുടെയും കർത്താവ്. ഭാരതീയ ക്രൈസ്തവപഠനകേന്ദ്രം - എന്ന ഒരു കേന്ദ്രം ഉണ്ടെങ്കിൽ - ആ കേന്ദ്രത്തിൻെറ പ്രസിദ്ധീകരണമായ ഓശാന - ഒരാളുടെ മാത്രം അഭിപ്രായ പ്രകടനത്തിനുള്ള വേദിയാണോ? ആ കേന്ദ്രത്തിൽ അഭിപ്രായപ്രകടനം നടത്തുന്ന മറ്റാരുമില്ലേ? അതോ ഒരു വ്യക്തി തൻെറ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും സമുദായാംഗങ്ങളിൽ സഭാവിരുദ്ധ ചിന്താഗതി വളർത്തുന്നതിനും അടിച്ചേൽപ്പിക്കുന്നതിനും വേണ്ടി ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രം(?) എന്ന ലേബലിൽ ഒന്ന് സൃഷ്ടിച്ചിരിക്കുകയാണോ?

ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രം എന്ന നാമം നല്ലതാണ്. കേൾക്കുന്ന ആർക്കും ആ പേരിനോട് ഒരു ആകർഷണം തോന്നും. കിറ്റെക്സ് കമ്പനിയു

www.malankaralibrary.com

ടെയും ഇന്ത്യൻ കോഫി ഹൗസിൻെറയും നല്ല പേരും പ്രശസ്തിയും ചൂഷണം ചെയ്യാൻ ശ്രമിക്കുന്ന തട്ടിപ്പുകാരെപ്പോലെ ക്രൈസ്തവ പഠനകേന്ദ്രം എന്ന മനോഹരമായ പദങ്ങൾ ഉപയോഗിച്ച് ദൈവത്തിലും മതത്തിലും ക്രിസ്തുവിലും വിശ്വസിക്കുന്ന ജനങ്ങളെ സഭാവിരോധികളും സഭാവിമർശകരും ആക്കി തീർക്കുവാൻ വിദേശ സഹായത്തോടെ നടത്തുന്ന ഒരു തട്ടിപ്പല്ലേ ഇടമറ്റത്തെ ക്രൈസ്തവ പഠനകേന്ദ്രം എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കേരള ക്രൈസ്തവ സഭയ്ക്ക് 2000 വർഷത്തെ ചരിത്രമുണ്ട്. പാരമ്പര്യമുണ്ട്. സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയും ജനങ്ങളുടെയും പൊതുനന്മ കണക്കാക്കി പല നല്ല കാര്യങ്ങളും സഭ ചെയ്തിട്ടുണ്ട്. ലോകം മുഴുവൻ സഭാവിരോധികൾ വരെ, അത് അംഗീകരിച്ചിട്ടുണ്ട്. ഈ 2000 വർഷത്തെ പ്രവർത്തനങ്ങൾക്കിടയിൽ ചില രംഗത്തെങ്കിലും സ്വാഭാവികമായി ചില പാളിച്ചകൾ ഉണ്ടായിട്ടുണ്ടാവാം. ആ പാളിച്ചകൾ തിരുത്താൻ ഉതകും വിധത്തിലുള്ള നല്ല നിർദ്ദേശങ്ങൾ സമർപ്പിച്ച് സഭയെ ചൈതന്യധന്യമാക്കുവാനാണ് യഥാർത്ഥ സഭാസ്നേഹികൾ ശ്രമിക്കേണ്ടത്. ക്രൈസ്തവ പഠനകേന്ദ്രങ്ങൾ ആ രംഗത്താണ് പ്രവർത്തിക്കേണ്ടത്. എന്നാൽ ഇടമറ്റത്ത് ഉണ്ട് എന്ന് പറയപ്പെടുന്ന ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രവും - ആ പഠന കേന്ദ്രത്തിൻെറ പ്രസിദ്ധീകരണമെന്ന് അവകാശപ്പെടുന്ന ഓശാനയും - നാളിതുവരെ നല്ല നിർദ്ദേശങ്ങൾ സമർപ്പിച്ച് സൃഷ്ടിപരമായി ഒരു സമീപനം സ്വീകരിച്ചിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടില്ല. സെപ്റ്റംബർ ലക്കം പൂർണ്ണമായും കുറ്റപ്പെടുത്തലുകൾ മാത്രമാണ്. സഭയുടെ നാളിതുവരെയുള്ള ചരിത്രത്തിൽ യാതൊരു നന്മയും കാണുവാൻ ഓശാനക്ക് സാധിച്ചിട്ടില്ല. ഓശാന പത്രാധിപരുടെ സ്ഥിരം ശൈലിയാണ് വികല പൗരോഹിത്യം, പുരോഹിത ആധിപത്യം, അരമനവാസികൾ, കുട്ടിരാജാക്കന്മാർ, ഇണങ്ങർ, മൂപ്പിൽ, റവഡോമ്മാർ തുടങ്ങിയവ. ഈ പ്രയോഗങ്ങൾ നൂറ്റിയൊന്ന് ആവർത്തിച്ചാൽ ഇന്നത്തെ സംവിധാനത്തെ തകർക്കാമെന്നായിരിക്കാം പത്രാധിപരുടെ മോഹം.

ഈ ക്രൈസ്തവ പഠനകേന്ദ്രത്തിൻെറ യഥാർത്ഥ സ്വഭാവം ചിലപ്പോൾ പുറത്ത് വരുന്നുണ്ട്. ഈയടുത്ത കാലത്ത് കണ്ണാടി കണ്ടോളവും എന്ന കഥ മാതൃഭൂമി പ്രസിദ്ധീകരിച്ചതോടെയാണ് ഈ പഠനകേന്ദ്രത്തിൻെറ പൂച്ച് പുറത്ത് വന്നത്. ക്രിസ്ത്യാനികൾക്ക് ദൈവപുരുഷനും, ലോകജനതയ്ക്ക് ആരാധനാമൂർത്തിയുമായ യേശുക്രിസ്തുവിനെ ഭീരുവും വിഷയലമ്പടനും സാമൂഹ്യവിരുദ്ധനുമായി ചിത്രീകരിച്ച് ഒരു കഥ എഴുതിയ കഥാകാരനെ വിളിച്ച് വരുത്തി ആദരിക്കാൻ ഇടമറ്റത്തെ ക്രൈസ്തവ പഠനകേന്ദ്രം കാണിച്ച വ്യഗ്രത ആ സ്ഥാപനത്തിൻെറ യഥാർത്ഥ ചിത്രം വെളിച്ചത്ത് കൊണ്ട് വരുന്നതിന് സഹായിച്ചു. ആ കഥയെ ആസ്പദമാക്കി നടത്തിയ വിചാരണയും കഥാകാരൻെറ എല്ലാ കാഴ്ചപാടുകളെയും ശരിവെച്ച് കൊണ്ട് ഓശാന പത്രാധിപർ തയ്യാറാക്കിയ ലഘുലേഖയും ഈ പഠനകേന്ദ്രം സഭയിൽ ഇടർച്ച വരുത്തുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാകുന്നു.

സഭ ഇന്ന് ഒരു വലിയ സ്ഥാപനം കൂടിയാണ്. നിരവധി സ്ഥാപനങ്ങളുടെ ചുക്കാൻ പിടിക്കുന്ന സഭയിൽ അസംതൃപ്തരും ധാരാളമുണ്ടാവുക സ്വാഭാ

www.malankaralibrary.com

വികമാണ്. സ്വന്തം കാര്യത്തിനുവേണ്ടി സഭാ നേതൃത്വത്തെ സമീപിക്കുന്നവർക്ക് അത് ലഭിക്കാതെ വരുമ്പോൾ സഭാ നേതൃത്വത്തോടും വിദ്വേഷം ഉണ്ടാവുക സ്വഭാവികമാണ്. ഇങ്ങനെയുണ്ടാകുന്ന വിദ്വേഷത്തിൽ നിന്ന് മുതലെടുക്കുവാനും സഭാകൂട്ടായ്മയെ തകർക്കുവാനുമുള്ള ഹീന ശ്രമത്തിലാണ് ഓശാന പത്രാധിപർ ഏർപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാണ്.

സഭയിൽ അച്ചടക്കം നിലനിർത്തുവാനും സഭാംഗങ്ങളെ പക്വതയോടെ മുന്നോട്ട് നയിക്കുവാനും ഉതകുന്ന ഒരു ലൈൻ ഒരിക്കലും ഓശാനയിൽ കാണാൻ സാധിച്ചിട്ടില്ല. ചിലപ്പോൾ വൈദീകരുടെ പ്രശ്നങ്ങൾ പറഞ്ഞ് മുതലക്കണ്ണുനീർ പൊഴിക്കുന്ന പത്രാധിപർ വൈദീകരെ മെത്രാനെതിരെ തിരിച്ച് വിടുവാൻ ശ്രമിക്കുന്നു. വൈദികരുടെ സ്വാതന്ത്ര്യമില്ലായ്മയെപ്പറ്റി വിലപിക്കുന്ന പത്രാധിപർ, വികല പൗരോഹിത്യം തുടങ്ങിയ പദപ്രയോഗങ്ങൾ കൊണ്ട് അത്മായരെ വൈദീകർക്കെതിരെ തിരിച്ച് വിടുവാൻ ശ്രമിക്കുന്നു. സഭയിലെ വിവിധ ഘടകങ്ങളെ തമ്മിൽ തമ്മിൽ - തല്ലിക്കുക - ഭിന്നിപ്പിക്കുക മാത്രമാണ് ഈ വ്യജ ക്രൈസ്തവ പഠനകേന്ദ്രത്തിന്റെ ലക്ഷ്യം.

ദളിത് ക്രൈസ്തവപ്രശ്നം - വഞ്ചനയും മനുഷ്യാവകാശലംഘനവും എന്ന സെപ്റ്റംബർ ലക്കം ഓശാനയിലെ ലേഖനം ദളിത് ക്രൈസ്തവരെ സഭാനേതൃത്വത്തിനെതിരെ തിരിച്ചുവിടുവാനുള്ള ഒരു ഹീന ശ്രമത്തിന്റെ ഭാഗം മാത്രമാണ്. അവർണ്ണ സമുദായത്തിന്റെ ഉയർത്തെഴുന്നേൽപ്പിൽ സഭ ചെയ്തിട്ടുള്ള ശ്രമങ്ങളെ അവർണ്ണ ഹിന്ദുക്കൾ ഒന്നാകെ പ്രശംസിക്കുമ്പോൾ ആ വക കാര്യങ്ങളെപ്പറ്റി ഒരു വാക്കുപോലും പറയാതെ കടുത്ത വഞ്ചനയാണ് എന്നും മത നേതൃത്വം നടത്തുന്നതെന്ന് എഴുതിയിരിക്കുന്നത് വികാരങ്ങളെ ചൂഷണം ചെയ്ത് സഭയിൽ അസ്വസ്ഥത സൃഷ്ടിക്കാൻ വേണ്ടി മാത്രമാണ്. "കണ്ടവും മേല വരമ്പും മേല കൈയ്യേൽ പിടിക്കുമ്പം അയ്യോ" എന്ന രീതിയാണ് ഓശാനയുടെ നിലപാട്. ദളിതരെ മാനസാന്തരപ്പെടുത്തിയത് വക്രതയോടുകൂടി, അവരുടെ താല്പര്യസംരക്ഷണത്തിനുവേണ്ടി സമരം നടത്തുന്നത്, അവരെ ക്രൈസ്തവ പൊതു സമൂഹത്തിൽ നിന്നും മാറ്റി നിർത്തുന്നതിന് വേണ്ടി മാത്രമാണ് എന്നൊക്കെയുള്ള വിലാപങ്ങൾ ഒരു വിഭാഗത്തെ മുഴുവൻ സഭാനേതൃത്വത്തിനെതിരെ അണിനിരത്തുവാൻ വേണ്ടി മാത്രമാണ്. ഒരു നൂറ്റാണ്ടുമുൻപുനടന്ന വസ്തുതകളെ അന്നത്തെ സാഹചര്യത്തിൽ വിലയിരുത്താതെ ഇന്നത്തെ സാഹചര്യത്തിൽ വിലയിരുത്തുന്നത് ഒരിക്കലും ശരിയല്ല. വേദം കൂട്ടിയ ക്രൈസ്തവർക്ക് വേണ്ടി പ്രത്യേകം ദിവ്യബലിയർപ്പിച്ചിരുന്നതും പ്രത്യേകം ഉപദേശിമാരെ വച്ച് അവർക്ക് പ്രത്യേകം ഉപദേശങ്ങൾ നൽകി പ്രബുദ്ധരാക്കുവാൻ ശ്രമിച്ചതും ഇന്നും വിമർശനമാക്കുന്നത് "ഒരു വെട്ടി നിരപ്പാക്കൽ" സംസ്കാരത്തിന്റെ ഭാഗം മാത്രമാണ്. ദളിത് ക്രൈസ്തവരെ പ്രത്യേകം ശ്രദ്ധിച്ച് അവരെ പ്രത്യേകം സംരക്ഷിച്ചത് ഒരു മഹാപാപമായി ഇന്ന് ചിത്രീകരിച്ചാൽ കുറെപ്പേരെങ്കിലും അത് വിശ്വസിച്ചെന്നു വരും. അതായിരിക്കാം ഓശാനയുടെ ലക്ഷ്യം. നമ്മുടെ പള്ളികളുടെയും രൂപതകളുടെയും സന്യാസ ഭവനങ്ങളുടെയും വാർഷികവരുമാനം ദളിത് ക്രൈസ്തവർക്ക് വേണ്ടി മാറ്റിവെയ്ക്കണമെന്ന് പറയുന്നത് ദളിത് ക്രൈസ്തവരിൽ

www.malankaralibrary.com

അസ്വസ്ഥതയുടെ വിത്തുപാകുവാൻ മാത്രമാണ്. ആ വാദഗതിയുടെ പിന്നിലുള്ള പോര് മനസ്സിലാക്കുവാൻ അധികം ബുദ്ധി ആർക്കും വേണ്ട.

സഭയിൽ ചില വ്യവസ്ഥകളും ക്രമീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. കുത്തഴിഞ്ഞ ഒരു വ്യവസ്ഥിതി ഒരിക്കലും നിലനിൽക്കുവാൻ പാടില്ല. അതിൻെറ യടിസ്ഥാനത്തിലാണ് മാമ്മോദീസാ മുക്കുമ്പോൾ തലതൊട്ടപ്പൻെറയും തലതൊട്ടമ്മയുടെയും ഇടവകയിൽ നിന്നും വിശ്വാസത്തെക്കുറിച്ച് ഒരു സർട്ടിഫിക്കറ്റ് വാങ്ങണമെന്ന നിയമം വച്ചത്. തികച്ചും സ്വാഗതാർഹമാണ് ഈ നടപടി. അതിനെതിരെയാണ് ക്രൈസ്തവ പഠനകേന്ദ്രം ഡയറക്ടർ പ്രതിഷേധിച്ചിരിക്കുന്നത്. ഓശാനയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു "മാമ്മൂദീസ മുക്കുന്നതിന് കുട്ടിയുമായി ചെല്ലുന്ന മാതാപിതാക്കൾക്ക് അവരുടെ കുട്ടിയുടെ തലതൊട്ടപ്പനും തലതൊട്ടമ്മയും ആരായിരിക്കണമെന്ന് നിശ്ചയിക്കാനുള്ള പൂർണ്ണ അവകാശമുണ്ടായിരുന്നു. ഈ അവകാശത്തിൻമേലുള്ള ക്രൂരമായ കയ്യേറ്റമാണ് ഇത്. ഈ നിയമം ഉണ്ടാക്കിയത് ആരാണ് ആരോട് ചോദിച്ചിട്ടാണ്. ഇതിൻെറ ആവശ്യമെന്താണ് എന്നൊന്നും അൽമേയൻ ചോദിക്കാൻ പാടില്ല! രൂപതാദ്ധ്യക്ഷനായ കുട്ടിരാജാവും, ചുറ്റും കൂടിയിരിക്കുന്ന റവഡോമാരും അങ്ങു തീരുമാനിച്ചു. പള്ളി പണിക്ക് നിർബന്ധ പിരിവ് കൊടുക്കാത്തതിന് കുട്ടിക്ക് മാമ്മോദീസാ നിഷേധിച്ച സംഭവങ്ങൾ പലതുണ്ട്. ക്രിസ്തുവിൻെറ വരപ്രസാദം സൗജന്യമാണ് എന്ന് ബൈബിൾ സാക്ഷിക്കുന്നു. എന്നാൽ ദൈവവരപ്രസാദത്തെ നിയമം കൊണ്ട് സങ്കീർണ്ണമാക്കി, അപ്രാപ്യമാക്കി; പലപ്പോഴും പണസമ്പാദന മാർഗ്ഗവുമാക്കിയിരിക്കുന്നു, ഇന്നത്തെ സഭാധികാരം."

തലതൊട്ടപ്പനും തലതൊട്ടമ്മയും അവരുടെ വികാരിയുടെ സർട്ടിഫിക്കറ്റുമായി വരണമെന്ന് പറയുന്നതിൽ എന്താണ് തെറ്റ്? അവർ യഥാർത്ഥത്തിൽ ക്രൈസ്തവവിശ്വാസമുള്ളവരാണോ, തലതൊട്ടപ്പൻെറ പ്രതിജ്ഞ നിറവേറ്റുവാൻ യോഗ്യരാണോയെന്ന് അറിയാൻ വേണ്ടിയുള്ള നടപടിയെ സഭാസ്നേഹികൾ സ്വാഗതം ചെയ്യുകയേയുള്ളൂ. ഇങ്ങനെയൊരു നിയമം വച്ചതുവഴി ആരുടെയും അവകാശങ്ങൾ -തലതൊട്ടപ്പനെയും തലതൊട്ടമ്മയേയും നിശ്ചയിക്കാനുള്ള അവകാശം- നിഷേധിക്കുകയല്ല; അതിന് അർഹതയുള്ളവരാണെന്ന് ബോദ്ധ്യപ്പെടുത്തുക മാത്രമാണ്. രക്ഷാകർത്താക്കളെ വിളിച്ചുകൊണ്ടുവരുവാൻ പറയുമ്പോൾ കുട്ടികൾ ഡ്യൂപ്ലിക്കേറ്റ് രക്ഷിതാക്കളെ രംഗത്തിറക്കുന്ന ഈ കാലഘട്ടത്തിൽ, ഇപ്രകാരം ഒരു സർട്ടിഫിക്കറ്റ് വാങ്ങിയേ മതിയാവൂ. നിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും അംഗീകരിക്കാത്തവർ, സൗജന്യമായി ക്രിസ്തുവിൻെറ വരപ്രസാദം വാങ്ങിക്കാമെന്നു വിചാരിച്ച് നടക്കുന്നത് ശരിയല്ല. അങ്ങനെയൊരു ചിന്താഗതി വളർത്തുന്നതും ശരിയല്ല.

ക്രൈസ്തവ പഠനകേന്ദ്രത്തിൻെറ ഓശാന പ്രസിദ്ധീകരണത്തിലെ ലേഖനങ്ങളിൽ എന്നും കാണുന്നത് പിരിവിന് എതിരായിട്ടാണ്. പിരിവ് കൊടുക്കാത്തതിൻെറ പേരിൽ മാമ്മൂദീസാ നിഷേധിച്ചു വിവാഹക്കുറി കൊടുത്തില്ല എന്ന് തുടങ്ങിയ ആരോപണങ്ങളും തുടരെത്തുടരെ ഉന്നയിച്ചുകാണുന്നു. ഒരുപിരിവും കൊടുക്കാത്തവരെ പ്രോത്സാഹിപ്പിക്കുകയാണ് ഓശാനയുടെ ലക്ഷ്യം. ആരും പിരിവ് കൊടുക്കാത്ത സാഹചര്യം ഉണ്ടായാൽ എങ്ങിനെ നമ്മുടെ സ്ഥാപനങ്ങൾ മുന്നോ

www.malankaralibrary.com

ട്ടുപോകും? നമ്മുടെ സ്ഥാപനങ്ങൾ നിലനിൽക്കണമെങ്കിൽ സമുദായ സ്നേഹികൾ ഉദാരമായി പിരിവ് നൽകണം. അതുകൊണ്ട് എല്ലാ സമുദായസ്നേഹികളും പിരിവ് നൽകണമെന്ന് ഉപദേശിക്കുകയാണ് ഓശാന ചെയ്യേണ്ടിയിരുന്നത്. അതിനുപകരം ദൈവവരപ്രസാദം സൗജന്യമായി കൊടുപ്പിക്കുവാനുള്ള ശ്രമത്തിലാണ് ഓശാന. ക്രിസ്തുവിൻെറ വരപ്രസാദം ലഭിക്കണമെങ്കിൽ കുറെ ഉത്തരവാദിത്വങ്ങളും കടമകളും നിർവ്വഹിക്കുവാൻ നാം തയ്യാറാകണം. ആ ഉത്തരവാദിത്വങ്ങളും കടമകളും നിറവേറ്റുവാൻ ദൈവജനത്തെ ഉപദേശിക്കുകയായിരുന്നു ക്രൈസ്തവ പഠന കേന്ദ്രം ചെയ്യേണ്ടിയിരുന്നത്.

ഓശാന സെപ്റ്റംബർ ലക്കത്തിൽ (പേജ് 21-ൽ) മുമ്പിലത്തെ ഒപ്റുശ്മയെപ്പറ്റി ഇങ്ങനെ എഴുതിയിരിക്കുന്നു. "ചെറുപുഷ്പമിഷൻ ലീഗിൻെറ 50-ാം വാർഷികം പ്രമാണിച്ച് ഒരു കൂട്ട മുമ്പിലത്തെ ഒപ്റുശ്മ ദാനം നടത്തുകയുണ്ടായി. ഇതിൽ പങ്കെടുക്കുവാൻ വന്ന ഒരു കുട്ടി അമ്മയോട് പറയുന്നത് ഞാൻ ചെവികൊണ്ട് കേട്ടതാണ്"വേണ്ടമ്മേ, നമുക്ക് വീട്ടിലോട്ട് തിരിച്ച് പോകാം സിവിൽ സപ്ലൈസ് ഓഫീസിൽ നിന്നും റേഷൻ കാർഡ് വാങ്ങുന്നതിലും ബുദ്ധിമുട്ടായിരുന്നു ഒപ്റുശ്മായ്ക്കുമുമ്പിലത്തെ ചീട്ടുവാങ്ങൽ. പത്തുവയസ്സായ കുട്ടിയോട് ദൈവശാസ്ത്രതത്വങ്ങൾ ചോദിച്ചു കുഴക്കി, കൂടുതൽ പഠിക്കുന്നതിനായി പുസ്തകങ്ങൾ നൽകി വിഷമിപ്പിച്ചതായിരുന്നു കുട്ടിയുടെ വിഷാദകാരണം."

ഓശാന എഡിറ്ററുടെ ഈ വാചകം വായിച്ചപ്പോൾ അദ്ദേഹത്തിന് അടിസ്ഥാനമായി പറ്റിയ പിശക് എന്താണെന്ന് മനസ്സിലായി. അദ്ദേഹത്തിന് കൂദാശകൾ എന്താണെന്നോ അത് എങ്ങനെ സ്വീകരിക്കണമെന്നോ നിശ്ചയമില്ലെന്നതാണ് സത്യം. സിവിൽ സപ്ലൈ ഓഫീസിൽ നിന്നും ലഭിക്കുന്ന റേഷൻ കാർഡിൻെറ വിലപോലും ഒരു കൂദാശക്ക് ഇല്ലന്നാണ് പാവം വിശ്വസിച്ചിരിക്കുന്നത്. ഭാരതീയ പഠനകേന്ദ്രത്തിൻെറ ഡയറക്ടറും ഓശാനാ എഡിറ്ററുമായ ഈ "ദൈവശാസ്ത്രജ്ഞൻ" മാമ്മൂദീസാമുങ്ങിയപ്പോൾ തലതൊട്ടപ്പനും തലതൊട്ടമ്മയും ഇടവകയിൽ നിന്നും അവരുടെ വിശ്വാസത്തെക്കുറിച്ച് വികാരിയുടെ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കാനിടയില്ല. ആ തലതൊട്ടപ്പനും തലതൊട്ടമ്മയും തങ്ങളിൽ നിഷിപ്തമായ കടമകൾ ശരിക്കുനിർവ്വഹിച്ചിരുന്നുവെങ്കിൽ കൂദാശകളുടെ വിലയെപ്പറ്റി ഈ പത്രാധിപരെ ശരിക്കു പഠിപ്പിക്കുമായിരുന്നു. കൂദാശയ്ക്ക് ഒരു റേഷൻ കാർഡിൻെറ വിലയില്ലെന്ന് ധരിച്ചുവച്ചിരിക്കുന്ന ഈ പത്രാധിപരെ ഈ നിലയിലെത്തിച്ച തലതൊട്ടപ്പനും തലതൊട്ടമ്മയും നമുക്ക് ഒരു പാഠമായിരിക്കട്ടെ.

സെപ്റ്റംബർ ലക്കം ഓശാനയിലെ എല്ലാ പ്രതിപാദ്യങ്ങളും കൂദാശയ്ക്ക്, റേഷൻ കാർഡിൻെറ വിലപോലും കല്പിക്കാത്ത ഒരു വ്യക്തി എഴുതിയതാകകൊണ്ട് നമുക്ക് അവഗണിക്കാം.

സഭയെപ്പറ്റി ശരിയായ അവബോധമില്ലാത്തവരാണ്- തങ്ങളുടെ വിളിയും ദൗത്യവും എന്തെന്ന് അറിയാൻ പാടില്ലാത്തവരാണ്. ഒരു വെളിച്ചപ്പാടുപോലെ ശവസംസ്കാരകർമ്മം നടത്താനും കല്യാണം കഴിപ്പിക്കാനും ഒക്കെ ഇറങ്ങിതിരിക്കുന്നത്. ഇവരുടെ അല്പത്വത്തിൽ നമുക്ക് സഹതപിക്കാം.

www.malankaralibrary.com

# 4. ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രവും മഠം ചാടിയമദറും

പഴഞ്ചൊല്ലിൽ പതിരില്ല. കാരണവന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്. ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രത്തിന്റെ പ്രസിദ്ധീകരണമായ ഓശാനയുടെ ഒക്ടോബർ ലക്കം വായിച്ചപ്പോൾ അത് ഒന്നുകൂടി ബോദ്ധ്യപ്പെട്ടു.

"അമ്മയെ തല്ലിയാലും രണ്ടുകക്ഷി" എന്നൊരു ചൊല്ല് ഉണ്ട്. സർവ്വസംഗപരിത്യാഗിയായിരുന്ന മദർതെരേസായുടെ മരണശേഷം വന്ന എല്ലാവാർത്തകളും ഏതാണ്ട് ഒരേരൂപത്തിൽ തന്നെയായിരുന്നു. മദറിന്റെ മരണത്തെ തുടർന്ന് ഇന്ത്യാഗവൺമെന്റ് ദേശീയാദുഃഖചരണം ഏർപ്പെടുത്തിയതിനെപ്പറ്റിയും സംസ്കാരചടങ്ങുകൾ ദേശീയ ബഹുമതികളോടെ നടത്താൻ നടപടി സ്വീകരിച്ചതിനെപ്പറ്റിയും ഒരു ഭിന്നാഭിപ്രായം ആരും രേഖപ്പെടുത്തിക്കണ്ടില്ല. "അമ്മയെ തല്ലിയാലും രണ്ടുകക്ഷി" എന്ന പഴഞ്ചൊല്ല് മദറിന്റെ കാര്യത്തിൽ ഉണ്ടായില്ലല്ലോയെന്ന് വിചാരിക്കുകയായിരുന്നു. അങ്ങനെയിരിക്കവേയാണ് ഓശാന കൈയിൽ കിട്ടുന്നത്. ഓശാനയിൽ "മഠം ചാടി മദറിന് അപമാനതീരം" എന്ന തലക്കെട്ടിൽ ഓശാന എഡിറ്റർ എഴുതിയ ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "അവരുടെ മരണശേഷം ഗവൺമെന്റും സഭാധികാരികളും ക്രൂരമായി നടത്തിയ പ്രകടനങ്ങൾ അവരെ യഥാർത്ഥത്തിൽ അപമാനിക്കുകയാണ് ചെയ്തത്. കൽക്കത്തയിലെ തെരുവീഥിയിലെ ആശ്രയരഹിതർക്ക് അത്താണിയായിരുന്ന അവരെ തന്റെ പ്രിയപ്പെട്ട ജനങ്ങളിൽ നിന്നും അടർത്തിയെടുത്ത് രാജകീയ പ്രതാപത്തിലേക്കുയർത്തി; അവരുടെ ജീവിത ശൈലി മറപ്പിക്കുന്നതിന് രാജകീയത അവരുടെ മേൽ കെട്ടിവച്ചു. കോൺസ്റ്റാന്റയിൻ ചക്രവർത്തി സഭയെ രാജകൊട്ടാരത്തിലേക്ക് പ്രവേശിപ്പിച്ച് ക്രിസ്തുവിനെ ചിവിട്ടി പുറന്തള്ളിയതുപോലെ, നേതാജി സ്റ്റേഡിയത്തിൽ പട്ടാളക്കാർ കാവൽ നിന്ന് മദർ തെരേസായുടെ സന്ദേശത്തെ മുക്കിക്കൊന്നു." ഓശാന എഡിറ്ററുടെ ഈ ലേഖനത്തിൽനിന്നും അമ്മയെ തല്ലിയാലും രണ്ട് കക്ഷിയെന്ന പഴഞ്ചൊല്ലിൽ പതിരില്ലെന്ന് വ്യക്തമായി.

ഏതുനന്മയിലും തിന്മയുടെ ഒരു തരിയെങ്കിലുമുണ്ടോയെന്ന് ചികഞ്ഞുനോക്കുകയാണല്ലോ ഓശാന പത്രാധിപരുടെ മുഖ്യതൊഴിൽ. ആ തൊഴിലിൽ സ്ഥിരം ഏർപ്പെട്ടിരിക്കുന്ന പത്രാധിപർ സഭാധികാരത്തെയും സർക്കാരിനെയും കുറ്റപ്പെടുത്തിയതിൽ അത്ഭുതപ്പെടാനില്ല. മറ്റുള്ളവരുടെ പ്രവൃത്തികളിൽ നന്മ കാണാൻ ഉള്ള ഒരു മനഃസ്ഥിതി അദ്ദേഹത്തിനുണ്ടാകുമ്പോൾ മാത്രമേ സത്യസന്ധമായ ഒരു വിലയിരുത്തൽ നടത്തുവാൻ അദ്ദേഹത്തിന് സാധിക്കുകയുള്ളൂ. മറ്റുള്ളവർ നന്മ ചെയ്തു കാണുവാൻ കൂടി അദ്ദേഹം ആഗ്രഹിക്കുന്നില്ലെന്നാണ് അദ്ദേഹത്തിന്റെ ലേഖനങ്ങൾ വായിക്കുമ്പോൾ തോന്നുക.

ഭാരതം ദേശീയ ദുഃഖാചരണം നടത്തുകയും ദേശീയ ബഹുമതികളോടെ മദറിന്റെ സംസ്കാരകർമ്മങ്ങൾ നടത്തുകയും ചെയ്തു. ഗാന്ധിജിക്കുശേഷം മദർതെരേസായ്ക്കുമാത്രമാണ് ഈ ബഹുമതി നൽകിയത്. ആ ഗവൺമെന്റിനെ

www.malankaralibrary.com

വിമർശിച്ച ഓശാന പത്രാധിപർ ചില യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കണമെന്ന ഭ്യർത്ഥിക്കുന്നു. മഹത്തായ ഒരു സംസ്കാരത്തിൻെറ ഉടമകളാണ് ഭാരതീയർ. എല്ലാ മതങ്ങളെയും ആദരിക്കുകയും എല്ലാ സംസ്കാരങ്ങളെയും സ്വീകരിക്കുകയും എല്ലാവിധ ആചാരങ്ങൾക്കും ബഹുമാനം നൽകുകയും ചെയ്തു പോന്നിട്ടുളള മഹത്തായ ഒരു സംസ്കാരം – ആദർശങ്ങൾക്കും മൂല്യങ്ങൾക്കും വേണ്ടി എന്നും നിലകൊണ്ടിട്ടുള്ള പവിത്രമായ ഒരു സംസ്കാരം – ഭാരതത്തിന് സ്വന്തമായുണ്ട്. ഇത് ഭാരതത്തിന് മാത്രമുള്ള ഒരു നേട്ടമാണ്. അതുകൊണ്ടാണ് വിദേശത്ത് ജനിച്ച് വളർന്ന് ഭാരത പൗരത്വം സ്വീകരിച്ച, ഒരു ന്യൂനപക്ഷസമുദായാംഗമായ മദർതെരേസയോട് ഇത്രമാത്രം ബഹുമാനം കാണിക്കുവാൻ ഗവൺമെൻ്റ് തയ്യാറായത്. ഭാരതത്തിലെ സകല ജനങ്ങളും (ഓശാന പത്രാധിപർ ഒഴികെ) ജാതിമതവർഗ്ഗ പരിഗണനകൾക്കതീതമായി ഗവൺമെൻ്റ് നടപടിയെ പ്രശംസിച്ചത്. ഈ നടപടിയെ പ്രശംസിക്കാനായിരുന്നു ഓശാന പത്രാധിപർ ശ്രമിക്കേണ്ടിയിരുന്നത്. മറ്റേതൊരു രാജ്യത്താണ് അവർ ജീവൻ ബലിയർപ്പിച്ചിരുന്നതെങ്കിലും - ഇതു പോലൊരു ആദരവ് അവർക്ക് ലഭിക്കുമായിരുന്നുവെന്ന് വിശ്വസിക്കുവാൻ സാദ്ധ്യമല്ല. ഈ വിശാല വീക്ഷണത്തിൻെറ ബഹുമതി ഇന്ത്യക്കും ഇന്ത്യൻ ജനതക്കും മാത്രമുള്ളതാണ്. അതിൽ അഭിമാനിക്കുവാനുള്ള ഹൃദയവിശാലത ഓശാന പത്രാധിപർക്ക് ഇല്ലാതെ പോയതിൽ ദുഃഖിക്കുന്നു. നിരാലംബർക്കു വേണ്ടി ജീവിതം ഉഴിഞ്ഞ് വച്ച മദർതെരേസായോട് ഇന്ത്യാഗവൺമെൻ്റ് കാണിച്ച സൗമനസ്യത്തിൽ ഇന്ത്യയുടെ മതേതരത്വത്തിൻെറ മഹാനിദർശനമാണ് പ്രതിഫലിക്കുന്നത്. വേദങ്ങളുടെയും വേദാന്തങ്ങളുടെയും തണലിൽ വളർന്ന് ലോകത്തെ പ്രകാശമാനമാക്കിയ ആർഷഭാരതത്തിൻെറ മഹത്തായ പാരമ്പര്യം ഈ മണ്ണിൽ എന്നെന്നും നിലനിർത്തുവാൻ ഇന്ത്യൻ ജനതക്ക് സാധിക്കട്ടെ. ആ പാരമ്പര്യത്തെ തകർക്കാനും തിന്മയുടെ വിത്തുകൾ മാത്രം അന്വേഷിച്ചുനടക്കുന്ന ഓശാന പത്രാധിപരുടെ വിധ്വംസക പ്രവർത്തനങ്ങളെ നേരിട്ട് പരാജയപ്പെടുത്തുവാനും ഭാരത സംസ്കാരത്തിന് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

"കൽക്കത്തയിലെ തെരുവീഥിയിലെ ആശ്രയരഹിതർക്ക് അത്താണിയായിരുന്ന അവരെ തൻെറ ജനങ്ങളിൽ നിന്നും അടർത്തിയെടുത്ത് രാജകീയ പ്രതാപത്തിലേക്കുയർത്തി" എന്നാണ് ഓശാനയിൽ എഴുതിയിരിക്കുന്നത്. ഓശാനയുടെ ദൃഷ്ടിയിൽ അതൊരു മഹാപാതകമായി. മദറിൻെറ നിര്യാണ വാർത്ത അറിഞ്ഞ ഉടനെ രാഷ്ട്രപതി കെ. ആർ. നാരായണൻ എല്ലാ പരിപാടികളും റദ്ദുചെയ്ത് ഡൽഹിയിൽ തങ്ങിയതും പ്രധാനമന്ത്രി, കാബിനറ്റ്മന്ത്രിമാർ എന്നിവരോടൊന്നിച്ച് അന്ത്യോപചാരം അർപ്പിക്കാൻ കൽക്കട്ടയിലേക്ക് പോയതും വെറും പ്രചരണത്തിനോ രാഷ്ട്രീയ മുതലെടുപ്പിനോ വേണ്ടിയായിരുന്നില്ല. മദറിൻെറ മഹത്വവും ജനഹൃദയങ്ങളിലുള്ള സ്ഥാനവും മാനിച്ച് കൊണ്ടാണ് പ്രോട്ടോക്കോളിൽ നിന്ന് മാറിനിന്ന് മാനവരാശിയുടെ അമ്മയെ ബഹുമാനിക്കാൻ കേന്ദ്ര മന്ത്രി സഭ തീരുമാനിച്ചത്. എന്നുതന്നെയുമല്ല പ്രധാനമന്ത്രി ഗുജ്റാൾ മദറിൻെറ സംസ്കാരം സമ്പൂർണ്ണ സൈനിക, ഔദ്യോഗിക ബഹുമതികളോടെ നടത്താൻ തീരുമാനിച്ചതിനുശേഷം വിളിച്ചുകൂട്ടിയ ഉദ്യോഗതലത്തിലുള്ള കോൺഫ്രൻസിൽ

www.malankaralibrary.com

ഗുജ്റാൾ ഉന്നയിച്ച ചോദ്യം ഓശാന പത്രാധിപർ വായിച്ചുവോ? അതല്ല അത് വായിക്കാത്തമട്ടിൽ അഭിനയിക്കുകയാണോ? ഗുജ്റാൾ ചോദിച്ച ചോദ്യം ഇതാണ്. പാവപ്പെട്ടവരിലെ പാവപ്പെട്ടവർക്കുവേണ്ടി സ്നേഹത്തോടെയും അനുകമ്പയോടെയും നിസ്തുലസേവനം അനുഷ്ഠിച്ച മദർ തെരേസാക്ക് അന്ത്യോപചാരമർപ്പിക്കുവാൻ, അവരുടെ ശുശ്രൂഷകൾ ഏറ്റുവാങ്ങിയ പാവങ്ങൾക്ക് എന്ത് സൗകര്യങ്ങൾ ആണ് ഏർപ്പെടുത്തിയിരിക്കുന്നത്? ആ ചോദ്യം ചോദിക്കുക മാത്രമല്ല നിയമത്തിലെ എല്ലാ കുരുക്കുകളും തകർത്ത് ആ പാവങ്ങൾക്ക് എല്ലാ സൗകര്യങ്ങളും ചെയ്ത് കൊടുക്കുകയാണ് ചെയ്തത്. ഈ സത്യം ഓശാന പത്രാധിപർ മനസ്സിലാക്കണം. മദറിന്റെ ജീവിതശൈലി മറപ്പിച്ച് രാജകീയത അവരുടെ മേൽകെട്ടിവയ്ക്കുന്നതിനോ രാജകീയ പ്രതാപത്തിലേക്ക് അവരെ ഉയർത്തുന്നതിനോ അല്ല ഇന്ത്യാഗവൺമെന്റും ഇന്ത്യയിലെ കോടിക്കണക്കിന് ജനങ്ങളും ശ്രമിച്ചത്. ഇന്ത്യയുടെ ആ വലിയ ആത്മാവിനെ കണ്ടെത്തുവാൻ ഓശാന പത്രാധിപർക്ക് സാധിക്കുന്നില്ലെന്നുള്ളതിൽ ഖേദിക്കുന്നു.

സർവ്വസംഗപരിത്യാഗിയായി ജീവിച്ച മദർതെരേസായുടെ ശവസംസ്കാര ചടങ്ങിൽ മാർപാപ്പായുടെ പ്രതിനിധിയടക്കം ഇറ്റലി, ഫ്രാൻസ്, ബംഗ്ലാദേശ്, ഘാനാ തുടങ്ങിയ രാഷ്ട്രങ്ങളിലെ രാഷ്ട്രതലവന്മാരും അമേരിക്കൻ പ്രസിഡണ്ട് ക്ലിന്റന്റെ ഭാര്യ ഹിലാരി ക്ലിന്റൺ, പാലസ്തീൻ നേതാവ് യാസർ അരാഫത്ത് തുടങ്ങിയവരും പങ്കെടുത്തു. സർക്കാരും സഭാധികൃതരും കൂടിയാലോചിച്ച് മദർ തെരേസായുടെ സംസ്കാരചടങ്ങുകൾ ആർക്കും ആദരാഞ്ജലികൾ അർപ്പിക്കുവാൻ സൗകര്യം കൊടുക്കാതെയും ദേശീയ ദുഃഖാചരണം നടത്താതെയും ദേശീയ ബഹുമതികൾ കൂടാതെയും നടത്താൻ തീരുമാനിച്ചുവെന്ന് വിചാരിക്കുക. മാർപാപ്പായുടെ പ്രതിനിധിയും കർദ്ദിനാൾമാരും മെത്രാന്മാരും സംസ്കാരചടങ്ങിൽ പങ്കെടുക്കണ്ടന്ന് തീരുമാനിച്ചുവെന്ന് വയ്ക്കുക. അപ്പോൾ കാണാം ഓശാനയുടെ തനിനിറം. എങ്കിൽ ഓശാന എഴുതുമായിരുന്നു. "പാവപ്പെട്ടവരിലെ പാവപ്പെട്ടവരെ ശുശ്രൂഷിച്ച അഗതികളുടെ അമ്മയുടെ സംസ്കാരചടങ്ങുകളിൽ പങ്കെടുക്കാൻ മെത്രാന്മാർ എത്തിയില്ല. കർദ്ദിനാളന്മാർ എത്തിയില്ല. കൽക്കത്തയിലെ തെരുവുകളിൽ ജീവിച്ച ആശ്രയരഹിതർക്ക് അത്താണിയായി ജീവിച്ച ആ പുണ്യവതിയെ മെത്രാനും വേണ്ട, കർദ്ദിനാളിനും വേണ്ട. മെത്രാനും കർദ്ദിനാളും രാജകീയ പ്രതാപത്തിലുള്ളവരുടെ സംസ്കാരചടങ്ങുകളിലേ പങ്കെടുക്കൂ" എന്നു തുടങ്ങിയ രീതിയിൽ പറയുമായിരുന്നു. അമ്മയെ തല്ലിയാലും രണ്ടുകക്ഷി ഉണ്ടാകണമല്ലോ. ഇനി ആരെങ്കിലും മരിച്ചാൽ ഓശാന പത്രാധിപരോട് അഭിപ്രായമാരാഞ്ഞിട്ടുവേണം സംസ്കാരത്തിന്റെ ക്രമീകരണങ്ങൾ നടത്താൻ എന്നൊരു സ്ഥിതിവിശേഷം ഉണ്ടാകുന്നത് ശരിയോ? ജനങ്ങൾ ചിന്തിക്കണം.

അച്ചനും മെത്രാനും എത്താത്തിടത്തെല്ലാം ഓടിയെത്തി സംസ്കാരകർമ്മത്തിന് മുഖ്യകാർമ്മികത്വം (?) വഹിക്കുന്ന ഓശാന പത്രാധിപർക്ക് കൽക്കട്ടയിലെത്തി മുഖ്യകാർമ്മികത്വം വഹിക്കാൻ സാധിക്കാതെ വന്നതുകൊണ്ടായിരിക്കാം ഈ കലി.

ഓശാനയിൽ പത്രാധിപർ എഴുതിയിരിക്കുന്ന മറ്റൊരുഭാഗം കൂടി ഉദ്ധരിക്കാം"നാളെ അവർ പുണ്യവതിയായാൽ സ്ഥാപനാകാരസഭയുടെ ഉള്ളിൽ അവർ

www.malankaralibrary.com

ഒരു ആരാധനാ വിഗ്രഹമായി പരിവർത്തിക്കും. അവരുടെ കീറിത്തുന്നിയ വസ്ത്രങ്ങൾ നൂലുകളാക്കി തിരുശേഷിപ്പായി വിൽക്കും. അവരുടെ കല്ലറയ്ക്കുമുമ്പിൽ നേർച്ചപ്പെട്ടിസ്ഥാപിക്കും. അങ്ങനെ മദർതെരേസായുടെ ആശയങ്ങളെ സഭ അപമാനിതമാക്കുകയും മദർ തെരേസ ഒരു പണമരമായ പൂജാവിഗ്രഹമായി മാറുകയും ചെയ്യും" മദർ ഒരു പുണ്യവതിയായാൽ എന്തിന് ഓശാന പത്രാധിപർ ഭയപ്പെടണം? താല്പര്യമുള്ളവർ അവിടെ പോയി പ്രാർത്ഥിക്കട്ടെ. നേർച്ചകാഴ്ചകൾ സമർപ്പിക്കട്ടെ. പണം അവിടെ കുന്നുകൂടട്ടെ. അത് പാവങ്ങളുടെ സമുദ്ധാരണത്തിന് വേണ്ടി വിനിയോഗിക്കട്ടെ. അവിടെ ലഭിക്കുന്ന പണം നല്ലവഴിക്ക് തിരിച്ചുവിടുവാനുള്ള നിർദ്ദേശം സമർപ്പിക്കുകയാണ് ചെയ്യേണ്ടത്.

ഹോളണ്ടിൽ നിന്നും മാത്രം ഇവിടെ പണം നിക്ഷേപിക്കണമെന്നും അത് തൻെറ പണപ്പെട്ടിയിൽ മാത്രമായിരിക്കണമെന്നും ശഠിക്കുന്നത് ശരിയല്ലെന്നു മാത്രം പറയട്ടെ.

ഓശാന ലേഖനത്തിൽ അദ്ദേഹം വീണ്ടും എഴുതിയിരിക്കുന്ന ഒരുഭാഗം കൂടി ഉദ്ധരിക്കട്ടെ. "ക്രിസ്തുവിനുവേണ്ടി ഉഴിഞ്ഞ് വച്ച തൻെറ ജീവിതം ലൊറേറ്റോ കോൺവെന്റിലെ സമ്പന്നവും ആഡംബരപൂർണ്ണവുമായ ജീവിതത്തിൽ നഷ്ടപ്പെടുമെന്ന് മനസ്സിലാക്കിയ അവർ 36-ാം വയസ്സിൽ കന്യാസ്ത്രീമഠത്തിൽ നിന്നും മഠം ചാടുകയായിരുന്നു. അതിനായുള്ള അവരുടെ ആഗ്രഹം കുമ്പസാരക്കാരനായ ഫാ. സെലസ്റ്റെവാൻ എക്സമിനോട് അവർ പറഞ്ഞു. സാധുക്കളെ സേവിക്കാനുള്ള തെരേസായുടെ ദൈവവിളിയെക്കുറിച്ച് അദ്ദേഹം കൽക്കട്ട ആർച്ച് ബിഷപ്പിനെ അറിയിച്ചു. പക്ഷെ അദ്ദേഹം അതിനെ എതിർക്കുകയാണ് ചെയ്തത്...മദർ തെരേസായ്ക്ക് 36-ാം വയസ്സിൽ രണ്ടുമാർഗ്ഗങ്ങളുണ്ടായിരുന്നു. (1) കോൺവെന്റിൽ സുഖമായി ജീവിച്ച് സഭാധികാരികളുടെ ഇഷ്ടത്തിനൊപ്പിച്ച് ഒരു നല്ല കന്യാസ്ത്രീയായി ജീവിക്കുക (2) ഈ നല്ല കന്യാസ്ത്രീത്വത്തെ ഉപേക്ഷിച്ച് ക്രിസ്തുവിനെയും മനുഷ്യനെയും സേവിക്കുക. രണ്ടാമത്തേത് സ്വീകരിക്കണമെങ്കിൽ മഠം ചാടണം. സുരക്ഷിതത്വം ഉപേക്ഷിക്കണം. ക്ലേശകരമായ ജീവിതം നയിക്കണം. ഇത് സൂചിപ്പിക്കുന്നത് സഭയുടെ ഇന്നത്തെ സംവിധാനത്തിനുള്ളിൽ ക്രിസ്തുവിനെയും മനുഷ്യനെയും സേവിക്കാനാഗ്രഹിക്കുന്ന ഹൃദയമുള്ള കന്യാസ്ത്രീകൾക്കോ പുരോഹിതന്മാർക്കോ അത് സാദ്ധ്യമല്ല എന്നുള്ളതാണ്..... ഈ മഠം ചാടി കന്യാസ്ത്രീയെ അവരുടെ മനുഷ്യസേവന പ്രവർത്തനങ്ങളിൽ സഹായിക്കാൻ അന്നത്തെ സഭാധികാരം തയ്യാറായില്ല."

ഈ വാക്കുകളിലൂടെ ഓശാന പത്രാധിപർ ഉന്നയിക്കുന്ന ആരോപണങ്ങൾ ഒന്ന് പരിശോധിക്കാം. ഒന്നാമതായി അദ്ദേഹം പറയുന്നത് സാധുക്കളെ സേവിക്കാനുള്ള തെരെസായുടെ ദൈവവിളിയെ കൽക്കട്ട ബിഷപ്പ് എതിർത്തുവെന്നതാണ്. സ്വാഭാവികമായി ഒരു കന്യാസ്ത്രീ സാഹസികസംരംഭങ്ങളിലേർപ്പെടുമ്പോൾ അവരുടെ ആത്മാർത്ഥതയും ചിന്തകളും എന്താണെന്ന് മനസ്സിലാക്കുവാൻ ഒരു മെത്രാന് സാധിച്ചെന്നുവരികയില്ല. അതുകൊണ്ട് അങ്ങനെയുള്ള സംരംഭങ്ങളിൽ നിന്നും പിന്തിരിപ്പിച്ചെന്ന് വരാം. അത് നല്ല ഉദ്ദേശത്തോടെയാണുതാനും. ഇന്ന് ലോകം മുഴുവൻ ആദരിക്കുന്ന രാജറാം മോഹൻ റായി സാമൂഹ്യ

www.malankaralibrary.com

പരിഷ്ക്കരണ ശ്രമങ്ങൾ നടത്തിയപ്പോൾ അദ്ദേഹത്തെ സ്വന്തം കുടുംബത്തിൽ നിന്നും ആട്ടി പായിച്ചു. സമൂഹത്തിൽ നിന്നും അദ്ദേഹത്തെ പുറംതള്ളി. അദ്ദേഹത്തിന്റെ സാമൂഹികപരിഷ്കരണ ശ്രമങ്ങളെ അക്കാലത്ത് കുടുംബക്കാരും സമൂഹവും എതിർത്തുവെന്ന് കരുതി ആ കുടുംബസംവിധാനത്തിലും ഹൈന്ദവ സമൂഹത്തിലും നിന്ന് കൊണ്ട് നന്മ ചെയ്യുവാൻ സാധിക്കുകയില്ലെന്ന് പറയുവാൻ സാധിക്കുമോ? ബംഗ്ലാദേശിലെ ഏറ്റം വലിയ ബിസിനസുകാരനായ ശൈഖ്ഖൈറുദീൻ 26-ാമത്തെ വയസിൽ വ്യവസായ സംരംഭങ്ങളിലേക്ക് എടുത്തു ചാടാൻ ശ്രമിച്ചപ്പോൾ പിതാവ് അതിനെ അനുകൂലിച്ചില്ല. കുടുംബത്തിൽ നിന്നും പുറത്തുപോയി കഠിനാദ്ധ്വാനം ചെയ്ത് വലിയ വ്യവസായി ആയിത്തീർന്നു. പിതാവിന്റെ ഇഷ്ടമകനായി ശൈഖ്ഖൈറുദീൻ പിന്നീട് അറിയപ്പെട്ടു. മകനെ പിതാവ് ആദ്യം എതിർത്തുവെന്ന് കരുതി സകല പിതാക്കന്മാരും മക്കളെ ദ്രോഹിക്കയാണെന്നും ആ പിതാക്കന്മാരുടെ സംവിധാനത്തിൽ നിന്നുകൊണ്ട് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ലന്നും പറയുന്നത് ശരിയാണോ? രാജാറാം മോഹൻറായിയുടെ പ്രവൃത്തികളെ പിൽക്കാലത്ത് കുടുംബാംഗങ്ങളും സമൂഹവും അംഗീകരിച്ചപ്പോൾ അവരുടെ നല്ല മനസ്സിനെയാണ് വിവേകമുള്ളവർ കാണേണ്ടത്. അതുപോലെ തന്നെ മദർ തെരേസ കന്യകാമഠത്തിന് പുറത്ത് പോകാൻ ശ്രമിച്ചപ്പോൾ ബിഷപ്പ് അതിനെ നിരുത്സാഹപ്പെടുത്തിയെങ്കിൽ സഭയുടെ സംവിധാനം മുഴുവൻ തെറ്റാണെന്ന് പറയുന്നതിലർത്ഥമില്ല. പിന്നീട് മദറിന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചപ്പോൾ ആത്മാർത്ഥതയോടെയാണ് അന്ന് എതിർത്തതെന്ന് മനസ്സിലാക്കാൻ വലിയ പ്രയാസമില്ല. ഓശാന പത്രാധിപരെപ്പോലെ എന്ത് ചെയ്താലും എതിർക്കുകയെന്ന നിലപാടല്ല മദറിനോട് സഭാപിതാക്കന്മാർ സ്വീകരിച്ചത്. ഇന്നലെ എടുക്കുന്ന നിലപാട് അന്നത്തെ സാഹചര്യത്തിൽ വിലയിരുത്തുവാനുള്ള വിവേകം നമുക്കുണ്ടാകണം. ഓശാനയുടെ ലക്ഷ്യം എന്താണ്? സഭയുടെ ഇന്നത്തെ സംവിധാനത്തിനുള്ളിൽ നിന്നുകൊണ്ട് ഒരു നന്മയും ചെയ്യുവാൻ സാധിക്കുകയില്ലെന്നും സഭയുടെ സംവിധാനത്തിന് പുറത്ത് നിന്നാൽമാത്രമേ നന്മ ചെയ്യുവാൻ സാധിക്കുകയുള്ളൂവെന്നും പ്രചരിപ്പിച്ച് സഭാഘടനയെ തകർക്കുക എന്നത് മാത്രമാണ്. അതിന്വേണ്ടിയാണ് അദ്ദേഹം ഭാരതീയ ക്രൈസ്തവപഠന കേന്ദ്രവുമായി നിലകൊള്ളുന്നത്. ഈ ഹീനശ്രമത്തെ മനസ്സിലാക്കി അതിനെ ഫലപ്രദമായി നേരിടുവാൻ സഭാസ്നേഹികൾ മുന്നോട്ട് വരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

### അൽമായ അസോസിയേഷൻ പുരസ്കാരം

കത്തോലിക്കാ അൽമായ അസോസിയേഷൻ ഒന്നാം വാർഷികത്തോടനുബന്ധിച്ച് കലാ സാംസ്കാരികരംഗത്ത് കനത്ത സംഭാവനകൾ നൽകിയ 21 പേരെ ആദരിക്കാൻ തീരുമാനിച്ചു. അസോസിയേഷന്റെ പുരസ്കാരം ഏറ്റുവാങ്ങാൻ അതിൽ പകുതിപേർപോലും സമ്മേളനസ്ഥലത്ത് എത്തിയില്ല. പിന്നീട് അസോസിയേഷന്റെ വാർഷികം നടന്നതായോ ആർക്കെങ്കിലും പുരസ്കാരം നൽകിയതായോ അറിയാൻ കഴിഞ്ഞിട്ടില്ല. ഇത് എന്തുകൊണ്ട്. പുലിക്കുന്നൻ നേതൃത്വം നൽകിയ അൽമായ അസോസിയേഷന്റെ പുരസ്കാരം സ്വീകരിക്കാൻ ആരും തയ്യാറായില്ലെന്നും കേൾക്കുന്നു. ശരിയോ? പുലിക്കുന്നൻ ഉത്തരം പറയണം.

www.malankaralibrary.com

# 5. ഓശാനയിലെ പ്രതികരണം-ഒരു മറുപടി

എ.കെ.സിസി ബുള്ളറ്റിൻ ജൂൺ ഒക്ടോബർ ലക്കങ്ങളിൽ ഞാൻ പേരു വച്ച് പ്രസിദ്ധപ്പെടുത്തിയ പ്രസാധകക്കുറിപ്പിനെ ആധാരമാക്കി ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രത്തിന്റെ പ്രസിദ്ധീകരണമായ ഓശാനയിൽ ജൂലൈ, ആഗസ്റ്റ്, നവംബർ ലക്കങ്ങളിൽ ശ്രീ പുലിക്കുന്നൻ എഴുതിയ ലേഖനങ്ങളും ചോദ്യവും, ഉത്തരവും പ്രതികരണവും വായിച്ചു. ഓശാന പ്രതിപാദ്യങ്ങളെക്കുറിച്ച് എന്റെ അഭിപ്രായം ആവശ്യപ്പെട്ടതനുസരിച്ച് രേഖപ്പെടുത്തട്ടെ.

## 1. കൂദാശകൾ

"ഞാൻ ഒരു ദൈവശാസ്ത്രജ്ഞനല്ലായെന്ന് ആദ്യം തന്നെ പറയട്ടെ. `ദൈവവരപ്രസാദം സൗജന്യമായി കൊടുപ്പിക്കുവാനുള്ള ശ്രമത്തിലാണ് ഓശാന. ക്രിസ്തുവിന്റെ വരപ്രസാദം ലഭിക്കണമെങ്കിൽ കുറെ ഉത്തരവാദിത്വങ്ങളും കടമകളും നിർവ്വഹിക്കുവാൻ നാം തയ്യാറാകണം. ആ ഉത്തരവാദിത്വങ്ങളും കടമകളും നിറവേറ്റുവാൻ ദൈവജനത്തെ ഉപദേശിക്കുകയായിരുന്നു ക്രൈസ്തവ പഠനകേന്ദ്രം ചെയ്യേണ്ടിയിരുന്നത്.' എന്റെ ലേഖനത്തിലെ ഈ ഭാഗത്തിൽ എന്തെങ്കിലും പിശകുള്ളതായി പുലിക്കുന്നന്റെ പ്രതികരണം വായിച്ചിട്ടും എനിക്ക് തോന്നുന്നില്ല. എന്റെ ലേഖനത്തിനുള്ള മറുപടിയായിട്ടാണ് അദ്ദേഹം കാനൻലോയുടെ പല ഭാഗങ്ങളും ഉദ്ധരിച്ചിരിക്കുന്നത്. ഞാൻ ഉന്നയിച്ച ആരോപണം എന്താണെന്ന് അദ്ദേഹത്തിന് മനസ്സിലാകാഞ്ഞിട്ടല്ല. എന്റെ ആരോപണത്തിൽനിന്നും ശ്രദ്ധ തിരിച്ചുവിടുവാനുള്ള ഒരു തന്ത്രമാണ് കാനൻലോയുടെ ഉദ്ധരണികൾ.

സിവിൽ സപ്ലൈ ഓഫീസിൽനിന്നും റേഷൻകാർഡ് സൗജന്യമായിട്ടാണ് നൽകുന്നത്. എങ്കിലും അത് ലഭിക്കണമെങ്കിൽ ചില വ്യവസ്ഥകളും ചട്ടങ്ങളും പാലിക്കണം. നിയമപരമായ രീതിയിൽ അപേക്ഷ കൊടുക്കണം. ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം. അപേക്ഷ കൊടുക്കാതെയും ആവശ്യമായ റിക്കോർഡുകൾ ഹാജരാക്കാതെയും റേഷൻ കാർഡ് തരണമെന്ന് പറഞ്ഞാൽ ലഭിക്കുകയില്ല. അതുപോലെ സഭയിലെ ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കുന്നവർക്കു മാത്രമേ കൂദാശകൾ ലഭിക്കാൻ അർഹതയുള്ളു. എന്റെ ഈ വാദഗതി മനസ്സിലാക്കുവാൻ ഒരു കാനൻ ലോയുടെയും ഉദ്ധരണി ആവശ്യമില്ല. ഞാൻ എന്താണ് എന്റെ ലേഖനത്തിലൂടെ ഉന്നയിച്ചതെന്ന് വായനക്കാർ മനസ്സിലാക്കിയിട്ടുണ്ട്.

## 2. ദളിത് ക്രൈസ്തവപ്രശ്നം

ദളിത് ക്രൈസ്തവർക്ക് സഭയ്ക്കുള്ളിൽ സംവരണവും സാമ്പത്തിക സഹായവും കൊടുക്കണമെന്ന വാദത്തെ ആരും എതിർത്തിട്ടില്ല. അതേ സമയം രാഷ്ട്രത്തിൽനിന്നും അവർക്ക് ലഭിക്കേണ്ടത് വാങ്ങിക്കൊടുക്കുവാനും നാം കടപ്പെട്ടവരാണ്. അതിന് സഭ ശ്രമിക്കുമ്പോൾ, ദളിത്ക്രൈസ്തവരെ ക്രൈസ്തവ മുഖ്യധാരയിൽ നിന്നും സ്ഥിരമായി മാറ്റി നിർത്താനാണെന്ന പുലിക്കുന്നന്റെ വാദം,

www.malankaralibrary.com

ദളിതരിൽ ചിന്താകുഴപ്പം ഉണ്ടാക്കുന്നതിനുവേണ്ടി മാത്രമാണ്. ദളിതരുടെ ഉന്നമനത്തിനുവേണ്ടി രാഷ്ട്രം കോടിക്കണക്കിന് രൂപയാണ് വർഷം തോറും ചിലവഴിക്കുന്നത്. അതിൽ ന്യായമായ ഒരു വിഹിതം ദളിത്ക്രൈസ്തവർക്ക് നൽകണമെന്ന് സഭ പറയുമ്പോൾ പുലിക്കുന്നൻ പറയുന്നത് സഭയുടെ സ്വത്തു മുഴുവൻ ദളിത് ക്രൈസ്തവർക്ക് നൽകണമെന്നും രാഷ്ട്രത്തോട് അവരെ സഹായിക്കണമെന്ന് പറയരുതെന്നുമാണ്. അതേസമയം ഈ സമരത്തിൽ സഭ നേതൃത്വം നൽകിയില്ലെങ്കിൽ അദ്ദേഹം പറയുമായിരുന്നു, " ഈ പാവങ്ങൾക്ക് അർഹിക്കുന്നത് സർക്കാരിൽനിന്നും വാങ്ങികൊടുക്കുവാൻ സഭ ശ്രമിക്കുന്നില്ല. ദളിതരെ എന്നും ദളിതരായി നിലനിർത്താനാണ് സഭ ആഗ്രഹിക്കുന്നത്" അമ്മയെ തല്ലിയാലും രണ്ടു കക്ഷിയുണ്ടല്ലോ ?

## 3. ഞാൻ അദ്ദേഹത്തെ എന്തിന് സമീപിക്കണം

സഭയിൽനിന്നും എനിക്ക് ന്യായമായി ലഭിക്കേണ്ട അവകാശങ്ങളുടെ പട്ടികയുമായി ഞാൻ പലപ്പോഴും അദ്ദേഹത്തെ സമീപിച്ചിട്ടുണ്ടെന്നാണ് ഓശാനയിൽ അദ്ദേഹം എഴുതിയിരിക്കുന്നത്. അദ്ദേഹത്തിന്റെ അല്പത്വം മാത്രമാണ് ഈ വാക്കുകളിൽ ദർശിക്കുക. അദ്ദേഹത്തേക്കാൾ എത്രയോ ഭേദമാണ് എട്ടുകാലി മമ്മൂഞ്ഞ്. സ്ഥലംമാറ്റത്തിന്റെ കാര്യത്തിൽ പാലാ അരമന കാണിച്ച അനീതി, മകളുടെ BEd അഡ്മിഷന്റെ കാര്യത്തിൽ കാണിച്ച അവഗണന, കാത്തോലിക്കാ കോൺഗ്രസ് പ്രസിഡൻറ് എന്ന നിലയിലും സെക്രട്ടറി എന്ന നിലയിലും ചില മെത്രാന്മാർ എന്നോട് കാണിച്ചിട്ടുള്ള തെറ്റായ സമീപനങ്ങൾ എന്നിങ്ങനെ പല കാര്യങ്ങളും ഞാൻ അദ്ദേഹത്തോടു പറഞ്ഞിട്ടുണ്ടെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്.

സഭയിൽ എനിക്കു ലഭിക്കേണ്ട അവകാശങ്ങളുടെ പട്ടികയുമായി എന്തിനാണ് ഞാൻ അദ്ദേഹത്തെ സമീപിക്കുന്നത് ? അദ്ദേഹത്തെ സമീപിച്ചാൽ എന്തു നേട്ടമാണെനിക്കുണ്ടാവുക? എനിക്ക് ഇഷ്ടപ്പെട്ട സ്ഥലത്തേക്ക് ഒരു സ്ഥലം മാറ്റം വാങ്ങിത്തരുവാൻ, എന്റെ മകൾക്ക് ഒരു അഡ്മിഷൻ വാങ്ങിത്തരുവാൻ ഒക്കെ അദ്ദേഹത്തിന് കഴിയുമെന്ന് വിചാരിക്കുവാൻമാത്രം ഞാൻ മണ്ടനാണോ? നീതി വിൽക്കുകയും വാങ്ങിക്കൊടുക്കുകയും ചെയ്യുവാൻ അധികാരമുള്ള ഒരാളാണോ പുലിക്കുന്നൻ. തന്റെയടുത്ത് പല കാര്യങ്ങളും നേടുവാൻ പലരും സമീപിക്കുന്നുണ്ടെന്ന് വായനക്കാരെ ധരിപ്പിക്കുവാനാണോ അദ്ദേഹം ശ്രമിക്കുന്നത്? അദ്ദേഹത്തിന് അല്പമെങ്കിലും മനസ്സാക്ഷിയുണ്ടെങ്കിൽ ഈവക കാര്യങ്ങൾക്കായി ഞാൻ അദ്ദേഹത്തെ സമീപിച്ചുവെന്നത് പിൻവലിക്കണം. പരസ്യമായി ഓശാന വായനക്കാരോട് ക്ഷമ പറയണം.

എന്റെ മുപ്പതു വർഷകാലത്തെ അദ്ധ്യാപകജോലിക്കിടയിൽ 1968-ൽ മാത്രമാണ് ഒരു ട്രാൻസ്ഫറിന് ആവശ്യപ്പെട്ടത്. എഴുതിക്കൊടുത്തുപോലുമില്ല. പിന്നീട് ഒരിക്കലും ഈ കാര്യത്തിനായി ഞാൻ മാനേജരെ സമീപിച്ചിട്ടില്ല. പിന്നെ എന്തിനാണ് ഞാൻ ഇക്കാര്യം പുലിക്കുന്നനോടു സംസാരിക്കുന്നത്. അദ്ദേഹം വല്ല സ്വപ്നവും കണ്ടിരിക്കും. അദ്ദേഹത്തിന്റെ മുമ്പിൽ പാരാതികളുമായി ജന

www.malankaralibrary.com

കോടികൾ വന്നിരിക്കുന്നതായി സ്വപ്നം കണ്ട് സംതൃപ്തിയടഞ്ഞിരിക്കാം. അതിന് എന്നെ അദ്ദേഹം കൂട്ടുപിടിക്കേണ്ട ആവശ്യമില്ല. സാധാരണ എല്ലാവരും അഡ്മിഷന് അപേക്ഷിക്കുന്നതുപോലെ എന്റെ മക്കളും MSc. ക്കും BEd. നും അഡ്മിഷൻ കിട്ടാൻ അപേക്ഷ അയച്ചിട്ടുണ്ടെന്നുള്ളതും അഡ്മിഷൻ കിട്ടിയില്ല എന്നുള്ളതും ഒരു വസ്തുതയാണ്. ഞാൻ ശുപാർശയുമായി ആരുടെ പക്കലും പോയിട്ടില്ല. അവകാശങ്ങളുടെ പട്ടികയുമായി പുലിക്കുന്നനെ സമീപിച്ചുവെന്നത് പച്ചക്കള്ളം. മാനേജ്മെന്റ് ക്വോട്ടായിലെ ഒരു അഡ്മിഷൻ ഉന്നംവെച്ചുകൊണ്ടുള്ളതായിരുന്നില്ല എന്റെ പൊതുപ്രവർത്തനം.

## 4. കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരുടെ ഫോൺവിളി

ദീപനാളത്തിൽ എന്റെ ലേഖനം വന്നയുടനെ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരായ പലരും അദ്ദേഹത്തെ ഫോണിൽ വിളിച്ചും നേരിട്ടും കത്തോലിക്കാ കോൺഗ്രസ്സിനെപ്പറ്റിയും എന്നെപ്പറ്റിയും സംസാരിച്ചുവെന്നാണ് എഴുതിയിരിക്കുന്നത്. കോൺഗ്രസ്സ് പ്രവർത്തകരിൽ ഒരാൾ എന്നോട് പറഞ്ഞതിങ്ങനെയാണ്, `ദീപനാളത്തിൽ കച്ചിറമറ്റത്തിന്റെ ലേഖനം വന്നപ്പോൾ പുലിക്കുന്നൻ എന്നെ ടെലഫോണിൽ വിളിച്ചു. കച്ചിറമറ്റത്തെപ്പറ്റി പല കാര്യങ്ങളും ചോദിച്ചു. ഏതായാലും അടുത്തലക്കം ഓശാനയിൽ അഞ്ചെട്ടു പേജ് കച്ചിറമറ്റത്തെപ്പറ്റിയായിരിക്കും. ദീപനാളത്തിലെ ലേഖനം കച്ചിറമറ്റം തന്നെ എഴുതിയതാണോ എന്ന് പുലിക്കുന്നന് സംശയമുണ്ട്. എനിക്കും സംശയമുണ്ട്. ഏതാനും വൈദികർ ഇതിന്റെ പിന്നിലുണ്ടെന്നാണ് ഞങ്ങളുടെ നിഗമനം'. ആരാണ് അത് പറഞ്ഞതെന്ന് പുലിക്കുന്നന് മനസ്സിലാകും.

## 5. എന്റെ പ്രസംഗ സംഗ്രഹം ഓശാനയിൽ

ഭാരതീയ ക്രൈസ്തവപഠനകേന്ദ്രത്തിന്റെ ഉൽഘാടനാവസരത്തിൽ അവിടെ വന്ന് വർത്തമാനപുസ്തകത്തിന്റെ കോപ്പി ഏറ്റുവാങ്ങിക്കൊണ്ട് നടത്തിയ പ്രസംഗം ഓശാനയിൽ പ്രസിദ്ധീകരിച്ചത് അദ്ദേഹം ഉദ്ധരിച്ചിരിക്കുകയാണ്. (1996 ഒക്. ലക്കം എന്നെഴുതിയിരിക്കുന്നത് പിശകാണ്). എന്റെ പ്രസംഗം, അദ്ദേഹം എഡിറ്റ് ചെയ്ത് അദ്ദേഹം മുഖ്യപത്രാധിപരായിക്കുന്ന ഓശാനയിൽ പ്രസിദ്ധീക രിച്ചതാണ്; ഞാൻ എഴുതിയതല്ല. ഞാൻ പറഞ്ഞതിലെ അദ്ദേഹത്തിന് വേണ്ടുന്ന കാര്യങ്ങൾ മാത്രം ചേർത്ത് അദ്ദേഹം എഴുതി. ഞാൻ എന്റെ പ്രസംഗത്തിൽ അന്ന് പറഞ്ഞ അതിപ്രധാനമായ ഒരു കാര്യം ഒന്നുകൂടി ഓർമ്മിപ്പിക്കട്ടെ. "തോമ്മാക്കത്തനാർക്കുശേഷം സഭയിൽ വിമർശനത്തിന്റെ വേലിയേറ്റം സൃഷ്ടിച്ചത് എം.ഒ. ജോസഫ് നെടുങ്കുന്നമാണ്. അദ്ദേഹം ക്രൈസ്തവവിശ്വാസത്തിൽ ഊന്നിനിന്നുകൊണ്ടാണ് വിമർശനം നടത്തിയത്. തോമ്മാക്കത്തനാരുടെ വിമർശനശൈലിയുമായി തട്ടിച്ചു നോക്കുമ്പോൾ എം.ഒ ജോസഫിന്റേയും പുലിക്കുന്നന്റേയും വിമർശനശൈലി ഒന്നുമല്ല. തോമ്മാക്കത്തനാരും എം.ഒ. ജോസഫും ക്രൈസ്തവപഠനത്തിനെതിരായി ഒരക്ഷരം ഉരിയാടിയിട്ടില്ല. അവരുടെ ക്രൈസ്തവവിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടാണ് അവർ വിമർശനവുമായി രംഗത്തുവന്നത്. അവരെപ്പോലെ വിശ്വാസത്തിൽ

www.malankaralibrary.com

അടിയുറച്ചുനിന്നുകൊണ്ട് നാം വിമർശനം നടത്തണം. അതിനുള്ള വിവേകം നമുക്കെല്ലാവർക്കും ഉണ്ടാകുമ്പോൾ സഭ ഇവിടെ ദൈവജനത്തിന്റേതായിത്തീരും." ഇതായിരുന്നു എന്റെ പ്രസംഗത്തിന്റെ ഉള്ളടക്കം. ഇതിൽ നിന്നും പുലിക്കുന്നന് ആവശ്യമായ ഭാഗം എടുത്തു ചേർത്തു. അദ്ദേഹത്തിന്റെ ഓശാനയിൽ. അതിന് ഞാൻ ഉത്തരവാദിയല്ല. ഒരു കാര്യംകൂടി പറയട്ടെ, മാന്യന്മാർ കള്ളുഷാപ്പിൽ തലയിൽ മുണ്ടിട്ടു കയറുന്നതുപോലെയല്ല ഞാൻ ഓശാനയോഗങ്ങളിൽ പങ്കെടുത്തിട്ടുള്ളത്.

## 6. മെത്രാന്മാർക്കു സമർപ്പിച്ച മെമ്മോറാണ്ടം

അങ്ങയുടെ നേതൃത്വത്തിൽ ആരംഭിച്ചതും മെത്രാന്മാർ ശല്യം ചെയ്യാത്തവിധത്തിൽ താങ്കൾ കൊണ്ടുനടന്നതുമായ കത്തോലിക്കാ അൽമായ അസോസിയേഷൻ, മെത്രാൻന്മാർക്ക് സമർപ്പിക്കുവാൻ തയ്യാറാക്കിയ മെമ്മോറാണ്ടത്തെപ്പറ്റി ചർച്ച ചെയ്യുവാൻ ചെത്തിമറ്റത്തുള്ള ഓശാനഹൗസിൽ ചേർന്ന യോഗത്തിൽ ഞാൻ പ്രസംഗിച്ചത് ഓർമ്മിക്കുന്നുണ്ടായിരിക്കും. ആ മെമ്മോറാണ്ടത്തിലെ ബഹുഭൂരിപക്ഷം കാര്യങ്ങളും എ.കെസിസി കാലാകാല ങ്ങളിൽ മെത്രാന്മാർക്ക് സമർപ്പിച്ചിട്ടുള്ളതാണെന്നും അതിന്റെയെല്ലാം പിൻപിൽ സഭാ സ്നേഹിയായ എം.ഒ ജോസഫ് നെടുംകുന്നത്തിന്റെ മസ്തിഷ്കമാണ് പ്രവർ ത്തിച്ചിട്ടുള്ളതെന്നും ചർച്ചയിൽ പങ്കെടുത്ത ഞാൻ പ്രസ്താവിക്കുകയുണ്ടായി. പുലിക്കുന്നന് എന്റെ പ്രസ്താവനയോട് യോജിക്കുവാൻ സാധിച്ചില്ല. താൻ ആണ് എല്ലാത്തിന്റെയും ആരംഭകൻ എന്ന് വരുത്തിത്തീർക്കുവാനുള്ള ആദ്ദേഹത്തിന്റെ `എട്ടുകാലി മമ്മൂഞ്ഞിന്റെ മനസ്ഥിതി' യെ വർഷങ്ങൾക്കു മുമ്പേ ഞാൻ എതിർക്കുകയുണ്ടായി.

## 7. കത്തോലിക്കാ കോൺഗ്രസ്സും മെത്രാന്മാരും

എ.കെ.സി.സി സെക്രട്ടറിയെന്ന നിലയിലും പ്രസിഡന്റ് എന്ന നിലയിലും മെത്രാന്മാർ എന്നോടു കാണിച്ചിട്ടുള്ള തെറ്റായ സമീപനത്തെ ഞാൻ പുലിക്കു ന്നനോട് സംസാരിച്ചിട്ടുണ്ടെന്നാണ് ഓശാനയിൽ അദ്ദേഹം എഴുതിയി രിക്കുന്നത്. സഭയെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളെപ്പറ്റിയും തന്നോടുവന്ന് എല്ലാവരും സംസാരിക്കണമെന്ന ആഗ്രഹം വച്ചു പുലർത്തിക്കൊണ്ട് കിടന്നുറങ്ങി യപ്പോൾ കണ്ട സ്വപ്നം മാത്രമാണത്. കത്തോലിക്കാ കോൺഗ്രസിന്റെ അഭിമാനത്തിന് കോട്ടം തട്ടുന്ന സന്ദർഭമുണ്ടായപ്പോഴെല്ലാം അതിനെ എതിർക്കുവാൻ എനിക്ക് സാധി ച്ചിട്ടുണ്ടെന്ന് അഭിമാനത്തോടെ പറയുവാൻ സാധിക്കും. എ.കെ.സി.സി ബുള്ളറ്റി നിൽ ഞാൻ പേരുവച്ച് എഴുതിയിട്ടുള്ള പ്രസാധകക്കുറിപ്പുകളും എ.കെ. സി.സി യോഗങ്ങളിൽ ഞാൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയങ്ങളും, എന്റെ അദ്ധ്യ ക്ഷതയിൽ ചേർന്ന് പാസ്സാക്കിയിട്ടുള്ള പ്രമേയങ്ങളും അതിന് തെളിവുകളാണ്. ഇടമറ്റത്തെ ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ ഇന്ന് ഞാൻ എതിർക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും സമുദായത്തിന്റെ അന്തസ്സിനെ തകർക്കാൻ ആ പ്രസ്ഥാനത്തിന്റെ പേരിൽ പുലിക്കുന്നൻ നടത്തുന്ന ഹീനശ്രമങ്ങൾ കണ്ടുകൊണ്ടാണ്.

www.malankaralibrary.com

## 8. സൗമ്യതയും പക്വതയും

അതിപുരാതനസംഘടനയുടെ പ്രസിഡന്റായ ഞാൻ ആവശ്യമായ സൗമ്യതയും പക്വതയും കാണിക്കണമെന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തെ മാനിക്കുന്നു. അത് അദ്ദേഹത്തിനും ബാധകമാണെന്ന് വിനയപൂർവ്വം പറയട്ടെ. പുലിക്കുന്നൻ ഉപയോഗിച്ചിട്ടുള്ളതുപോലെ ആക്ഷേപാർഹമായ വാക്കുകൾ ഞാൻ ഒരിക്കലും ഉപയോഗിച്ചിട്ടില്ല. ചങ്ങനാശ്ശേരി ആർച്ചുബിഷപ്പിനെ "ഔതമപ്രിയാൻ" എന്ന് വിളിച്ചപ്പോഴും, പാലാ മെത്രാനെ ധിക്കാരപൂർവ്വം പള്ളിക്കാ പറമ്പൻ എന്നു വിളിച്ചപ്പോഴും 'മിശിഹായിൽ ജ്യേഷ്ഠസഹോദരാ' എന്ന് അഭി സംബോധന ചെയ്യുകയും അതേ കത്തിൽതന്നെ ആക്ഷേപാർഹമായ വാക്കുകൾ ഉപയോഗിക്കുകയും ചെയ്തപ്പോഴും ഈ സൗമ്യതയുടെയും പക്വതയുടെയും വേദാന്തം എവിടെപ്പോയി. ഈ കാര്യത്തിൽ ചെകുത്താൻ വേദമോതുന്ന നയമാണ് പുലിക്കുന്നൻ സ്വീകരിച്ചിട്ടുള്ളത്."

## 9. ക്രിസ്തുവിനോടെങ്കിലും സൗമ്യത കാണിക്കാമായിരുന്നില്ലേ ?

സൗമ്യതയുടെയും പക്വതയുടെയും വേദമോതുന്ന പുലിക്കുന്നൻ സൗമ്യതയും പക്വതയും എപ്പോഴാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ക്രിസ്തുവിനോടെങ്കിലും അല്പം സൗമ്യത കാണിക്കാമായിരുന്നില്ലെ ? മാർപാപ്പായോടും കർദ്ദിനാളന്മാരോടും, മെത്രാന്മാരോടും വൈദികരോടും ഒന്നും ഒരിക്കലും അദ്ദേഹം സൗമ്യതയും പക്വതയും കാണിച്ച് ഞാൻ കണ്ടിട്ടില്ല. എന്നാൽ ഒരിക്കൽ അദ്ദേഹം സൗമ്യതയും പക്വതയും കാണിക്കുന്നത് കണ്ടു. മാർ പള്ളിക്കാപറമ്പൻ മദ്യവിരുദ്ധസമരത്തിന്റെ ഭാഗമായി കുരിശുപള്ളി ജംഗ്ഷനിൽ ഉപവാസം അനുഷ്ഠിക്കുമെന്ന് പ്രഖ്യാപിച്ചപ്പോൾ, മാർ പള്ളിക്കാപറമ്പനെ എതിർത്ത് സൗമ്യതയും പക്വതയുമില്ലാതെ ഇറക്കിയ ഒരു ലഘുലേഖയിൽ ഒരു ബ്രായ്ക്കറ്റിൽ അല്പം സൗമ്യതയും പക്വതയും ഞാൻ കണ്ടു. ആ ലഘുലേഖയിൽ ഒരു മദ്യവ്യവസായിയെക്കൂടി സൂചിപ്പിച്ച് എഴുതിയിരുന്നു. മദ്യവ്യവസായിയെ പുകഴ്ത്തിയും നീതീകരിച്ചും ഒരു വാചകം ആ ബ്രായ്ക്കറ്റിനകത്ത് ചേർത്തിരുന്നു. ആ ലഘുലേഖ കണ്ടപ്പോൾ, പുലിക്കുന്നന് പേടിയുണ്ടെങ്കിൽ സൗമ്യതയും പക്വതയുമുണ്ടാകുമെന്ന് ബോധ്യമായി, ക്രിസ്തുവും മാർപ്പാപ്പായും മെത്രാന്മാരും അവരെപ്പറ്റി എന്തെഴുതിയാലും ചോദ്യം ചെയ്യുകയില്ലെന്ന് പുലിക്കുന്നനറിയാം. ക്രിസ്തുവിനെയടക്കം ആരെയും പേടിക്കേണ്ട കാര്യം പുലിക്കുന്നനില്ലല്ലോ. പേടിക്കേണ്ടവരെ പേടിക്കും എന്നതിന് തെളിവാണ് ആ ലഘുലേഖ.

## 10. ക്രിസ്തുവോ കസിനോ ബഹുമാനിതൻ

ജോസഫ് പുലിക്കുന്നന്റെ കസിനായ സഖറിയാ ലോകാരാദ്ധ്യനായ യേശുദേവനെ വിഷയലമ്പടനും ഭീരുവും സാമൂഹ്യവിരുദ്ധനുമായി ചിത്രീകരിച്ച് കഥയെഴുതി. ആ കഥയെ പലരും വിമർശിച്ചു. പുലിക്കുന്നനത് ഇഷ്ടപ്പെട്ടില്ല. തന്റെ കസിനെ രക്ഷിക്കാനും ബഹുമാനിച്ചാരാധിക്കാനുമായി പുലിക്കുന്നൻ ഭാരതീയ ക്രൈസ്തവപഠനകേന്ദ്രത്തിൽ യോഗം സംഘടിപ്പിച്ചു. സഖറിയായുടെ

www.malankaralibrary.com

കഥയെ വിചാരണ ചെയ്ത് ലഘുലേഖ തയ്യാറാക്കി വിതരണം ചെയ്തു. ആ സന്ദർഭത്തിലാണ് ഞാൻ പേനയെടുത്തത്. സത്യം പറഞ്ഞപ്പോൾ അദ്ദേഹത്തിന് വേദനിച്ചു. അപ്പോഴാണ് പക്വതയുടെയും സൗമ്യതയുടെയും വേദവുമായി അദ്ദേഹം രംഗത്തുവന്നത്. ആകാശത്തിൻകീഴിലുള്ള എല്ലാത്തിനെയും വിമർശിക്കുകയും ആക്ഷേപിക്കുകയും അവഹേളിക്കുകയും ചെയ്ക മുഖ്യതൊഴിലായി സ്വീകരിച്ച അദ്ദേഹത്തിനെതിരായി ഒന്നെഴുതിയപ്പോൾ സൗമ്യതയുടെയും പക്വതയുടെയും അർത്ഥം അദ്ദേഹം നിഘണ്ടുവിൽ നോക്കി പഠിച്ചു. യേശുദേവനെ അവഹേളിച്ച അദ്ദേഹം ചെയ്ത തെറ്റിൽ പശ്ചാത്തപിക്കട്ടെ. അപ്പോൾ സൗമ്യതയും പക്വതയും ഞാനും കൂടുതൽ അഭ്യസിക്കാം.

## 11. കത്തോലിക്കാ കോൺഗ്രസും ശവപ്പെട്ടി നിർമ്മാണവും

ആഗസ്റ്റ് ലക്കത്തിൽ കത്തോലിക്കാ കോൺഗ്രസിനെപ്പറ്റി അദ്ദേഹം എഴുതിയിരിക്കുന്നു. "ഒരു കാലത്ത് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് കേരള കത്തോലിക്കരുടെ ഏറ്റവും വലിയ സംഘടനയായിരുന്നു. അവരുടെ സാമൂഹ്യപ്രശ്നങ്ങൾ പഠിച്ച് അവരുടെ അവകാശങ്ങളെക്കുറിച്ച് സമുദായാംഗങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ സമുദായാംഗങ്ങളായ അന്നത്തെ നേതാക്കന്മാർക്ക് കഴിഞ്ഞിരുന്നു." അദ്ദേഹം പറഞ്ഞ ആ "ഒരു കാലത്ത് "പുലിക്കുന്നൻ ജനിക്കാതിരുന്നത് ഭാഗ്യം. അന്നദ്ദേഹം ജീവിച്ചിരുന്നുവെങ്കിൽ അന്നത്തെ പ്രവർത്തനത്തെയും അദ്ദേഹം എതിർക്കുമായിരുന്നു. എല്ലാത്തിനെയും എതിർക്കുകയാണല്ലോ അദ്ദേഹത്തിന്റെ തൊഴിൽ.

പണ്ട് നല്ല കാര്യങ്ങൾ ചെയ്ത സംഘടനയെന്ന് പറഞ്ഞതിനുശേഷം ഇന്ന് ഒരു ഉപമ പറഞ്ഞ് കത്തോലിക്കാ കോൺഗ്രസിനെ ശവപ്പെട്ടി പണിക്കനായി ഉപമിച്ചിരിക്കുകയാണ്. അതാണദ്ദേഹത്തിന്റെ പക്വത. ആവശ്യമനുസരിച്ച് ശവപ്പെട്ടി നിർമ്മിക്കുവാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങൾ നിർമ്മിച്ച ആദ്യത്തെ ശവപ്പെട്ടിയിൽ ഞങ്ങൾ അടക്കം ചെയ്തത്; മെത്രാന്മാരുടെയും വികലപുരോഹി തന്മാരുടെയും നിയന്ത്രണമില്ലാതെ പുലിക്കുന്നൻ ഓമനിച്ചു വളർത്തിക്കൊണ്ടു വന്ന കത്തോലിക്കാ അൽമായ അസോസിയേഷനെ"യാണെന്ന് ഉറക്കെപറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. "വലിയ സംഘടനാപ്രവർത്തകനും, എല്ലാ കാര്യങ്ങളെ പ്പറ്റിയും അറിയാവുന്നവനും ഒരിക്കലും തെറ്റുകൾ ചെയ്യാത്തവനും എളിമയുടെ പര്യായവും എല്ലാ നന്മകളുടെയും നിറകുടവുമായ" പുലിക്കുന്നൻ സ്ഥാപിച്ച അൽ മായ അസ്സോസിയേഷൻ ഇന്ന് എവിടെ?

## 12. അവാർഡു കൊടുക്കലും വാങ്ങലും

എ.കെ.സി.സി ആണ്ടുതോറും അവാർഡ് കൊടുക്കുന്നതിനെയും അത് വാങ്ങിക്കുന്നവരെയും ആക്ഷേപിച്ചുകൊണ്ടാണ് ജൂലൈ ലക്കം ഓശാനയിൽ അദ്ദേഹം എഴുതിയിരിക്കുന്നത്. അദ്ദേഹം അക്ഷേപിച്ചാലും ഇന്നും എ.കെ.സി.സി. അവാർഡുകൾ നൽകുന്നുണ്ട്. അത് വാങ്ങിക്കുവാൻ അഭിമാനപൂർവ്വം ആളുകൾ തയ്യാറാകുന്നുമുണ്ട്. പക്ഷെ, ഞങ്ങളുടെ പാത പിന്തുടർന്ന് കത്തോലിക്കാ അൽ

www.malankaralibrary.com

മായ അസോസിയേഷൻ ഒരു വർഷം എട്ടുപത്ത് പേർക്ക് അവാർഡ് കൊടുത്തു. അതോടെ അവാർഡ് കൊടുക്കലും തീർന്നു. കൊടുക്കുവാൻ തയ്യാറായെങ്കിലും വാങ്ങിക്കുവാൻ ആരും തയ്യാറായില്ല. ഏതാനും വർഷം മുമ്പ് ഡോക്ടറേറ്റ് ഡിഗ്രി നേടിയ പലരും കാരാഗൃഹത്തിൽ കിടക്കേണ്ടിവന്ന വാർത്ത പത്രത്തിൽ കാണുകയുണ്ടായല്ലോ? വ്യാജസ്ഥാപനങ്ങളായിരുന്നു അവർക്ക് ഈ ഡിഗ്രികൾ നൽകിയത്. കത്തോലിക്കാ അൽമായ അസോസിയേഷൻ ഈ നൂറ്റാണ്ടിലെ ഒരു വ്യാജസ്ഥാപനമാണെന്നും അവർ നൽകുന്ന അവാർഡുകൾ വാങ്ങുന്നത് അപകടമാണെന്നും ജനങ്ങൾ മനസ്സിലാക്കി. അവാർഡ് കൊടുക്കലും തീർന്നു. അവാർഡു നൽകിയ വ്യാജസ്ഥാപനം നാമാവശേഷമാവുകയും ചെയ്തു.

ജോസഫ് പുലിക്കുന്നന് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഒരു കാര്യം തുറന്നു പറയട്ടെ. അദ്ദേഹത്തിന്റെ നേതൃത്വമില്ലായിരുന്നുവെങ്കിൽ ആ സംഘടന ഇന്നും നിലനിൽക്കുമായിരുന്നു. മരിച്ച് മണ്ണടിഞ്ഞ കത്തോലിക്കാ അൽമായ അസോസിയേഷനെ എ.കെ.സി.സി നിർമ്മിച്ച ശവപ്പെട്ടിയിൽ ഞങ്ങൾ സിമിത്തേരിയിലേക്ക് കൊണ്ടുപോയി. ആ ശവസംസ്കാരകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിക്കുവാൻ പോലും പുലിക്കുന്നനെ കണ്ടില്ല.

## 13. ആൾമാറാട്ടംതന്നെ

പ്രഗത്ഭരെന്ന് പേരെടുത്ത പല ഡോക്ടർമാരെയും പോലീസ് പിടികൂടിയിട്ടുണ്ട്. അവരുടെ അറസ്റ്റോടുകൂടിയാണ് അവർ വ്യാജഡോക്ടറെന്ന് ജനം അറിയുന്നത്. ജയിലിൽനിന്നും ഇറങ്ങിക്കഴിഞ്ഞാൽ മറ്റൊരിടത്ത് അവർ പൊങ്ങും. അതുപോലെതന്നെ സ്വകാര്യബാങ്കുകൾ നടത്തുന്ന പലരും ഡിപ്പോസിറ്റർമാരെ കളിപ്പിച്ചുകൊണ്ട് സ്ഥലം വിടും. മറ്റൊരിടത്ത് ആരും അറിയാതെ പൊങ്ങും. അതിനേക്കാൾ ഭയങ്കരന്മാരുണ്ട്. വിവാഹ വീരന്മാർ. പലേടത്തും തങ്ങി യുവതികളെ വഞ്ചിച്ച് കുറെ പണവും തട്ടിയെടുത്ത് അവരെ കല്യാണം കഴിക്കും. ആരുമറിയാതെ ഒരു ദിവസം സ്ഥലം വിടും. മറ്റൊരിടത്ത് പൊങ്ങി മറ്റൊരു പേരിൽ അവിടെ വിലസി അവിടെയും ഒരു യുവതിയെ കല്യാണം കഴിക്കും. അങ്ങനെ പന്ത്രണ്ടു കല്യാണം കഴിച്ച ഒരു വീരനെ അറസ്റ്റ് ചെയ്ത കഥ പത്രത്തിൽ വായിച്ചിട്ട് അധികനാളായില്ല.

ഇതുപോലൊരു തട്ടിപ്പുകേന്ദ്രമാണ് ഭാരതീയ ക്രൈസ്തവപഠനകേന്ദ്രം! പണ്ട് കത്തോലിക്കാ അൽമായ അസോസിയേഷൻ എന്നായിരുന്നു അതിൻെറ പേര്. അതിൻെറ വഞ്ചന മനസ്സിലാക്കി അതിനെ ജനം പൊക്കിയെടുത്തു. അത് മറ്റൊരു പേരിൽ "ഭാരതീയ ക്രൈസ്തവപഠനകേന്ദ്ര"മെന്ന പേരിൽ ഉടലെടുത്തു. യേശുദേവനെ വിഷയലമ്പടനും ഭീരുവും സാമൂഹ്യവിരുദ്ധനുമായി ആ കേന്ദ്രം സ്ഥാപിക്കാൻ ശ്രമിച്ചു. അതോടെ ആ കേന്ദ്രത്തെ ജനം വളഞ്ഞു. പിടിമുറുകിയെന്ന് ബോദ്ധ്യം വന്ന ഉടൻ തന്നെ"യൂത്ത് ഫോർ ജീസസ്സ്" എന്ന പേരിൽ ഒരു ബോർഡ് സ്ഥാപിച്ചു കഴിഞ്ഞു. ഇനി ആ ബോർഡ് വച്ചായിരിക്കും കൊള്ള നടക്കുക. ജനം സൂക്ഷിക്കുകതന്നെ വേണം. (കേരള സഭാനവീകരണ പ്രസ്ഥാനം എന്ന ഒരു ബോർഡും എഴുതിക്കഴിഞ്ഞുവെന്നാണ് താമസിച്ചു കിട്ടിയ റിപ്പോർട്ട്)".

www.malankaralibrary.com

## 14. ഓശാനയുടെ പുരോഗമന വാദവും വിപ്ലവവും

വിപ്ലവവും പുരോഗമനവും പറയുന്നവരുടെ വേദിയാണല്ലോ ഓശാന സെന്റർ. ഏതാനുംവർഷം മുമ്പ് അവിടെ നടന്ന ഒരു ചർച്ചയിൽ പങ്കെടുത്തു കൊണ്ട് ഒരു വിപ്ലവകാരി പറഞ്ഞ വാക്കുകൾ ഉദ്ധരിക്കട്ടെ "ഞാനും എന്റെ ഭാര്യയും, അപ്പനും അപ്പന്റെ ഭാര്യയുമെന്ന്, അപ്പന്റെ മുഖത്തുനോക്കി നാല്പ തുവർഷം മുമ്പ് പറഞ്ഞവനാണ് ഞാൻ" അവിടെ കൂടിയിരുന്നവർ കയ്യടിച്ച് ആ വിപ്ലവകാരിയെ പ്രോത്സാഹിപ്പിച്ചു. ഇതാണ് ക്രൈസ്തവപഠനകേന്ദ്രത്തിന്റെയും ഓശാനയുടെയും ലൈൻ. ആ വിപ്ലവകാരികളുടെ ചെരിപ്പിന്റെ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ലാത്തതുകൊണ്ട് പിന്നീട് ഞാൻ ആ വിപ്ലവസങ്കേതത്തിലേക്ക് പോയിട്ടില്ല.

## 15. ചുവരെഴുത്ത് വായിക്കുക

സത്യത്തിന് സാക്ഷ്യം വഹിക്കുന്ന ഒരു തിരുത്തൽവാദിയാണ് പുലിക്കുന്നൻ എന്ന് കുറേപ്പേരെങ്കിലും ധരിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹം വിളിച്ചുകൂട്ടിയ യോഗങ്ങളിൽ കുറേ ആളുകൾ പങ്കെടുത്തിരുന്നു. കാലം കഴിയുന്തോറും അദ്ദേഹത്തിന്റെ യഥാർത്ഥ ചിത്രം ജനം മനസ്സിലാക്കിത്തുടങ്ങി. അദ്ദേഹത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ടുതുടങ്ങിയെന്ന് ജൂൺ ലക്കം ഓശാനയിൽ പുലിക്കുന്നൻ എഴുതിയ ലേഖനത്തിൽ നിന്നും വ്യക്തമാകുന്നു. "18 ഓളം ക്രൈസ്തവസാഹിത്യകാരന്മാർക്കും എല്ലാ ക്രൈസ്തവപ്രസിദ്ധീകരണങ്ങളുടെയും പത്രാധിപന്മാർക്കും ക്ഷണക്കത്ത് അയച്ചിരുന്നുവെങ്കിലും പ്രമുഖരായ അവർ ആരും ഈ ചർച്ചാസമ്മേളനത്തിൽ പങ്കെടുത്തില്ല.... പ്രമുഖസാഹിത്യകാരന്മാരും ക്രൈസ്തവപത്രാധിപന്മാരും ബോധപൂർവ്വം (എന്നു തന്നെപറയട്ടെ) ഈ ചർച്ചയിൽനിന്നും മാറിനിന്നുവെന്നത് ഖേദകരമാണ്" (ഓശാന ജൂൺ ലക്കം പേജ്17) പുലിക്കുന്നനിലുള്ള വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ടാണ് പ്രമുഖരാരും ആ യോഗത്തിൽ പങ്കെടുക്കാതിരുന്നതെന്നും പുലിക്കുന്നൻ ആ യോഗം വിളിച്ചുകൂട്ടിയതിന്റെ ലക്ഷ്യം മുൻകൂട്ടി കാണാനുള്ള കഴിവ് ആ പ്രമുഖസാഹിത്യകാരന്മാർക്ക് ഉണ്ടായിരുന്നുവെന്നും അദ്ദേഹം മനസ്സിലാക്കിയാൽ നന്ന്.

"മനുഷ്യാവകാശം കേരളസഭയിൽ"സമ്മേളനം പാലായിൽ സംഘടിപ്പിക്കുകയുണ്ടായല്ലോ? അതിന്റെ മുഖ്യസംഘാടകൻ പുലിക്കുന്നൻ തന്നെയായിരുന്നു. ആ സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് പ്രസിദ്ധം ചെയ്തിരുന്ന ജസ്റ്റീസ് വർഗീസ് കള്ളിയത്ത്, ഡോ. എം. വി. പൈലി, പ്രൊഫ. പി. റ്റി. ചാക്കോ, പ്രൊഫ. കെ. എം. ചാണ്ടി തുടങ്ങിയവർ എന്തുകൊണ്ട് വന്നില്ല. ഇതിൽ ചിലരെങ്കിലും വരാതിരുന്നത് ഈ സമ്മേളനത്തിന്റെ നടത്തിപ്പിൽ പുലിക്കുന്നനുള്ള പങ്കാളിത്തം മനസ്സിലാക്കിയതുകൊണ്ടാണ്. ഈ ചുവരെഴുത്ത് താങ്കൾ വായിച്ചു മനസ്സിലാക്കണം. "പാണ്ടൻ നായുടെ പല്ലിന് ശൗര്യം പണ്ടേപോലെ ഫലിക്കുന്നില്ലാ"യെന്ന് മനസ്സിലാക്കി ഈ വെട്ടി നിരപ്പാക്കൽ പ്രക്രിയയിൽനിന്ന് പിന്മാറണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ കാലം മുഴുവൻ പിന്തുടർന്ന വിദ്വേഷത്തിന്റെയും നശിപ്പിക്കലിന്റെയും പാതയിൽനിന്നും മാറി സ്നേഹസന്ദേശവാഹകനായിത്തീരുന്നതിന് സർവ്വശക്തനായ ദൈവം പുലിക്കുന്നനെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

## 16. കാതു കുത്തുന്നിടത്ത് ഇറച്ചിക്ക് പോകരുത്

കാതു കുത്തുന്നിടത്ത് ഇറച്ചിക്ക് പോകാനുള്ള വ്യഗ്രത ഇനിയെങ്കിലും പുലിക്കുന്നൻ ഉപേക്ഷിക്കണം. തിരുവനന്തപുരത്ത് ലൂർദ് ഇടവകയിൽ ഉണ്ടായ പ്രശ്നത്തെത്തുടർന്ന് അതിൽനിന്നും മുതലെടുത്താണല്ലോ അൽമായ അസോസിയേഷൻ പുലിക്കുന്നൻ രൂപീകരിക്കുന്നത്. ബഹുമാന്യനായ വി. കെ. കുര്യന്റെ മരണത്തെത്തുടർന്ന് കുറവിലങ്ങാട് നസ്രാണി സമ്മേളനം കൂടാൻ തീരുമാനിച്ചതും സമ്മേളനനഗറിന് വി. കെ. കുര്യൻ നഗർ എന്ന് പേരിടുവാൻ ഉദ്ദേശിച്ചതും കാതുകുത്തുന്നിടത്ത് ഇറച്ചിയന്വേഷിച്ച് പോകുന്നതിന് തുല്യമാണ്.

മാർപ്പാപ്പാ ഭാരതത്തിൽ വരുമെന്നറിഞ്ഞപ്പോൾ മുതൽ ആ സന്ദർശനത്തെ കേന്ദ്രീകരിച്ച് പുലിക്കുന്നൻ എഴുതിയ ലേഖനങ്ങളുടെ ലക്ഷ്യം എന്തായിരുന്നു. മാർ കരിയാറ്റിയുടെ മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷം രാഷ്ട്രപതിയെ പങ്കെടുപ്പിച്ചുകൊണ്ട് ഏ. കെ. സി. സി. നടത്താൻ പ്ലാനിട്ടപ്പോൾ അദ്ദേഹം എഴുതിക്കൂട്ടിയ ലേഖനങ്ങൾ ഒരു നശീകരണ പ്രവണത പുലിക്കുന്നനിൽ വളർന്നുവരുന്നുവെന്നതിന് തെളിവായിരുന്നു. മദർ തെരേസായുടെ മരണശേഷം "മഠംചാടി മദറിന് അപമാനതീരം" എന്ന ലേഖനം എഴുതുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ഘടകം എന്താണ്. എല്ലാറ്റിനെയും വെട്ടിനിരപ്പാക്കാനുള്ള അദ്ദേഹത്തിന്റെ നീക്കത്തെ കണ്ടില്ലെന്ന് നടിക്കാൻ സാദ്ധ്യമല്ല.

എവിടെയെങ്കിലും പ്രശ്നം ഉണ്ടാകുമ്പോൾ അവിടെ ഓടിയെത്തി നേതൃത്വം കയ്യാളാൻ അദ്ദേഹം നടത്തുന്ന ശ്രമങ്ങൾ ലജ്ജാകരമാണ്. ലിറ്റർജിക്കൽ ആക്ഷൻ കമ്മറ്റിയിലൂടെ കയറിപ്പറ്റാൻ നടത്തിയ ശ്രമം പൊളിഞ്ഞു. അദ്ദേഹത്തിന്റെ മുഖ്യകാർമ്മികത്വത്തിലാണല്ലോ(?) കുര്യൻസാറിന്റെ ശവസംസ്കാരകർമ്മം നടന്നത്. പക്ഷെ കുര്യൻ സാറിന്റെ പേരിൽ തയ്യാറാക്കിയിട്ടുള്ള സ്മരണികയിൽ പുലിക്കുന്നന്റെ ഒരു ലേഖനം പോലും ചേർക്കാൻ എഡിറ്റോറിയൽ ബോർഡ് തയ്യാറാകാഞ്ഞത് എന്തുകൊണ്ടാണ്. അദ്ദേഹം എവിടെ ചെന്നാലും അവിടെ പുലിക്കുന്നൻ ഒരു ബാദ്ധ്യതയാകുമെന്ന് എല്ലാവർക്കും അറിയാം. ഈ സത്യം ഞാൻ തുറന്നു പറയുന്നുവെന്നുമാത്രം. ജനം ദുഃഖത്തിൽ കഴിയുമ്പോൾ വൈദികൻ വരാത്തിടത്ത് പുലിക്കുന്നന് ശവസംസകാരം നടത്താൻ സാധിച്ചേക്കും. കല്യാണം നടത്താനും സാധിച്ചേക്കും. താൻ മരിച്ചടക്കിയ ആളിന്റെ ഏഴാം ചരമിദിനത്തിന് പുലിക്കുന്നനെ ക്ഷണിക്കുകയില്ല. താൻ കല്യാണം കഴിപ്പിച്ചയാളിന്റെ കല്യാണവാർഷികത്തിനും ക്ഷണിക്കുകയില്ല. അപ്പോഴേക്കും മുതലെടുക്കാൻ ഓടിയെത്തുന്ന പുലിക്കുന്നന്റെ തനിനിറം എല്ലാവർക്കും ബോദ്ധ്യമായി കഴിഞ്ഞിരിക്കും.

## 17. വിളർത്തിയ കഥ

പൗരോഹിത്യപദവി ഉപേക്ഷിച്ചുപോയ ഒരു സന്യാസവൈദികൻ കേരളത്തിലെ ഏതാനും അൽമായപ്രമുഖരുടെ കള്ള ഒപ്പിട്ട് സമർപ്പിച്ച അപേക്ഷവഴി ഹോളണ്ടിലെ എക്സ്-പ്രീസ്റ്റുകളുടെ സംഘടനയിൽനിന്ന് സമ്പാദിച്ചുകൊണ്ടു

www.malankaralibrary.com

വന്ന സ്വത്തുക്കൾ കൈക്കലാക്കുന്നതിന്, അദ്ദേഹത്തെ പുറത്താക്കി, സംഘടന പിടിച്ചെടുത്ത ഓർമ്മയിൽ നിന്നായിരിക്കാം പുലിക്കുന്നൻ, ഞാൻ കത്തോലിക്കാ കോൺഗ്രസ്സ് പിടിച്ചെടുത്ത കഥ കെട്ടിച്ചമച്ചിരിക്കുന്നത്. സി. ആർ. എം. ഐ. ചതിയിൽ പിടിച്ചെടുത്ത് അങ്ങനെ സ്വായത്തമാക്കിയതെല്ലാം ഓർത്ത് അദ്ദേഹത്തിന്റെ നാവിൽ ഉമിനീർ വാർക്കുന്നുണ്ടെങ്കിൽ അത് നുണഞ്ഞിറക്കിയാൽ മതി; കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരുടെ നേർക്ക് ആഞ്ഞുതുപ്പരുത്. ജ്യേഷ്ഠന്റെ പുസ്തകപ്രകാശനത്തിന്റെ പേരിൽ വിദേശസഹായം കിട്ടിയെന്ന് ആരോപിക്കുന്ന പുലിക്കുന്നൻ അത് തെളിയിക്കുകയാണെങ്കിൽ എ. കെ. സി. സി. പ്രസിഡന്റ് സ്ഥാനം രാജിവച്ച് അദ്ദേഹം നിർദ്ദേശിക്കുന്ന ജോലി ചെയ്യാൻ ഞാൻ തയ്യാറാണെന്ന വിവരം അറിയിക്കട്ടെ. സത്യവും വസ്തുനിഷ്ഠവുമായ ആരോപണങ്ങളെ വ്യാജപ്രത്യാരോപണങ്ങൾകൊണ്ട് നേരിടുന്ന അദ്ദേഹത്തിന്റെ സ്വഭാവം ഇവിടെ ഒരിക്കൽകൂടി പ്രകടമായിരിക്കുന്നു.

## 18. ഉപസംഹാരം

ആഴക്കടലിൽ ഒരു പ്രത്യേകതരം മത്സ്യം ഉണ്ട്. അതിനെ കരുത്തനായ ശത്രു ആക്രമിക്കാൻ വരുമ്പോൾ ആ മത്സ്യത്തിന്റെ പൃഷ്ഠഭാഗത്തുനിന്ന് ഒരു തരം മഷി വിസർജിച്ച് വെള്ളംകലക്കി എതിരാളിക്ക് കണ്ണുകാണാതാക്കി രക്ഷപ്പെടാൻ ശ്രമിക്കുന്ന ആ മത്സ്യത്തിന്റെ തന്ത്രമാണ് വാദപ്രതിവാദങ്ങളിൽ ശ്രീ പുലിക്കുന്നൻ സ്വീകരിച്ചിരിക്കുന്നത്. ഒരു വാദമുഖത്തെയും അദ്ദേഹം സത്യസന്ധമായി നേരിടുകയില്ല. കുറെ ഉദ്ധരണികളും കഥകളും നിരത്തി കലക്കലുണ്ടാക്കി വാദമുഖം മറച്ച് അദ്ദേഹം രക്ഷപെടുവാൻ നോക്കും. ആ അടവാണ് എന്റെ ലേഖനത്തെക്കുറിച്ചുള്ള പ്രതികരണത്തിൽ എനിക്ക് കാണുവാൻ സാധിച്ചത്. പുലിക്കുന്നന്റെ പേനയിൽ മാത്രമല്ല. മനസ്സിലും ഇത്തരം മഷി ധാരാളം ഉണ്ടെന്ന് അറിയാവുന്നതുകൊണ്ടാണ് ഞാൻ ഓശാനയിലേക്ക് എന്റെ ലേഖനം അയക്കാതിരുന്നത്. പുലിക്കുന്നൻ എഴുതിയ പ്രതികരണത്തെപ്പറ്റിയുള്ള എന്റെ അഭിപ്രായം ഓശാനയിൽ പ്രസിദ്ധീകരിക്കാമെന്നറിയിച്ചതുകൊണ്ടാണ് ഈ മറുപടി ഓശാനയ്ക്ക് അയയ്ക്കുന്നത്.

### മൂന്നാം വർഷം. ഒന്നാം വാർഷികം

ജോസഫ് പുലിക്കുന്നൻ സർവ്വതന്ത്ര സ്വതന്ത്രമായി, മെത്രാന്മാരുടെ സ്വാധീനവും ഒന്നും വകവയ്ക്കാതെ 1978 ആഗസ്റ്റ് 20ന് രൂപം കൊടുത്ത കേരളകത്തോലിക്കാ അൽമേയ അസോസിയേഷന്റെ ഒന്നാമത് വാർഷികം നടന്നത് 1981 മേയ് മാസത്തിലാണ്. രണ്ടു വർഷം ഒൻപത് മാസം കഴിഞ്ഞ്. ഒന്നാം വാർഷികം കഴിഞ്ഞിട്ട് 17 വർഷം പിന്നിട്ടിരിക്കുന്നു. ഇനി എന്നാണ് രണ്ടാം വാർഷികം ആഘോഷിക്കുക? നമുക്ക് കാത്തിരിക്കാം.

www.malankaralibrary.com

# 6. ജോസഫ് പുലിക്കുന്നേലിൻെറ സങ്കടഹർജിയും ഏ. കെ. സി. സി.യുടെ മറുപടിയും

അഖില കേരള കത്തോലിക്ക കോൺഗ്രസ് കമ്മറ്റി മുമ്പാകെ പാലാ രൂപത പൂവത്തോടു പള്ളി ഇടവകക്കാരനായ ജോസഫ് പുലിക്കുന്നേൽ എന്നു വിളിക്കപ്പെടുന്ന സ്കറിയ ജോസഫ് സ്നേഹാദരങ്ങളോടെ സമർപ്പിക്കുന്ന സങ്കടാപേക്ഷ.

ബഹുമാന്യരേ,

കത്തോലിക്കാ കോൺഗ്രസിൻെറ ബഹുമാന്യനായ പ്രസിഡണ്ട് ശ്രീ. ജോൺ കച്ചിറമറ്റം എനിക്കെതിരെ കളവുപറഞ്ഞ് എൻെറ എളിയ സൽപേരിനെ നശിപ്പിക്കാൻ പരിശ്രമിച്ചു എന്ന ഖേദകരമായ വസ്തുത നിങ്ങളുടെ അറിവിലേക്കായി സമർപ്പിക്കട്ടെ.

(1) അദ്ദേഹം ഓശാനയിൽ പ്രസിദ്ധീകരിക്കുന്നതിനായി എനിക്കയച്ചു തന്ന കത്തിൻെറ പ്രസക്തഭാഗങ്ങളുടെ ഫോട്ടോകോപ്പി ഇതുസഹിതം അയക്കുന്നു. അതോടൊപ്പം, റിക്കോർഡ് ചെയ്ത അദ്ദേഹത്തിൻെറ കത്തിലെ പ്രസംഗത്തിൻെറ അസ്സലും അദ്ദേഹത്തിൻെറ കത്തിലെ പ്രസക്തഭാഗവും ചേർത്തിട്ടുള്ള ഓശാനയും അയക്കുന്നു.(ടേപ്പ് നേരത്തെതന്നെ സെക്രട്ടറിക്കും ശ്രീ. കച്ചിറമറ്റത്തിനും അയച്ചിട്ടുണ്ട്.)

ശ്രീ. കച്ചിറമറ്റം തൻെറ കത്തിൽ ഇങ്ങനെയൊരാരോപണം എനിക്കെതിരേ ഉന്നയിച്ചിരിക്കുന്നു. "എൻെറ പ്രസംഗം, അദ്ദേഹം എഡിറ്റ് ചെയ്ത് അദ്ദേഹം മുഖ്യപത്രാധിപരായിരിക്കുന്ന ഓശാനയിൽ പ്രസിദ്ധീകരിച്ചതാണ്; ഞാൻ പറഞ്ഞതിലെ അദ്ദേഹത്തിന് വേണ്ടുന്ന കാര്യങ്ങൾമാത്രം ചേർത്ത് അദ്ദേഹം എഴുതിയതാണ്." മാത്രമല്ല, അദ്ദേഹം പറഞ്ഞതായി പറയുന്ന പ്രസംഗവും, അദ്ദേഹം യഥാർത്ഥത്തിൽ പറഞ്ഞ പ്രസംഗത്തിൻെറ ടേപ്പും പരിശോധിച്ച് സത്യമേതെന്ന് കത്തോലിക്കാ കോൺഗ്രസ് ബുള്ളറ്റിനിലൂടെ ജനങ്ങളെ അറിയിക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

(2) അദ്ദേഹം ഓശാനയിൽ പ്രസിദ്ധീകരിക്കുന്നതിനായി എനിക്കയച്ചു തന്ന ലേഖനത്തിൽ ഇങ്ങനെ കാണുന്നു. "അതിൽ ന്യായമായ ഒരു വിഹിതം ദളിത് ക്രൈസ്തവർക്കു നൽകണമെന്നു സഭ പറയുമ്പോൾ പുലിക്കുന്നൻ പറയുന്നത് സഭയുടെ സ്വത്തുമുഴുവൻ ദളിത് ക്രൈസ്തവർക്കു നൽകണമെന്നും, രാഷ്ട്രത്തോട് അവരെ സഹായിക്കണമെന്ന് പറയരുതെന്നുമാണ്"

എൻെറ ലേഖനത്തിലും പ്രസ്താവനയിലും സഭയുടെ സ്വത്തു മുഴുവൻ ദളിത് ക്രൈസ്തവർക്കു കൊടുക്കണമെന്ന് ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. ആ നിലക്ക് എൻെറ നിലപാടിനെ സമുദായത്തിനു മുമ്പിൽ തെറ്റിദ്ധരിപ്പിച്ച് അവതരിപ്പിക്കുന്നതിനു വേണ്ടി ഇങ്ങനെ ഒരു അസത്യം ശ്രീ. കച്ചിറമറ്റം പറഞ്ഞത് എന്നെ വളരെയധികം ദുഃഖിപ്പിക്കുന്നു.

www.malankaralibrary.com

അതുകൊണ്ട് സമക്ഷത്തിൽ ദയവുണ്ടായി ഞാനിങ്ങനെയൊരു പ്രസ്താവന എവിടെയെങ്കിലും എപ്പോഴെങ്കിലും ചെയ്തിട്ടുണ്ടോ എന്നു ശ്രീ. കച്ചിറമറ്റത്തോട് ചോദിക്കണമെന്നും, ചെയ്തിട്ടുണ്ടെന്ന് കാണുന്നപക്ഷം, അതിൻെറ രേഖകൾ ബഹുമാന്യരായ നിങ്ങൾ AKCC ബുള്ളറ്റിനിൽ അവതരിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു. മറിച്ചാണെങ്കിൽ ആ സത്യവും കത്തോലിക്കാ കോൺഗ്രസ് ബുള്ളറ്റിനിൽ പ്രസിദ്ധീരിക്കണമെന്നു താഴ്മയായി അപേക്ഷിക്കുന്നു.

(3) കൂദാശ സ്വീകരണത്തെ കുറിച്ച് ശ്രീ. ജോൺ കച്ചിറമറ്റം കത്തോലിക്കാ ബുള്ളറ്റിനിൽ എഴുതിയത് കത്തോലിക്കാ സഭാപഠനങ്ങൾക്കു വിരുദ്ധമാണെന്നാണ് എൻെറ എളിയ അഭിപ്രായം. കൂദാശകളെ പണപ്പിരിവുമായി ബന്ധപ്പെടുത്തുന്നത് "സിമണി"എന്ന പാപമാണ്. കൂദാശകൾ സൗജന്യമായി വിശ്വാസികൾക്കു ലഭിക്കണമെന്നാണ് കാനോൻ നിയമവും കൂദാശകളെക്കുറിച്ചുള്ള സഭാപഠനവും അനുശാസിക്കുന്നത്. എന്നിരിക്കെ, കത്തോലിക്കാ കോൺഗ്രസ് ബുള്ളറ്റിനിലൂടെ സഭാപഠനങ്ങൾക്കു വിരുദ്ധമായ നിലപാടാണ് ശ്രീ. കച്ചിറമറ്റം എടുത്തിട്ടുള്ളതെന്നാണ് എൻെറ എളിയ അഭിപ്രായം. ശ്രീ. കച്ചിറമറ്റത്തിൻെറ അഭിപ്രായങ്ങൾ സഭാപഠനങ്ങൾക്കു യോജിച്ചതാണോ എന്ന കാര്യം പ്രശസ്തരായ മൂന്നു ദൈവശാസ്ത്രജ്ഞന്മാരുടെ പഠനത്തിനു വിധേയമാക്കണമെന്നും അവരുടെ വിധി കത്തോലിക്കാ കോൺഗ്രസ് ബുള്ളറ്റിനിലൂടെ പ്രസിദ്ധീകരിക്കണമെന്നും താഴ്മയായി അപേക്ഷിക്കുന്നു.

കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളും പ്രവർത്തകരും ഞാനുന്നയിച്ച പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിക്കുന്ന ഏതു ഘട്ടത്തിലും എപ്പോൾ വേണമെങ്കിലും സമിതിയുടെ മുമ്പിൽ ഹാജരാകാൻ തയ്യാറാണെന്ന് അറിയിച്ചുകൊള്ളുന്നു.

സ്നേഹാദരപൂർവ്വം

12-12-97

ജോസഫ് പുലിക്കുന്നേൽ

## എ. കെ. സി. സി.യുടെ മറുപടി

ശ്രീ. ജോസഫ് പുലിക്കുന്നേലിൻെറ "സങ്കടഹർജി" എ. കെ. സി. സി. വർക്കിംഗ് കമ്മിറ്റി പരിശോധിച്ചു. താഴെ പറയുന്ന പ്രസ്താവന ചർച്ച ചെയ്ത് അംഗീകരിച്ചു.

1. ശ്രീ. പുലിക്കുന്നേലിൻെറ "സങ്കടഹർജി"യും സമക്ഷത്തിൽ "ദയവുണ്ടായി"മുതലായ ഭാഷാപ്രയോഗങ്ങളും കത്തോലിക്കാ കോൺഗ്രസ്സിനെ മനപ്പൂർവ്വം പരിഹസിക്കുന്നതിനുവേണ്ടി എഴുതിയിട്ടുള്ളതാണെന്നു ഈ പ്രതിനിധിസഭ മനസ്സിലാക്കുന്നു. കത്തോലിക്കാകോൺഗ്രസ്സിൻെറ ഇന്നത്തെ പണി ശവപ്പെട്ടിക്കച്ചവടമാണെന്നും മറ്റും അദ്ദേഹം എഴുതി ഓശാനയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ഈ സമിതിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അദ്ദേഹത്തിൻെറ സ്വയം എളിയവനാ

www.malankaralibrary.com

കലും, വിനയപ്രകടനവും വിധേയഭാവവുമെല്ലാം ഈ പരിഹാസത്തിൻെറ ഭാഗങ്ങളാണ്. പരിഹാസിയോട് പരിഹാസഭാഷയിൽത്തന്നെയാണ് മറുപടി പറയേണ്ടത്. എന്നാൽ അങ്ങിനെ ചെയ്യുന്നത് ഒരു സംഘടനയുടെ അന്തസ്സിനുചേരാത്തതാകയാൽ അതിനെ പാടെ അവഗണിക്കാനാണ് വർക്കിംഗ് കമ്മിറ്റി വിചാരിക്കുന്നത്. എങ്കിലും ബഹുജനങ്ങളുടെയിടയിൽ ഉണ്ടാകാവുന്ന തെറ്റിദ്ധാരണകൾ കണക്കിലെടുത്ത് താഴെപറയുന്ന വസ്തുതകൾ പ്രതികരണരൂപേന ഞങ്ങൾ ബഹുജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുകയാണ്.

2. കത്തോലിക്കാ സമുദായത്തിൻെറ അഭിപ്രായങ്ങളും താല്പര്യങ്ങളുമാണ് ശ്രീ. കച്ചിറമറ്റത്തിൻെറ ലേഖനങ്ങളിൽ പൊതുവെ പ്രതിഫലിക്കുന്നത്. സന്ദർഭോചിതമായ അത്തരം പ്രതികരണങ്ങളിലൂടെ സമുദായത്തിൻെറ അന്തസ്സും ഉത്തരവാദിത്വബോധവും ഉയർത്തിപ്പിടിക്കുന്നതിൽ അദ്ദേഹം പ്രകടിപ്പിക്കുന്ന ജാഗ്രതയെ ഈ ജനപ്രതിനിധി സഭായോഗം ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. കത്തോലിക്കാ കോൺഗ്രസ്സിനോ അതിന്റെ അദ്ധ്യക്ഷനോ അപ്രമാദിത്വമുണ്ടെന്നും ഞങ്ങളവകാശപ്പെടുന്നില്ല. അതിനാൽ രചനകളിൽ ഭാഷപരമായോ തർക്കശാസ്ത്രപരമായോ ന്യൂനത കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾക്കും മറുപടി പറയാൻ ഞങ്ങളൊരുങ്ങുന്നില്ല. എന്നാൽ വസ്തുതാപരമായി അദ്ദേഹത്തിൻെറ പ്രസ്താവനകളിൽ പിൻവലിക്കത്തക്കതായോ സത്യവിരുദ്ധമായോ യാതൊന്നും തന്നെ കാണുന്നില്ല.

3. ശ്രീ. കച്ചിറമറ്റം, ഇടമറ്റം ക്രൈസ്തവ പഠനകേന്ദ്രത്തിൽ ചെയ്ത പ്രസംഗത്തിൻെറ ഭാഗങ്ങൾ ഓശാനയിൽ പ്രസിദ്ധീകരിച്ചതിനെപ്പറ്റി ശ്രീ. കച്ചിറമറ്റം പറയുന്നത് "ആ പ്രസംഗം ഞാനെഴുതിയതല്ല. അദ്ദേഹത്തിനും (ശ്രീ. പുലിക്കുന്നേലിനും)" വേണ്ടുന്ന കാര്യങ്ങൾ മാത്രം ചേർത്തും അദ്ദേഹം എഴുതിയതാണ്." എന്നാണല്ലോ. ശ്രീ. പുലിക്കുന്നേൽ ഒരു ടേപ്പും ഹാജരാക്കിയതുകൊണ്ടോ - ശ്രീ. കച്ചിറമറ്റം തൻെറ ഓർമ്മയിൽ നിന്നു പ്രസ്തുത പ്രസംഗത്തിൻെറ സംഗ്രഹം പുനരാവിഷ്ക്കരിച്ചതുകൊണ്ടോ ഉദ്ധരണികളിൽ കൊടുത്തിരിക്കുന്ന വാക്കുകൾ അസത്യമാകുന്നില്ല. ശ്രീ. പുലിക്കുന്നേൽ ഹാജരാക്കുന്ന ടേപ്പും മുൻവിധികൂടാതെ പരിശോധിച്ചാൽ ശ്രീ. കച്ചിറമറ്റം രണ്ട് അവസരങ്ങളിൽ ചെയ്ത രണ്ടു പ്രസംഗങ്ങളുടെ ഉപസംഹാരഭാഗങ്ങൾ കൂട്ടിച്ചേർത്ത് കൃത്രിമമായി സൃഷ്ടിച്ച ടേപ്പാണതെന്ന നിഗമനത്തിലാണ് ആരും എത്തിച്ചേരുക.

4. തനിക്കുവേണ്ടുന്ന ഭാഗം മാത്രമെടുത്ത് മറുപടി പറയുന്ന വിരുത് ഓശാന പത്രാധിപർക്ക് അപരിചിതമല്ല. ഡിസംബർ ലക്കം ഓശാനയിൽ കച്ചിറമറ്റം വിവാദം-1 എന്ന ലേഖനം തന്നെ ഉദാഹരണം. കച്ചിറമറ്റത്തിൻെറ ലേഖനം മുഴുവൻ പ്രസിദ്ധീകരിക്കുമെന്ന് പറഞ്ഞിട്ടും അതങ്ങനെതന്നെ ചെയ്യാതെ 5-ാം ഖണ്ഡിക മാത്രം ഉദ്ധരിച്ച് അതിന് മറുപടിയെന്ന ഭാവത്തിൽ കച്ചിറമറ്റത്തെ അസത്യവാദിയായി ചിത്രീകരിക്കുവാനുള്ള ശ്രമമാണല്ലോ അതിൽ നടത്തിയിരിക്കുന്നത്.

5. എന്താണ് കച്ചിറമറ്റം പറഞ്ഞ അസത്യം. "സഭയുടെ സ്വത്ത് ദളിത് ക്രൈസ്തവർക്ക് കൊടുക്കണമെന്നും രാഷ്ട്രത്തോട് അവരെ സഹായിക്കണമെന്ന്

www.malankaralibrary.com

പറയരുതെന്നും" പുലിക്കുന്നേൽ പറഞ്ഞതായി ശ്രീ. കച്ചിറമറ്റം എഴുതിയത് സത്യം തന്നെയാണ്. അത് സത്യമാണെന്നുള്ളതിന് പുലിക്കുന്നേലിൻെറ സങ്കടഹർജിത ന്നെയാണ് ഒന്നാമത്തെ തെളിവ്. "രാഷ്ട്രത്തോട് " എന്നു തുടങ്ങുന്ന അവസാ നഭാഗം ശ്രീ. പുലിക്കുന്നേൽ നിഷേധിക്കുന്നില്ല. പുലിക്കുന്നേൽ അത് പറഞ്ഞ താണെന്ന് സമ്മതിക്കുന്നു. അത് സത്യമാണ്. ആദ്യഭാഗത്ത് "സഭയുടെ സ്വത്ത് മുഴുവൻ" എന്നു അതിശയോക്തമായി പറഞ്ഞതാണത് അസത്യമായി അദ്ദേഹം ചിത്രീകരിക്കുന്നത്. എന്താണവിടുത്തെ വസ്തുത? ദളിതരുടെ അവകാശങ്ങൾ രാഷ്ട്രത്തോടു ചോദിക്കരുത്. അവരുടെ അവശതകൾ മുഴുവൻ സഭ തന്നെ പരിഹരിക്കണം. ഇതു തന്നെയാണ് പുലിക്കുന്നേലിൻെറ വിവക്ഷ. എങ്കിൽ കച്ചി റമറ്റം പറഞ്ഞതിലെന്താണ് അസത്യം. രാഷ്ട്രത്തിൻെറ സഹായം കൂടാതെ സഭ തന്നെ ദളിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ തുനിഞ്ഞാൽ സഭയുടെ സ്വത്ത് മുഴുവൻ വിനിയോഗിക്കേണ്ടിവരും. അത് മതിയാകാതെയും വരും. ഇതാണ് സത്യ മെങ്കിൽ പുലിക്കുന്നേലിൻെറ വിവക്ഷ സത്യസന്ധമായിത്തന്നെയാണ് ശ്രീ. കച്ചി റമറ്റം പ്രതിപാദിച്ചിരിക്കുന്നത്. എന്നു മാത്രമല്ല ശ്രീ. കച്ചിറമറ്റം പറയാൻ വിട്ടു പോയ ഒരു സത്യം കൂടി ഇവിടെയുണ്ട്. ദളിതരെ സഭയിൽ നിന്ന് അകറ്റുന്നതിനു വേണ്ടിയുള്ള പുലിക്കുന്നേലിൻേറ പിളർപ്പൻ തന്ത്രമാണത്. "എളിയ വനായ" അദ്ദേ ഹത്തിന് അത് തുറന്നു പറയാൻ വിഷമമുണ്ടാകും. തുറന്നു പറഞ്ഞാൽ തന്ത്രം പൊളിയുമല്ലോ! ദളിത് ക്രൈസ്തവരോടുള്ള കടമയിൽനിന്ന് രാഷ്ട്രത്തെ ഒഴി ച്ചുനിർത്തുന്നതുവഴി അവരുടെ പ്രശ്നം ഒരിക്കലും പരിഹരിക്കപ്പെടരുതെന്നും അദ്ദേഹം ആഗ്രഹിക്കുന്നു. കത്തോലിക്കാകോൺഗ്രസ്സിൻെറ നിലപാട് ഇതിൽനി ന്നും വ്യത്യസ്തമാണ്. രാഷ്ട്രം ദളിത് ക്രൈസ്തവരോടുള്ള വിവേചനം അവസാ നിപ്പിക്കണമെന്നും അവരുടെ അവശതാപരിഹാരത്തിനായി സഭ മുൻകൈയെ ടുത്ത് പ്രവർത്തിക്കണമെന്നുമാണ് ഞങ്ങളുടെ അഭിപ്രായം.

6. കൂദാശ സ്വീകരണത്തെക്കുറിച്ച് ശ്രീ. ജോൺ കച്ചിറമറ്റം ഏ. കെ. സി. സി. ബുള്ളറ്റിനിലെഴുതിയത് സഭാ പഠനങ്ങൾക്കു വിരുദ്ധമാണെന്നുള്ള ശ്രീ. പുലിക്കുന്നേലിൻെറ അഭിപ്രായത്തിൽ പുതുമയൊന്നുമില്ല. സഭാ പഠനങ്ങളെ തൻെറ ഇഷ്ടത്തിനൊത്തു വ്യാഖ്യാനിച്ചുകൊണ്ടാണല്ലോ നവീകരണ വ്യാജേന യുള്ള പുലിക്കുന്നേലിൻെറ നശീകരണദൗത്യം തുടർന്നു പോരുന്നത്. കൂദാശകൾ സൗജന്യമാണെന്ന തത്വത്തെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കാൻ ശ്രീ. പുലി ക്കുന്നേൽ ശ്രമിക്കുന്നു. കൂദാശകൾ സൗജന്യമാണെങ്കിലും അത് സ്വീകരിക്കുന്ന ആൾക്ക് ചില അടിസ്ഥാനയോഗ്യതകളുണ്ടായിരിക്കണമെന്നും, സഭയിൽ നിന്നു കൂദാശകൾ സ്വീകരിക്കുന്നയാൾ സഭയുടെ വ്യവസ്ഥകൾക്ക് വിധേയനായിരിക്ക ണമെന്നും മാത്രമാണ് ശ്രീ. കച്ചിറമറ്റം പറഞ്ഞത്. ശ്രീ. പുലിക്കുന്നേലിന് ഇത് സ്വീകാര്യമല്ലെങ്കിൽ വിദഗ്ദ്ധോപദേശം തേടേണ്ടത് അദ്ദേഹമാണ്, കത്തോലിക്കാ കോൺഗ്രസ്സല്ല.

7. കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലമായി ഓശാനയിൽ വന്നുകൊണ്ടിരി ക്കുന്ന ലേഖനങ്ങളിലേക്ക് സമുദായ ശ്രദ്ധയാകർഷിക്കുവാനും ഈയവസരത്തിൽ ഞങ്ങളാഗ്രഹിക്കുന്നു. വിശുദ്ധ കുർബ്ബാനയിൽ ക്രിസ്തുവിൻെറ സജീവ സാന്നിദ്ധ്യ

www.malankaralibrary.com

മില്ലെന്നും, സഭയിലെ മദ്ധ്യസ്ഥ പ്രാർത്ഥനകൾ വേദപുസ്തകവിരുദ്ധമാണെന്നും, കത്തോലിക്കർ വേദപ്രമാണങ്ങളിൽ മായം ചേർക്കുന്നവരും, വിഗ്രഹാരാധനക്കാരാണെന്നും മറ്റുമുള്ള വിശ്വാസവിരുദ്ധമായ പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ ഒരുവക. മാർപ്പാപ്പക്കെതിരായി മെത്രാൻമാരേയും, മെത്രാൻമാർക്കെതിരായി വൈദികരേയും, വൈദികർക്കെതിരായി അൽമേയരേയും അണിനിരത്തുവാനുള്ള കുതന്ത്രപരമായ ബോധവൽക്കരണങ്ങൾ വേറൊരുവക. ഏറ്റവും അവസാനമായി ക്രിസ്തുവിന്റെ മനുഷ്യത്വത്തിന് ഊന്നൽ കൊടുക്കാനെന്ന വ്യാജേന ക്രിസ്തുവിന്റെ ചരിത്രസത്യത്തേയും ചാരിത്രശുദ്ധിയേയും ദൈവത്വത്തെത്തന്നെയും അവഹേളിക്കുന്ന "മനുഷ്യോളജി വ്യാഖ്യാനങ്ങളും" ക്രൈസ്തവപഠനകേന്ദ്രത്തിന്റെ ജിഹ്വയിൽ നിന്നും പുറത്തുവന്നുകൊണ്ടിരിക്കുന്നു. മരിച്ചടക്കുവരെ സഭയുടെ കൂദാശകളാണെന്ന് പറയാൻ മടിക്കാത്ത ഈ ക്രൈസ്തവഗവേഷണമസ്തിഷ്ക്കത്തെ കലവറയില്ലാതെ പിന്തുണയ്ക്കാൻ ചില വൈദികപണ്ഡിതന്മാരേയും അൽമേയപ്രമുഖന്മാരേയും ഓശാന വശത്താക്കി നിർത്തിയിട്ടുണ്ട്. (മരിച്ചടക്ക് ഒരു കൂദാശയാണെന്ന് ഓശാന പത്രാധിപർ എഴുതിയത് ഏതു ലക്കത്തിലാണെന്നും അതിനെക്കുറിച്ചുള്ള സഭാപഠനമെന്താണെന്നും എളിയവനായ പൂവത്തോട്ട് പള്ളി ഇടവകാംഗത്തിന് അദ്ദേഹത്തിന്റെ വികാരിയച്ചൻ വിശദീകരിച്ചുതരും. എ. കെ. സി. സി. കമ്മറ്റിയുടെ മുമ്പിൽ എപ്പോഴും ഹാജരാകാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ള അദ്ദേഹം തന്റെ വികാരിയുടെ മുമ്പിൽ എപ്പോഴെങ്കിലും ഹാജരായി മരിച്ചടക്കെന്ന കൂദാശയെപ്പറ്റി സത്യം ബോധിപ്പിക്കുന്നത് കാണാനാണ് ഞങ്ങൾക്കാഗ്രഹം) ഓശാനയുടെ ഈ സഭാ നശീകരണ യത്നങ്ങളെ പണ്ഡിതോചിതമായ ഖണ്ഡനങ്ങളിലൂടെ നേരിടുന്നതിന് കേരളസഭാ മാധ്യമങ്ങൾ മടിച്ചുനിൽക്കുകയായിരുന്നു. എന്നാൽ ലോകരക്ഷകനായ ക്രിസ്തുവിനെ വിഷയലമ്പടനും ഭീരുവും സാമൂഹ്യവിരുദ്ധനുമായി ചിത്രീകരിക്കുന്ന ഒരു കഥാഭാസത്തിന്റെ വക്കാലത്തുമായി ഓശാന പത്രാധിപർ രംഗത്തുവന്നപ്പോൾ ശ്രീ. കച്ചിറമറ്റം തന്റെ സാമൂഹ്യോത്തരവാദിത്വം നിർവ്വഹിക്കാൻ മുൻകൈയെടുത്തു. അതിൽ കത്തോലിക്കാ കോൺഗ്രസ്സ് അഭിമാനിക്കുന്നു. ശ്രീ. കച്ചിറമറ്റത്തെ ഞങ്ങൾ അനുമോദിക്കുന്നു. ശ്രീ. പുലിക്കുന്നേലിന്റെ ആ വ്യാഖ്യാന ലേഖനങ്ങളിൽ സത്യത്തെ വളച്ചൊടിക്കാനും മറച്ചുവെക്കാനും മറുപക്ഷത്തിനെതിരേ കുതർക്കങ്ങളും ഹീനതന്ത്രങ്ങളും പ്രയോഗിക്കാനും ശ്രീ പുലിക്കുന്നേലിന് ഒരു സങ്കോചമുണ്ടായിരുന്നില്ല. (ഉദാഹരണങ്ങൾ തൽക്കാലം ഒഴിവാക്കുന്നു.) ഇത്തരം സത്യവ്യഭിചാരണങ്ങൾക്ക് പണ്ടേ വിഗഗ്ദ്ധനാണദ്ദേഹമെന്ന് ഒരു കോടതിവിധിയുള്ള കാര്യവും പലർക്കുമറിഞ്ഞുകൂടാ. അദ്ദേഹമിപ്പോൾ താൻ സജ്ജീകരിച്ച ഒരു ടേപ്പിന്റെ ബലത്തിൽ ശ്രീ കച്ചിറമറ്റത്തെ അസത്യവാദകുറ്റത്തിന് എറിയാൻ കല്ലെടുക്കുന്നു. കത്തോലിക്കാകോൺഗ്രസ്സിന്റെ "സമക്ഷത്തിലെ ദയ"വിനായി എളിയവന്റെ കുപ്പായമണിയുന്നു. അദ്ദേഹം പറയുന്നതിലൊക്കെ സത്യമുണ്ടെന്ന് തെറ്റിദ്ധരിച്ചിരിക്കുന്ന സമുദായാംഗങ്ങൾ ഇനിയെങ്കിലും യഥാർത്ഥ സത്യം മനസ്സിലാക്കണം. ക്രൈസ്തവത്വത്തിൽ അല്ല ഹിന്ദുത്വത്തിലാണ് അടുത്തകാലത്തായി അദ്ദേഹം സത്യം കാണുന്നത്. ക്രൈസ്തവത്വത്തിൽ അദ്ദേഹം അസത്യം മാത്രമെ കാണുന്നുള്ളു. ലോകാരാദ്ധ്യയായ മദർ തെരേസായെ അദ്ദേഹം മഠം ചാടിയ മദറായിട്ടാണ്

www.malankaralibrary.com

ചിത്രീകരിച്ചിരിക്കുന്നത്. ആ മഹതിയുടെ ശവസംസ്കാരത്തിൽ സഭാദ്ധ്യക്ഷന്മാർ പങ്കെടുത്തതിനെ അദ്ദേഹം പരിഹസിച്ചിരിക്കുന്നു. ഒരു സഭാസ്നേഹിയുടെ യഥാർത്ഥമുഖമാണോ അദ്ദേഹത്തിനുള്ളതെന്ന് സഭാംഗങ്ങളും സമുദായ സ്നേഹികളും ആലോചിക്കാൻ സമയമായി.

1997 നവംബർ 26-ലെ സത്യദീപത്തിന്റെ "ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കൾ" എന്ന മുഖപ്രസംഗത്തിൽ നിന്ന് ഏതാനുംവാക്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നത് പ്രസക്തമായിരിക്കുമെന്ന്ഞങ്ങൾ കരുതുന്നു. "സഭയെ നന്നാക്കാൻ വേണ്ടി സംസാരിക്കുന്നവരും സഭയെ നശിപ്പിക്കാൻവേണ്ടി പ്രവർത്തിക്കുന്നവരും ചിലപ്പോൾ പറയുന്നത് ഒന്നുതന്നെയാകാം. സഭാസ്ഥാപനങ്ങളിലെ അനീതികൾ,സഭാധികാരികളുടെ അധികാരദുർവിനിയോഗങ്ങൾ, സഭയ്ക്കുള്ളിലെ മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ ഇവയൊക്കെ ചെറുക്കേണ്ടതാണ്. പക്ഷെ ഇതൊക്കെ വിശ്വാസികളെ സഭയ്ക്കെതിരാക്കാനും, അവരെ സഭാധികാരികൾക്ക് വിരുദ്ധരാക്കാനും ലക്ഷ്യമാക്കിയുള്ള തന്ത്രപരമായ പ്രവർത്തനങ്ങളായാലോ" സമുദായ സ്നേഹികൾ, വിശേഷിച്ച് ഓശാന പത്രാധിപരെ സഹാനുഭൂതിയോടെവീക്ഷിക്കുന്ന ശുദ്ധമനസ്ക്കർ ഈ ചോദ്യം പലവട്ടം ചോദിക്കേണ്ട സമയമായിരിക്കുന്നു എന്നാണ് ഞങ്ങളുടെ ദൃഢമായ അഭിപ്രായം.

(അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് കമ്മിറ്റി മുമ്പാകെ ജോസഫ് പുലിക്കുന്നേൽ എന്ന് വിളിക്കപ്പെടുന്ന സ്കറിയാ ജോസഫ് സമർപ്പിച്ച സങ്കടാപേക്ഷയ്ക്ക് മറുപടിയായി എ. കെ. സി. സി. വർക്കിംഗ് കമ്മറ്റി അംഗീകരിച്ച പ്രസ്താവന.)

**കത്തോലിക്കാ അൽമായ അസോസിയേഷൻ എവിടെ?**

"കത്തോലിക്കാകോൺഗ്രസ്സ് ഇന്ന്, മെത്രാസന അരമനയുടെ കാവൽ പട്ടിയാണ്. ജനതാല്പര്യം അവർക്ക് പ്രശ്നമേയല്ല. കേരളത്തിലെ കത്തോലിക്കർ, ഇന്നുള്ള ഏതു മെത്രാനേക്കാളും, മെത്രാൻ ഡലഗേറ്റിനേക്കാളും, വിവരവും അറിവും ഉള്ളവരാണ്. കത്തോലിക്കാസമുദായത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും നേതൃത്വം നൽകാനുമാണ് കത്തോലിക്കാ കോൺഗ്രസ്സ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. കർത്താവിന്റെ സുവിശേഷം പ്രസംഗിക്കേണ്ട വൈദീകന് ഇതിൽ ഒരു കാര്യവുമില്ല. കത്തോലിക്കാകോൺഗ്രസ്സിന്റെ ഭരണഘടനയിൽനിന്നും ഈ "മെത്രാൻ ഡലഗേറ്റിന്റെ" തസ്തിക എടുത്തുകളയേണ്ടതാണ്. പക്ഷെ അരമനഭക്ഷണത്തിന്റെ രുചിപിടിച്ച നേതാക്കളുണ്ടോ അതിന് സമ്മതിക്കുന്നു. അൽമായന്റെ മറ്റൊരു സംഘടന മാത്രമാണ് ഇതിന് പ്രതിവിധി". 1978 സെപ്റ്റംബർ ലക്കം ഓശാനയിൽ പുലിക്കുന്നൻ എഴുതിയ വാക്കുകളാണ് മേലുദ്ധരിച്ചത്. അദ്ദേഹം വിഭാവന ചെയ്ത അൽമായന്റെ മറ്റൊരു സംഘടന, അരമനഭക്ഷണത്തിന്റെ രുചിപിടിക്കാത്ത ജോസഫ് പുലിക്കുന്നന്റെ നേതൃത്വത്തിൽ, 1978 ആഗസ്റ്റ് 20ന് കത്തോലിക്കാ അൽമായ അസോസിയേഷൻ, രൂപം കൊണ്ടു. മെത്രാൻ ഡലഗേറ്റിന്റെ ശല്യം ഒന്നും ഉണ്ടാകാതിരുന്ന ആ സംഘടന ഇന്ന് എവിടെ?

www.malankaralibrary.com

# 7. പുലിമടയിലെ കാമഗവേഷണം

വിസ്മയം ജനിപ്പിക്കുന്ന സിനിമ നാം പലപ്പോഴും കാണാറുണ്ട്. ആ സിനിമകളുടെ അന്ത്യം പലപ്പോഴും അവിശ്വസനീയമായിത്തോന്നാം. കഥയുടെ ആരംഭം മുതൽ നല്ല മനുഷ്യനായി പെരുമാറുന്ന കഥാനായകൻ, മററുളളവരെ സഹായിക്കുന്നതിൽ അതീവ ശ്രദ്ധ ചെലുത്തുന്ന നല്ല അയൽക്കാരൻ, ചൂഷിതർക്കും നിന്ദിതർക്കും വേണ്ടി അഹോരാത്രം പ്രവർത്തിക്കുന്ന മനുഷ്യസ്നേഹി, അനീതിക്കും അധർമ്മത്തിനുമെതിരെ ധീരധീരം ശബ്ദിക്കുന്നവൻ, സാമൂഹിക നീതിക്കുവേണ്ടി പോരാടുന്ന വിപ്ലവകാരി , യേശുവചനം മാത്രം ഉദ്ധരിച്ചു സംസാരിക്കുന്ന വചനപ്രഘോഷകൻ, എന്നെല്ലാം തോന്നുമാറ്, കഥയുടെ ആരംഭം മുതൽ കാണികളുടെ ഹൃദയം കവരുന്ന കഥാപാത്രത്തെ നമുക്കു കാണാം. എന്നാൽ കഥയുടെ അവസാനഭാഗം വരുമ്പോൾ കാണികളുടെ ഹൃദയം കവർന്ന ``ആ നല്ല മനുഷ്യനാണ്`` സകല ദുഷ്ടതയുടെയും പിന്നിൽ പ്രവർത്തിച്ചതെന്നും വലിയ ഒരു ഗൂഢസംഘത്തെ അണിനിരത്തിക്കൊണ്ടാണ് ആ ഭീകര പ്രവർത്തനങ്ങൾ അദ്ദേഹം നടത്തിയതെന്നും കാണുന്നുവെന്നിരിക്കട്ടെ. അപ്പോഴാണ് പൊയ്മുഖമണിഞ്ഞ ആ നല്ല മനുഷ്യന്റെ തനിനിറം കാണികൾ മനസ്സിലാക്കുക. ആ കൊടുംഭീകരനെ വലയിൽ വീഴ്ത്തി പോലീസ് കൈക്കു വിലങ്ങുവയ്ക്കുമ്പോൾ കാണികൾക്കുണ്ടാകുന്ന ആഹ്ലാദം വിവരിക്കുവാൻ വാക്കുകൾ പോരാ. ഇതു സിനിമയിലെ കഥ. പക്ഷേ നമ്മുടെ ദൈനംദിന ജീവിതത്തിൽ പൊയ്മുഖമണിഞ്ഞു പ്രവർത്തിക്കുന്നവരെ നമുക്കു കാണുവാൻ സാധിക്കും. ആദ്യമൊന്നും അവരെ തിരിച്ചറിയാൻ നമുക്കു സാധിച്ചെന്നു വരികയില്ല. അവരുടെ പ്രവർത്തനങ്ങളെപ്പററി അടുത്തറിയുമ്പോഴാണ് നാം ലജ്ജിക്കുകയും അത്ഭുതപ്പെടുകയും ചെയ്യുന്നത്.

ക്രൈസ്തവ പഠനകേന്ദ്രമെന്ന ലേബലിൽ ഇടമററത്ത് ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ക്രൈസ്തവപഠനകേന്ദ്രത്തിൽ നിന്ന് ഓശാന എന്ന മാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളുടെ സാരഥി പൂവത്തോട് ഇടവകാംഗമായ പുലിക്കുന്നേൽ ജോസഫ് എന്നറിയപ്പെടുന്ന സ്കറിയ ജോസഫ് ആണ്. ഓശാനയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിൽ 90 % വും പുലിക്കുന്നേൽ ജോസഫ് എഴുതുന്നതാണ്. അദ്ദേഹത്തിന്റെ ലേഖനങ്ങൾ വായിക്കുമ്പോഴും പ്രസംഗങ്ങൾ കേൾക്കുമ്പോഴും സഭയെ നവീകരിക്കാൻ ശ്രമിക്കുന്ന ഒരു ഉത്തമ സമുദായ സ്നേഹിയാണദ്ദേഹമെന്ന് തോന്നിപ്പോകും. സഭാസ്ഥാപനങ്ങളിലെ അധികാരദുർവിനിയോഗങ്ങൾ, സഭയ്ക്കുള്ളിലെ മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ, സഭാധികാരികളുടെ, അധികാരദുർവിനിയോഗങ്ങൾ, അൽമായർക്കു സഭയിൽ ലഭിക്കേണ്ട സ്ഥാനം, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യം തുടങ്ങിയ കാര്യങ്ങളെപ്പററിയുള്ള അദ്ദേഹത്തിന്റെ ലേഖനങ്ങൾ വായിച്ചാൽ അദ്ദേഹം സഭയെ നവീകരിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന ഒരു നല്ല സമുദായ സ്നേഹിയാണെന്ന് ആരും ധരിച്ചു പോകും. അതേസമയം അദ്ദേഹം മറ്റു പ്രസിദ്ധീകരണങ്ങളിൽക്കൂടി എഴുതുന്ന കഥകളും ലേഖനങ്ങളും അദ്ദേഹം അച്ചടിച്ചിരിക്കുന്ന ലഘുലേഖകളും വായിക്കുമ്പോൾ, സഭയെ നവീകരിക്കുകയെന്നല്ല, സഭയിലെ

www.malankaralibrary.com

അച്ചടക്കം തകർക്കുക, സഭാംഗങ്ങളെ തമ്മിൽത്തമ്മിൽ ഭിന്നിപ്പിക്കുക, സമൂഹത്തിൽ ലൈംഗിക അരാജകത്വം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പുലിക്കുന്നേൽ എഴുതുകയും പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതെന്നു മനസ്സിലാക്കുവാൻ സാധിക്കും.

യേശുവിനേയും പഴയനിയമത്തിൽ പ്രതിപാദിക്കുന്ന ചരിത്രപുരുഷന്മാരേയും കേന്ദ്രീകരിച്ച് അദ്ദേഹം എഴുതിക്കൊണ്ടിരിക്കുന്ന ലേഖനങ്ങളും കഥകളും എഴുതിയിട്ടുള്ള ലഘു ലേഖകളും വായിക്കുമ്പോൾ പുലിക്കുന്നേൽ ജോസഫിന്റെ തനിനിറം നമുക്ക് മനസ്സിലാക്കാം. ലോകൈക രക്ഷകനായ യേശുവിനെ ഭീരുവും വിഷയലമ്പടനും ആയി ചിത്രീകരിച്ച് ``കണ്ണാടി കാണ്മോളവും`` എന്ന കഥയെഴുതിയ സക്കറിയായെ അനുകൂലിച്ചു വിചാരണ ചെയ്ത് അടിച്ചിറക്കിയ ലഘുലേഖയും സക്കറിയായുടെ കഥയെപ്പററി ചർച്ചചെയ്യാനെന്ന വ്യാജേന, അദ്ദേഹത്തെ അനുമോദിക്കുവാൻ ഇടമററത്ത് വിളിച്ചുകൂട്ടിയ സാഹിത്യകാരന്മാരുടെ യോഗവും പുലിക്കുന്നേൽ ജോസഫിന്റെ മാനസികാവസ്ഥ വിളിച്ചറിയിക്കുന്നതാണ്. ഏതാനും മാസങ്ങൾക്കു മുൻപ് കലാകൗമുദി വാരികയിൽ യേശുവിനെ വികൃതമായി ചിത്രീകരിച്ച് എഴുതിയ ചാട്ടവാറുകൾ എന്ന കഥയുടെ ലക്ഷ്യവും മററൊന്നല്ല. യേശുവിനെയും പഴയനിയമത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ചരിത്രപുരുഷന്മാരെയും ലൈംഗികമായി തേജോവധം ചെയ്ത് ക്രൈസ്തവനാമധാരികളെക്കൊണ്ട് ലേഖനങ്ങളും കഥകളും നോവലുകളും എഴുതിച്ച് അവ പ്രസിദ്ധീകരിച്ച് വിററ് പണം സമ്പാദിക്കുവാൻ ശ്രമിക്കുന്ന പ്രസിദ്ധീകരണങ്ങളും അങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾക്കു ലേഖനങ്ങളും കഥകളും നോവലുകളും നാടകങ്ങളും എഴുതിക്കൊടുത്ത് പണമുണ്ടാക്കുവാൻ ശ്രമിക്കുന്ന ക്രൈസ്തവനാമധാരികളും നമ്മുടെ സമൂഹത്തിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവർ മൊത്തമായും ചില്ലറയായും ഈ വ്യാപാരം നടത്തിക്കൊണ്ടിരിക്കുന്നു. പുലിക്കുന്നേൽ ജോസഫ് ഈ മൊത്തവ്യാപാരം നടത്തുന്നത് ഹോളണ്ടുമായി ബന്ധപ്പെട്ടാണ്. ചില്ലറവ്യാപാരം നടത്തുന്നത് മലയാളം, മാതൃഭൂമി, കലാകൗമുദി തുടങ്ങിയ വാരികകളുമായി ബന്ധപ്പെട്ടാണ്.

1998 ജനുവരി 9-ലെ മലയാളം വാരികയിൽ ശ്രീ. പുലിക്കുന്നേൽ ജോസഫിന്റെ ഒരു കഥയുണ്ട്. പഴയനിയമത്തിലെ ദാവീദിനെ കേന്ദ്രീകരിച്ചാണ് ആ കഥ. ആരാണ് ഈ ദാവീദ്? ദാവീദിന്റെ യൗവ്വനകാലം അത്ര പരിശുദ്ധമായിരുന്നില്ല. ഊറിയ എന്നയാളുടെ ഭാര്യയെ വ്യഭിചരിക്കുകയും അവൾ ഗർഭം ധരിക്കുകയും അവസാനം ഊറിയ വധിക്കപ്പെടുകയും ചെയ്ത സംഭവം ഇന്നു ചരിത്രത്തിന്റെ ഭാഗമാണ്. പിന്നീട് ദാവീദ് പശ്ചാത്തപിച്ചു. ദാവീദിനെപ്പോലെ പശ്ചാത്തപിക്കുകയും എന്നിട്ടും ദുരിതങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്ത ഒരു വ്യക്തിയെ ചരിത്രത്തിൽ മററൊരിടത്തും നമുക്ക് കാണുവാൻ സാധിക്കുകയില്ല. ദാവീദിനോട് ദൈവം ക്ഷമിച്ചു. ദാവീദിനെ നമ്മുടെയെല്ലാം പിതാവായി നാം അംഗീകരിച്ചു. ദാവീദിന്റെ പുത്രന്മാരായ യേശുവിന്റെ അനുയായികൾ എന്ന് അഭിമാനപൂർവ്വം നാം പറയുകയും ചെയ്യുന്നു. ദാവീദ് പശ്ചാത്തപിക്കുക മാത്രമല്ല സങ്കീർത്തനങ്ങൾ രചിക്കുകയും ചെയ്തു. പുലിക്കുന്നേലിന്റെ പരിഹാസത്തിനു വിഷയമായ കത്തോലിക്കാ സഭയിൽ മാത്രമല്ല, പുലിക്കുന്നേലിന് വളരെ ഇഷ്ടപ്പെട്ട

www.malankaralibrary.com

ഹോളണ്ടിലെ പ്രൊട്ടസ്റ്റൻറ് ക്രൈസ്തവ സഭകളിലും ദാവീദിൻെറ സങ്കീർത്തനങ്ങൾ ആലപിക്കപ്പെടുകയും ചെയ്യുന്നുണ്ട്. എന്നിട്ടും ദൈവം ക്ഷമിച്ചിട്ടും പുലിക്കുന്നേലിനു ദാവീദിനോടു ക്ഷമിക്കുവാൻ സാധിച്ചില്ല. ചോരയാണ് കൊതുകിന് ഇഷ്ടം. അതുപോലെ സകലത്തിലും തിന്മയുടെ അംശം കണ്ടെത്തുന്നതിലാണ് പുലിക്കുന്നന് ഇഷ്ടം. ദാവീദിനെ കേന്ദ്രീകരിച്ച് കഥയെഴുതിയ പുലിക്കുന്നൻ സഭയെ നന്നാക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുകയാണല്ലോ? അല്പമെങ്കിലും മാന്യത അദ്ദേഹത്തിന് ഉണ്ടായിരുന്നെങ്കിൽ ദാവീദിൻെറ ലൈംഗികവേഴ്ചയെപ്പറ്റിയും ക്രൂരതയെപ്പറ്റിയും കഥയെഴുതിയ അദ്ദേഹം ദാവീദിൻെറ പശ്ചാത്താപത്തെപ്പറ്റിയും ദാവീദിനോട് ക്ഷമിച്ചതിനെപ്പറ്റിയും അദ്ദേഹം രചിച്ച സങ്കീർത്തനങ്ങളെപ്പറ്റിയും കൂടി ഒന്ന് വർണ്ണിക്കാമായിരുന്നു. അത് എഴുതുകയല്ലല്ലോ പുലിക്കുന്നൻെറ ദൗത്യം.

ശ്രീ പുലിക്കുന്നേലിൻെറ ദാവീദ് മൂപ്പിൽനായർ എന്ന കഥയിലെ ഏതാനും ഭാഗങ്ങൾ താഴെ ചേർക്കുന്നു.

"ഇസ്രായേലിൻെറ മൂപ്പിൽ നായർ ദാവീദ്. സായാഹ്നഭക്ഷണം കഴിച്ച് പുറംചാവടിയിലേക്കു നടന്നു. സമയം അഞ്ചു മണിയാകാറായി.

വളഞ്ഞൊഴുകുന്ന ജോർദ്ദാൻ നദിയെ പുറം ചാവടിയിലിരുന്ന് നോക്കിക്കാണാൻ നല്ല രസമാണ്. കോവിലകത്തെ പുറംവേലക്കാരും അകംവേലക്കാരുമായ സ്ത്രീകളുടെ സ്നാനഘട്ടം പുറം ചാവടിയിലിരുന്നാൽ വ്യക്തമായി കാണാം. അവിടെയിരുന്നു നോക്കുന്നവർക്ക് കുളിക്കടവിൽനിന്നു നോക്കിയാൽ ചാവടിയിലിരിക്കുന്നയാളെ കാണാനും വയ്യ. ചാവടി നിർമ്മിച്ച തൻെറ പൂർവ്വികൻെറ രസികത്തത്തെ മൂപ്പിൽ നായർ മനസ്സുകൊണ്ട് പ്രശംസിച്ചു.

മൂപ്പിൽനായർ മനോരാജ്യത്തിലാണ്ടിരുന്നു. പടയോട്ടവുമായി നടക്കുന്നതിനിടയിൽ വല്ലപ്പോഴും വീണു കിട്ടുന്ന ഒരു സാസ്ഥ്യമാണിത്. ജോർദ്ദാൻ നദിയും ആറ്റിൻകരയിൽ തിങ്ങിനിൽക്കുന്ന കാട്ടുമരങ്ങളും ആറ്റിത്തണുപ്പിച്ച ചൂടുകാറ്റ് മൂപ്പിൽനായരുടെ സിരകളിൽ ഊർജ്ജം പകർത്തി.

അടിച്ചുതളിക്കാരും ദേഹണ്ഡക്കാരും നെല്ലുകുത്തുകാരും പുറംപണിക്കാരുമായ പെണ്ണുങ്ങൾ ഒന്നൊന്നായി കടവിലേക്കെത്തി. അവർ അടിവസ്ത്രം മാറ്റി തോർത്തുടുത്ത് അർദ്ധനഗ്നരായി ജോർദ്ദാൻെറ കുളിർമ്മയിലെക്കു നടന്നിറങ്ങുന്നത് മൂപ്പിൽ നായർ സന്തോഷത്തോടെ കണ്ടു. ഒരു ദിവസത്തെ ജോലി ശരീരത്തിൽ സൃഷ്ടിച്ച വിയർപ്പും ചെളിയും ഇഞ്ചകൊണ്ട് തേച്ച് അവർ ശരീരശുദ്ധി നേടുകയാണ്. ആ പ്രക്രിയയിൽ അവരുടെ അല്പവസ്ത്രങ്ങൾക്കുണ്ടാകുന്ന സ്ഥാനചലനങ്ങളുടെ താളാത്മകതയും മൂപ്പിൽനായർ കണ്ണുകൊണ്ട് ഉഴിഞ്ഞെടുത്തു. അവരുടെ ശരീരത്തിലെ നിമ്നോന്നതങ്ങളുടെ സൗന്ദര്യവും ഊർജ്ജവും അനുഭവിച്ചിട്ടുള്ളതാണെങ്കിലും ഈ കണ്ണുഴിയലിനുള്ള പ്രത്യേക രസം ഒന്നു വേറെ തന്നെയാണെന്ന് മൂപ്പിൽ നായർ അറിഞ്ഞു.

അപ്പോഴാണ് കുളിക്കാരുടെ ഇടയിൽ താൻ കണ്ടിട്ടും അനുഭവിച്ചിട്ടുമില്ലാത്ത ഒരു പുതുമുഖം കണ്ടത്. ആ പുതുമുഖം മൂപ്പിൽനായരെ അത്ഭുതപ്പെടുത്തി. ആരാണവൾ? എഴുന്നേറ്റ് ആപ്പീസുമുറിയിലെത്തി, പണ്ട് പക്ഷനിരീക്ഷ

www.malankaralibrary.com

ണത്തിനെത്തിയ സായിപ്പിൽനിന്നും വൻവിലകൊടുത്തുവാങ്ങിയ ദൂരദർശിനിയുമായി തിരിച്ച് പുറംചാവടിയിലെത്തി. കുളിക്കടവിലേക്കു ദൂരദർശിനിയിലൂടെ നോക്കി. കവിൾത്തടങ്ങൾ മാതളപ്പഴത്തിന്റെ മുറികൾ പോലെ. സ്തനങ്ങൾ ഇരട്ട പിറന്ന മാൻകിടാവിനെപ്പോലെ, ഗിലെയാദ് മലഞ്ചെരുവിലൂടെ ഇറങ്ങിവരുന്ന കോലാട്ടിൻപറ്റം പോലെയുള്ള കേശം. ഒരു ന്യൂനതയുമില്ല. അവൾ മുങ്ങിത്തിമിർക്കുമ്പോൾ ജോർദ്ദാൻ നദിക്കു പോലും രോമാഞ്ചമുണ്ടാക്കിയിരിക്കാം. ദൂരദർശിനി മാറ്റിവച്ച് ദാവീദ് രാമൻനായരെ നോക്കി.

യജമാനന്റെ പുത്തൻ കൗതുകത്തിന്റെ രസം കണ്ടിട്ട് തന്റെ വിശ്വസ്തസേവകൻ രാമൻനായർ വൈത്തിപ്പട്ടരെപ്പോലെ സർപ്പദൃഷ്ടിയിട്ടു.

ദാവീദ്മൂപ്പിൽനായർ രാമൻ നായരുമായി സംഭാഷണം നടത്തുന്നതു ശ്രദ്ധിക്കുക:

"മൂപ്പിൽനായർ ചോദിച്ചു :ആരാ?

കാര്യം മനസ്സിലാക്കി രാമൻനായർ ഉവാച:"ആ ഊറിയായുടെ കെട്ടിയവൾ. നെല്ലുകുത്തു പെരയിലാ"

മൂപ്പിൽനായർ:"ആ പുളുന്തൻ ഊറിയായുടെയോ?"

രാമൻനായർ:"അതെ".

ദാവീദ് കുറെനേരം നിശ്ശബ്ദനായിരുന്നു.

മൂപ്പിൽനായർ :"ആ പുളുന്തനെ ഓൾക്ക് മതിയാവ്വ്യോ?"

രാമൻനായർ :"തോന്നിണ്ല്ല്യ"

പിന്നെയും നിശ്ശബ്ദത

മൂപ്പിൽനായർ:"തരാവ്വ്യോ രാമൻനായരെ?"

രാമൻനായർ (സർപ്പദൃഷ്ടിയോടെ)"ആവുന്നാ തോന്നണെ".

മൂപ്പിൽനായർ:" എന്നാൽ ഒന്നു നോക്കാ"

മൂപ്പിൽനായർ ദൂരദർശിനിയിലൂടെ വീണ്ടും കണ്ണുകൊണ്ട് ഇരയെ ഉഴിയാനാരംഭിച്ചു.

രാമൻനായർ എല്ലാം ശരിപ്പെടുത്തിക്കഴിഞ്ഞു. ദാവീദ് മൂപ്പിൽ നായർ തന്റെ ഭാര്യ കെട്ടിലമ്മയോട് ഇക്കൊല്ലം മുയൽശല്യം കൂടുതലാണെന്നും അവിടെയെല്ലാം ചുറ്റിക്കറങ്ങാൻ നേരമില്ലെന്നും എന്താ വേണ്ടതെന്നും ചോദിച്ചു. മൂപ്പിൽനായരുടെ ഇഷ്ടം നിറവേറ്റുവാൻ കെട്ടിലമ്മ സമ്മതിച്ചു.

ഇതാ, പുലിക്കുന്നേൻ കഥ തുടരുന്നു.

കെട്ടിലമ്മയ്ക്ക് ഭർത്താവാണ് കാണപ്പെട്ടദൈവം. എന്താച്ചാല് മൂപ്പരുടെ ഇഷ്ടം തോക്കും തോളിൽ വച്ച് മൂപ്പിൽനായരും റാന്തൽവിളക്കുമായി രാമൻനാ

www.malankaralibrary.com

യരും മുയൽ വേട്ടയ്ക്കിറങ്ങി. പുളുന്തൻ ഊറിയായുടെ വീടിൻെറ കതക് ഞര ങ്ങിത്തുറന്നു.

മുയൽവേട്ട കഴിഞ്ഞ് വെളുപ്പാൻ കാലത്ത് മൂപ്പിൽനായർ വീട്ടിലെത്തു മ്പോൾ ശരീരമാകെ വേദനയായിരുന്നു. പെരുമ്പാമ്പിൻെറ വായിൽപ്പെട്ട മുയൽപോലെ ശരീരമാകെ തളർന്നിരുന്നു. എന്തൊരു കരുത്ത്. ഉച്ചവരെ മുയൽവേ ട്ടയുടെ ക്ഷീണത്തിൽ മൂപ്പിൽനായർ ഉറങ്ങി. കഥ തുടരുകയാണ്. കഥയിലെ പ്രയോഗങ്ങൾ അതുപോലെ ഉദ്ധരിക്കാൻ ശ്രമിക്കുന്നില്ല. ഏതായാലും ഊറിയാ യുടെ ഭാര്യ ബാത്ഷേബാ ഗർഭിണിയായി. അതിൻെറ ഉത്തരവാദി ഊറിയായാ ണെന്ന് വരുത്തിതീർക്കുവനായി മലയിൽ കപ്പകൃഷിക്ക് കാവൽനിൽക്കാൻ പോയ ഊറിയായെ തിരിച്ചുവിളിച്ച് വീട്ടിൽപോയി താമസിക്കാൻ ഇടപാട് ചെയ്തു. മലയ്ക്കുപോകാൻ മാലയിട്ടതു കാരണം നാല്പതു ദിവസം ശുദ്ധോം വൃത്തീം വേണം എന്നതുകൊണ്ട് ഊറിയാ ബാത്ഷേബായുടെ അടുക്കൽ പോകാതെ ആൽത്തറയിൽ കിടന്നുറങ്ങി. വിവരം അറിഞ്ഞ ദാവീദ് മൂപ്പിൽ നായർ, ഊറി യായെ കാട്ടാനയുടെ അടുത്തേക്ക് അയച്ച് ചതിച്ച് കൊലപ്പെടുത്തി.

കഥ തുടരുന്നു.

നാല്പതുദിവസത്തെ വിലാപം കഴിഞ്ഞു. രാത്രിയിൽ ആട്ടുകട്ടിലിൽ കിട ക്കുമ്പോൾ കെട്ടിലമ്മ സങ്കടത്തോടെ പറഞ്ഞു:"ആ പാവം ബാത്ഷേബാ! അവൻ മരിച്ചതിനുശേഷം അവളുടെ കണ്ണുനീർ വറ്റിയിട്ടില്ല."

ദാവീദു പറഞ്ഞു "പാവം".

കെട്ടിലമ്മ: ഓള് വയറ്റുകണ്ണിയാണെന്നും കേട്ടു."

"ഇന്നാൾ ഓനിവിടെ വന്നപ്പോൾ പറ്റിച്ചതായിരിക്കും. മാലയിട്ടാണ് വന്നത്. അവൻ ശുദ്ധോം വൃത്തിയും തെറ്റിച്ചുകാണും. വെറുതെയല്ല അവനെ ആന കൊന്നത്"

കെട്ടിലമ്മ:"നാലും"

നിശ്ശബ്ദത

കെട്ടിലമ്മ:"ഒരു കാര്യം ചോദിച്ചോട്ടെ. എതിരു പറയരുത്. ഓക്കിനി ആരു ല്യാ. ഓളെ നമ്മുടെ ചായ്പ്പില് കെടത്താം"

നിശ്ശബ്ദത

മൂപ്പിൽനായർ:"നിൻെറ ഇഷ്ടം അതാണെങ്കിൽ അങ്ങനെ"

രണ്ടുദിവസം കഴിഞ്ഞ് മൂപ്പിൽനായർ വീണ്ടും മുയൽവേട്ടയ്ക്കിറങ്ങി. വേട്ട കഴിഞ്ഞെത്തുമ്പോൾ പഴയതുപോലെ ശരീരം വിയർത്തിരുന്നു. ദേഹമാസ കലം വേദന. വിയർപ്പിനോടൊപ്പം കണ്ണുനീരിൻെറ ഉപ്പും കൂടി ഉണ്ടായിരുന്നു.

ദാവീദ് മനസ്സിൽ പാടി

www.malankaralibrary.com

"നിൻെറ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ

അവർ നിന്നെ സദാ സ്തുതിക്കുന്നു. സേലാ"

(സങ്കീർത്തനം 84:4)

ദാവീദിൻെറ സങ്കീർത്തനം ഉദ്ധരിച്ചുകൊണ്ടാണ് കഥ അവസാനിപ്പിച്ചിരിക്കുന്നത്.

"നിൻെറ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ

അവർ നിന്നെ സ്തുതിക്കുന്നു. സേലാ"

എന്ന സങ്കീർത്തനഭാഗം ഉദ്ധരിച്ചിരിക്കുന്നത് ബത്ഷേബായുടെ കിടപ്പറ പങ്കിട്ടതിനെ ആധാരമാക്കിയായിരിക്കുമല്ലോ? എത്ര വികൃതമായാണ് ഈ സങ്കീർത്തനം സഭയെ നവീകരിക്കാൻ തയ്യാറെടുത്തു നിൽക്കുന്ന ഈ ദൈവശാസ്ത്രജ്ഞൻ എടുത്തുപയോഗിച്ചിരിക്കുന്നത്. പുലിക്കുന്നേലിൻെറ തനിസ്വഭാവം ഈ സങ്കീർത്തനവാക്യം ഉദ്ധരിച്ച സാഹചര്യത്തിൽനിന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഇതാ മനുഷ്യൻ! ഇതു തന്നെ സാക്ഷാൽ ജോസഫ് പുലിക്കുന്നേൽ.

ഹിന്ദുത്വവാദികളുടെ പുതിയ കിടപ്പറസഖാവായ ശ്രീ പുലിക്കുന്നൻ ഈ കഥയിലൂടെ ശബരിമല തീർത്ഥാടനത്തെയും വ്രതാനുഷ്ഠാനങ്ങളെയും വരെ പരിഹസിച്ചിരിക്കുകയാണ്. കളം മാറി കളിച്ചാൽ ആർക്കും ഇതുപോലെയുള്ള ചുവടുകൾ പിഴയ്ക്കും

ശ്രീ. പുലിക്കുന്നൻെറ അശ്ലീലകഥയെഴുതുവാനുള്ള അസാമാന്യകഴിവിനെ അംഗീകരിക്കാതിരിക്കാൻ വയ്യ. യഥാർത്ഥത്തിൽ അദ്ദേഹം ആ രംഗത്തായിരുന്നു പ്രവർത്തിക്കേണ്ടിയിരുന്നത്. ക്രൈസ്തവഗവേഷണവും മറ്റും നിർത്തിയിട്ട് പഴയ പൊൻകുന്നം വർക്കി സ്റ്റൈലിലുള്ള വല്ല വിത്തുകാള കഥയും മറ്റും രചിക്കുകയാണ് ഉചിതം. "മെത്രാന്മാർക്ക് മാതൃക"കാണിച്ച് 65 വയസ്സായതിൻെറ പേരിൽ ക്രൈസ്തപഠനകേന്ദ്രം ഡയറക്ടർ സ്ഥാനം രാജിവച്ച പുലിക്കുന്നന് ഈ വാർദ്ധക്യത്തിലും ഇത്രയും അശ്ലീലഭാവനകൾ ഉണ്ടെങ്കിൽ, പണ്ടത്തെ സ്ഥിതി ഊഹിക്കുകയേ വേണ്ടൂ.

പുലിക്കുന്നേലിൻെറ ഈ സ്വഭാവവൈശിഷ്ട്യം സഹപ്രവർത്തകർക്ക് ഇപ്പോഴാണ് മനസ്സിലാവുക. ഇത്രയും നാൾ സഹപ്രവർത്തകരിൽനിന്നും യഥാർത്ഥ മുഖം മറച്ചുവച്ച് ജീവിക്കുവാൻ സാധിച്ചു. യാഥാർത്ഥ്യം മനസ്സിലായപ്പോൾ തൻെറ സഹപ്രവർത്തകർ പലരും പുലിക്കുന്നനുമായുള്ള ബന്ധം വേർപെടുത്തി. സത്യസന്ധമായി പുലിക്കുന്നനോട് കാര്യങ്ങൾ തുറന്നുപറഞ്ഞവരെ ദൈവശാസ്ത്രപഠനകേന്ദ്രത്തിൽനിന്നു പുകച്ചു പുറത്തുചാടിക്കുവാനുള്ള ശ്രമത്തിലാണിപ്പോൾ.

www.malankaralibrary.com

# 8. പുലി കണ്ടക്കുറുപ്പിൻെറ പത്രധർമ്മം

ഞങ്ങളുടെ അടുത്ത ഗ്രാമത്തിൽ ഒരു ഔസേഫ് ചേട്ടൻ താമസിച്ചിരുന്നു. കാഴ്ചയിൽ സുമുഖൻ. നല്ല ഭംഗിയായി സംസാരിക്കും. മറ്റുള്ളവരെപ്പറ്റി കുറ്റം പറഞ്ഞും എല്ലാവരിലും തിന്മയുടെ ഒരു തരിയെങ്കിലും കാണാനുണ്ടോയെന്ന് ഗവേഷണം നടത്തിയും അദ്ദേഹം ജീവിതം തുടർന്നു. നാട്ടിലെ മാന്യന്മാർക്ക് ആക്ഷേപം വരത്തക്കവിധത്തിലുള്ള കഥകൾ കെട്ടിച്ചമച്ചും അവരെ പരസ്യമായി ആക്ഷേപിച്ചും ഔസേഫ് ചേട്ടൻ എല്ലാവരുടെയും ഇഷ്ടതാരമായി വളർന്നു. താൻ പറയുന്നത് ശരിയാണെന്ന് മറ്റുള്ളവരെ തൽക്കാലത്തേക്കെങ്കിലും ബോദ്ധ്യപ്പെടുത്താനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

നാട്ടിലെ പല മാന്യന്മാരും ഔസേഫ് ചേട്ടൻെറ ഈ ഹീനശ്രമം കൊണ്ട് ദുഃഖിതരായി. തങ്ങളുടെ സൽപേര് കളങ്കപ്പെടുത്താനുള്ള ഈ നീക്കത്തെ എങ്ങിനെ നേരിടാമെന്ന് അവർ ഒറ്റക്കും കൂട്ടായും ആലോചിച്ചു. അവർ ഔസേഫ് ചേട്ടനെ ഒറ്റക്കും കൂട്ടമായും പോയി കണ്ടു. ചില കൈമടക്കുകൾ കൊടുത്തു. തന്നെ വ്യക്തിപരമായിക്കണ്ട് സന്തോഷിപ്പിച്ചവരെ പ്രശംസിക്കലായിരുന്നു അദ്ദേഹത്തിൻെറ പിന്നീടുള്ള തൊഴിൽ. തന്നെ എതിർക്കുന്നവരെ വീണ്ടും വീണ്ടും പുലഭ്യം പറഞ്ഞ് അവരിൽ നിന്നും എന്തെങ്കിലും നേടിയെടുക്കാനായിരുന്നു ഔസേഫ് ചേട്ടൻെറ തുടർന്നുള്ള ശ്രമം. തൻെറയടുത്തുവന്ന് തന്നെ പ്രസാദിപ്പിക്കാത്തവരെ എങ്ങനെ വീഴ്ത്താമെന്നായി അടുത്ത ചിന്ത. തൻെറ ഒരു വിശ്വസ്ത സ്നേഹിതനെ അങ്ങനെയുള്ളവരുടെയടുക്കലേക്ക് പറഞ്ഞുവിട്ടു. ഔസേഫ് ചേട്ടൻ നിർദ്ദേശിച്ചതുപോലെ ആ വിശ്വസ്ത സുഹൃത്ത് അവരെ സമീപിച്ചു പറഞ്ഞു. നമ്മുടെ ഔസേഫ് ചേട്ടൻ നിങ്ങളുടെ പല രഹസ്യങ്ങളും കൊള്ളരുതായ്മകളും പുറത്തുകൊണ്ടുവരുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുകയാണ്. നിങ്ങളെ തകർക്കാൻ അദ്ദേഹം ഫണമുയർത്തി നിൽക്കുന്നു. ഔസേഫ് ചേട്ടനെ വിളിച്ച് ഒരു നല്ലവാക്കു പറഞ്ഞാൽ - എന്തെങ്കിലും ചില്ലറകൊടുത്താൽ അയാൾ ഈ പണിനിറുത്തും. അങ്ങനെ നിങ്ങൾ ചെയ്താൽ ഒരു കുഞ്ഞാടിനെപ്പോലെ അദ്ദേഹം നിങ്ങളുടെ പുറകെ വരും. അത് നിങ്ങൾക്ക് വലിയ നേട്ടമായിരിക്കും. " ഈ ഔസേഫ് ചേട്ടൻെറ കാര്യമാണ് ഓശാനപത്രാധിപർ ശ്രീ. ജോസഫ് പുലിക്കുന്നേലിനെപ്പറ്റി ഓർക്കുമ്പോൾ മനസ്സിൽ ഓടിയെത്തുക.

ഔസേഫ് ചേട്ടനെപ്പോലെ ശ്രീ. ജോസഫ് പുലിക്കുന്നേൽ ഓശാനയിൽ ക്കൂടി പലരേയും തേജോവധംചെയ്യാൻ ശ്രമിക്കുകയാണിന്ന്. പുലിക്കുന്നനെ ഒറ്റക്കും കൂട്ടായും കണ്ടവരെ അദ്ദേഹം ഇന്ന് പ്രശംസിക്കും. അദ്ദേഹത്തെ പ്രസാദിപ്പിക്കാത്തവരെ തകർത്തേയടങ്ങൂ എന്ന വാശിയിലാണ്. ചില ചെറുകിട ഏജൻ്റുമാരല്ലാതെ പുലിക്കുന്നന് ഒരു വിശ്വസ്തത സുഹൃത്തിനെ അങ്ങനെയുള്ളവരുടെയടുക്കലേക്ക് പറഞ്ഞയക്കാൻ നോക്കിയിട്ട് ലഭിക്കുന്നില്ല. അതുകൊണ്ടാണ് പരേതയായ ശ്രീമതി ആനി തയ്യിൽ എഴുതിയ പുസ്തകത്തിലെ താഴെ പറയുന്ന ഭാഗം ഓശാന മാർച്ച് ലക്കത്തിൽ എടുത്ത് ഉദ്ധരിച്ചിരിക്കുന്നത്. ആനിതയ്യിൽ, ശ്രീ ജോസഫ് പുലിക്കുന്നനെപ്പറ്റി എഴുതിയിരിക്കുകയാണ്"അയാളിപ്പോൾ ഫണ

www.malankaralibrary.com

മുയർത്തി നിൽക്കുകയാണ്. ഒന്ന് വിളിച്ച് നല്ലവാക്ക് പറഞ്ഞാലിങ്ങ് പോരും.... അതുചെയ്യാനുള്ള വലിപ്പം സഭകാണിച്ചാലുണ്ടല്ലോ കുഞ്ഞാടിനെപ്പോലെ വരും. വന്നാൽ അയാള് സഭയുടെ കൊടിപിടിക്കും"

ഔസേഫ് ചേട്ടൻ തൻെറ വിശ്വസ്തത സുഹൃത്തിനെ പറഞ്ഞയക്കുന്നതിന് പകരമാണ് ആനിതയ്യിലിൻെറ ഈ വാക്കുകൾ ഉദ്ധരിച്ച് ഒരു കളികളിക്കാൻ പുലിക്കുന്നൻ ശ്രമിച്ചത്. പുലിക്കുന്നേലിനെ ഒന്ന് വിളിക്കണം. സഭയുടെ കൊടിപിടിക്കാൻ അദ്ദേഹം തയ്യാറാണെന്ന് ആനിതയ്യിലിൻെറ വാക്കുകളിലൂടെ സഭയെ ഒന്ന് ഓർമ്മപ്പിക്കുവാൻ ശ്രമിക്കുകയാണ്.

ജോസഫ് പുലിക്കുന്നനെ ശരിക്കും പഠിച്ചിട്ടുള്ള ഒരു വനിതയായിരുന്നിരിക്കണം ശ്രീമതി ആനിതയ്യിൽ. കത്തോലിക്കാ സഭയെ ഒറ്റിക്കൊടുത്ത് ഹോളണ്ടിലെ പ്രോട്ടസ്റ്റന്റ് സഭകളുടെ സഹായം വാങ്ങി അവരുടെ കൊടി പിടിച്ചു നടക്കുന്ന പുലിക്കുന്നനെ, സഭാധികാരികൾ ഒന്ന് വിളിച്ചാൽ, സഭയുടെ കൊടി പിടിക്കുമെന്നാണ് ആനി തയ്യിൽ എഴുതിയിരിക്കുന്നത്. ഹോളണ്ടുകാർ കൊടുത്തതിനേക്കാൾ കൂടുതൽ കൊടുത്താലേ, അദ്ദേഹം സഭയുടെ കൊടിപിടിക്കുകയുള്ളുവെന്നും, ഇതിനേക്കാൾ കൂടുതൽ മറ്റാരെങ്കിലും കൊടുത്താൽ, സഭയുടെ കൊടി താഴെവച്ച് അവരുടെ കൊടിയുമെടുത്ത് പുലിക്കുന്നൻ പോകുമെന്നും ഉള്ള കാര്യം ശ്രീമതി ആനി തയ്യിൽ മനസ്സിലാക്കിയിരുന്നുവോ എന്തോ? കത്തോലിക്കാസഭ കൈ ഞൊടിക്കാതിരിക്കുകയും ഹോളണ്ടിലെ സഭ കൈവിടുകയും ചെയ്താൽ ഹിന്ദുത്വക്കൊടി പിടിക്കാൻ തയ്യാറാണെന്ന് പുലിക്കുന്നൻ ഇതിനകം വ്യക്തമാക്കികഴിഞ്ഞിട്ടുണ്ട്.

**മെത്രാന്മാർക്കെതിരെ.** സകല കത്തോലിക്കാ മെത്രാന്മാരെയും അടിച്ചു നിരപ്പാക്കി, സ്വഭാവതേജോവധം ചെയ്യുവാൻ, ഹോളണ്ടിൽ നിന്ന് ലഭിക്കുന്ന വിദേശ സഹായത്തിൻെറ പിൻബലത്തിൽ പുലിക്കുന്നേലിൻെറ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ഓശാന ശ്രമം തുടങ്ങിയിട്ട് വർഷങ്ങളായി. വ്യാജപ്പേരുവച്ച് പ്രസിൻെറ പേരു പോലും വയ്ക്കാതെ ഏതോ ഒരു ഓഫ്സെറ്റ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചുവെന്ന് ജോസഫ് പുലിക്കുന്നേൽ അവകാശപ്പെടുന്ന ഒരു ലഘുലേഖയുടെ പേരിൽ പാലാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പന് 16 പേജുകളായി ആറ് തുറന്ന കത്തുകൾ എഴുതിയ മഹാവീരനാണ് പുലിക്കുന്നൻ. അങ്ങാടിയിൽ തോറ്റതിന് അമ്മയോടു തന്നെ. കളരിക്ക് പുറത്തല്ലെങ്കിൽ ആശാൻെറ നെഞ്ചത്ത്, എന്നു പറഞ്ഞതുപോലെ മാർ പള്ളിക്കാപറമ്പിൽ തിരുമേനിയുടെ മേൽ കുതിര കയറാനാണ് പുലിക്കുന്നേലിൻെറ ശ്രമം. നാൽപ്പത് പേജിൽ പ്രതിമാസം പ്രസിദ്ധീകരിക്കുന്ന ഓശാനയിൽ 20 പേജിലധികം ഓരോ മാസവും മെത്രാന്മാരെ തേജോവധം ചെയ്യുവാനാണ് ഉപയോഗിക്കുന്നത്. ആർച്ച് ബിഷപ്പ് മാർ പൗവ്വത്തിൽ, ബിഷപ്പ് മാർ പള്ളിക്കാപറമ്പിൽ എന്നിവരെ വ്യക്തിപരമായി ആക്ഷേപിച്ചുകൊണ്ട് എത്രയെത്ര ലേഖനങ്ങളാണ് കഴിഞ്ഞ കുറേ നാളുകളായി ഓശാനയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. എന്നാൽ 1998 ജനുവരി, ഫെബ്രുവരി, മാർച്ച് ലക്കങ്ങളിൽ മെത്രാന്മാർക്കെതിരെ ഒന്നും തന്നെ എഴുതിയിട്ടില്ല. ആ ലക്കങ്ങളിലെല്ലാം ഏതാണ്ട് 16 പേജ് എനിക്കെതിരെയാണ്

www.malankaralibrary.com

പുലിക്കുന്നേൽ എഴുതിയിരിക്കുന്നത്. മനുഷ്യനെ കടിക്കാൻ ഇട്ടോടിക്കുന്ന പാമ്പും പട്ടിയുമൊക്കെ മനുഷ്യൻെറ വസ്ത്രമുരിഞ്ഞിട്ടു കൊടുത്താൽ അതിൽ കടിച്ച് ശൗര്യമടക്കുമെന്ന് കേട്ടിട്ടുണ്ട്. മെത്രാന്മാരെ കടിക്കാൻ ഓടിനടക്കുന്ന പുലിക്കുന്നൻ എൻെറ തുണിക്കടയിൽ കടിച്ച് ശൗര്യം തീർക്കുന്നതിൽ എനിക്കു സന്തോഷമാണ്. മെത്രാന്മാർ രക്ഷപ്പെടുമല്ലോ?

**ഓശാനയിലെ ദൈവശാസ്ത്രം** പുലിമടയിലെ കാമ ഗവേഷണം എന്ന തലക്കെട്ടിൽ ഞാനെഴുതിയ വിമർശന ലേഖനത്തിൻെറ ലക്ഷ്യം വ്യക്തമായിരുന്നു. ക്രൈസ്തവ പഠനകേന്ദ്രം ക്രിസ്തുവിന്റേയും ദാവീദിന്റേയുമൊക്കെ ലൈംഗികത കണ്ടെത്തുവാനുള്ള ഗവേഷണത്തിൽ ഒതുക്കുകയാണ് ശ്രീ പുലിക്കുന്നേൽ. ദാവീദ് മൂപ്പിൽ നായർ എന്ന കഥ അതിന് നല്ല ഉദാഹരണമാണെന്ന് ഞാൻ ചൂണ്ടിക്കാണിച്ചു. പത്രധർമ്മക്കാരനായ പുലിക്കുന്നൻ എൻെറ വിവിക്ഷ മനസ്സിലാക്കാൻ കൂട്ടാക്കിയില്ല. എൻെറ ലേഖനത്തിലെ ആശയങ്ങൾ കണ്ടില്ലെന്ന് നടിച്ചു. തലക്കെട്ടു പോലും പരാമർശിക്കാതെ എനിക്കു മറുപടി എഴുതിയതായി അഭിനയിച്ചു. വാസ്തവത്തിൽ വീണിടത്ത് കിടന്ന് ഉരുളുന്ന ഒരു തന്ത്രം പ്രയോഗിക്കുകയാണദ്ദേഹം ചെയ്തത്. സ്വയം ന്യായീകരിക്കാനായി സ്വന്തം കഥക്ക് അദ്ദേഹം ഒരു പുതിയ വ്യാഖ്യാനം എഴുതുകയായിരുന്നു. ദാവീദ് മൂപ്പിൽ നായർ എന്ന കഥ വായിച്ചിട്ട് എനിക്ക് അർത്ഥം മനസ്സിലായില്ലത്രെ. ഞാൻ സാഹിത്യബോധമില്ലാത്ത ഒരു നാട്ടു നസ്രാണിയായിരിക്കാം. എന്നാൽ നോവലിസ്റ്റും കഥാകൃത്തുമായ ജോസഫ് മറ്റത്തിനും പുലിക്കുന്നൻെറ കഥയുടെ അർത്ഥം മനസ്സിലായില്ലെന്നാണ് പുലിക്കുന്നൻ പറയുന്നത്. അതിനർത്ഥം സാധാരണ വായനക്കാർക്കും കലാ മർമ്മജ്ഞന്മാർക്കും മനസ്സിലാവാത്തതായിരുന്നു അദ്ദേഹത്തിൻെറ കഥ എന്നല്ലെ? പുലിക്കുന്നൻ ഇപ്പോൾ വ്യാഖ്യാനിച്ചു തരുന്ന അർത്ഥം അദ്ദേഹത്തിൻെറ കഥക്ക് ഉണ്ടെന്ന് അദ്ദേഹമാണോ പറയേണ്ടത്? എങ്കിൽ ഓരോ കഥക്കും വ്യാഖ്യാനവുമായി പിന്നാലെ നടക്കേണ്ട ഗതികേടിൽ അദ്ദേഹം എത്തിയിരിക്കുന്നു. ദുരുദ്ദേശമൊന്നുമില്ലെങ്കിൽ ഈ പണി നിർത്തുകയാണ് നല്ലത്.

ബെത്ഷെബായുടെ കിടപ്പറയിലെ ശയനസുഖമാസ്വദിച്ചിട്ടിറങ്ങി വരുന്ന ദാവീദ് മൂപ്പിൽ നായർ ആത്മഗതം ചെയ്യുന്നത് ഇതാണ്. "നിൻെറ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ". ഇത് സ്വർഗ്ഗത്തിൽ ദൈവത്തിൻെറ കൂടെ വസിക്കുന്നതിനെക്കുറിച്ചാണെന്ന് പുലിക്കുന്നൻ വ്യാഖ്യാനിച്ച് മനസ്സിലാക്കിത്തരുന്നു. മാത്രമല്ല ബെത്ഷേബായെ വ്യഭിചരിക്കുന്ന ഘട്ടത്തിലും മൂപ്പിൽ നായരുടെ മനസ്സ് ദൈവത്തിലായിരുന്നുവത്രെ. ഈ ന്യായീകരണം വായിച്ച് വിശ്വസിക്കുവാൻ പുലിക്കോടനച്ചനെപ്പോലുള്ള നവീനദൈവശാസ്ത്രജ്ഞന്മാർക്കും പ്രയാസം വരും. എനിക്കതു മനസ്സിലാകാത്തതിലത്ഭുതമില്ല. വേശ്യാലയത്തിൽ കയറിയാലും കുരിശുവരച്ചിട്ട് കയറണമെന്നായിരിക്കണമല്ലോ ഈ കഥയുടെ ഗുണപാഠം. ഇത് പുലിക്കുന്നൻെറ ദൈവശാസ്ത്രമാണ്. എനിക്കിത് സ്വീകാര്യമല്ല. ക്രിസ്ത്യാനികൾ ക്രൈസ്തവ പഠന കേന്ദ്രത്തിൻെറ ഈ നവീന ദൈവശാസ്ത്രം സ്വീകരിക്കുന്നതാപത്താണ് എന്നാണെൻെറ അഭിപ്രായം. അതു ഞാൻ പറയുമ്പോൾ എൻെറ തുണിക്കച്ചവടത്തെപ്പറ്റി വേറൊരു കഥയെഴുതുകയും പാർശ്വ

www.malankaralibrary.com

വർത്തികളെകൊണ്ട് ഊമക്കത്തുകളെഴുതിക്കുകയും ചെയ്യുകയാണ് പുലിക്കുന്നൻ. ആശയത്തെ ആശയം കൊണ്ട് എതിർക്കുന്ന പത്രധർമ്മമാണല്ലോ അദ്ദേഹത്തിന്റേത്. വായനക്കാരെല്ലാം ബുദ്ധിഹീനന്മാരെണെന്ന അദ്ദേഹത്തിന്റെ വിശ്വാസം അദ്ദേഹത്തെ എത്രകാലം രക്ഷിക്കും?

പുലിമടയിലെ കാമഗവേഷണം എന്ന എന്റെ ലേഖനത്തെപ്പറ്റി പുലിക്കുന്നൻ എഴുതിയിരിക്കുന്ന ഭാഗത്ത് കഥയുടെ വാച്യാർത്ഥം മനസ്സിലാക്കാനേ കച്ചിറമറ്റത്തിന് കഴിയൂ എന്ന് എഴുതിയിരിക്കുന്നു. എനിക്ക് ആ കഥ മനസ്സിലായാലും ഇല്ലെങ്കിലും പുലിക്കുന്നന് അശ്ലീലകഥയെഴുതുവാനുള്ള കഴിവിനെ ഞാൻ പ്രശംസിച്ചിട്ടുണ്ട്. ക്രൈസ്തവഗവേഷണവും മറ്റും നിറുത്തിയിട്ട് ആ രംഗത്തു തന്നെ പ്രവർത്തിക്കണമെന്ന് ഞാൻ പുലിക്കുന്നനോട് ആ ലേഖനത്തിൽ ആവശ്യപ്പെട്ടതും അതുകൊണ്ടാണ്.

**ഓശാനയുടെ പത്രധർമ്മം** - ഞാൻ ഓശാനയിലെ ഒരു എഴുത്തുകാരനല്ല എന്റെ അഭിപ്രായങ്ങൾ ഓശാനയിൽ കൂടി പ്രകടിപ്പിക്കണമെന്ന് ഞാൻ ഒരിക്കലും ആഗ്രഹിച്ചിട്ടുമില്ല. എങ്കിലും ഓശാന വായിക്കാറുണ്ട്. ഞാൻ എ. കെ. സി. സി. ബുള്ളറ്റിനിൽ എഴുതിയതും ദീപനാളം പുനഃപ്രസിദ്ധീകരിച്ചതുമായ ഭാരതീയ ക്രൈസ്തവപഠനകേന്ദ്രം - ചില ചിന്തകൾ എന്ന എന്റെ ലേഖനം 1997 നവംബർ ലക്കം ഓശാനയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതേപ്പറ്റി പുലിക്കുന്നേൽ എഴുതിയ 10 പേജുള്ള പ്രതികരണലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു."ശ്രീ കച്ചിറമറ്റത്തിന്റെ ലേഖനം പൂർണമായും ഞാൻ കൊടുത്തത് അദ്ദേഹത്തോട് നീതിചെയ്യാനാണ്. കാരണം പത്രപ്രവർത്തനത്തിൽ ന്യായാധിപൻ അനുവാചകരാണ്. ആ അനുവാചകർക്ക് സത്യം പൂർണ്ണമായി അറിയുവാനുള്ള അവകാശമുണ്ട്. ഓശാനയുടെ പേജുകൾ വളരെ പരിമിതങ്ങളാണ്. എങ്കിൽപോലും മാന്യമായ പത്രപ്രവർത്തനത്തിന്റേയും ആശയവിനിമയത്തിന്റേയും മാതൃകയാകേണ്ടത് ഓശാനയുടെ കടമയായതുകൊണ്ട് ഇതുചെയ്യുന്നു. ഞാൻ ഇവിടെ എഴുതിയ ഏതെങ്കിലും കാര്യത്തെക്കുറിച്ച് കച്ചിറമറ്റത്തിന് മറുപടിയുണ്ടെങ്കിൽ അത് ഓശാനയിൽ പ്രസിദ്ധീകരിക്കുവാൻ ഞാൻ തയ്യാറാണ്."

ഈ പ്രതികരണം അടങ്ങിയ ഓശാന എനിക്കയച്ചുതരികയും മറുപടിയുണ്ടെങ്കിൽ ഉടൻ തന്നെ അയച്ചുതരണമെന്നും അത് വള്ളിപുള്ളി വ്യത്യാസം കൂടാതെ ഓശാനയിൽ പ്രസിദ്ധീകരിക്കുന്നതാണെന്ന് എന്നെ അറിയിക്കുകയും ചെയ്തു പത്രധർമ്മം അനുസരിച്ച് അദ്ദേഹത്തിന്റെ മറുപടി എ. കെ. സി. സി. ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നാവശ്യപ്പെടുകയും ചെയ്തു. പുലിക്കുന്നേലിന്റെ വിശദീകരണത്തിനോ ആശയപ്രകാശനത്തിനോ ആയി ബുള്ളറ്റിന്റെ ഒരു ലൈൻപോലും വിനിയോഗിക്കുകയില്ലെന്ന് ടേലിഫോണിൽ അങ്ങോട്ട് തീർത്തുപറയുകയും ചെയ്തു. ഞാൻ മറുപടി അയച്ചുകൊടുത്തു. മറുപടിലഭിച്ചെന്നും അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കാമെന്നും എന്നെ അറിയിച്ചു. ഡിസംബർ ലക്കത്തിൽ കച്ചിറമറ്റം വിവാദം -1 എന്ന കുറിപ്പോടെ എന്റെ മറുപടിയുടെ അഞ്ചാം ഖണ്ഡികയിൽ ആരംഭിച്ച പരമ്പര, കയീൻ കോപം കച്ചിറമറ്റം വിവാദം എന്ന പേരിൽ ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുകയാണ് നാലു

www.malankaralibrary.com

ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചു. അതുമുഴുവൻ പൂർത്തിയാകുമ്പോൾ എൻെറ പ്രതികരണം ഞാൻ അറിയിച്ചുകൊള്ളാം.

ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രത്തെപ്പറ്റി ഞാൻ ഇതിനകം നാലുലേഖനങ്ങളാണ് എഴുതിയിട്ടുള്ളത്. "ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രത്തിൻെറ വിചാരണയും കുറെ സത്യങ്ങളും" എന്നതായിരുന്നു ആദ്യലേഖനം. പുലിക്കുന്നേൽ കൊട്ടിഘോഷിച്ച പത്രധർമ്മത്തിൻെറ അടിസ്ഥാനത്തിൽ ആ ലേഖനം പ്രസിദ്ധീകരിക്കാതെ, ആഗസ്റ്റ് ലക്കത്തിൽ കത്തോലിക്കാ കോൺഗ്രസ്സിനെ ശവപ്പെട്ടിപണിക്കനായി ചിത്രീകരിച്ച് ഒരു ചോദ്യോത്തര പംക്തിയാണ് പുലിക്കുന്നൻ എഴുതിയിരിക്കുന്നത്. "ഭാരതീയ ക്രൈസ്തവപഠന കേന്ദ്രം ചില ചിന്തകൾ" എന്ന എൻെറ രണ്ടാമത്തെ ലേഖനം പൂർണ്ണമായി പ്രസിദ്ധീകരിച്ചാണ് ഓശാനയുടെ പത്രധർമ്മം വിളംബരം ചെയ്തത്, മൂന്നാമത്തെ എൻെറ ലേഖനം "ഭാരതീയ ക്രൈത്വ പഠന കേന്ദ്രവും മഠം ചാടിയ മദറും" എന്നതും നാലാമത്തെ എൻെറ ലേഖനം "പുലിമടയിലെ കാമഗവേഷണം എന്നതുമായിരുന്നു. ഈ മൂന്നും നാലും ലേഖനങ്ങൾ പൂർണ്ണമായി പ്രസിദ്ധീകരിക്കാതെ അദ്ദേഹം ഓശാനയിലൂടെ മറുപടി എഴുതിയിരിക്കുന്നു. ഈ മറുപടി എഴുതിയപ്പോൾ പുലിക്കുന്നേൽ കൊട്ടിഘോഷിച്ച ഓശാനയുടെ മാന്യമായ പത്രധർമ്മം എവിടെപ്പോയി. വാക്കുമാറുന്നതിൽ യാതൊരു സങ്കോചവും കാണിക്കാത്ത പുലിക്കുന്നൻ എൻെറ മറുപടി പ്രസിദ്ധീകരിക്കാതെയാണ് പുലിമടക്ക് മറുപടിയെഴുതിയത്.

നവംബർ ലക്കം ഓശാനയിൽ പുലിക്കുന്നൻ എഴുതിയിരിക്കുന്ന "പ്രതിപക്ഷ ബഹുമാനം സംസ്ക്കാരത്തിൻെറ ലക്ഷണമാണ്. ആ ബഹുമാനം ഹൃദയത്തിൽ കൊണ്ടു നടക്കാത്ത പുരോഹിതരും പത്രാധിപരും ദുർമാതൃകയാണ് പത്രപ്രവർത്തനരംഗത്ത് സൃഷ്ടിക്കുന്നത്". പ്രതിപക്ഷ ബഹുമാനത്തെപ്പറ്റി എഴുതിയ പുലിക്കുന്നൻെറ ഏതെങ്കിലും ഒരു ലേഖനത്തിൽ - പ്രസംഗത്തിൽ- സംസാരത്തിൽ പ്രതിപക്ഷ ബഹുമാനം കണ്ടെത്തുവാൻ സാധിക്കുമോ?

പുസ്തകപാരായണത്തിനു താൻ ധാരാളം സമയം കണ്ടെത്തുന്നുവെന്ന് സ്വയം അഭിമാനിച്ചുകൊണ്ട് ദീപനാളം വരുത്തിത്തുടങ്ങുന്നതിന് ആലോചിച്ചു തുടങ്ങിയ സന്ദർഭത്തിൽ ഞാൻ ദീപനാളത്തിൽ എഴുതിയ ലേഖനം ഓശാനയിൽ പ്രസിദ്ധീകരിക്കപ്പെട്ടുകണ്ടതിൻെറ പേരിൽ ദീപനാളം വരുത്തി വായിക്കുവാനുള്ള പരിപാടി ഉപേക്ഷിച്ചുകളഞ്ഞ ഈശോസഭ വൈദീകനായ ഫാ. ജേക്കബ് പുലിക്കോടൻ ശ്രീ പുലിക്കുന്നൻെറ പ്രതിപക്ഷബഹുമാനത്തെപ്പറ്റി ഒരു ഗവേഷണം നടത്താൻ ശ്രമിക്കുന്നത് നന്നായിരിക്കും!

ജനുവരി ലക്കത്തിൽ പുലിക്കുന്നൻ എഴുതിയിരിക്കുന്നു. "ഏത് വിവാദത്തിനും ആശയപരമായി ഒരു കളമുണ്ട്. ആ കളത്തിനുള്ളിൽ നിന്നു കൊണ്ടുള്ള സംവാദം അനുവാചകരുടെ അറിവിൻെറ ചക്രവാളത്തെ വർദ്ധിപ്പിക്കും. വിഷയത്തെക്കുറിച്ച് പുതിയ കാഴ്ചപ്പാട് അവർക്കു ലഭിക്കാൻ ഇടയാകും. ഹോക്കികളിയിൽ ഗോളടിക്കാൻകഴിയാതെ വരുമ്പോൾ സ്റ്റിക്കുകൊണ്ട് പന്തിനെ അടിക്കുന്നതിനു പകരം എതിർക്കളിക്കാരനെതന്നെ അടിച്ചവശനാക്കി കളി ജയിക്കാമെന്ന് വ്യാമോഹിക്കുന്ന മാനസികാവസ്ഥയിൽ ഒരാൾ ചെന്നുപെട്ടാൽ ആ അടി

www.malankaralibrary.com

തടുക്കാതിരിക്കുവാൻ പറ്റുകയില്ലല്ലോ" പുലിക്കുന്നേൽ എഴുതിയ ആ മാനസികാവസ്ഥയിൽ അദ്ദേഹം തന്നെ എത്തിച്ചേർന്നിരിക്കുന്നു. അതുകൊണ്ടാണ് അദ്ദേഹം സകല ബാലൻസും വിട്ട് എന്നെ വ്യക്തിപരമായി തേജോവധം ചെയ്യാൻ മാർച്ച് ലക്കത്തിൽ എൻെറ തുണിക്കടയെപ്പറ്റിയും മറ്റും പല സ്വപ്നകഥകളും രചിച്ച് എഴുതിയിരിക്കുന്നത്.

<u>ഞാൻ കഥയെഴുതണോ?</u> കെട്ടുകഥകളുണ്ടാക്കി ആളുകളെ തേജോവധം ചെയ്യുന്നത് അത്ര മിടുക്കൊന്നുമല്ല. അതേ നാണയത്തിൽ തന്നെ കെട്ടുകഥകളെഴുതി തിരിച്ചടിക്കാൻ ശ്രമിക്കാത്തത് ഒരു ബലഹീനതയായി കണക്കാക്കരുത്. ആശയങ്ങളെ ആശയങ്ങൾകൊണ്ട് എതിർക്കണമെന്ന തത്വം പറയുന്നവർ എൻെറ ബ്ലൗസ് കച്ചവടത്തെപ്പറ്റി കഥയെഴുതുന്നത് കണ്ണാടിക്കൂട്ടിൽ ഇരുന്ന് കല്ലെറിയുകയാണെന്ന് ഓർത്താൽ നന്ന്.

വർഷങ്ങൾക്കു മുമ്പ് നഗരത്തിലൂടെ നഗ്നനായി ഓടിയ വിവരം കോഴിക്കോട് കോടതിയിൽ സ്വയം ഏറ്റുപറഞ്ഞ സംഭവം ഞാനൊരു കഥയാക്കിയാലോ? ലോത്തിന് മദ്യം നൽകി മകൾ സഹശയനം നടത്തിയ കഥ വായിച്ച് സ്വപ്ന സുഖത്തിലാണ്ടുപോയ ഒരു പുലികണ്ടക്കുറിപ്പ് ഞെട്ടിയുണർന്നപ്പോൾ മകൾ ശാപ വെടിയേറ്റ് മരിച്ചു കിടക്കുന്നതായി ഒരു കഥ ഞാനെഴുതിയാലോ?

**പുലിക്കുന്നേലിൻെറ മറുപടികൾ.** കൊക്കു മീൻ പിടിക്കുന്നതുപോലെയാണ് പുലിക്കുന്നൻെറ മറുപടിയെഴുത്ത്. പിടിയിലൊതുങ്ങാത്ത വലിയ മത്സ്യം വരുമ്പോൾ കണ്ണടച്ചുകളയും. ചെറിയ മൽസ്യങ്ങളെ കൊത്തിക്കീറി കോളം (വയർ) നിറയ്ക്കും. തനിക്ക് പറ്റുന്ന മണ്ടത്തരങ്ങൾ ഒരിക്കലും സമ്മതിക്കുകയില്ല. താനെഴുതുന്നതൊക്കെ മറുപടിയാണെന്ന് മറ്റുള്ളവർ ധരിച്ചുകൊള്ളണം. ആശയത്തെ ആശയം കൊണ്ട് നേരിടാനാവാതെ വരുമ്പോൾ പരിഹാസം കൊണ്ടും കെട്ടുകഥകൾകൊണ്ടും പ്രതിയോഗിയെ തേജോവധം ചെയ്യും. ഓരോന്നിനും ഉദാഹരണങ്ങൾ സുലഭമാണ്. ഈ പുതിയ വിവാദം ആരംഭിച്ചതിനുശേഷമുള്ള ഒന്നുരണ്ട് ഉദാഹരണങ്ങൾ പറയാം. ലാസറിൻെറ പെങ്ങൾ മറിയം ക്രിസ്തുവിനെ മടിയിൽ പിടിച്ചു കിടത്തി ചുണ്ടിൽ ചുംബിക്കുകയും ക്രിസ്തു പേടിയാകുന്നേ എന്ന് നിലവിളിക്കുകയും ചെയ്തതായി ഒരു സംഭവം സക്കറിയായുടെ കണ്ണാടിക്കഥയിലുണ്ടായിരുന്നു. അത് ചരിത്രത്തിനും ക്രിസ്തുവിൻെറ സ്വഭാവത്തിനും ചേരാത്തതല്ലേയെന്ന് ഏ. കെ. സി. സി. ബുള്ളറ്റിനിലൂടെ ഞങ്ങൾ ചോദിച്ചു. അതിന് പുലിക്കുന്നേലിൻെറ മറുപടി കുമാരനാശാൻെറ ലീല, കാമുകൻെറ നെഞ്ചത്തും നെറ്റിയിലും ചുംബിച്ചില്ലേ എന്നു മറുചോദ്യമായിരുന്നു. ഇത് രണ്ടും ഒന്നു പോലെയാണെന്ന് പുലിക്കോടനച്ചൻപോലും പറയുകയില്ല. കണ്ണാടിക്കഥയിൽ അശ്ലീലമില്ലെന്ന് പുലിക്കുന്നൻ സർട്ടിഫൈ ചെയ്തു. യേശു ഇരുന്ന മുറിയിലേക്ക് ഒരു പൂവ്വൻകോഴി, പിടക്കോഴിയെ ഓടിച്ചുകൊണ്ടുവന്നിട്ട് കാര്യം നടക്കാതെ മടങ്ങിപ്പോയ സംഭവം അശ്ലീലമാണെന്ന് സാഹിത്യകാരനായ (സാഹിത്യമറിയാത്ത കച്ചിറമറ്റമല്ല) ബാബു കുഴിമറ്റം എഴുതിയിരുന്നതിനെക്കുറിച്ച് എന്തുപറയുന്നു എന്ന് ഏ. കെ. സി. സി. ബുള്ളറ്റിനിലൂടെ ഞങ്ങൾ ചോദിച്ചു. മറുപടി വീരനായ പുലിക്കുന്നൻ ആ ചോദ്യം കേട്ടതായി ഭാവിച്ചില്ല.

www.malankaralibrary.com

വേദശാസ്ത്ര പണ്ഡിതനും ഗവേഷകനുമായ പുലിക്കുന്നൻ, "മരിച്ചടക്ക് എന്ന കൂദാശ"യെപ്പറ്റി ഓശാനയിൽ എഴുതിയിരുന്നു. മരിച്ചടക്കു കൂദാശയാണെന്ന് ഏതു സഭാവിജ്ഞാനീയത്തിലാണ് പറയുന്നത്. സ്വന്തം വികാരിയോടെങ്കിലും ചോദിച്ചിട്ട് ഉത്തരം തരണമെന്ന് ഞങ്ങൾ പറഞ്ഞു. പുലിക്കുന്നൻ ആ ചോദ്യം കേട്ടതായി ഭാവിച്ചില്ല. തനിക്കു പറ്റിയ മണ്ടത്തരം തുറന്നു സമ്മതിച്ചതുമില്ല. ഒരിക്കലും തെറ്റു സമ്മതിക്കാതിരിക്കുക, അസൗകര്യമുണ്ടാക്കുന്ന ചോദ്യങ്ങൾ കേട്ടതായി ഭാവിക്കാതിരിക്കുക, ചോദിക്കുന്നതിന് ഉത്തരം പറയാതെ വേറെവല്ല തുമൊക്കെ പരത്തിപ്പറഞ്ഞ് പുകപടലം സൃഷ്ടിച്ച് രക്ഷപെടുക, പ്രതിയോഗിയുടെ മുഖത്ത് കെട്ടുകഥയും പരിഹാസവുംകൊണ്ട് അമേധ്യമെറിഞ്ഞുകൊണ്ട് മടുപ്പിച്ച് പിന്തിരിപ്പിക്കുക ഇതൊക്കെയാണ് "ആശയത്തെ ആശയം കൊണ്ടെതിർക്കുന്ന "ഓശാന"ക്കളിക്കള"ത്തിൽ"വാതപ്രതിപാത" വിരുതുകൊണ്ട് ജോസഫ് പുലിക്കുന്നേൽ പ്രദർശിപ്പിക്കുന്ന പത്രധർമ്മം അഥവാ ദാവീദ് മൂപ്പിൽ നായരെ സൃഷ്ടിച്ച സാക്ഷാൽ പുലിക്കണ്ടക്കുറുപ്പിന്റെ പഴയ പന്നിവളർത്തുകേന്ദ്രത്തിലെ പുതിയ ഗുഡ് സമരട്ടൻ"ധർമ്മ"ക്കഞ്ഞി. (പന്നിവളർത്തൽ കേന്ദ്രവും ടെയിലറിംഗ് സെന്ററും അവിടത്തെ കുട്ടികളുടെ വാക്കുകൾ ഉൾക്കൊള്ളുന്ന ടേപ്പും പ്രത്യേക പഠനവിഷയമാക്കേണ്ടതാണ്.)

വ്യക്തികളെ തേജോവധം ചെയ്യാൻ ഏത് മാർഗ്ഗവും സ്വീകരിക്കുന്നത് ശരിയല്ല. 30 വർഷം മുൻപ് എഴുതിയ കഥയിലെയും നോവലിലെയും ഭാഗങ്ങൾ ഈയിടെ എഴുതിയതാണെന്ന് തോന്നത്തക്കവിധത്തിൽ ഉദ്ധരിക്കുകയും എഴുത്തുകാരൻ പ്രതിഷേധിക്കുമ്പോൾ ഒരു തിരുത്ത് കൊടുക്കുകയും ചെയ്യുന്ന പുലിക്കുന്നന്റെ "പ്രതിപക്ഷബഹുമാന പ്രവർത്തനങ്ങൾ" നിറുത്തുകയാണ് നല്ലത്.

## അൽമായ അസോസിയേഷൻ

"കേരള കത്തോലിക്കാസമുദായത്തിന് കർമ്മശേഷിയും, ഭാവനയും കരുത്തും ഉള്ള ഒരു സംഘടനയുടെ ആവശ്യത്തെക്കുറിച്ചും ഇക്കാര്യത്തിൽ മുൻകൈയെടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും പല മാന്യവായനക്കാരും പലപ്പോഴും എനിയ്ക്കെഴുതാറുണ്ട്. കേരള കത്തോലിക്കാസമുദായത്തിൽ "ഓശാനയുടെ" ഭാവനയനുസരിച്ചുള്ള പരിവർത്തനത്തിനും, നവീകരണത്തിനുമായി സംഘടിതമായ പ്രവർത്തനവും സംഘടിതമായ ചർച്ചയും ആവശ്യമാണെന്നതിൽ രണ്ടുപക്ഷമില്ല. എന്നാൽ ഇത്തരം ഒരു സംഘടനയുടെ രൂപീകരണവും പ്രവർത്തനവും വലിയ ഉത്തരവാദിത്വമുള്ളതാകയാൽ "സമയമായില്ല" എന്ന് മനസ്സിൽകണ്ട് മാറിനിൽക്കുകയായിരുന്നു. എന്നാൽ ഇത്തരം മാറിനിൽപ്പ് ഇന്ന് കൃത്യവിലോപമാകുമോ എന്ന് തോന്നിത്തുടങ്ങിയിരിക്കുന്നു."

1978 മേയ് ലക്കം ഓശാനയിൽ ജോസഫ് പുലിക്കുന്നൻ എഴുതിയ വാക്കുകളാണിവ. ഓശാന വായനക്കാരുടെ താല്പര്യപ്രകാരം ഓശാനയുടെ ഭാവനയനുസരിച്ചുള്ള സമുദായ പരിവർത്തനം മുൻനിറുത്തി ജോസഫ് പുലിക്കുന്നന്റെ നേതൃത്വത്തിൽ രൂപം കൊണ്ട കേരള കത്തോലിക്കാ അൽമായ അസോസിയേഷൻ ഇന്ന് എവിടെ? അസോസിയേഷന്റെ അകാലചരമം എന്നായിരുന്നു?

www.malankaralibrary.com

# 9. സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ ക്രുദ്ധനാം സർപ്പത്തേക്കാളേറ്റവും പേടിക്കേണം

ഭാരതീയ ക്രൈസ്തവപഠനകേന്ദ്രം- ചില ചിന്തകൾ എന്ന ശീർഷകത്തിൽ എ.കെ.സി.സി. ബുള്ളറ്റിനിൽ ഞാൻ എഴുതിയ ലേഖനം, ഒരു പ്രതികരണത്തോടുകൂടി ഓശാനയുടെ നവംബർ ലക്കത്തിൽ ജോസഫ് പുലിക്കുന്നൻ പ്രസിദ്ധീകരിക്കുകയുണ്ടായി. ആ പ്രതികരണത്തെപ്പററി എൻെറ അഭിപ്രായം എഴുതി തന്നാൽ ഓശാനയിൽ അത് പ്രസിദ്ധീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. പ്രതികരണം ഞാൻ എഴുതി അയച്ചുകൊടുത്തു. പ്രതികരണത്തിൽ കുറെ ഭാഗം ഡിസംബർ ലക്കത്തിലും ബാക്കി ഭാഗം വള്ളിപുള്ളി വിടാതെ പിന്നീടുള്ള ലക്കങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണെന്നും കത്തു മൂലം പുലിക്കുന്നൻ എന്നെ അറിയിച്ചു.

വള്ളിപുള്ളി വിടാതെ പ്രസിദ്ധീകരിക്കുമെന്ന് പറഞ്ഞ പുലിക്കന്നൻ എൻെറ പ്രതികരണത്തിലെ അഞ്ചാം ഖണ്ഡിക ഡിസംബർ ലക്കത്തിൽ കച്ചിറമറ്റം വിവാദം -1എന്നെഴുതി``സത്യധർമ്മാദി വെടിഞ്ഞു നടക്കും മനുഷ്യനെ ക്രുദ്ധനാം സർപ്പത്തേക്കാളേറ്റവും പേടിക്കണം`` എന്ന ശീർഷകത്തോടെയാണ് പ്രസിദ്ധീകരിച്ചത്. മഹാപണ്ഡിതനായ പുലിക്കുന്നൻ സംഭവ പർവ്വത്തിലെ വാക്കുകൾ വികലമാക്കിയാണ്(വെടിഞ്ഞീടിന പുരുഷനെയെന്നത് വെടിഞ്ഞു നടക്കും പുരുഷനെ) ഓശാനയിൽ ചേർത്തിരിക്കുന്നത് എന്നു തന്നെയുമല്ല ആ വാക്കുകൾ സാരോപദേശത്തിൽ നിന്നും എടുത്തതായും എഴുതിയിരിക്കുന്നു. സത്യം ഒരിക്കലും പറയുകയില്ലെന്ന് ദൃഢപ്രതിജ്ഞ ചെയ്തിരിക്കുകയാണെന്നു തോന്നും ഈ ഉദ്ധരണി പ്രയോഗം കണ്ടാൽ "പുലിക്കുന്നൻെറ മേലുദ്ധരിച്ച ഉദ്ധരണി പ്രയോഗത്തിൻെറ ലക്ഷ്യമെന്താണ്.` സത്യധർമ്മാദി വെടിഞ്ഞു നടക്കുന്ന ഒരു മനുഷ്യനാണു ഞാൻ. ക്രുദ്ധനായ സർപ്പത്തേക്കാൾ നീ എന്നെ പേടിക്കണം സൂക്ഷിച്ചോ`` എന്ന ഒരു താക്കീത് നൽകുകയെന്നതായിരിക്കാം ലക്ഷ്യം( യഥാർത്ഥത്തിൽ സത്യധർമ്മാധി വെടിഞ്ഞു നടക്കുന്നയാളാണ് താനെന്ന് ഒരു കോടതി വിധിയും അദ്ദേഹം സമ്പാദിച്ചിട്ടുണ്ടല്ലോ)

എൻെറ മറുപടി ലേഖനത്തിലെ അഞ്ചാം ഖണ്ഡിക എന്തുകൊണ്ട് അദ്ദേഹം ആദ്യം പ്രസിദ്ധീകരിച്ചു. അമേരിക്കൻ പ്രസിഡൻറായിരുന്ന നിക്സനെ കുടുക്കിയ ടേപ്പുപോലെ, ഒരു ടേപ്പു കാണിച്ച് എന്നെ ഭയപ്പെടുത്താമെന്നാണ് പുലിക്കുന്നൻ പ്രതീക്ഷിച്ചത്. ഞാൻ നിഷേധിച്ച കാര്യം- തെറ്റാണെന്ന് സ്ഥാപിക്കുവാൻ എൻെറ പ്രസംഗ ഭാഗം ഉൾക്കൊള്ളുന്നുവെന്ന് പറയപ്പെടുന്ന ടേപ്പ് പ്രസിദ്ധീകരിച്ച് എന്നെ ഭയപ്പെടുത്തുക. ടേപ്പിലേതെന്ന് പറയപ്പെടുന്ന പ്രസംഗഭാഗം പ്രസിദ്ധീകരിക്കുന്നതിന് മുൻപ് അതിന് അദ്ദേഹം നൽകിയ വ്യാപകമായ പ്രചരണം ആ ഉദ്ദേശത്തോടുകൂടിയായിരുന്നു.``കച്ചിറമററത്തിൻെറ പ്രസംഗം അടങ്ങിയ ടേപ്പിലെ ഭാഗം അടുത്തലക്കം ഓശാനയിൽ പ്രസിദ്ധീകരിക്കും. അതിനു മുൻപ് പുലിക്കുന്നനുമായി രമ്യപ്പെടണം``എന്ന് പലരും എന്നോട് പറഞ്ഞു. എനിക്ക് ആ ഉപദേശം നൽകിയവരും പിന്നീട് മദ്ധ്യസ്ഥന്മാർ എന്ന ഭാവേന എന്നെ സമീപിച്ചവരും പുലിക്കുന്നൻ പറഞ്ഞയച്ചവരായിരിക്കും എന്നാണെൻെറ നിഗമനം.

www.malankaralibrary.com

അഞ്ചാം ഖണ്ഡിക ആദ്യം പ്രസിദ്ധീകരിച്ചതിനു ശേഷം ബാക്കി ഭാഗങ്ങൾ പ്രസിദ്ധീകരിക്കാതിരിക്കുവാൻ പുലിക്കുന്നൻ പല അടവുകളും പ്രയോഗിച്ചു. 1997 ഡിസംബർ 2ാം തീയതി എനിക്കയച്ച കത്തിൽ പുലിക്കുന്നൻ ഇപ്രകാരം എഴുതിയിരിക്കുന്നു. ``വെല്ലിംഗ്ടണെ ഈയിടെ കണ്ടപ്പോൾ കച്ചിറമറ്റവുമായി എന്താണ് പ്രശ്നമെന്നും, ഇത് അവസാനിപ്പിക്കുന്നത് ഉചിതമാണെന്നും പറഞ്ഞു............... ആരെയും മുറിവേൽപ്പിക്കണമെന്ന് എനിക്കാഗ്രഹമില്ല. പക്ഷെ കച്ചിറമറ്റത്തിന്റെ കത്ത് മുഴുവൻ പ്രസിദ്ധീകരിക്കുമെന്ന് വാക്കു കൊടുത്ത ശേഷം, അദ്ദേഹത്തിന്റെ അനുവാദമില്ലാതെ പിൻവാങ്ങുന്നത് ശരിയല്ലെന്ന് ഞാൻ വെല്ലിംഗ്ടണോട് പറഞ്ഞിട്ടുണ്ട്.`` ഇതിൽ നിന്നും പുലിക്കുന്നൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് വായനക്കാർ വിധിക്കുക. ടേപ്പ് പ്രസിദ്ധീകരിക്കുമെന്ന് പറഞ്ഞു വിട്ടപ്പോൾ അദ്ദേഹത്തോട് പ്രസിദ്ധീകരിക്കരുതേ എന്ന് ഞാൻ ചെന്ന് അഭ്യർത്ഥിക്കുമെന്ന് വിചാരിച്ചിരിക്കാം. അത് നടന്നില്ല. ബാക്കി ഭാഗം പ്രസിദ്ധീകരിക്കാതിരിക്കാനുള്ള മാർഗ്ഗമാണ് പുലിക്കുന്നൻ തേടിയത്. എന്റെ സ്നേഹിതൻ വെല്ലിംഗ്ടൺ പറഞ്ഞുവെന്നു പറഞ്ഞാൽ, ഇനിയുള്ളതെല്ലാം പ്രസിദ്ധീകരിക്കണ്ടായെന്ന് ഞാൻ പറയുമെന്നാണ് അദ്ദേഹം പ്രതീക്ഷിച്ചത്. തുടരട്ടെയെന്നു തന്നെ ഞാൻ തീരുമാനിച്ചു. അങ്ങനെ പുലിക്കുന്നൻ എറിഞ്ഞ പടക്കം ചീററിപ്പോയി.

കുപിതനായ പുലിക്കുന്നൻ എഴുതിയിരിക്കുകയാണ്, അദ്ദേഹത്തിന്റെ ലേഖനത്തിൽ വിദൂര പരാമർശം പോലുമില്ലാത്ത കാര്യങ്ങൾ സ്വഭാവഹത്യാ കുതുകത്തിൽ പരിസരബോധമില്ലാതെ കച്ചിറമററം എഴുതിയിരിക്കുന്നു വെന്ന് . തുടർന്നദ്ദേഹം ഞാൻ ഉന്നയിച്ച ഒരു കാര്യത്തെപ്പററിയും മറുപടി പറയാതെ എന്നെ വ്യക്തിപരമായി തേജോവധം ചെയ്യാൻ ശ്രമിച്ചു. നിരവധി കഥകൾ മെന ഞ്ഞെടുത്തു. ``ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തുക തന്നെ`` പുലിക്കുന്നൻ ചെയ്തു.

സ്വകാര്യ സംഭാഷണത്തിൽ പറയുന്ന കാര്യങ്ങൾ മാന്യതയുള്ളവരാരും വിളിച്ചു പറയുകയില്ല. ഇരുവരുടെയും സമ്മതമില്ലാതെ സ്വകാര്യസംഭാഷണത്തിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നവനാണ് ഏററം വലിയ നീചൻ. എന്നാൽ സ്വകാര്യ സംഭാഷണത്തിൽ പരാമർശിക്കുക പോലും ചെയ്യാത്ത കാര്യങ്ങൾ പറഞ്ഞതായി കെട്ടിച്ചമച്ചുണ്ടാക്കി പ്രസിദ്ധപ്പെടുത്തുന്നവനെ എങ്ങിനെയുള്ള നീചൻ എന്നാണ് വിളിക്കേണ്ടത്. വായനക്കാർ വിധിക്കട്ടെ. പുലിക്കുന്നൻ ഏപ്രിൽ ലക്കം ഓശാനയിൽ എഴുതിയിരിക്കുന്നു. ``റോമിൽ നടന്ന സീറോ - മലബാർ മെത്രാന്മാരുടെ സൂനഹദോസിൽ പങ്കെടുക്കാനുള്ള അവകാശം മെത്രാന്മാർ അംഗീകരിച്ചിട്ടുള്ള കത്തോലിക്കാ കോൺഗ്രസിന്റെ പ്രസിഡൻറായ തനിക്കായിരുന്നുവെന്നും അഡ്വ. കുര്യൻ ജോസഫിനെ കൊണ്ടു പോയത്. അൽമേയരോട് കാണിച്ച അവഗണനയായിരുന്നുവെന്നും എന്നെ ബോദ്ധ്യപ്പെടുത്തുവാൻ അദ്ദേഹം പരിശ്രമിച്ചതും ഞാനോർക്കുന്നു`` വായനക്കാർ ഇത് ശരിയാണെന്ന് വിശ്വസിക്കും. പക്ഷെ സത്യമെന്ത്? റോമിൽ സീറോ- മലബാർ സിനിഡ് നടക്കുമ്പോൾ ഞാൻ കത്തോലിക്കാ കോൺഗ്രസിന്റെ പ്രസിഡന്റ് അല്ലായിരുന്നു. പ്രസിഡന്റ് അല്ലാത്ത ഞാൻ, പ്രസിഡൻറായ എന്നെ കൊണ്ടുപോകേണ്ടതായിരുന്നു വെന്ന്

www.malankaralibrary.com

ആരോടെങ്കിലും പറയുമോ? ഈ യാഥാർത്ഥ്യം വായനക്കാർ അറിയുമ്പോഴാണ് പുലിക്കുന്നൻെറ കള്ളത്തരം മനസ്സിലാക്കുക.

കോഴിക്കോട്ട് ജില്ലാ മജിസ്ട്രേററ് കോടതിയിൽ ദേവഗിരി കോളേജ് പ്രിൻസിപ്പൽ തുടങ്ങി 8 പേരെ പ്രതികളാക്കി 1965-ൽ ജോസഫ് പുലിക്കുന്നൻ കൊടുത്ത മാനനഷ്ടകേസിൻെറ വിധിന്യായത്തിൽ പരാതിക്കാരനെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു`` THE COMPLAINENT IS A PERSON HAVING LITTLE RESPECT FOR TRUTH AND HAS NO COMPUNCTION IN GIVING ANY NUMBER OF PRE-VARICATIONS WITHOUT ANY PRICK OF CONSCIENCE``(പരാതിക്കാരൻ സത്യത്തോട് യാതൊരു ബഹുമാനവുമില്ലാത്തവനാണ്. കൂടാതെ അയാൾക്ക് പശ്ചാത്താപമില്ലാതെ എത്ര തവണയും വാക്കു മാററി പറയുന്നതിന് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല.)

മൂന്നു ദശാബ്ദങ്ങൾക്കു മുൻപ് പുലിക്കുന്നനെപ്പററി ഒരു ബഹുമാനപ്പെട്ട കോടതി പറഞ്ഞ വസ്തുത ഇന്നും പുലിക്കുന്നനിൽ യാതൊരു കോട്ടവും തട്ടാതെ നിലകൊള്ളുന്നു എന്നതിൻെറ ഒന്നാം തരം തെളിവാണ്, സ്വകാര്യ സംഭാഷണത്തിൽ ഞാൻ പുലിക്കുന്നനോട് പറഞ്ഞതായി അദ്ദേഹം കെട്ടിച്ചമച്ച് പ്രസിദ്ധീകരിച്ച മേൽപ്പറഞ്ഞ കഥ.

പുലിക്കുന്നൻെറ ലേഖനത്തിൽ പരാമർശിക്കാത്ത ഒരു വിഷയത്തെപ്പററിയും എൻെറ മറുപടിയിൽ ചർച്ച ചെയ്തിട്ടില്ല. കത്തോലിക്കാ കോൺഗ്രസിൻെറ പണി ശവപ്പെട്ടി നിർമ്മാണമാണെന്ന് പുലിക്കുന്നൻ എഴുതി. എ.കെ.സി.സി. നിർമ്മിച്ച ശവപ്പെട്ടിയിൽ ആദ്യം അടക്കിയത് പുലിക്കുന്നൻ രൂപം കൊടുത്ത-വൈദീക നിയന്ത്രണമില്ലാത്ത കത്തോലിക്കാ അൽമേയാ അസോസിയേഷനെയാണെന്ന് ഞാൻ മറുപടിയിൽ എഴുതി. എ.കെ.സി.സി. അവാർഡ് കൊടുക്കുന്നതിനെയും എ.കെ.സി.സിയുടെ അവാർഡ് സ്വീകരിക്കുന്നവരേയും പുച്ഛരിച്ച് പുലിക്കുന്നൻ എഴുതിയപ്പോൾ, അൽമേയാ അസോസിയേഷൻ ഒരു വർഷം മാത്രം കൊടുത്ത അവാർഡ് പിന്നീട് കൊടുക്കാത്തത് വാങ്ങിക്കുവാൻ ആരും തയ്യാറാകാഞ്ഞിട്ടാണെന്ന് ഞാൻ എഴുതി.

അൽമേയാ അസോസിയേഷൻ ഇപ്പോൾ എവിടെ എന്ന ചോദ്യത്തിന് അദ്ദേഹം എഴുതിയ മറുപടിയിൽ ഇപ്രകാരം കാണുന്നു``ഓരോ സംഘടനയ്ക്കും അതിൻെറതായ ലക്ഷ്യങ്ങളുണ്ട്. അൽമേയാ അസോസിയേഷൻെറ ലക്ഷ്യം അൽമേയാ സമൂഹത്തെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുകയും അവരുടെ അവകാശങ്ങളെ നിഷേധിക്കുന്ന ഘടനകളെ ഉഴുതുമറിക്കുന്നതിനുള്ള ചിന്താപ്രവാഹം ഉണ്ടാക്കുകയും ആയിരുന്നു. ഇത് ചരിത്രപരമായ ഒരു ദൗത്യം മാത്രം`` ആ ദൗത്യം പൂർത്തീകരിക്കപ്പെട്ടതിനു ശേഷമാണോ അൽമേയാ അസോസിയേഷൻ പിരിച്ചു വിട്ടത് എന്നറിയാൻ ആഗ്രഹമുണ്ട്. എൻെറ ചോദ്യത്തിന് രസകരമായ ഒരു ഉപമയിലൂടെ അദ്ദേഹം നൽകിയ മറുപടി കൂടി ഉദ്ധരിക്കട്ടെ.``ചെത്തുജോലി അവസാനിപ്പിച്ചു കഴിഞ്ഞാൽ ചെത്തു കത്തി ശരീരത്തിൻെറ ഭാഗമായി ആരെങ്കിലും കൊണ്ടു നടക്കാറുണ്ടോ?`` പുലിക്കുന്നന് ചെത്താൻ വയ്യാതായെങ്കിൽ അൽമേയാ അസോസിയേഷനാകുന്ന ചെത്തുകത്തി

www.malankaralibrary.com

മററു വല്ലവരെയും ഏൽപിക്കാമായിരുന്നു. ആ കത്തി തന്നെ അദ്ദേഹം ദൂരെയെറിഞ്ഞു. അതിൽ അംഗങ്ങളായിരുന്നവരെല്ലാം വിഡ്ഢികളായി. അദ്ദേഹമിപ്പോൾ പല പുതിയ സംഘടനകളേയും ചെത്തുകത്തികളായി നിർമ്മിക്കുന്നുണ്ട്. അതിലെ അംഗങ്ങളും ഭാവിയിൽ അപമാനിതരായി പുറത്തുപോകും. കത്തോലിക്കാ കോൺഗ്രസ്സ് ഏതായാലും ഒരു വ്യക്തിയുടെ ആവശ്യത്തിനുവേണ്ടി ഉണ്ടാക്കിയെടുത്ത ചെത്തുകത്തിയല്ല. കത്തോലിക്കാ സമുദായമുള്ളടത്തോളം കാലം നിലനിൽക്കും.

എ. കെ.സി.സി. വിവിധ രംഗങ്ങളിൽ വിശിഷ്ടസേവനം അനുഷ്ഠിച്ചവർക്ക് 1972 മുതൽ മുടങ്ങാതെ അവാർഡ് നൽകുന്നുണ്ട്. പ്രതിവർഷം 5 പേർക്കു വീതം. പുലിക്കുന്നൻ ജനിക്കുന്നതിനും അനേകവർഷം മുൻപ് മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന ചരിത്രഗ്രന്ഥം രചിച്ച ബർണാഡ് അച്ചന് സ്വർണ്ണമെഡൽ നൽകി കത്തോലിക്കാ കോൺഗ്രസ്സ് ആദരിച്ചു. എന്നിട്ടും യാതൊരു സങ്കോചവുമില്ലാതെ പുലിക്കുന്നൻ പറയുകയാണ് 1979-ൽ അൽമേയാ അസോസിയേഷൻ ഏതാനും പേരെ വിളിച്ചു വരുത്തി ആദരിച്ചതിനു ശേഷമാണ് എ.കെ.സി.സി. അവാർഡ് നൽകാൻ തുടങ്ങിയതെന്ന്. സത്യം പറയുകയുമില്ല സത്യത്തെ അംഗീകരിക്കുകയുമില്ലായെന്ന് ചുരുക്കം

``ഇന്ന് എൻെറ ഭാഷാശൈലിയെ വിമർശിക്കുന്ന കച്ചിറമററം അന്ന് എൻെറ വിമർശനത്തെയും ഭാഷാശൈലിയേയും പരസ്യമായി പ്രശംസിച്ചതിനു ശേഷം ഇന്ന് കുററം കാണുന്നതിനു പിന്നിലെ മനശാസ്ത്രം എന്തെന്ന് അനുവാചകർ അന്വേഷിക്കട്ടെ.`` എന്നാണ് പുലിക്കുന്നൻ എഴുതിയിരിക്കുന്നത്. ഇന്നലെ സ്വീകരിച്ചതിനു വിരുദ്ധമായ ഒരു നിലപാട് പുലിക്കുന്നൻ പിന്നീട് സ്വീകരിച്ചിട്ടില്ലേ? 1959-ൽ വിമോചന സമരത്തിൽ പങ്കെടുത്ത് ഡി.ഇ.ഒ. ഓഫീസ് പിക്കററ് ചെയ്തു അറസ്റ്റ് വരിച്ച പുലിക്കുന്നൻ 1972- ലെ കോളേജ് സമര കാലത്ത് എന്തു നിലപാടാണ് സ്വീകരിച്ചത്. ഒരു കോടതിവിധി തനിക്കെതിരെയുണ്ടായപ്പോൾ ആത്മഹത്യ ചെയ്യാൻ മദ്രാസിലെ കടൽത്തീരത്തേക്ക് പോയ ഒരു വ്യക്തി പല നല്ല മനുഷ്യരുടെയും സമയോചിതമായ ഇടപെടൽ മുഖാന്തിരം ആത്മഹത്യ ചെയ്യാതെ തിരികെ പോന്നു. നേരത്തെ തീരുമാനിച്ചതിൽ നിന്നും വ്യത്യസ്തമായി ആത്മഹത്യാപരിപാടി മാററിവച്ചതിൽ അദ്ദേഹത്തെ കുററപ്പെടുത്താമോ?

എൻെറ ഒരു സ്നേഹിതൻ മദ്രാസിൽ പഠിക്കുകയായിരുന്നു. ഒരു ദിവസം അദ്ദേഹം ഉടുതുണി ഇല്ലാതെ നഗ്നനായി മദ്രാസ് പട്ടണത്തിലൂടെ ഓടി. കോളേജ് കവാടത്തിലെത്തി. കോളേജിൽ നിന്നും അദ്ദേഹത്തെ സസ്പെൻഡ് ചെയ്തു. ഇപ്പോൾ അദ്ദേഹം മാന്യന്മാരെപ്പോലെ തൂവെള്ള ഖദർ വസ്ത്രവും ധരിച്ച് ഇടമററത്ത് ഒരു തട്ടിപ്പ് കേന്ദ്രത്തിൻെറ സാരഥിയായി നടക്കുന്നു. ഒരിക്കൽ നഗ്നനായി ഓടിയതു പോലെ എന്നും നഗ്നനായി ഓടണമെന്ന് പറയാമോ? നഗ്നനായി ഓടിയത് ശരിയല്ലെന്ന് ബോദ്ധ്യം വന്നപ്പോൾ തുടങ്ങി വസ്ത്രം ധരിച്ചാൽ അതിനെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുകയാണ് വേണ്ടത്. തീരുമാനം മാറ്റിയാൽ അത് നല്ലതിനെങ്കിൽ സ്വാഗതം ചെയ്യണം

പുലിക്കുന്നൻ സമൂഹത്തിലെ ഒരു തിരുത്തൽ വാദിയാണെന്നും അക്കൗണ്ടബിലിററിയുള്ളയാളാണെന്നും ഞാൻ വിശ്വസിച്ചിരുന്നു. പിന്നീടുള്ള പ്രവർത്തന

www.malankaralibrary.com

ങ്ങളിൽ നിന്നും തിരുത്തൽ വാദിയല്ല തകർക്കൽ വാദിയാണദ്ദേഹമെന്ന് എനിക്കു ബോദ്ധ്യപ്പെട്ടു. അക്കൗണ്ടബിലിററിയിലും എനിക്ക് ഇന്ന് പുലിക്കുന്നനെ വിശ്വസിക്കുവാൻ വയ്യ. പുലിക്കുന്നനെ പണ്ട് പ്രശംസിച്ചുവെങ്കിൽ ആയുഷ്കാലം മുഴുവൻ അങ്ങനെ പറയുവാൻ ഞാൻ ബാദ്ധ്യസ്ഥനല്ല.

എനിക്ക് ഒരു പട്ടിയുണ്ടായിരുന്നു. സ്നേഹമുള്ള പട്ടി ഞാൻ അതിനെ മടിയിൽ ഇരുത്തി ഓമനിച്ച് ലാളിച്ചു വളർത്തി. അതിനെയൊരു പേപ്പട്ടി കടിച്ചു. പേയുടെ വിഷം ഉള്ളിൽ കടന്നുകൂടിയതറിയാതെ എന്റെ ലാളന തുടർന്നു. പട്ടിക്ക് ഒടുവിൽ പേയ് ഇളകി. ലാളന നിറുത്തി അതിനെതല്ലിക്കൊല്ലേണ്ടതായി വന്നു. ഇതു തന്നെയാണ് എന്റെ സമീപനം. സത്യസന്ധമായി കാര്യങ്ങൾ മനസ്സിലാക്കാതെ ഞാൻ പുലിക്കുന്നനെ പ്രശംസിച്ചിട്ടുണ്ട്. സഭാഗാത്രത്തിന് ക്ഷതമേൽപിക്കുന്ന പല സംഭവങ്ങൾ നടന്നപ്പോഴും എനിക്കത് മനസ്സിലായില്ല. എന്റെ യേശുവിനെ വിഷയലമ്പടനും ഭീരുവും സാമൂഹ്യദ്രോഹിയുമായി ചിത്രീകരിച്ച് കഥയെഴുതിയ തന്റെ കസിനെ നീതീകരിച്ച് വിചാരണ നടത്തുകയും വിളിച്ച് ആദരിക്കാൻ ശ്രമിക്കുകയും ചെയ്തപ്പോഴാണ് പുലിക്കുന്നനിൽ കയറിയ പേയ് വിഷം ഞാൻ അറിയുന്നത് . ഇനി ലാളിക്കുന്നതും പ്രശംസിക്കുന്നതും അപകടകരമാണെന്ന് എനിക്കു ബോദ്ധ്യപ്പെട്ടു. പാലാരൂപതാ കോർപ്പറേററ് സ്കൂളിൽ നിന്നും ഞാൻ പെൻഷൻ പററി പിരിഞ്ഞപ്പോൾ എനിക്ക്`` അനുമോദനയോഗം`` സംഘടിപ്പിക്കുവാൻ പാലാരൂപത തയ്യാറായില്ലെന്ന് ധർമ്മരോഷത്തോടെ പുലിക്കുന്നനോട് പറഞ്ഞുവെന്നദ്ദേഹം എഴുതിയിരിക്കുന്നു.--വിദ്യാഭ്യാസരംഗത്ത് മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച പ്രഗത്ഭരായ പല അദ്ധ്യാപകർ കോർപ്പറേററ് സ്കൂളിൽ നിന്നും പെൻഷൻ പററി പിരിഞ്ഞിട്ടുണ്ട്. അവർക്കാർക്കും രൂപത``അനുമോദന യോഗം`` 'സംഘടിപ്പിച്ചതായി അറിവില്ല. പിന്നെ ഞാൻ ധർമ്മരോഷം കൊണ്ടു എന്ന പുലിക്കുന്നന്റെ ഭാവനയെപ്പററി കോഴിക്കോട് മജിസ്ട്രേട്ട് കോടതി പറഞ്ഞതിൽ കവിഞ്ഞൊന്നും എനിക്കു പറയാനില്ല.

കേരളസഭാതരം അവാർഡ് സ്മരണിക എന്റെ ചിലവിൽ സംഘടിപ്പിച്ചതാണന്നാണല്ലോ അദ്ദേഹം സൂചിപ്പിരിക്കുന്നത്. ആ സ്മരണികയ്ക്ക് ആയിരക്കണക്കിന് രൂപയുടെ പരസ്യം ശേഖരിച്ചത് ശ്രീ ബി വെല്ലിംഗ്ടണാനായിരുന്നു. അതിന്റെ വരവിന്റെ വിശദമായ കണക്കുകൾ അറിയണമെങ്കിൽ സുവനീർ കമ്മററിയുടെ കൺവീനർ ആയിരുന്ന ശ്രീ വി.സി. സെബാസ്ററ്യന്റെ പേരിൽ വൈശ്യാബാങ്കിന്റെ കോട്ടയം ബ്രാഞ്ചിൽ ഉള്ള എസ്സ്ബ്. ബി. അക്കൗണ്ട് പരിശോധിച്ചാൽ മതിയാകും. ആ സ്മരണികയിലേയ്ക്ക് പുലിക്കുന്നനോട് ഒരു ലേഖനം ചോദിച്ചുവെന്ന് പറയുന്നതും കളവാണെന്ന് അതിന്റെ എഡിററർ പറയുന്നു. ആ സ്മരണികയിൽ നിന്നും പല ഭാഗങ്ങൾ എടുത്ത് ഓശാനയിൽ പ്രസിദ്ധീകരിച്ചിരുന്നു. (എന്റെ പ്രസംഗത്തിൽ നിന്നുള്ള ഭാഗങ്ങൾ) ഒരാൾ മുപ്പതു വർഷം മുൻപ് എഴുതിയ കഥയിലേയും നോവലിലേയും ഏതാനും ഭാഗങ്ങൾ ഈയിടെ എഴുതിയതാണെന്ന് തോന്നത്തക്കവിധത്തിൽ ഓശാനയിൽ പ്രസിദ്ധീകരിച്ച് ചിന്താക്കുഴപ്പം ഉണ്ടാക്കാൻ ശ്രമിച്ച പുലിക്കുന്നൻ എന്റെ പ്രസംഗ ഭാഗങ്ങൾ എന്തുലക്ഷ്യം വച്ചുകൊണ്ട് ആണ് ഓശാനയിൽപ്രസിദ്ധീകരിച്ചതെന്ന് എനിക്കറിയാം.

www.malankaralibrary.com

ഞാൻ വീണ്ടും എ.കെ.സി.സി. പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെടാനായിട്ടാണ് ഇപ്പോൾ പുലിക്കുന്നനെ എതിർക്കുന്നുവെന്ന വാദം അദ്ദേഹത്തിൻെറ സ്ഥിരം അടവുകളിൽ ഒന്നു മാത്രമാണ്. മറുപടി പറയാനില്ലാതെ വരുമ്പോൾ എതിരാളിയിൽ നിഗൂഢലക്ഷ്യങ്ങൾ ആരോപിക്കുക; പുലിക്കുന്നൻെറ ഹോബിയാണ്. ഈ വാദപ്രതിവാദം അവസാനിച്ച ശേഷവും ആ വ്യവസായം അദ്ദേഹം തുടർന്നുകൊണ്ടിരിക്കുകയാണ്. ഓശാന മേയ്, ജൂൺലക്കങ്ങളിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ നോക്കൂ; മെത്രാന്മാരെ പങ്കെടുപ്പിച്ച് എൻെറ ഷഷ്ടിപൂർത്തിയാഘോഷിക്കാനാണ് ഞാൻ പുലിക്കുന്നനെ എതിർക്കുന്നതെന്ന്. ഏഷ്യൻ സിനഡിന് എന്നെ കൊണ്ടു പോകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ആരുടെയോ പിന്നാലെ നടന്നെന്ന്, അരമനയിൽ ഡിന്നറിന് ക്ഷണിക്കമെന്ന് പ്രതീക്ഷിച്ചാണെന്ന്. തുടർന്ന് വരുന്ന ലക്കങ്ങളിൽ പുതിയ പുതിയ കഥകൾ വായനക്കാർക്ക് പ്രതീക്ഷിക്കാം. കോൺഗ്രസ്സ് സ്ഥാനാർത്ഥിയായിരുന്ന ശ്രീ ഏ ജെ ജോണിനു വേണ്ടി വോട്ടു പിടിച്ചൊരു കെ നായരുടെ കഥയും പാലായിൽ സിനിമാ കോട്ട തുടങ്ങിയപ്പോൾ അതിന് ആൾ കൂട്ടാൻ വേണ്ടി എതിർ പ്രചരണത്തിന് ഇറങ്ങിയ ഒരുത്തൻെറ കഥയുമൊക്കെ വടിക്കഷണങ്ങൾ ആയി എഴുതുന്നു. ഈ വടികൾ രണ്ടും അദ്ദേഹത്തിൻെറ മേൽത്തന്നെയാണ് ചെന്നു കൊള്ളുന്നത്. പുലിക്കുന്നൻെറ മാസികയ്ക്ക് ആളെക്കൂട്ടാനുംപ്രസ്ഥാനത്തിന് അനുയായികളെ സൃഷ്ടിക്കാനുമായി അദ്ദേഹം എന്നെക്കൊണ്ട് എഴുതിക്കുകയാണെന്നല്ലേ അർത്ഥം. എന്നെ അദ്ദേഹം പണം തന്ന് വാടകയ്ക്കെടുത്തിരിക്കുകയാണെന്ന്. വാടകയ്ക്കെടുക്കാൻ ഒരാളെപ്പോലും അദ്ദേഹത്തിന് കിട്ടുകയില്ലെന്ന സ്ഥിതി വന്നിരിക്കുന്നു. അങ്ങനെ വാടക വാങ്ങിക്കൊണ്ട് വീടു പണി ചെയ്യുന്ന പലരും അദ്ദേഹത്തിൻെറ കക്ഷത്തിലുണ്ട്. ആക്കൂട്ടത്തിലൊരാളാണ് ഞാനും എന്ന് പറഞ്ഞ് സുഖിക്കുകയെങ്കിലും ചെയ്തുകൊള്ളട്ടെ. സത്യത്തോട് യാതൊരു ബഹുമാനവുമില്ലാത്തവർക്ക്, മനസ്സാക്ഷിയെ ഫ്രിഡ്ജിൽ വച്ച് സൂക്ഷിക്കുന്നവർക്ക് എന്താണ് പറയാൻ പാടില്ലാത്തത് ഓശാനയുടെ കോളം നിറയ്ക്കാൻ വേറോരു കഥകളെഴുതി കൊടുക്കും? വായനക്കാരും അത്രയൊക്കെയെ അതിനു വില കൊടുത്തിട്ടുള്ളൂ. അഥവാ അനുയായികൾ വർദ്ധിക്കുന്നുണ്ടന്നാണെങ്കിൽ ഒരാൾ ദിഗംബരനായി ഓടുന്നത് കാണുവാനും കുറേ ആളുകൾ കൂടുമെന്നേ അതിനർത്ഥമുള്ളൂ.

പുലിക്കുന്നേൽ എ.കെ.സി.സി. ക്ക് സമർപ്പിച്ച സങ്കട ഹർജിക്ക് വർക്കിംഗ് കമ്മിററി തയ്യാറാക്കി പ്രസിദ്ധീകരിച്ച മറുപടിയിലും പുലി കണ്ടക്കുറുപ്പിൻെറ പത്രധർമ്മം എന്ന ശീർഷകത്തിൽ ഞാൻ എഴുതിയ ലേഖനത്തിലും അദ്ദേഹത്തിൻെറ മററ് ആരോപണങ്ങളെയും വിശദമായി എതിർട്ടുണ്ട്. അതിനാൽ അവ ഒന്നു കൂടി ആവർത്തിക്കുന്നില്ല.

www.malankaralibrary.com

# 10. പുലിക്കുന്നൻെറ "സഭാസ്നേഹം"

കേരളത്തിലെ അതിപുരാതനമായ നസ്രാണിസമുദായത്തിൻെറ പൈതൃകം സംരക്ഷിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണല്ലോ ഓശാനമൗണ്ടിലെ ഭാരതീയ ക്രൈസ്തവപഠനകേന്ദ്രത്തിൻെറ സാരഥി ശ്രീ ജോസഫ് പുലിക്കുന്നേൽ ഏർപ്പെട്ടിരിക്കുന്നത്. നസ്രാണി കത്തോലിക്കാ സംരക്ഷണസമിതി എപ്രിൽ 28-ാം തിയതി എറണാകുളത്ത് ഗാനം ഹോട്ടലിൽ ചേർന്ന് കുരിശിനെ സംബന്ധിച്ചും പള്ളിയോഗ നടപടിക്രമത്തെ സംബന്ധിച്ചും നസ്രാണി പാരമ്പര്യമനുസരിച്ചുള്ള വിശദമായ പഠനങ്ങൾ മാർ വർക്കി വിതയത്തിൽ തിരുമേനിക്ക് സമർപ്പിക്കുന്നതിനായി രണ്ടു കമ്മറ്റികളെ നിയോഗിച്ചിരിക്കുന്നതായി അറിയുന്നു. ഒരു കമ്മറ്റിയുടെ കൺവീനർ പ്രൊഫ. പി.ടി ചാക്കോയും രണ്ടാമത്തെ കമ്മറ്റിയുടെ കൺവീനർ "സഭാസംരക്ഷകപട്ടം "സ്വയം സ്വീകരിച്ചിരിക്കുന്ന മി. ജോസഫ് പുലിക്കുന്നനുമാണ്. നസ്രാണി കത്തോലിക്കാ സമുദായത്തിൻെറ നന്മയ്ക്കുവേണ്ടി പടപൊരുതുന്ന പുലിക്കുന്നൻ എന്ന സഭാസ്നേഹിയെ കണ്ടെത്തി ഈ വലിയ ഉത്തരവാദിത്വം ഏൽപ്പിച്ച നസ്രാണി കത്തോലിക്കാ പൈതൃക സംരക്ഷണസമിതിയോട് മൊത്തത്തിലും സംരക്ഷണസമിതി നേതാക്കളായ ഫാ. തോമസ് കൊടിയൻ, ഫാ. കുഴിപ്പറമ്പിൽ, ഫാ. കരിപ്പേരി തുടങ്ങിയ വൈദികരോട് പ്രത്യേകമായും നസ്രാണി കത്തോലിക്കാ സമുദായം കടപ്പെട്ടിരിക്കുന്നു! ആഗോളസഭതന്നെ സംരക്ഷണസമിതിയോടും അതിന്റെ നേതാക്കളോടും പ്രത്യേകം നന്ദിപറയേണ്ടതാണ്! ശ്രീ. ജോസഫ് പുലിക്കുന്നൻെറ സഭയോടുള്ള വിശ്വസ്ഥതയും സ്നേഹവും കണ്ടറിഞ്ഞ് അദ്ദേഹത്തെ ഈ ജോലി ഏൽപ്പിച്ചവർ തീർച്ചയായും നമ്മുടെ ആദരവുകൾക്ക് അർഹരാണ് !

പുരയ്ക്ക് തീപിടിക്കുപോൾ വാഴവെട്ടുന്നവരുണ്ട്. ആ സമയത്ത് അത് ചെയ്താലേ അങ്ങനെയുള്ളവർ അടങ്ങിയിരിക്കൂ. അന്യന്റെ വാഴവെട്ടി നശിപ്പിക്കുവാൻ കൊതിച്ചിരിക്കുന്നവർക്ക് തീപിടിത്തം നല്ല അവസരമാണ്. അയൽക്കാരന്റെ "യഥാർത്ഥ സ്നേഹിതനായി" അഭിനയിച്ചുകൊണ്ട് അവന്റെ വാഴമുഴുവൻ നശിപ്പിക്കാം. ശ്രീ ജോസഫ് പുലിക്കുന്നൻ സഭയാകുന്ന വാഴയെ വെട്ടിനശിപ്പിക്കുവാൻ അവസരം പാർത്തിരിക്കുകയായിരുന്നു.അപ്പോഴാണ് മർത്തോമാ കുരിശും പള്ളിയോഗനടപടിക്രമങ്ങളും സംബന്ധിച്ച് തർക്കവുമായി ചിലർമുന്നോട്ട് വന്നത്. അക്കൂട്ടത്തിൽ പുലിക്കുന്നനും എത്തിച്ചേർന്നു. നശിപ്പിക്കാവുന്നിടത്തോളം നശിപ്പിക്കുകയെന്ന തൻെറ ജീവിതദൗത്യം നിറവേറ്റാനുള്ള അവസരം ഒട്ടും പാഴാക്കാതിരിക്കുന്ന ശ്രീ പുലിക്കുന്നൻ ഓശാനാ മൗണ്ടിൽ യോഗം വിളിച്ചുകൂട്ടിച്ചു. ആ യോഗത്തിൽ വച്ച് കുരിശും പള്ളിയോഗ നടപടിക്രമങ്ങളും കത്തിക്കാൻ പുലിക്കുന്നൻ തന്ത്രപൂർവ്വം തീരുമാനമെടുപ്പിച്ചു.വീണുകിട്ടിയ ഈ അവസരം ശരിക്കും ഉപയോഗിക്കുവാൻ തീയുമായി അദ്ദേഹം തയ്യാറെടുത്തുനിന്നു. ഇന്നു കുരിശു കത്തിച്ചാൽ നാളെ ബൈബിളും കത്തിക്കാൻ ഒരു വഴികണ്ടെത്താമെന്നാണ് പുലിക്കുന്നൻ കണക്കുകൂട്ടിയത്.

പ്രൊഫ. പി.റ്റി. ചാക്കോ, മാർ വർക്കി വിതയത്തിലുമായി (2)ടെലിഫോണിൽ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ കത്തിക്കൽ പരിപാടി തൽക്കാലം മാറ്റിവച്ചു.

www.malankaralibrary.com

പുലിക്കുന്നന് ഇരുട്ടത്ത് കിട്ടിയ ഒരടിയായിരുന്നു അത്. തന്റെ കണക്കുകൂട്ടലുകൾ മുഴുവൻ പിഴച്ചു.

ദുഖിതനും നിരാശനുമായ ശ്രീ പുലുക്കുന്നനെ സമാശ്വസിപ്പിക്കുവാൻ തന്നെ പൈതൃക സംരക്ഷണസമിതി തീരുമാനിച്ചു. "മാർ വർക്കി വിതയത്തിൽ ഏഷ്യൻ സിനഡിൽ നിന്നും തിരിച്ചുവന്നാലുടൻ മനിക്കേയൻ കുരിശിനെ സംബന്ധിച്ചും പള്ളിയോഗനടപടിക്രമത്തെ സംബന്ധിച്ചും നസ്രാണി പാരമ്പര്യമനുസരിച്ചുള്ള വിശദമായ പഠനങ്ങൾ അദ്ദേഹത്തിന് സമർപ്പിക്കുന്നതിനായി പ്രൊഫ. പിറ്റിചാക്കോയും ശ്രീ ജോസഫ് പുലിക്കുന്നനും കൺവീനർമാരായി രണ്ടുകമ്മറ്റിയെ നിയമിച്ചു. ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി പ്രൊഫ. പി.റ്റി. ചാക്കോ, ഫാ. കരിപ്പേരി, ഫാ. കുഴിപ്പറമ്പിൽ, ശ്രീ. ഇ.കെ. പോൾ, അഡ്വ. സി.വി. ജോസഫ്, സി.റ്റി. തൊമ്മൻ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റിയെയും സമിതി നിയോഗിച്ചു." (നസ്രാണി കത്തോലിക്കാ സംരക്ഷണ സമിതി 29-4-98 ൽ പ്രസിദ്ധീകരിച്ച ലഘുലേഘയിൽ നിന്ന്)

ഒരേ കാര്യത്തെ സംബന്ധിച്ച് പഠനറിപ്പോർട്ട് സമർപ്പിക്കുന്നതിന് രണ്ട് കൺവീനർമാരെയും രണ്ടു കമ്മിറ്റിയെയും തിരഞ്ഞെടുക്കേണ്ട ആവശ്യമെന്ത്? ഒരു കമ്മിറ്റി പോരായിരുന്നോ? രണ്ടു കമ്മിറ്റിയെ വച്ചതിന്റെ ഉദ്ദേശ്യം പ്രൊഫ. ചാക്കോ റിപ്പോർട്ട് സമർപ്പിക്കുവാൻ പോകുമ്പോൾ പുലിക്കുന്നനെ ഒഴിവാക്കുവാനുള്ള തന്ത്രപരമായ ഒരു നീക്കം മാത്രം. ഞങ്ങളുടെ കൂട്ടത്തിൽ പോരണ്ടായെന്ന് ചുരുക്കം. പുലിക്കുന്നനെ ഒരു കൺവീനറായി വെച്ചു വെന്ന് മാത്രം. വകുപ്പില്ലാ മന്ത്രിയെപ്പോലെ. ഏറ്റവും വലിയ ചതി പുലിക്കുന്നൻ കൺവീനറായിട്ടുള്ള കമ്മിറ്റിയിലെ അംഗങ്ങളെപ്പോലും പ്രഖ്യാപിച്ചിട്ടില്ല യെന്നതാണ്.ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ഭാവിപരിപാടികൾ തയ്യാറാക്കാൻ തിരഞ്ഞെടുത്ത ആറംഗ കമ്മിറ്റിയിലും പുലിക്കുന്നനെ ഉൾപ്പെടുത്തിയിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ ഇല്ലാത്ത ഒരു കമ്മിറ്റിയുടെ കൺവീനറായി നിയമിച്ച് പൈതൃക സംരക്ഷണ സമിതി ശ്രീമാൻ പുലിക്കുന്നനെ ഒരു മൂലയ്ക്കിരുത്തി.

ഈ തീരുമാനത്തിന്റെ പിന്നിലെ ഗൂഡാലോചന മനസ്സിലാക്കാതെ മാർ വിതയത്തിൽ അവർകളെ കണ്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ തയ്യാറാടുത്തു നിൽക്കുന്ന പുലിക്കുന്നൻ, മാർ വിതയത്തിൽ ജൂൺ 25-ാം തിയതിയ്ക്കു ശേഷമേ വരികയുള്ളൂ എന്ന വാർത്തയാണ് ശ്രവിച്ചത്. പൈതൃക സംരക്ഷണസമിതിയുടെ ചതിയിൽ മനംനൊന്ത് കഴിയുന്ന പുലിക്കുന്നന് ഈ വാർത്ത വളരെ വേദനയുളവാക്കി. ആ മനപ്രയാസം കൊണ്ടാണ് ജൂൺ 12-ാം തിയതി ഓശാനാ മൗണ്ടിൽ നിന്നും "മാർ വർക്കി വിതയത്തിലിനെ കണ്ടവരുണ്ടോ" എന്ന ലഘുലേഖ അച്ചടിച്ചിറക്കിയത്. ഇത്രയും വികൃതമായ ഒരു ലഘുലേഖ അടിച്ച് പ്രസിദ്ധപ്പെടുത്തുവാൻ പുലിക്കുന്നന് മാത്രമേ സാധിക്കുകയുള്ളു. ഇത്രയും കടുത്ത ഭാഷ ഉപയോഗിച്ച പുലിക്കുന്നന്റെ "സഭാസ്നേഹത്തിൽ പ്രേരിതമായിട്ടുള്ള പ്രവർത്തനങ്ങളുടെ യഥാർത്ഥ ലക്ഷ്യത്തെപ്പറ്റി പൈതൃക സംരക്ഷണ സമിതി വിലയിരുത്തട്ടെ. ആ ലഘു ലേഖയിൽ എഴുതിയിരിക്കുകയാണ് 'നല്ലവരായ പലർക്കും മുൻകാലങ്ങളിൽ റോമിൽ സംഭവിച്ചതുപോലെ ഇദ്ദേഹത്തിനും വല്ലതും

www.malankaralibrary.com

സംഭവിക്കുമോയെന്ന് പലർക്കും സംശയമുണ്ട്. നല്ല ആരോഗ്യവാനായ ജോൺ പോൾ ഒന്നാമൻ മാർപ്പാപ്പായ്ക്കും ബിഷപ്പ് കാട്ടുമനയ്ക്കും ബിഷപ്പ് കരിയാറ്റിക്കും സംഭവിച്ചത് ഇദ്ദേഹത്തിനും സംഭവിക്കാതിരിക്കാൻ നമുക്ക് പ്രത്യേകം പ്രാത്ഥിക്കാം. (മാർ കരിയാറ്റി മരിച്ചത് റോമിലാണെന്നാണ് ഓശാന ഗവേഷണകേന്ദ്രം കണ്ടുപിടിച്ചിരിക്കുന്നത്. പ്രാത്ഥനയിലാണല്ലോ പുലിക്കുന്നൻ ആശ്വാസം കണ്ടെത്തുക) എഴുപത് വയസ്സുള്ള മാർ വർക്കി വിതയത്തിലിന് വിശുദ്ധ നഗരിയിൽ ഒരു ഹാർട്ട് അറ്റാക്ക് വന്നുവെന്നുപറഞ്ഞാൽ നമുക്ക് വിശ്വസിക്കാതിരിക്കാൻ കഴിയുമോ? മാർപ്പാപ്പാ മെത്രാൻ തുടങ്ങിയവരുടെ ശരീരം തിരുശരീരമായതിനാൽ പോസ്റ്റ് മോർട്ടം നടത്തുന്നത് മതവികാരത്തെ വൃണപ്പെടുത്താനിടയുണ്ടെന്ന് സഭയ്ക്ക് വാദിക്കാവുന്നതാണ്."ഒരു പക്ഷെ താനനുഭവിക്കുന്ന മാനസിക വേദനയിൽ നിന്നും ബാലൻസ് തെറ്റി എഴുതിയതാവാം ഈ വാക്കുകൾ. ഇത്രയും ക്രൂരമായ വാക്കുകൾ ഉപയോഗിക്കരുതായിരുന്നു.

വിശുദ്ധനഗരി ക്രിമനുലുകളുടെ കേന്ദ്രമെന്ന് സ്ഥാപിക്കാനുള്ള വ്യഗ്രതയാണിത്. ക്രൈസ്തവ വിശ്വാസികൾക്ക് വിശുദ്ധ നഗരിയോടുള്ള ബഹുമാനം ഇല്ലാതാക്കാനും സഭയെ അടിമുടി തകർക്കാനുമുള്ള ഹീനമായ ശ്രമമാണിത്. അകത്തോലിക്കർക്ക് സഭയോടുള്ള അവജ്ഞ വളർത്താനുള്ള നീക്കമാണിത്. വിശുദ്ധനഗരത്തിനെതിരായുള്ള ഈ ഹീനമായ ആരോപണത്തെക്കുറിച്ച് വിശ്വാസപൈതൃക സംരക്ഷണ സമിതിയ്ക്ക് എന്തു പറയാനുണ്ടെന്ന് അറിഞ്ഞാൽ കൊള്ളാം.

റോം കൊലപാതകികളുടെ നാടാണെന്നും അവിടെയാരും പോകരുതെന്നുമാണോ പുലിക്കുന്നൻ പറയുന്നതിനർത്ഥം. സ്വപിതാവ് കുത്തേറ്റ് മരിക്കാനിടയായ വഴിയിലൂടെ സഞ്ചരിക്കുന്നതും അദ്ദേഹം താമസിച്ചിരുന്ന വീട്ടിൽ കിടന്നുറങ്ങുന്നതും ദുഖിതനായ മകനിൽ ഉളവാക്കുന്ന മാനസിക സംഭീതി പോലെയുള്ള എന്തോ ഒന്ന് ഈ വാക്കുകൾക്ക് പിന്നിൽ ഉള്ളതായി തോന്നിപ്പോകും.

ഇവൻ ചെയ്യുന്നതും പറയുന്നതും എന്തെന്ന് ഇവനറിയുന്നില്ല. ഇവനോട് ക്ഷമിക്കണമേ.

"ശക്തനായ മനുഷ്യാ, ദൈവഭക്തർക്കെതിരെ ചെയ്ത ദുഷ്ടതയിൽ നീ എന്തിന് അഹങ്കരിക്കുന്നു. ദിവസം മുഴുവൻ നീ വിനാശം നിരൂപിക്കുന്നു. വഞ്ചകാ, നിന്റെ നാവ് മൂർച്ചയുള്ള ക്ഷൗരക്കത്തിപോലെയാണ്. നന്മയെക്കാൾ തിന്മയും സത്യത്തെക്കാൾ വ്യാജവും നീ ഇഷ്ടപ്പെടുന്നു. വഞ്ചന നിറഞ്ഞ നാവേ, വിനാശകരമായ വാക്കുകളാണ് നിനക്കിഷ്ടം.

ദൈവം നിന്നെ എന്നന്നേയ്ക്കുമായി തകർക്കും. നിന്റെ കൂടാരത്തിൽ നിന്നും അവൻ നിന്നെ വലിച്ചെടുത്ത് ചീന്തിക്കളയും. ജീവിക്കുന്നവരുടെ നാട്ടിൽ നിന്നും നിന്നെ അവിടുന്ന് വേരോടെ പിഴുതു കളയും. നീതിമാൻമാർ അതുകണ്ട് ഭയപ്പെടും. അവനെ അവർ പരിഹസിച്ച് പറയും"

(സങ്കീർത്തനം 52-(1-7))

www.malankaralibrary.com

# 11 യൂദാസിന്റെ വക്കീൽ - ഒരു കഥ

സാഹിത്യബോധമില്ലാത്ത ഒരു നാടൻ ക്രിസ്ത്യാനിയാണ് ഞാൻ. അതുകൊണ്ട് ജോസഫ് പുലിക്കുന്നൻ എഴുതുന്ന കഥകളുടെ അർത്ഥം മനസ്സിലാക്കുവാൻ എനിക്കു കഴിവില്ലെന്നാണ് അദ്ദേഹം പണ്ട് അഭിപ്രായപ്പെട്ടത്. 1998 ജൂലായ് 31 ലെ മലയാളം വാരികയിൽ പത്രോസും യൂദാസും കണ്ടുമുട്ടുന്നു എന്ന ശീർഷകത്തിൽ പുലിക്കുന്നൻ എഴുതിയ കഥ വായിച്ചു. അത് ഒരു കഥയാണെന്ന് പ്രത്യേകം എഴുതിയിട്ടുണ്ട്. അത് രണ്ടുമൂന്നാവർത്തി വായിച്ചു നോക്കിയിട്ടും അതു കഥയാണെന്ന് എനിക്കു തോന്നിയില്ല. എന്റെ സാഹിത്യ ബോധമില്ലായ്മയോർത്ത് ഞാൻ ദുഃഖിച്ചിരിക്കുമ്പോഴാണ്, ദീപിക ആഗസ്റ്റ് 10 സൺഡേ സപ്ളിമെന്റിലെ സാസ്കാരികസമീക്ഷ പംക്തിയിൽ ബാബു ജോസഫ് പുലിക്കുന്നന്റെ കഥയെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നത് വായിക്കുന്നത്. അത് ഒരു കഥയാണോ എന്ന് ബാബു ജോസഫും സംശയിക്കുന്നു. പുലിക്കുന്നേൽ എഴുതിയ കഥ ഗ്രഹിക്കാനുള്ള കഴിവ് ബാബു ജോസഫിനും ദീപികയ്ക്കും ഇല്ലാതെ പോയതിൽ നമുക്കു സഹതപിക്കാം!

എതായാലും മലയാളം വാരികയിലെ "പത്രോസും യൂദായും കണ്ടുമുട്ടുന്നു" വെന്ന രചന ഒരു കഥയാണെന്ന് പ്രത്യേകം രേഖപ്പെടുത്തിയതു നന്നായി.

കഥയെന്നെഴുതിയ ആ കഥയില്ലായ്മയിലെ കഥ എന്താണ്? പത്രോസും യൂദായും യേശുവിന്റെ ശിഷ്യന്മാരായിരുന്നുവല്ലോ? യൂദാസ് യേശുവിനെ മുത്തിക്കൊണ്ട് ഒറ്റുകൊടുത്തു. അവസാനം തൂങ്ങിച്ചത്തു. പത്രോസ് യഥാർത്ഥ പിൻഗാമിയായി കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായിത്തീർന്നു. ആ പത്രോസും യൂദായും തമ്മിൽ ഒരു കൂടിക്കാഴ്ചയ്ക്ക് യൂണൈറ്റഡ് നേഷൻസ് സെക്രട്ടറി ജനറൽ കോഫി അണ്ണൻ കളമൊരുക്കുന്നു. കോഫി അണ്ണൻ പത്രങ്ങൾക്കു വാർത്തകൊടുത്താണ് ഈ സന്ദർശനം വാർത്താപ്രാധാന്യമുള്ളതാക്കിയത്. (മലയാളം വാരികയിലും കലാകൗമുദിയിലുമൊക്കെ കഥയെഴുതി വാർത്താപ്രാധാന്യം നേടുന്ന പുലിക്കുന്നന്റെ ശൈലിയാണ് കോഫി അണ്ണനും സ്വീകരിച്ചത്.) കഥയിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. "അണ്ണൻ പ്രത്യേകദൂതൻവശം ഇത്തരം ഒരു സന്ദർശനം ഏർപ്പാടാക്കുന്നതിനു സഹായിക്കണമെന്ന് അതിവിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് പത്രോസിന്റെയും യൂദാസിന്റെയും അടുത്തേക്ക് ഒരു പ്രത്യേക ദൂതനെ അയച്ചു. കത്തു കിട്ടിയ ഉടൻ യൂദാസ് തന്റെ സമ്മതമറിയിച്ചു. എന്തെന്നാൽ യൂദാസിന് ആലോചിക്കാൻ സെക്രട്ടറിയേറ്റുകൾ ഉണ്ടായിരുന്നില്ല. (യൂദാസ് ഇപ്പോൾ താമസിക്കുന്നതും അദ്ദേഹത്തെ സ്ഥിരം സംരക്ഷിക്കുന്നതും ഇടമറ്റത്തെ ഭാരതീയ ക്രൈസ്തവ പഠനകേന്ദ്രത്തിലായതിനാലാണ് പുലിക്കുന്നൻ വഴി കോഫി അണ്ണന് ഉടൻ മറുപടി കിട്ടിയതെന്നാണ് പിന്നാമ്പുറം സംസാരം. ഗുരുവിനെ മുത്തിക്കൊണ്ട് ഒറ്റുകൊടുത്ത് മുപ്പതുവെള്ളിനാണയം കൈവശപ്പെടുത്തിയ യൂദായിൽനിന്നും, മുത്തിക്കൊണ്ടുള്ള ഒറ്റികൊടുക്കലിന്റെ ശാസ്ത്രീയവശം പഠിക്കുന്നതിനായി യൂദായെ ഇടമറ്റത്ത് സ്ഥിരം താമസിപ്പിച്ചിരിക്കുകയാണെന്നും യൂദായുടെ നിർദ്ദേശമനുസരിച്ചാണ് ഹോളണ്ടിലേക്ക് തുടരെത്തുടരെ പുലിക്കുന്നൻ യാത്ര ചെയ്യുന്നതെന്നും ഒരു കേട്ടുകേൾവിയും പ്രചരിക്കുന്നുണ്ട്.)

www.malankaralibrary.com

പത്രോസ് - യൂദാ കണ്ടുമുട്ടൽ ഒരു ലോകവാർത്തയായി കോഫി അണ്ണൻ അവതരിപ്പിച്ചു. പത്രങ്ങളിൽ വലിയ വാർത്തകൾ സ്ഥലം പിടിച്ചു. ലോകമാധ്യമങ്ങളുടെ കൂറ്റൻ പിന്തുണയുമായി കോഫി അണ്ണൻ പത്രോസിനെ നേരിട്ടു കണ്ട് സംസാരിച്ചു. അവസാനം പത്രോസിൻെറ സെക്രട്ടറിയേറ്റിൽനിന്നും ഒറ്റവരി പ്രസ്താവന പുറത്തുവരുന്നു. "പരിശുദ്ധ പത്രോസ് തിരുമേനി കാര്യങ്ങൾ പഠിച്ചുവരണം" പുലിക്കുന്നൻ തുടർന്നെഴുതുന്നു. "ഗുരുദ്രോഹിയായ അവനെ വീണ്ടും കാണുന്നത് സംബന്ധിച്ചുള്ള ദൈവശാസ്ത്രപരമായ പ്രശ്നങ്ങളായിരുന്നു പ്രധാനമായും വിലങ്ങുതടിയായിരുന്നത്. സ്വർഗ്ഗീയ പ്രോട്ടോക്കോൾ ഇതിന് അനുവദിക്കുന്നുണ്ടോ എന്നതായിരുന്നു മറ്റൊരു പ്രശ്നം? പണ്ഢിതന്മാർ പ്രോട്ടോകോൾ ഗ്രന്ഥം സസൂക്ഷ്മം പരിശോധിച്ചു.

പത്രോസിൻെറ സെക്രട്ടറിയേറ്റ് യൂദാസിനെ കാണുന്ന കാര്യം ആലോചിക്കുന്നു എന്ന വാർത്ത പുറത്തുവിട്ടു. ഈ സന്ദർശനം വിജയകരമാക്കുവാൻ ലോകമെമ്പാടും പ്രാർത്ഥനകൾ നടത്തുവാൻ കോഫി അണ്ണൻ ആഹ്വാനം ചെയ്യുന്നു. രണ്ടാഴ്ച കഴിഞ്ഞ് കോഫി അണ്ണന് പത്രോസിൻെറ സെക്രട്ടറിയിൽനിന്നും കിട്ടിയ കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ ശ്രദ്ധിക്കുക. 1. നിഷ്പക്ഷമേഖലയിലായിരിക്കണം കൂടിക്കാഴ്ച 2. ബുള്ളറ്റ് പ്രൂഫ് കാറിലും പ്ലെയിനിലുമായിരിക്കും പരിശുദ്ധ പത്രോസ് തിരുമേനി സന്ദർശന സ്ഥലത്തേക്കു വരിക. 3.തിരുമേനിയുടെ മുമ്പിൽ യൂദാസ് ഇരിക്കുവാൻ പാടില്ല. 4. അവർ ഒരുമിച്ച് ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്യില്ല. 5. ഒരു പ്രാവശ്യം മാത്രമേ പരസ്പരം കാണുകയുള്ളു. 6. യൂദാസ് ചെയ്ത തെറ്റുകൾ ക്ഷമിക്കുന്ന പ്രശ്നമില്ല.

പത്രോസായി പുലിക്കുന്നൻ മനസ്സിൽ പ്ലാൻ ചെയ്തിരിക്കുന്നത് വത്തിക്കാനെയും മാർപ്പാപ്പായെയുമാണെന്നു വ്യക്തം. ബുള്ളറ്റ്പ്രൂഫ് തുടങ്ങിയ സംവിധാനങ്ങളെ ആക്ഷേപിച്ച് പോപ്പിനെ ഒരു ബൂർഷ്വാ ആയി ചിത്രീകരിക്കുകയാണ്. (യഥാർത്ഥത്തിൽ സഭയുടെ അന്തസ്സിന് ചേർന്നവിധം സഭാതലവനെ കൊണ്ടുനടക്കുന്നതും അദ്ദേഹത്തിന് ജീവഹാനി സംഭവിക്കാതെ സുരക്ഷിത നടപടികൾ സ്വീകരിക്കുന്നതും സഭാതനയരാണ്. മാർപ്പാപ്പാ അതൊന്നും വേണ്ടെന്നു പറഞ്ഞാലും സഭാമക്കൾ അതൊക്കെ ചെയ്യുമെന്ന് നമുക്കറിയാം. സഭയോടും സഭാതലവനോടും ഉള്ള സ്നേഹമാണ് അതിലൂടെ നാം പ്രകാശിപ്പിക്കുന്നത്.) അദ്ദേഹത്തിൻെറ സെക്രട്ടേറിയറ്റ് ജനകീയമല്ലെന്നും ബൂർഷ്വാ വ്യവസ്ഥിതിയുടെ ഭാഗമാണെന്നും സ്ഥാപിക്കുകയാണ് ഈ കഥയുണ്ടാക്കലിൻെറ പിന്നിലെ ലക്ഷ്യം. അത് കൃത്യമായി മനസ്സിലാക്കണമെങ്കിൽ യൂദായുടെ യാത്രയെ സംബന്ധിച്ച് ഏർപ്പാടുകൾക്കായി അസി. സെക്രട്ടറി ജനറൽ ചെന്ന് യൂദായെ കണ്ടപ്പോൾ യൂദാ പറഞ്ഞതായി പുലിക്കുന്നൻ എഴുതിയ വാക്കുകൾ ശ്രദ്ധിച്ചാൽ മതി. അദ്ദേഹം എഴുതുന്നു. "യൂദാസ് ധിക്കാരത്തിൽ പറഞ്ഞു കൃത്യസമയത്ത് ഞാനവിടെ എത്തും" എനിക്ക് ആരുടെയും സഹായം വേണ്ട, പരുക്കൻ വാക്കുകൾ.

എങ്ങനെ വരും പ്ലെയിൻ വേണ്ടെ? ഹിമാലയത്തിന് മുകളിലാണ്? വേണ്ടാ, ഞാനവിടെ സമയത്ത് എത്തും" യൂദാസ് പറഞ്ഞു പണം വല്ലതും? യൂദാസ് സെക്രട്ടറിയെ രൂക്ഷമായി നോക്കി "പണം" പണ്ടു ഞാൻ പണം വാങ്ങി. അതു തിരിച്ചു കൊടുത്തു ഇനി വേണ്ട." എത്ര ജനകീയനായിട്ടാണ് യൂദായെ ചിത്രീ

www.malankaralibrary.com

കരിച്ചിരിക്കുന്നത്. പത്രോസിനെയും യൂദാസിനെയും രണ്ടു വ്യത്യസ്ത ധ്രുവങ്ങളിൽ നിറുത്തി, യൂദായുടെ മുഖം രക്ഷിക്കാനാണ് പുലിക്കുന്നന്റെ ശ്രമം. ലോകാരാധ്യനായ ക്രിസ്തുവിനെ ഭീരുവും വിഷയലമ്പടനുമായി ചിത്രീകരിച്ച് കഥയെഴുതിയ സക്കറിയായുടെ മുഖം രക്ഷിക്കാൻ പുലിക്കുന്നൻ ശ്രമിച്ചതു പോലെ തന്നെ. പത്രോസ് ജറ്റുവിമാനത്തിൽ വന്നിറങ്ങി. ബുള്ളറ്റ് പ്രൂഫ് കാറിൽ കയറി രാജകീയ പ്രതാപത്തിൽ മുഖാമുഖവേദിയിലേക്കു കയറിയ സംഭവം വിവരിച്ചെഴുതിയതിനു ശേഷം പുലിക്കുന്നന്റെ ഗുരുവായ യൂദായുടെ വരവിനെപ്പറ്റി അദ്ദേഹം എഴുതിയിരിക്കുന്നതു നോക്കുക: "കൃത്യസമയത്ത് പത്രപ്രവർത്തകരുടെ ഇടയിലൂടെ കീറിപ്പറിഞ്ഞ വസ്ത്രങ്ങളും പാറിപ്പറക്കുന്ന തലമുടിയുമായി സ്കൂൾ വാർഷികങ്ങളിൽ മോണോ ആക്ടിന് അവതരിപ്പിക്കപ്പെടുന്ന യൂദാസിനെപ്പോലെ യൂദാസ് പത്രോസിന്റെ മുന്നിൽ നിൽക്കുന്നു. ആരെയും കൂസാത്ത മുഖം (കഥാകൃത്തിന്റെ മുഖത്തിന്റെയും മനസ്സാക്ഷിയുടെയും യഥാർത്ഥ പതിപ്പ്). യൂദാസിനെ കണ്ടപ്പോൾ പത്രോസ് ഞെട്ടി കുരിശുവരച്ചു."

കഥ തുടരുകയാണ്: "പത്രോസ് ടൈപ്പ് ചെയ്ത് കയ്യിൽ സൂക്ഷിച്ചിരുന്ന കടലാസ് നിവർത്തി പ്രസംഗിച്ചു. നീ നിന്റെ ഗുരുവിനെ ഒറ്റുകൊടുത്തു. വലിയ പാതകമാണ് നീ ചെയ്തത്. ക്ഷമിക്കാനാവാത്ത തെറ്റ്. ചരിത്രം നിന്റെമേൽ വിധിയെഴുതിയിരിക്കുന്നു.

പത്രോസിന്റെ പ്രസംഗം കഴിഞ്ഞപ്പോൾ യൂദാസ് ഒന്നു പൊട്ടിച്ചിരിച്ചു. എന്നിട്ടു പറഞ്ഞു : എടാ പത്രോസേ ഞാൻ ഗുരുവിനെ ഒറ്റു കൊടുത്തു. സമ്മതിച്ചു മുപ്പതു വെള്ളിക്കാശും വാങ്ങി. അവനുണ്ടല്ലോ ആ മഹാപുരോഹിതൻ. അവനെ ഒന്ന് പറ്റിക്കണമെന്നായിരുന്നു എന്റെ ചിന്ത. യൂദാസിന്റെ മുഖം മ്ലാനമായി. എന്റെ ഗുരുവിനെ അവർ വധിക്കും എന്നറിഞ്ഞപ്പോൾ ആ മുപ്പതു വെള്ളിക്കാശ് അവന്റെ മുഖത്ത് വലിച്ചെറിഞ്ഞു. ഗുരു മരിക്കുന്നതിനു മുമ്പ് കുറ്റക്കാരനായ ഞാൻ സ്വയം കഴുവിലേറ്റി. എടാ പത്രോസേ, നീയന്ന് ആ പീക്കിരിപ്പെണ്ണ് യേശുവിനെ അറിയുമോ എന്ന് ചോദിച്ചപ്പോൾ അറിയില്ല എന്ന് നീ തള്ളിപ്പറഞ്ഞില്ലേ? നീ പിന്നെ ഗുരുവിനെ ഉപേക്ഷിച്ച് ഓടിപ്പോയില്ലേ? നീ ഗുരുവിന്റെ മരിച്ചടക്കിനെങ്കിലും പോയോ? ആ പെണ്ണുങ്ങൾ വന്ന് ഗുരു ഉയിർത്തു എന്നു പറഞ്ഞതിനുശേഷമല്ലെ എടാ ഭീരു നീ ഒളിസ്ഥലത്തുനിന്നിറങ്ങിയത്. പേടിത്തൊണ്ടൻ! നിന്നെ ഇപ്പോൾ കാണുമ്പോൾ എനിക്ക് ഓർമ്മവരുന്നത് കയ്യാഫാസിനെയാണ്. ആ തെമ്മാടിയുണ്ടല്ലൊ-മഹാപുരോഹിതൻ. നിന്നെയൊന്നു കാണാൻ ഞാൻ അവസരം പാർത്തിരിക്കുകയായിരുന്നു. നമ്മൾ രണ്ടുപേരും പട്ടിണിയും കഷ്ടപ്പാടുമായി ഗുരുവിനെ പിന്തുടർന്നു. ഗുരു പറഞ്ഞതൊന്നെങ്കിലും നീ കേട്ടോ? നീ ഇരിക്കുന്നത് സിംഹാസനത്തിലല്ലേ? എടാ ഞാൻ ഇന്നും അലഞ്ഞു തിരിയുന്നു. ഓ നിനക്ക് മരിക്കാൻ പേടിയാണല്ലോ? അതു കൊണ്ടല്ലേടാ, നീ വെടിയുണ്ടയേൽക്കാത്ത ഈ പെട്ടിയിലിരിക്കുന്നത്. എനിക്കു മരണത്തെ ഭയമില്ല"

"പത്രോസു ക്ഷുഭിതനായി സിംഹാസനത്തിൽ നിന്നെഴുന്നേറ്റു. കോഫി അണ്ണൻ ഞെട്ടി. എല്ലാ പ്രോട്ടോക്കോളും തെറ്റിച്ചിരിക്കുന്നു. യൂദാസിന് ഇനിയും നല്ല സംസ്കാരമുണ്ടായിട്ടില്ല"

പുലിക്കുന്നന്റെ ഭാവന എങ്ങനെയിരിക്കുന്നു? യൂദാസിനെക്കൊണ്ട് പത്രോസിനെതിരായി സംസാരിപ്പിക്കുകയാണ് കഥയിൽ. അതായത് പുലിക്കുന്നൻ മാർപ്പാ

www.malankaralibrary.com

പ്പയെ തേജോവധം ചെയ്യുവാൻ യൂദായെ ഒരു മറയാക്കിയിരിക്കുന്നുവെന്ന് മാത്രം. യൂദാസിനെ ന്യായീകരിക്കാൻ ശ്രമിക്കുന്ന ഈ വക്കീൽ പത്രോസിനെ പ്രതിക്കൂട്ടിലാക്കുന്നു.

ഈ കഥ വായിച്ചിട്ട് ഉറങ്ങിപ്പോയ ഞാൻ ഞെട്ടിയുണർന്നപ്പോൾ എൻെറ മുന്നിൽ ഓശാനയിൽനിന്നു പ്രസിദ്ധീകരിച്ചിരിക്കുന്ന ബൈബിൾ തുറന്നിരിക്കുന്ന കാഴ്ചയാണു ഞാൻ കണ്ടത്. വി. യോഹന്നാൻെറ സുവിശേഷം 12-ാം അദ്ധ്യായം 3 മുതൽ 6 വരെയുള്ള വാക്യങ്ങൾ ഞാൻ വായിച്ചു ചിന്തിച്ചു. "മറിയ് ഒരു കുപ്പി വിലയേറിയ ശുദ്ധനാർദ്ദിൻ തൈലം എടുത്ത് യേശുവിൻെറ പാദങ്ങളിൽ പൂശി. തൻെറ തലമുടികൊണ്ട് അവൻെറ പാദങ്ങൾ അവൾ തുടച്ചു. തൈലത്തിൻെറ സൗരഭ്യം വീടുമുഴുവൻ നിറഞ്ഞു. അവൻെറ ശിഷ്യന്മാരിൽ ഒരുവനായ യൂദാ ഇസ്കറിയാത്ത് (അവനെ ഒറ്റിക്കൊടുക്കാനിരുന്നവൻ) ചോദിച്ചു: മുന്നൂറ് ദനാറയ്ക്ക് ഈ സുഗന്ധദ്രവ്യം വിറ്റ് ആ പണം എന്തുകൊണ്ട് ദരിദ്രർക്ക് കൊടുത്തില്ല? അയാൾ ഇപ്രകാരം ചോദിച്ചത് ദരിദ്രരെപ്പറ്റി താൽപര്യം ഉണ്ടായിരുന്നതുകൊണ്ടല്ല, മറിച്ച് അയാൾ കള്ളനായിരുന്നതുകൊണ്ടാണ്. പണപ്പെട്ടി അയാളുടെ പക്കലായിരുന്നു. അതിൽ ഇടുന്ന പണം അയാൾ എടുക്കാറുണ്ടായിരുന്നു."

ഈ സുവിശേഷവാക്യത്തെപ്പറ്റി ഞാൻ ചിന്തിച്ചു :" കേരളത്തിലെ സുദൃഢമായ കത്തോലിക്കാസഭയെ തകർക്കുകയെന്ന ലക്ഷ്യത്തോടെ വിദേശത്തുനിന്നു പണം കൈപ്പറ്റിക്കൊണ്ട് പത്രോസിനെ പിന്തിരിപ്പനും ബൂർഷ്വായുമായും യൂദാസിനെ നല്ലവനായും ചിത്രീകരിച്ചുകൊണ്ട് കഥയെഴുതിയത് യേശുവിനോടോ സഭയോടോ പ്രത്യേക താൽപര്യം ഉണ്ടായിട്ടല്ല. യൂദാസിനും ദരിദ്രരോടോ യേശുവിനോടോ താൽപര്യമുണ്ടായിരുന്നില്ല. പിന്നെയോ വി. യോഹന്നാൻെറ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതുപോലെ "അവൻ കള്ളനായിരുന്നതുകൊണ്ടു മാത്രമാണ്". അവൻ വിദേശത്തു നിന്ന് ഈ സഭയെ തകർക്കാൻ ഇഷ്ടംപോലെ പണം വരുത്തുന്നു. ആ പണം അവൻ തോന്ന്യാസം എടുത്തുകൊണ്ടുമിരിക്കുന്നു.

രണ്ടായിരമാണ്ടിൽ ഇരുപതിനായിരം ബൈബിൾ വിതരണം ചെയ്യാനുള്ള പദ്ധതി തയ്യാറാക്കിയിരിക്കുന്നത് ബൈബിൾ പ്രചാരണത്തിനോടുള്ള താൽപര്യം കൊണ്ടാണോ അതോ വി. യോഹന്നാൻ എഴുതിയിരിക്കുന്നതുപോലെ അവൻ കള്ളനായതുകൊണ്ടു മാത്രമാണോ? " ആർക്കറിയാം.

ആ ചിന്തകൾക്കിടയിൽ ഒരു കുളിർകാറ്റ് ആഞ്ഞടിച്ചു. ബൈബിൾ പേജുകൾ കാറ്റത്ത് മറിഞ്ഞുകൊണ്ടിരുന്നു. വി. മർക്കോസ് എഴുതിയ സുവിശേഷം 14-ാം അദ്ധ്യായം എൻെറ മുമ്പിൽ. ഞാൻ അതു വായിച്ചു. "പിന്നീട് പന്ത്രണ്ടു പേരിൽ ഒരുവനായ യൂദാ ഇസ്കറിയാത്ത് യേശുവിനെ മുഖ്യപുരോഹിതർക്ക് ഒറ്റിക്കൊടുക്കാൻ അവരുടെ പക്കൽ ചെന്നു. ഇതു കേട്ടപ്പോൾ അവർ സന്തോഷിച്ചു അവർ അയാൾക്ക് പണം കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തു. അവനെ ഒറ്റിക്കൊടുക്കാൻ അയാൾ തക്കം നോക്കിക്കൊണ്ടിരുന്നു."

ഞാൻ ചിന്തിച്ചു ചരിത്രം ആവർത്തിക്കുകയാണല്ലോ? 2000 വർഷം മുമ്പ് യൂദാ യേശുവിനെ ഒറ്റിക്കൊടുക്കുവാൻ മുഖ്യപുരോഹിതൻെറ അടുക്കൽ വന്നു. അപ്പോൾ അവർ സന്തോഷിക്കുകയും പണം നൽകാമെന്നു വാഗ്ദാനം നൽകുക

www.malankaralibrary.com

യും ചെയ്തു. രണ്ടായിരം വർഷങ്ങൾക്കുശേഷം ഇവിടെ ചിലർ ഹോളണ്ടിലും മറ്റും ചെന്ന് സഭാശത്രുക്കളെകണ്ട് കേരളസഭയെ തകർക്കാമെന്നു വാഗ്ദാനം ചെയ്യുന്നു. സന്തോഷത്തോടെ അവർ അദ്ദേഹത്തിന് പണം നല്കാമെന്ന് സമ്മതിക്കുന്നു. യേശുവിനെ ഒറ്റു കൊടുക്കുവാൻ യൂദാസ് തക്കംനോക്കി നടക്കുന്നതു പോലെ യൂദാസിൻെറ വക്കീലന്മാരും ഈ സഭയെ തക്കംനോക്കി ഒറ്റുകൊടുക്കാൻ നടക്കുന്നു.

യൂദാ മുത്തിക്കൊണ്ടാണ് യേശുവിനെ ഒറ്റിക്കൊടുത്തത്. ആധുനിക യൂദാസുമാർ ബൈബിൾ വിതരണം ചെയ്ത് യേശുഭക്തരായി അഭിനയിച്ച് ജനങ്ങളെ തൻെറ പക്ഷത്തേക്ക് കൊണ്ടുവരുവാനും അവസാനം അവരെ സഭയ്ക്കെതിരാക്കുവാനും ശ്രമിക്കുന്നു. സുവിശേഷകൻ പറയുന്നത് നമുക്ക് ഇവിടെയും ആവർത്തിക്കാം. "അവന് ദുരിതം. ആ മനുഷ്യൻ ജനിക്കാതിരുന്നുവെങ്കിൽ അവന് നന്നായിരുന്നു."

മത്തായിയുടെ സുവിശേഷം 27-ാം അദ്ധ്യായം 3 മുതലുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക: "യേശുവിന് ശിക്ഷ വിധിച്ചു. എന്നുകണ്ട ഒറ്റുകാരനായ യൂദായ്ക്ക് മനഃക്ലേശമുണ്ടായി. അയാൾ ആ മുപ്പത് വെള്ളി നാണയം മുഖ്യപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയുമടുക്കൽ തിരികെ കൊണ്ടുചെന്നു പറഞ്ഞു. നിഷ്കളങ്ക രക്തം ഞാൻ ഒറ്റിക്കൊടുത്തു. ഞാൻ പാപം ചെയ്തു. അവർ പറഞ്ഞു. അതിന് ഞങ്ങൾ എന്തു വേണം? അതു നിൻെറ കാര്യം. വെള്ളിനാണയങ്ങൾ ദേവാലയത്തിലേക്ക് വലിച്ചെറിഞ്ഞിട്ട് അയാൾ സ്ഥലം വിട്ടു. അയാൾ പോയി കെട്ടിത്തൂങ്ങിച്ചത്തു.

സത്യത്തോട് സ്നേഹം ഭാവിച്ച് ഒറ്റുകൊടുക്കുന്ന കഥാകൃത്തായ എൻെറ ഒരു സ്നേഹിതൻ "സത്യത്തോട് യാതൊരു ബഹുമാനവുമില്ലാത്തവനാ" ണെന്ന് ഒരു കോടതി പറഞ്ഞപ്പോൾ അനുതപിക്കാതെ ആത്മത്യചെയ്യാൻ കടൽത്തീരത്തേക്കു പോയ കഥയും ഞാനോർത്തു. പക്ഷേ, കാരുണ്യവാനായ ദൈവം അത്ഭുതകരമായി ഇടപെട്ട് ആത്മഹത്യാശ്രമത്തിൽനിന്നു പിന്തിരിപ്പിച്ചു. തിരികെവന്നിട്ടും അദ്ദേഹം അനുതപിക്കുകയോ തൻെറ തൊഴിലുപേക്ഷിക്കുകയോ ചെയ്തില്ല. അദ്ദേഹം വീണ്ടും സഭയെ മുത്തിക്കൊണ്ട് ഒറ്റിക്കൊടുക്കുവാനാണ് ശ്രമിച്ചത്. യൂദാ വെള്ളിനാണയങ്ങൾ ദേവാലയത്തിലേക്ക് വലിച്ചെറിഞ്ഞിട്ട് സ്ഥലം വിട്ടു. പക്ഷേ, അഭിനവയൂദാ വീണ്ടും സഭയെ ഒറ്റിക്കൊടുക്കുന്നതിന് പ്രതിഫലം തേടി വിദേശങ്ങളിലേയ്ക്കു പോകുകയാണ് ചെയ്തത്. പശ്ചാത്താപമില്ലാതെ എന്നുമെന്നും അദ്ദേഹം ഹോളണ്ടിലേയും മറ്റും സഭാശത്രുക്കളിൽനിന്നും പണം വാങ്ങിക്കൊണ്ടിരിക്കുന്നു.

മുഖ്യപുരോഹിതൻ ആ വെള്ളിനാണയങ്ങൾ എടുത്തിട്ട് പറഞ്ഞു""രക്തപ്പണമായതിനാൽ ഇത് ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നത് നിയമാനുസൃതമല്ല. തന്മൂലം അവർ കൂടിയാലോചിച്ച് ആ പണം കൊടുത്ത് പരദേശികളെ സംസ്കരിക്കുവാൻ കുശവൻെറ പറമ്പു വാങ്ങി. അതിനാൽ ആ പറമ്പ് കുശവൻെറ പറമ്പ് എന്നറിയപ്പെടുന്നു."

സഭയെ ഒറ്റിക്കൊടുക്കാൻ കഥാകൃത്ത് വാങ്ങിയ പണം ഒന്നും തിരിച്ചെറിഞ്ഞില്ല. അദ്ദേഹം അനുതപിച്ചുമില്ല. വീണ്ടും വീണ്ടും മുത്തിക്കൊണ്ട് പണം സമ്പാദിക്കുവാൻ ശ്രമിച്ചുകൊണ്ടുമിരുന്നു. ആ പണം കൊണ്ട് ഇടമറ്റത്ത് ഒരു പറമ്പു വാങ്ങി. ആദ്യം അവിടെ പന്നി വളർത്തൽ കേന്ദ്രം ആരംഭിച്ചു. ഇപ്പോൾ നല്ല

www.malankaralibrary.com

സമറായൻ ലേബലിൽ ഒറ്റുകാരൻ യൂദായെ താമസിപ്പിച്ചിരിക്കുന്നു. അതിനാൽ ആ പറമ്പ് ഭാവിയിൽ "ഒറ്റൽ ഗവേഷണ കേന്ദ്രം" എന്നായിരിക്കും അറിയപ്പെടുക.

## വടിക്കഷണം (സംഭാഷണം)

? പത്രോസിനെയും യൂദാസിനെയും താരതമ്യപ്പെടുത്താമോ?

താരതമ്യപ്പെടുത്താം. പത്രോസ് തൽക്കാല ജീവഭയംകൊണ്ട് . യേശുവിനെ തള്ളിപ്പറഞ്ഞു. അതിൽ പശ്ചാത്തപിച്ചു കരഞ്ഞു. ഒടുവിൽ യേശുവിനുവേണ്ടി മരിച്ചു. യൂദാസാകട്ടെ, മനഃപൂർവ്വം പദ്ധതി ആസൂത്രണം ചെയ്ത് സ്നേഹം നടിച്ച് യേശുവിനെ ഒറ്റിക്കൊടുത്തു. ഗുരുവിനെക്കാൾ നല്ലത് പണം ആണെന്ന് എപ്പോഴും കരുതി. പണം തന്നെ രക്ഷിക്കുന്നില്ലെന്ന് കണ്ട് ആത്മഹത്യചെയ്തു.

? ഇതൊക്കെ താങ്കളുടെ അഭിപ്രായമല്ലെ? യേശുവിന് യൂദാസിനെക്കുറിച്ചുള്ള അഭിപ്രായമെന്ത്?

യേശുപറഞ്ഞു. അവൻ പിശാചാണ് (യോഹ. 6-70) കൂട്ടത്തിൽ ഇരുന്ന് ഭക്ഷണം കഴിച്ചിട്ട് കുതികാലുകളുയർത്തി ചവിട്ടുന്നവനാണ് (യോഹ. 13-18)ഒറ്റുകാരനാണ് (യോഹ. 13:21,27) മനഃപ്പൂർവ്വം തിന്മചെയ്യുന്നവനാണ്, (യോഹ. 13-27) അവനു ശാപം (ലൂക്കാ 22-22)

? പത്രോസിനെയും യേശു സാത്താനെ എന്നു വിളിച്ചില്ലെ?

പത്രോസിൻെറ ലൗകികവും ബാലിശവുമായ ഉത്തരം കേട്ട് കോപം വന്നിട്ട് നാട്ടുനടപ്പ് ശൈലിയിൽ ശാസിച്ചതാണ് യൂദാസിനെക്കുറിച്ചുള്ളത് അത്തരം ഒരു വൈകാരിക പ്രതികരണമായിരുന്നില്ല.

? യേശുവചനം പ്രചരിപ്പിക്കുകയും അതേ സമയം യൂദാസിനെ ന്യായീകരിച്ചുകൊണ്ട് വാദിക്കുകയും ചെയ്യുന്ന ഒരാളിനെക്കുറിച്ച് യേശു എന്തു പറയും?

അവനെ ഞാൻ അറിയുന്നില്ല. അവൻ എൻെറകൂടെയല്ല യൂദാസിൻെറ ഓഹരി അവനും ലഭിക്കും. അവനു ശാപം.

? യേശുവിൽ വിശ്വസിക്കുന്നതായി ഭാവിക്കുകയും യേശുവിൻെറ വചനത്തെ അവഗണിച്ച് യൂദാസിൽ മാതൃക കണ്ടെത്തുകയും ചെയ്യുന്നതിൻെറ അർത്ഥമെന്ത്?

പണം

www.malankaralibrary.com

# 12 ന്യൂനപക്ഷാവകാശങ്ങളും പുലിക്കുന്നൻെറ വ്യാഖ്യാനങ്ങളും

ഭാരതത്തിലെ ന്യൂനപക്ഷസമുദായങ്ങൾ ഒരു വലിയ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. മതവിരുദ്ധശക്തികളുടെ കടന്നാക്രമണത്താൽ ന്യൂനപക്ഷസമുദായങ്ങൾ ഞെരുക്കപ്പെടുകയാണ്. പുരോഗമനമത്തിൻെറ പേരിൽ മിക്കരാഷ്ടരീയകക്ഷികളും ന്യൂനപക്ഷാവകാശത്തിൻെറ അന്തസ്സത്തമനസ്സിലാക്കാതെ അവ ഉന്മൂലനം ചെയ്യണമെന്ന് മുറവിളികൂട്ടുകയാണ്. പട്ടം താണുപിള്ള. പനമ്പിള്ളിഗോവിന്ദമേനോൻ, മുണ്ടശ്ശേരി തുടങ്ങിയ ഭരണകർത്താക്കളും എ. കെ. ആന്റണിയടക്കമുള്ള കോൺഗ്രസ്സ് നേതാക്കളും ന്യൂനപക്ഷാവകാശങ്ങളെ കയ്യേറ്റം ചെയ്യുവാൻ ഒളിഞ്ഞുംതെളിഞ്ഞും പരിശ്രമിച്ചിട്ടുണ്ട്. അതിനെതിരെ ന്യൂനപക്ഷങ്ങൾ സംഘടിച്ച് ശബ്ദമുയർത്തുകയും നീതിന്യായകോടതികളെ സമീപിക്കുകയും വിജയം വരിക്കുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളെ വരിഞ്ഞുമുറുക്കുവാനാണ് എല്ലാ ഭരണകർത്താക്കളും ശ്രമിക്കുന്നത്.

എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതും എയ്ഡഡ് സ്കൂളുകൾക്ക് മറ്റ് ധനസഹായം നൽകുന്നതും സർക്കാരാകയാൽ സ്കൂളുകളിലെ നിയമനവും സർക്കാരിനായിരിക്കണണമെന്നവാദം രാഷ്ട്രീയക്കാർ ഉന്നയിക്കാൻ തുടങ്ങിയിട്ട് കാലങ്ങളേറെയായി. ആ വാദം നിയമപരമായി ശരിയായിരുന്നില്ല. എങ്കിലും രാഷ്ട്രീയസമ്മർദ്ദത്തിൻെറ ഫലമായി കോളേജുകളിലെ സ്റ്റാഫ് നിയമനത്തിന് ഗവൺമെന്റിൻെറയും യൂണിവേഴ്സിറ്റിയുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മറ്റിയെ നിയമിക്കുവാൻ സമ്മതിക്കേണ്ടിവന്നു. നിയമനത്തിന് പരിധികൾ ഏർപ്പെടുത്തിയതും കമ്മറ്റിയെവച്ചതും ന്യൂനപക്ഷാവകാശധ്വംസനം തന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ന്യൂനപക്ഷസമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സ്റ്റാഫിനെ തിരഞ്ഞെടുക്കുന്നതിന് ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തുവാൻ സ്റ്റേറ്റിന് അവകാശമില്ലെന്ന് കോടതി വിധിച്ചത് വിസ്മരിച്ചുകൊണ്ടാണ് മേൽപറഞ്ഞ വ്യാഖ്യാനവുമായി പലരും രംഗത്ത് വരുന്നത്. സ്റ്റേറ്റ് അംഗീകാരം, അഫിലിയേഷൻ, ഗ്രാന്റ് എന്നിവ ലഭിക്കുന്ന ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിയമിക്കപ്പെടേണ്ട അദ്ധ്യാപകരുടെ യോഗ്യതകൾ എന്തൊക്കെയാണെന്ന്വ്യക്തമായി നിർദ്ദേശിക്കുവാൻ മാത്രമാണ് സ്റ്റേറ്റിന് അവകാശമുള്ളത്. ന്യൂനപക്ഷാവകാശങ്ങൾക്കെതിരായി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ ഈ യാഥാർത്ഥ്യം വിസ്മരിക്കരുത്.

പതിന്നാലുവയസ്സിൽ താഴെയുള്ള എല്ലാകുട്ടികൾക്കും നിർബന്ധിത സൗജന്യ വിദ്യാഭ്യാസം നൽകാൻ സ്റ്റേറ്റുകൾ പരിശ്രമിക്കണമെന്ന് ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ പറഞ്ഞിട്ടുണ്ട്. അത് പൂർണ്ണമായും നടപ്പിലാക്കുവാൻ അരനൂറ്റാണ്ട് പിന്നിട്ടിട്ടും ഭാരതത്തിൽ ഒരു സർക്കാരിനും സാധിച്ചിട്ടില്ല. ഇന്നത്തെ സാഹചര്യത്തിൽ പൊതു ഖജനാവിൽ നിന്നും പണം മുടക്കി എല്ലാവർക്കും വേണ്ട വിദ്യാഭ്യാസം നൽകാൻ ഭാരതത്തിന് സാധിക്കുകയുമില്ല. അതുകൊണ്ടാണ്

www.malankaralibrary.com

വിവിധസമുദായങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സേവനം രാഷ്ട്രം വിലമതിക്കുന്നത്. 14വയസ്സിൽ താഴെയുള്ള എല്ലാകുട്ടികൾക്കും വിദ്യാഭ്യാസം നൽകാൻ സർക്കാരിന് സാധിക്കുകയില്ലാത്തതുകൊണ്ടാണ് വിദ്യാഭ്യാസരംഗത്ത് കോടിക്കണക്കിന് രൂപാമുതൽ മുടക്കി വിദ്യാഭ്യാസസ്ഥാപനങ്ങൾ പടുത്തുയർത്തിയ ന്യൂനപക്ഷസമുദായങ്ങളുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെ ഗ്രാന്റ് നൽകിയും അദ്ധ്യാപകർക്ക് ശമ്പളം നൽകിയും ഗവൺമെന്റ് സഹായിക്കുന്നത്. ഗവൺമെന്റിന്റെ യത്നങ്ങളോട് സഹകരിക്കുന്ന ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളുടെമേൽ, അവർ ഗ്രാന്റും അദ്ധ്യാപകശമ്പളവും സ്വീകരിക്കുന്നുവെന്നതിന്റെ പേരിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തുവാൻ ആർക്കും അവകാശമില്ല.

ന്യൂനപക്ഷാവകാശങ്ങളുടെമേൽ കത്തിവയ്ക്കാൻ ശ്രമിക്കുന്നവർ അതിനെ പിന്താങ്ങുന്നവർ ഒരു കാര്യം മനസ്സിലാക്കണം. ന്യൂനപക്ഷാവകാശങ്ങൾ ന്യൂനപക്ഷങ്ങൾ സമരം ചെയ്തോ, സ്വാധീനമുപയോഗിച്ചോ നേടിയെടുത്തതല്ല നമ്മുടെ ഭരണഘടന എഴുതിയുണ്ടാക്കിയ രാഷ്ട്രശില്പികൾ തന്നെയാണ് ഈ അവകാശങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്.

ഭാരതത്തിൽ ചിലപ്രത്യേക മതഭാഷാവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങളാണ്. അവർക്കും ഭൂരിപക്ഷാംഗങ്ങളെപ്പോലെയുള്ള പൊതുഅവകാശങ്ങളെയുള്ളുവെങ്കിൽ അവർക്ക് തുല്യതനിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. കാരണം ഭൂരിപക്ഷവോട്ടിന്റെയടിസ്ഥാനത്തിൽ മാറിമാറിവരുന്ന ഗവൺമെന്റുകൾക്ക് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ അവഗണിക്കാൻ കഴിയും. ന്യൂനപക്ഷങ്ങൾ ഭൂരിപക്ഷങ്ങളുടെ ഔദാര്യത്തിനും ദയാദാക്ഷിണ്യങ്ങൾക്കും എപ്പോഴും കൈക്കുമ്പിൾ നീട്ടേണ്ടിവരും. ഭൂരിപക്ഷമതവിഭാഗങ്ങളുടെ അവകാശങ്ങൾ ഒരിക്കലും സ്വാഭാവികമായും അവർ ഭൂരിപക്ഷം വരുന്ന ഭരണത്തിൽ നിഷേധിക്കപ്പെടുകയില്ല. ഇനി ഏതെങ്കിലും കാരണവശാൽ അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ തന്നെ ഭൂരിപക്ഷസ്വാധീനമുപയോഗിച്ച് പ്രക്ഷോഭണങ്ങൾ സംഘടിപ്പിച്ചോ നാട്ടിലെ ജനജീവിതംസ്തംഭിപ്പിച്ചോ അവർക്കു  അവ നേടിയെടുക്കാനാകും എന്നാൽ ന്യൂനപക്ഷമതഭാഷാവിഭാഗങ്ങൾക്ക് അവർ ന്യൂനപക്ഷങ്ങളാണെന്ന കാരണത്താൽ തന്നെ അവരുടെ അവകാശങ്ങൾ സ്വസമൂഹബലംകൊണ്ട് നേടിയെടുക്കുക അസാദ്ധ്യമാണ്.

ഒരു മതേതരജനാധിപത്യരാഷ്ട്രമായ ഇന്ത്യയിൽ ഒരു വിഭാഗവും അവഗണിക്കപ്പെടാതിരിക്കുവാൻ വേണ്ട ഒരു മുൻകരുതൽ എന്ന നിലയിലാണ് ക്രാന്തദർശികളായ രാഷ്ട്രഭരണഘടനാ ശില്പികൾ ന്യൂനപക്ഷവകാശങ്ങളെക്കുറിച്ചുള്ള പ്രത്യേകവകുപ്പ് എഴുതിച്ചേർത്തത്. പ്രധാനമായും വിദ്യാഭ്യാസസ്ഥാപനത്തിലൂടെയാണല്ലോ ഏതൊരു സമൂഹവും തങ്ങളുടെ തനിമയിൽ വളരുന്നത്. ന്യൂനപക്ഷങ്ങൾക്ക് അവരുടേതായതനിമനിലനിർത്തി ഭാരതത്തിൽ വളരണമെങ്കിൽ അവരുടേതായ വിദ്യാഭ്യാസസ്ഥാപനവങ്ങൾ ഏർപ്പെടുത്താനും നടത്താനുമുള്ള അവകാശമുണ്ടായിരിക്കണമെന്ന് ഭരണഘടനാശില്പികൾകണ്ടു. ഈ അവകാശമില്ലങ്കിൽ കാലക്രമേണ ഭൂരിപക്ഷമതഭാഷാസ്വാധീനത്തിൽപ്പെട്ട് അവരും ഇല്ലാതായേക്കും. ഇതൊഴിവാക്കുവാനും ജനാധിപത്യറിപ്പബ്ലിക്കായ ഭാരതത്തിൽ ഒരു ചെറിയവിഭാഗത്തിന് പോലും അന്യതാബോധമുണ്ടാകാതിരിക്കുവാനുമാണ് ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് പ്രത്യേകം അവകാശങ്ങൾ നൽകിയിരിക്കുന്നത്.

www.malankaralibrary.com

ഭാരതത്തിൻെറ ഐക്യവും അഖണ്ഡതയും അഭംഗരം കാത്തു സൂക്ഷിക്കണമെന്ന വലിയ ഉൾക്കാഴ്ചയുടെ ഫലമായിട്ടാണ് ഭരണഘടനാശില്പികൾ ന്യൂനപക്ഷാവകാശങ്ങൾ ഭരണഘടനയിൽ എഴുതിച്ചേർത്തത്. ഭരണഘടനാ ശില്പികൾ ആരുടെയും സമ്മർദ്ദത്തിൻെറയോ പ്രേരണയുടെയോ ഫലമായിട്ട് ഈ വകുപ്പുകൾ എഴുതിച്ചേർത്തതല്ല എന്നാൽ ഈ ന്യൂനപക്ഷാവകാശങ്ങൾ പരിമതപ്പെടുത്തുവാനും എടുത്തുകളയുവാനും ഉള്ള നീക്കങ്ങൾ പല സന്ദർഭങ്ങളിലും ഉണ്ടായിട്ടുണ്ട്. ന്യൂനപക്ഷാവകാശം എടുത്തുകളയണമെന്ന് ഇന്ന് വാദിക്കുന്നത് ഇവിടുത്തെ ഭൂരിപക്ഷസമുദായങ്ങളല്ലായെന്നുള്ളത് ഭാരതജനതക്ക് അഭിമാനം നൽകുന്നു. പുരോഗമനത്തിൻെറ പേരിൽ ചില രാഷ്ട്രീയനേതാക്കൾ ആണ്. ന്യൂനപക്ഷസമുദായത്തിൽപ്പെട്ട ചിലവ്യക്തികൾ, ന്യൂനപക്ഷാവകാശത്തിൻെറ മറവിൽ ഇവിടെ മതാധികാരസംരക്ഷണമാണ് നടക്കുന്നതെന്നും അതിനാൽ ന്യൂനപക്ഷാവകാശം ഇന്നത്തെ നിലയിൽ തുടരാൻ പാടില്ലെന്നും വാദിക്കുന്നത് വിചിത്രമായിതോന്നാം.

അടുത്തകാലത്ത് ഈ വാദഗതിയുമായി മുന്നോട്ടുവന്നിരിക്കുന്നത് ഇടമറ്റത്തെ ഭാരതിയക്രൈസ്തവപഠനകേന്ദ്രത്തിൻെറ ഡയറക്ടർ ശ്രീ. ജോസഫ് പുലിക്കുന്നനാണ്. കലങ്ങിയവെള്ളത്തിൽ മീൻ പിടക്കാൻ തക്കം നോക്കി നടക്കുന്ന ശ്രീ പുലിക്കുന്നൻ ഓശാനയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷമതസമൂഹങ്ങൾക്ക് നൽകിയിട്ടുള്ള പ്രത്യേക വിദ്യാഭ്യാസാവകാശം, ഇന്ന് കത്തോലിക്കാസമൂഹത്തിൻെറ മേൽ പുരോഹിതാധികാരത്തിൻെറ പിടിമുറുക്കുന്നതിനും സമുദായാംഗങ്ങളുടെ അവകാശങ്ങളെ കവർന്നെടുക്കുന്നതിനുമായി സമർത്ഥമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്... ഭരണഘടനപ്രത്യേക വിദ്യാഭ്യാസാവകാശം നൽകിയിരിക്കുന്നത് ന്യൂനപക്ഷമതസമൂഹങ്ങൾക്കാണ്. എന്നാൽ ഇന്ന് ഈ അവകാശത്തെ മതപുരോഹിതാവകാശമാക്കിതീർത്തിരിക്കുന്നു. ഈ പ്രത്യേക അവകാശങ്ങൾ ന്യൂനപക്ഷസമുദായങ്ങൾ സ്ഥാപിക്കുന്നതും അവർ ഭരിക്കുന്നതുമായ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് മാത്രമാണ് ലഭ്യമാകേണ്ടത്. എന്നാൽ ഇന്ന് ഈ അവകാശം കത്തോലിക്കാസമുദായത്തെസംബന്ധിച്ച് സമുദായാംഗങ്ങളുടെ യാതൊരു നിയന്ത്രണത്തിനുവിധേയമാകാത്ത ഒരു പുരോഹിതാവകാശമായി മാറിക്കഴിഞ്ഞു. മാത്രമല്ല ഈ അവകാശത്തിൻെറ പ്രയോഗം കൊണ്ട് കത്തോലിക്കാസമുദായത്തെയാകെ തങ്ങളുടെ കാൽക്കീഴിൽ നിറുത്താനുള്ള തുറന്ന പ്രവർത്തനങ്ങളിൽ പുരോഹിതാധികാരം ഏർപ്പെട്ടിരിക്കുകയാണ്. സഭയുടെ മേൽ തങ്ങളുടെ അധികാരം കെട്ടിവയ്ക്കുന്നതിന് പുരോഹിതർ ഇന്ന് വിദ്യാഭ്യാസരംഗത്തെ നിർലജ്ജം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു"

പുലിക്കുന്നൻ ഈ എഴുതിയിരിക്കുന്നതിൻെറ അർത്ഥം സഭയിലെ അൽമായരെയും വൈദീകരെയും രണ്ട് വ്യത്യസ്തചേരികളിലാക്കി അവരെ ശത്രുക്കളാക്കി തീർക്കുക എന്നതുമാത്രമാണ്. ഇതിനുവേണ്ടിയാണല്ലോ ഹോളണ്ടിൽനിന്നും ക്രൈസ്തവപഠനകേന്ദ്രം പണം പറ്റുന്നത്. കേരളകത്തോലിക്കാ സഭയെ തകർക്കുകയെന്ന ലക്ഷ്യത്തോടെ ഹോളണ്ടിലെ ഒരു സഭാവിരുദ്ധസമൂഹത്തിൻെറ ദല്ലാളായി പ്രവർത്തിക്കുന്ന പുലിക്കുന്നൻ ആ ദൗത്യം ആത്മാർത്ഥതയോടെ നിർവ്വഹിക്കുന്നുവെന്നുള്ളതിന് തെളിവാണ് ഈ ലേഖനം. പുലിക്കുന്നൻ ഹോളണ്ടുകാരോട് നീതിപുലർത്തുന്നുണ്ടെന്ന് നമുക്ക് സമാശ്വസിക്കാം!

സന്ദർഭം നോക്കി ആയുധം പ്രയോഗിക്കുവാൻ കഴിവുള്ളവനാണ് പുലിക്കുന്നൻ. പ്ലസ് ടു കോഴ്സിലേക്കുള്ള അദ്ധ്യാപകനിയമനം നടത്തുന്ന ഈ സന്ദർഭ

www.malankaralibrary.com

ത്തിൽ ഇങ്ങനെയൊരു ലേഖനം പ്രസിദ്ധീകരിച്ചതിന് പിന്നിൽ വലിയ ഗൂഢല ക്ഷ്യങ്ങളുണ്ട്, പ്ലസ് ടുവിലെ അദ്ധ്യാപകനിയമനത്തിന് അപേക്ഷഅയച്ചവരിൽ 10ശതമാനത്തിനുപോലും ജോലിലഭിക്കുകയില്ല. ജോലി ലഭിക്കാത്ത 90 ശതമാനത്തിലധികം വരുന്ന ഉദ്യോഗാർത്ഥികളെ സഭാധികാരത്തിനെതിരായിതി രിച്ചുവിടാമെന്നാണ് പുലിക്കുന്നൻെറ കണക്കുകൂട്ടൽ.

ശ്രീ പുലിക്കുന്നൻ അഭിപ്രായപ്പെടുന്നത്, ന്യൂനപക്ഷാവകാശത്തെ മതപു രോഹിതന്മാർ ഒരു പുരോഹിതാവകാശമാക്കിതീർത്തരിക്കുകയാണെന്നും ന്യൂനപ ക്ഷാവകാശംകത്തോലിക്കാസമുദായത്തെ സംബന്ധിച്ച് സമുദായംഗങ്ങളുടെ യാതൊരു നിയന്ത്രണത്തിനും വിധേയമാകാത്ത ഒരു പുരോഹിതാവകാശമായി മാറിക്കഴിഞ്ഞുവെന്നും ന്യൂനപക്ഷാവകാശത്തിൻെറ പ്രയോഗം കൊണ്ട് കത്തോലി ക്കാസമുദായത്തെയാകെ തങ്ങളുടെ കാൽക്കീഴിൽ നിർത്താനുള്ള തുറന്ന പ്രവർത്ത നങ്ങളിൽ പുരോഹിതാധികാരം ഏർപ്പെട്ടിരിക്കുകായാണെന്നും ആണ്. പുരോഹി തരെയും അൽമായരെയുംരണ്ടുതട്ടിൽ നിറുത്തി തമ്മിലടിപ്പിക്കാനുള്ള ഒരു കലഹ പ്രിയൻെറ കുശാഗ്രബുദ്ധിയാണ് ഇതിനു പിന്നിൽ കാണുവാൻ സാധിക്കുക. പുരാണത്തിലെ നാരദൻെറ ഭാഗം ഈ കാലഘട്ടത്തിൽ ഭംഗിയായി പുലിക്കുന്നൻ അഭിനയിക്കുന്നു. ലോകസമാധാനത്തിനുവേണ്ടി പ്രവർത്തിക്കുന്നവരെയും ശാസ്ത്ര സാങ്കേതിക സാഹിത്യരംഗങ്ങളിൽ പ്രവർത്തിക്കുന്നവരെയും ആദരിക്കാൻ നോ ബൽ സമ്മാനം നൽകുന്നുണ്ടല്ലോ. സമൂഹത്തിൽ കലഹം ഉണ്ടാക്കാൻ ശാസ്ത്രീ യമായി പ്രവർത്തിക്കുന്നവരെ ആദിരക്കാൻ നോബൽ സമ്മാനം ഏർപ്പെടുത്തുന്ന പക്ഷം ആ സമ്മാനത്തിന് ഈ അഭിനവനാരദൻെറ പേര് ഞാൻ നിർദ്ദേശിക്കും. ഈ തന്ത്രത്തെപ്പറ്റി ഇതിൽ കൂടുതൽ ഒന്നും പറയുവാൻ ആഗ്രഹിക്കുന്നില്ല.

ഏതൊരുസ്ഥാപനത്തിൻെറയും പ്രവർത്തനത്തിന് മുഖ്യനേതൃത്വം വഹി ക്കാൻ ആരെങ്കിലുമുണ്ടാകണം. ചിലപ്പോൾ ശമ്പളം പറ്റുന്നവരാകാം. ആ ചുമതല വഹിക്കുന്നത്. ചിലപ്പോൾ സാമൂഹ്യപ്രവർത്തകരാകാം. ശമ്പളം പറ്റുന്നവരുടെയും സാമൂഹ്യപ്രവർത്തകരുടെയും നടത്തിപ്പിൽ ചിലപ്പോൾ പാളിച്ചകൾ ഉണ്ടാകാം. ആ പാളിച്ചകൾ ചിലപ്പോൾ മനഃപൂർവ്വവും ചിലപ്പോൾ യാദൃശ്ചികവുമാകാം. മനഃപൂർവ്വം പാളിച്ചകൾ വരുത്തുന്നവരെ ശിക്ഷിക്കാൻ നിയമവ്യവസ്ഥകളുണ്ടാകണം അധി കാരം കൈയ്യാളുന്നവർ എന്നും ന്യൂനപക്ഷമാണ്. അതിൽ ചിലർ അധികാരം സ്വാർത്ഥലാഭത്തിനുവേണ്ടി വിനിയോഗിച്ചുവെന്നുവരാം. സമൂഹത്തിൻെറ യാതൊരു നിയന്ത്രണത്തിനും വിധേയമാകാത്ത ഒരു ഉദ്യോഗസ്ഥാവകാശമാക്കി മാറ്റാൻ അവർ ശ്രമിച്ചെന്നുംവരാം. അതുകൊണ്ട് ആ ഉദ്യോഗങ്ങൾ എല്ലാം വേണ്ടെന്ന് വയ്ക്കാൻ പറയുന്നതിന് എന്താണർത്ഥം?

ന്യൂനപക്ഷാവകാശം കുറേ പുരോഹതിന്മാർ അന്യായമായി കൈകാര്യം ചെയ്യുന്നുണ്ടത്രേ. പുലിക്കുന്നൻ പറയുന്നത് പുരോഹിതർ മുഴുവൻ കുറ്റക്കാരാ ണെന്നാണ്. അവരിൽ ഒരാളെപോലും നല്ലവനായി കാണാൻ പുലിക്കുന്നന് സാധി ച്ചിട്ടില്ല. മഞ്ഞപ്പിത്തം പിടിച്ചവൻ നോക്കുന്നതെല്ലാം മഞ്ഞച്ചിരിക്കുമെന്നാണല്ലോ ചൊല്ല്. പുരോഹിതരുടെ പ്രവൃത്തികളിൽ ചിലപ്പോൾ പാളിച്ചകൾ വന്നുവെന്നുവരാം. അവരും മനുഷ്യരാണല്ലോ? ഈ സമൂഹത്തിൽ ജീവിക്കുന്നവരുമാണല്ലോ. പുരോ ഹിതർമാത്രം കുറ്റക്കാരാണെന്ന് പറയുന്നത് ശരിയാണോ? പുരോഹതിർ ന്യൂന

www.malankaralibrary.com

പക്ഷാവകാശം ദുരുപയോഗം ചെയ്യുന്നു അതുകൊണ്ട് ന്യൂനപക്ഷാവകാശം റദ്ദുചെയ്യണമെന്നാണ് പുലിക്കുന്നന്റെ വാദം. തലവേദന വരുമ്പോൾ തലവെട്ടിക്കളയുവാൻ നിർദ്ദേശിക്കുന്നതുപോലെ വിചിത്രമായ ഒരു ഉപദേശമാണിത്. ന്യൂനപക്ഷാവകാശം ശരിയായി വിനിയോഗിക്കുവാനുള്ള ഒരു നിർദ്ദേശവും പുലിക്കുന്നിനില്ല. ആ അവകാശം തന്നെ ഇല്ലാതായാൽ അദ്ദേഹം സംതൃപ്തനായി നശീകരണ പ്രക്രിയയിലാണല്ലോ അദ്ദേഹം ഏർപ്പെട്ടിരിക്കുന്നത്.

ന്യൂനപക്ഷാവകാശം മതത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിലാണ് നൽകപ്പെട്ടിരിക്കുന്നത്. ക്രൈസ്തവരെ സംബന്ധിച്ചടത്തോളം മതത്തിന്റെയടിസ്ഥാനത്തിൽ നൽകിയിരിക്കുന്ന ആ അവകാശം സമുദായത്തിന്റെ നന്മയ്ക്കുവേണ്ടി വിനിയോഗിക്കേണ്ടത് സ്വാഭാവികമായും മതാധികാരികളായിരിക്കണം. പുരോഹിതനേതൃത്വം കഴിഞ്ഞകാലങ്ങളിൽ ന്യൂനപക്ഷസ്ഥാപനങ്ങളെ സമുദായത്തിന്റെ ഉയർച്ചക്കും നന്മയ്ക്കും വേണ്ടി നയിച്ചു പോന്നു എന്നത് തർക്കമറ്റസംഗതിയാണ്. പുരോഹിതനായതിന്റെ പേരിൽ ന്യൂനപക്ഷാംഗത്വം നഷ്ടപ്പെടുകയല്ല, നിലവിലുള്ള സംവിധാനത്തിൽ ന്യൂനപക്ഷമതവിഭാഗത്തിന്റെ പ്രാതിനിദ്ധ്യം അദ്ദേഹത്തിൽ നിക്ഷിപ്തമാകുകയാണ് ചെയ്യുന്നത്. ഈ വസ്തുത കോടതിയും അംഗീകരിച്ചിട്ടുള്ളതാണ്. കഴിഞ്ഞ കാലങ്ങളിൽ പുരോഹിതാധികാരികളും സഭാംഗങ്ങളും ഒന്നിച്ചു നിന്നുകൊണ്ട് സ്ഥാപനങ്ങൾ വളർത്തുവാനാണ് ശ്രമിച്ചത്. അവർ രണ്ടു തട്ടിൽനിന്നുകൊണ്ടല്ല കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളത്. അവർ ഒരേ മനസ്സോടെ ഒത്തൊരുമിച്ച് പ്രവർത്തിക്കുകയാണ് ചെയ്തത്. ന്യൂനപക്ഷസ്ഥാപനങ്ങളിലെ ഭരണകാര്യങ്ങളുടെ ഫലപ്രദമായ നിർവ്വഹണത്തിനുവേണ്ടി മതാധികാരികളും സാമുദായികപ്രതിനിധികളും ചേർന്ന് കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെങ്കിൽ അതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാനാണ് സമുദായസ്നേഹികൾ മുന്നോട്ടുവരേണ്ടത്. ന്യൂനപക്ഷസ്ഥാപനങ്ങളിലെ ഭരണകാര്യങ്ങളിൽ വേണ്ടത്ര ജനപങ്കാളിത്തമില്ലെന്ന് തോന്നുന്നസ്ഥലങ്ങളിൽ അതുണ്ടാക്കിയെടുക്കുവാൻ ശ്രമിക്കണം. പുലിക്കുന്നന്റെ അൽമേയാ അസോസിയേഷന് വേണമെന്ന് പറഞ്ഞാൽപോലും മനസ്സിലാക്കാം. നിലവിലുള്ള സൗഹൃദാന്തരീക്ഷം നശിപ്പിച്ച് സമുദായാംഗങ്ങളെ തമ്മിൽ കലഹിപ്പിക്കുവാൻ ശ്രമിക്കുന്നവർ സങ്കീർത്തകൻ പറയുന്നതുപോലെ "നന്മയേക്കാൾ തിന്മയും സത്യത്തേക്കാൾ വ്യാജവുമാണ്" ഇഷ്ടപ്പെടുന്നത്.

പുലിക്കുന്നന്റെ ലേഖനത്തിൽ ഇപ്രകാരം കാണുന്നു "പാലാരൂപതവക കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിലേക്ക് അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നരീതി എല്ലാ സാമാന്യസാമൂഹ്യ, വിദ്യാഭ്യാസ മര്യാദകളെയും ലംഘിക്കുന്നു. " കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി പാലാ അദ്ധ്യാപക റാങ്ക് ലിസ്റ്റ് 1998" എന്ന ഒരു രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോർപ്പറേറ്റ് മാനേജുമെന്റിൽ അദ്ധ്യാപകനായി ജോലി ലഭിക്കണമെങ്കിൽ അക്കാദമിക വിജയങ്ങൾ മാത്രം പോരാ, മാനേജുമെന്റ് നടത്തുന്ന പരീക്ഷയും പാസ്സാകണം എന്നാണ് ഈ രേഖയിൽകാണുന്ന വ്യവസ്ഥ. ഈ പരീക്ഷയുടെ വിഷയങ്ങൾ (1) മതബോധനം (1മണിക്കൂർ) (2) പൊതുവിജ്ഞാനം (30മിനിറ്റ്) (3) ഇംഗ്ലീഷ് ഭാഷാ പരിചയം (30മിനിറ്റ്) (4) സബ്ജക്ട് (1മണിക്കൂർ)

അതായത്, മതപഠനത്തിന് മൂന്നിലൊന്ന് സമയം മാറ്റി വച്ചിരിക്കുന്നു! ആയിരം മാർക്കിൽ 250 മാർക്ക് മതാത്മകജീവിതത്തിനുവേണ്ടി നീക്കിവച്ചിരിക്കു

www.malankaralibrary.com

ന്നു! മിഷൻലീഗ്, കെ. സി. എസ്സ്. എൽ. എന്നീ അംഗീകൃതസംഘടനകളുടെ രൂപത, സംസ്ഥാനതല ഭാരവാഹിത്വത്തിനുവരെ പ്രത്യേകമാർക്ക് ലഭിക്കുമെന്നുള്ള വ്യവസ്ഥകൾ ഇതിലുണ്ട്.... കത്തോലിക്കാ ബിരുദധാരികൾക്കും എത്ര മാർക്കോടു കൂടി അവർ അക്കാദമിക രംഗത്ത് പാസ്സായാലും, ചെറുപ്പത്തിൽ മിഷ്യൻ ലീഗിലും കെ. സി. എസ്സ്. എല്ലിലും പ്രവർത്തിച്ചിട്ടില്ലെങ്കിൽ സ്കൂളിൽ ജോലി ലഭിക്കില്ല!

പാലാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയിൽ നിന്നും പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ പേരിൽ പുലിക്കുന്നൻ എന്തിനാണ് കലിതുള്ളുന്നത്? മതപഠനത്തിന് മൂന്നിലൊന്ന് സമയം മാറ്റിവച്ചതിൽ എന്താണ് പിശക്. ഭക്തസംഘടനകളിൽ പ്രവർത്തിച്ച് ക്രൈസ്തവജീവിതം നയിച്ചവർക്ക് ക്രൈസ്തവവിദ്യാലയങ്ങളിൽ ജോലിക്ക് മുൻഗണന - പ്രത്യേക - പരിഗണന - നൽകിയാൽ സമുദായ സ്നേഹികൾ അതിൽ സന്തോഷിക്കുകയേ ഉള്ളു.

പഠനത്തോടൊപ്പം സഭാസംബന്ധമായ കാര്യങ്ങളിൽ ഏർപ്പെടുകയും ഭക്തസംഘടനകളിൽ പ്രവർത്തിച്ച് സഭയോടൊത്ത് ചിന്തിക്കുകയും ചെയ്തവരെ പ്രത്യേകം പരിഗണിക്കേണ്ടത് സാമാന്യമര്യാദമാത്രമാണ്. സഭയോടൊത്ത് ചിന്തിക്കാതെയും സഭാവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടും സഭാസംവിധാനത്തിനെതിരായി പ്രവർത്തിച്ചും നടന്നവർക്കല്ല ക്രൈസ്തവസ്ഥാപനങ്ങളിൽ ജോലി നൽകേണ്ടത്. അക്കാദമിക് രംഗത്ത് എത്ര ഉന്നത വിജയം കൈവരിച്ചാലും ആ മാനദണ്ഡം വച്ചായിരിക്കരുത് നിയമനം. സഭാ സംബന്ധമായ കാര്യങ്ങളിൽ ഉദ്യോഗാർത്ഥി കഴിഞ്ഞ കാലങ്ങളിൽ ചെയ്തിട്ടുള്ള സേവനങ്ങൾക്ക് അർഹിക്കുന്ന അംഗീകാരം നൽകണം. നൽകിയേമതിയാവൂ. അതു ന്യൂനപക്ഷവിശ്വാസ സംസ്കാരങ്ങളെ നിലനിർത്താൻ ആവശ്യമാണ്.

സഭാ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടും, നശീകരണ പ്രക്രിയ മുഖ്യതൊഴിലായി സ്വീകരിച്ചും വിലകുറഞ്ഞ പബ്ലിസിറ്റിക്കുവേണ്ടി നഗരമദ്ധ്യത്തിലൂടെ നഗ്നഓട്ടം നടത്തിയും സമൂഹത്തിന് ദുർമാതൃക നൽകിയവരെ, അവരുടെ മുൻകാലചരിത്രം പരിശശോധിക്കാതെ കോളേജുകളിൽ കഴിഞ്ഞകാലത്ത് നിയമിച്ചിരുന്നു. പുലിക്കുന്നൻ ആക്ഷേപിക്കുന്ന പുരോഹിതാധികാരം അങ്ങനെതെറ്റായി പ്രവർത്തിച്ചു. പിൽക്കാലത്ത് ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളെയും പുരോഹിതരെയും ഉദ്യോഗത്തിലിരുന്നുകൊണ്ട് അവർ ദ്രോഹിച്ചു. അവർ ഇരുന്നു കൊമ്പ് അവർ തന്നെ മുറിച്ചു.

ആ അപകടം ഭാവിയിൽ ഉണ്ടാകാതിരിക്കുവാനാണ് മതബോധനത്തിന് ഒരു മണിക്കൂർ സമയം നീക്കിവച്ചത്. ഭക്തസംഘടനകളിൽ പ്രവർത്തിച്ച് ക്രൈസ്തവജീവിതം നയിച്ചവർക്ക് പ്രത്യേക പരിഗണന നൽകുവാൻ തീരുമാനിച്ചത്. ആ തീരുമാനത്തിനെതിരെ പുലിക്കുന്നൻ ജനങ്ങളെ സംഘടിപ്പിക്കുവാൻ നടത്തുന്ന ശ്രമം - ഈ സന്ദർഭത്തിലെ ശ്രമം - കലങ്ങിയ വെള്ളത്തിൽ മീൻപിടിക്കാനുള്ള ഒരു ശ്രമം മാത്രമാണ്.

പുലിക്കുന്നൻെറ ലേഖനം തുടരുന്നു. "അദ്ധ്യാപകന് മുഴുവൻ ശമ്പളവും ഗവൺമെന്റിൽ നിന്നാണ് കൊടുക്കുന്നത്. എന്നാൽ ഈ എഴുത്തുപരീക്ഷ ആരാണ് നോക്കിമാർക്കിടുന്നതെന്ന് ആർക്കുമറിഞ്ഞുകൂടാ. പുരോഹിതപാർശ്വവർത്തികളുടെ സ്വന്തക്കാർക്ക് ജോലികൊടുക്കുന്നതിനുവേണ്ടിയാണ് ഇന്ന് എല്ലാ സംവിധാനവും ചെയ്തിരിക്കുന്നത്... ഭരണഘടനാപിതാക്കൾ ഒരിക്കലും തങ്ങളുടെ ഭാവനയിൽ

www.malankaralibrary.com

കാണാത്തവിധം ഭരണഘടന 30-ാം വകുപ്പ് ഇന്ന് സങ്കുചിത താല്പര്യങ്ങൾക്കായി വ്യഭിചരിക്കപ്പെടുകയാണ്. ന്യൂനപക്ഷാവകാശത്തിന്റെ പേരിൽ ഗവൺമെന്റിൽ നിന്ന് ശമ്പളവും സ്കൂൾ നടത്തിപ്പിനുള്ള പണവും വാങ്ങിക്കൊണ്ട് ഇഷ്ടമുള്ളവർക്ക് ഇഷ്ടപ്പെട്ട ജോലികൊടുക്കുവാനുള്ള ഒരു സംവിധാനം എല്ലാകോർപ്പറേറ്റ് മാനേജുമെന്റിലും അധികാരസഭ ഏർപ്പെടുത്തിക്കഴിഞ്ഞു. ന്യൂനപക്ഷ മതവിഭാഗങ്ങളുടെ മതത്തെയോ വിശ്വാസാചാരങ്ങളെയോ സംരക്ഷിക്കുന്നതിനുവേണ്ടിയല്ല ഭരണഘടന 30ാം വകുപ്പ് ലക്ഷ്യമിട്ടിരുന്നത്. മറിച്ച് അവരുടെ സംസ്കാരത്തെ നിലനിർത്തുന്നതുവേണ്ടിയാണ്. പൊതുഖജനാവിൽ നിന്നും കിട്ടുന്നപണം" ഇഷ്ടപ്പടി ഇഷ്ടമുള്ളവർക്ക് കൊടുക്കുന്നതിനുള്ള സൂത്രവാതിൽ തുറന്നിടുന്നതിനുമായിരുന്നില്ല ന്യൂനപക്ഷാവകാശം. ഇന്ന് വിദ്യാഭ്യാസത്തിന്റെ അക്കാഡമിക് എക്സ്ലൻസ് അല്ല നിയമനത്തിന് മാനദണ്ഡം. മറിച്ച് പുരോഹിത വിധേയത്വമാണ്.... യു. ജി. സി. പരീക്ഷപോലെ പൊതു പരീക്ഷനടത്തി, അതിൽ വിജയിക്കുന്നവർക്കുമാത്രം അദ്ധ്യാപകനിയമനം കൊടുക്കുന്നതിനുള്ള സംവിധാനം ഉടനടി ഉണ്ടാക്കേണ്ടിയിരിക്കുന്നു."

പുലിക്കുന്നന്റെ ഈ നിർദ്ദേശം നടപ്പിലാക്കിയാൽ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനനൽകിയിരിക്കുന്ന അവകാശങ്ങളുടെ നഗ്നമായ ലംഘനമായിരിക്കും. കുട്ടികൾ ആരുടെയാണോ അവർക്കാണ് തങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാനുള്ള കടമയും അവകാശവുമുള്ളത്. തങ്ങളുടെ മക്കൾ എവിടെ എങ്ങിനെ പഠിക്കണമെന്നും ഏതു ജീവിതത്തുറയിൽ പ്രവേശിക്കണമെന്നും നിശ്ചയിക്കാനുള്ള അവകാശം മാതാപിതാക്കന്മാർക്ക് നിഷേധിക്കുവാൻ പാടില്ല. രാഷ്ട്രത്തിന്റെ പൊതു താല്പര്യം കണക്കിലെടുത്ത് മാതാപിതാക്കന്മാരെ അവരുടെ ചുമതലാ നിർവ്വഹണത്തിൽ സഹായിക്കാൻ ഗവൺമെൻറിന് ധാർമ്മികമായ കടമയുണ്ട്. ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ഭൂരിപക്ഷസമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ഗ്രാന്റ് നൽകുന്നതും ആസ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതും ഗവൺമെന്റ് ആ ധാർമ്മികമായ കടമ കണക്കിലെടുത്താണ്, മാതാപിതാക്കളെ അവരുടെ ചുമതല നിർവ്വഹണത്തിൽ സഹായിക്കാനാണ്.

സർക്കാർ ശമ്പളം നൽകുന്നതുകൊണ്ട് ശമ്പളം വാങ്ങിക്കുന്നവരെ നിയമിക്കാനുള്ള അവകാശവും സർക്കാരിനായിരിക്കണമെന്ന പുലിക്കുന്നന്റെ വാദം ശരിയല്ല. പതിനാലുവയസ്സിൽ താഴെയുള്ള കുട്ടികൾക്ക് നിർബന്ധിതവിദ്യാഭ്യാസം നൽകണമെന്ന വ്യവസ്ഥപോലും പാലിക്കാൻ കഴിയാത്തസർക്കാർ, വിദ്യാഭ്യാസ രംഗത്ത് വൻതുക മുടക്കിസേവനം അനുഷ്ഠിക്കുന്നവരെ അല്പം ഒന്ന് സഹായിക്കേണ്ടത് നികുതി വാങ്ങുന്ന സർക്കാരിന്റെ ഉത്തരവാദിത്വമാണ്.

വിദ്യാർത്ഥികളേ തങ്ങളുടെ മതവും സംസ്കാരവും പഠിപ്പിക്കാനാണ് ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന അവകാശം നൽകിയിരിക്കുന്നത്. ശമ്പളം നൽകുന്നത് സർക്കാരായതുകൊണ്ട് സർക്കാർ നൽകുന്ന ലിസ്റ്റിൽ നിന്നുള്ളവരെ അദ്ധ്യാപകരായി നിയമിക്കണമെന്ന വാദം അംഗീകരിച്ചാൽ അങ്ങനെ നിയമിക്കപ്പെടുന്നവർ ഈ മതവും സംസ്കാരവും പഠിപ്പിക്കാൻ താല്പര്യവും പ്രാപ്തിയുള്ളവരല്ലെങ്കിൽ "ന്യൂനപക്ഷാവകാശവുമായിരുന്നിട്ട്" ന്യൂനപക്ഷങ്ങൾക്ക് എന്തു പ്രയോജനം?

പുലിക്കുന്നന്റെ വാദമനുസരിച്ച് ഒരു പൊതുമെറിറ്റടിസ്ഥാനത്തിൽ ഇത്തരം സ്ഥാപനങ്ങളിൽ നിയമനം നടത്തുന്ന സ്ഥിതിവിശേഷമുണ്ടായാൽ ന്യൂനപക്ഷതാല്പര്യങ്ങാക്കെതിരായിട്ടുള്ളവരും അദ്ധ്യാപകഗണത്തിൽ കടന്നുകൂടാൻ ഇടയുണ്ട്.

www.malankaralibrary.com

അങ്ങനെയുള്ളവരെ അദ്ധ്യാപകരായി നിലനിർത്തിക്കൊണ്ട് സ്ഥാപനങ്ങൾ നടത്തിയാൽ ന്യൂനപക്ഷസംസ്കാരം എങ്ങിനെ സംരക്ഷിക്കും യാതൊരു അർത്ഥവുമില്ല. അങ്ങനെയെങ്കിൽ യാതൊരു സ്കൂളും സ്ഥാപിക്കാതെ സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് തങ്ങളുടെ കുട്ടികളെ അയച്ചാൽ മതിയായിരുന്നു.

സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളെ ആക്ഷേപിക്കുന്നവർ ഗവൺമെന്റ് സ്കൂളുകളുടെ ശോചനീയമായ അവസ്ഥയെപ്പറ്റി ബോധവാന്മാരാകണം. സർക്കാർ വക സ്കൂളുകൾ ഒന്നും കാര്യക്ഷമമായി നടത്താൻ സാധിക്കാത്ത സർക്കാരിന്റെ കൈയ്യിൽ ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളിലെ അദ്ധ്യാപികനിയമനാധികാരവും ഏല്പിക്കണമെന്ന് പറയുന്ന പുലിക്കുന്നൻ "ആങ്ങളചത്താണെങ്കിലും നാത്തൂന്റെ കണ്ണീരുകാണണ"മെന്ന മനോഭാവക്കാരനാണ് ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളുടെ അന്തരീക്ഷം നിലനിർത്താൻ സർക്കാർ നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരെ കണ്ടുപിടിച്ച് നിയോഗിക്കാൻ ന്യൂനപക്ഷങ്ങൾക്ക് അവകാശമുണ്ട്. അദ്ധ്യാപകനിയമനം സർക്കാരിന് വിട്ടുകൊടുത്താൽ ക്രമേണ ന്യൂനപക്ഷസ്ഥാപനങ്ങളും ഗവൺമെന്റ് സ്ഥാപനങ്ങളുടെ നിലവാരത്തിലെത്തും. ഭൂരിപക്ഷസമുദായങ്ങൾ ഈ അവസരം മുതലെടുക്കും. ക്രമേണ ന്യൂനപക്ഷസ്ഥാപനങ്ങളിൽ നിന്ന് ന്യൂനപക്ഷ സമുദായത്തിലുള്ളവർ അപ്രത്യക്ഷരാവും.

സർക്കാർ ശമ്പളം കൊടുക്കുന്നുവെന്ന വാദവുമായി രംഗത്ത് വന്നിരിക്കുന്നവർ ഇത്രയും വിദ്യാഭ്യാസസ്ഥാപനങ്ങൾ ന്യൂനപക്ഷങ്ങൾ എങ്ങിനെയാണ് പടുത്തുയർത്തിയതെന്ന കാര്യം മനസ്സിലാക്കനം. സർക്കാർ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാതിരുന്ന കാലഘട്ടത്തിലാണ്, ഗ്രാന്റുപോലും നൽകാതിരുന്ന കാലഘട്ടത്തിലാണ്, ഇവിടെ ന്യൂനപക്ഷങ്ങൾ വിദ്യാലയങ്ങൾ സ്ഥാപിക്കാൻ മുന്നോട്ടുവന്നത്. അവർണ്ണഹിന്ദുക്കൾക്കും അടിച്ചമർത്തപ്പെട്ടവർക്കും സർക്കാർ സ്കൂളുകളിൽ പ്രവേശനം നിഷേധിച്ച ഒരു കാലഘട്ടത്തിലാണ് ന്യൂനപക്ഷങ്ങൾ വിദ്യാലയങ്ങൾ സ്ഥാപിച്ചത്. ന്യൂനപക്ഷസമുദായത്തിപ്പെട്ടവർക്കുമാത്രമല്ല സവർണ്ണർക്കും അവർണ്ണർക്കും ഭൂരിപക്ഷസമുദയാത്തിൽപ്പെട്ടവർക്കും വിദ്യാഭ്യാസം ചെയ്യുന്നതിന് ആദ്യം കളമൊരുക്കിയത് ക്രൈസ്തവ സമുദായമായിരുന്നുവെന്ന വസ്തുത വിസ്മരിക്കരുത്. അതിനുവേണ്ടി അവർ വിദ്യാലയങ്ങൾ പടുത്തുയർത്തിയത് പട്ടിണിയെ നേരിട്ടുകൊണ്ടാണ്. കെട്ടുതേങ്ങയും പിടിയരിയും പിരിച്ചും പൊൻകുരിശും പൊന്നരുളിക്കയും വിറ്റുമാണ് വിദ്യാലയങ്ങൾ സ്ഥാപിക്കാൻ പണം ശേഖരിച്ചത് ഇന്ന് പുലിക്കുന്നന്റെ പരിഹാസത്തിന് പാത്രമായ "പുരോഹിതവർഗ്ഗം" സമുദായാംഗങ്ങളോടൊപ്പം നിന്ന് കല്ലുചുമന്നതും മണ്ണുമാറ്റിയതും ഓടിടുവാൻ കെട്ടിടത്തിന് മുകളിൽ കയറിയതും വിസ്മരിക്കുന്നത് നന്ദികേടാണ്.

വിദ്യാഭ്യാസസ്ഥാപനങ്ങൾ പടുത്തുയർത്തുവാൻ സമുദായം കോടികണക്കിന് രൂപമുടക്കിയിട്ടുണ്ട്. സർക്കാർ ആവശ്യപ്പെടുന്ന മിനിമം സൗകര്യങ്ങളേക്കാൾ പത്തിരട്ടി സൗകര്യങ്ങളാണ് സ്വകാര്യവിദ്യാലയങ്ങളിൽ ഉള്ളത്. വിവിധതരം കളിസ്ഥലങ്ങൾ, ലാബറട്ടറികൾ, ഗ്രന്ഥശാല തുടങ്ങി പാഠ്യപാഠ്യേതരപ്രവർത്തനങ്ങൾക്കുള്ള ഏറ്റം മികച്ച സജ്ജീകരണങ്ങളാണ് ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളിലുള്ളത്. സർക്കാർ സ്കൂളുകൾ തകർന്ന ഓലഷെഡുകളിലാണ് മിക്കവയും പ്രവർത്തിക്കുന്നത്. ബഞ്ചൊ, ഡസ്ക്കോ, ബോർഡോ മൂത്രപ്പുരയോ ഒന്നുമില്ലാത്ത സർക്കാർ സ്കൂളുകൾ നിരവധിയാണ്.

www.malankaralibrary.com

സർക്കാരിന് എല്ലാവർക്കും വിദ്യാഭ്യാസം നൽകാൻ കഴിയാതിരുന്ന ഒരു കാലഘട്ടത്തിൽ സമുദായം സർക്കാരിൻെറ സഹായമില്ലാതെ സ്വന്തം പണം മുടക്കി പടുത്തുയർത്തികൊണ്ടുവന്നിട്ടുള്ള ഇത്തരം സ്ഥാപനങ്ങളിൽ ഗ്രാന്റ് വ്യവസ്ഥകളിന്മേൽ ശമ്പളം സർക്കാൻ കൊടുക്കാൻ തുടങ്ങിയിട്ട് അധികം നാളുകളായില്ല. ഇന്ന് സർക്കാർ ശമ്പളം നൽകുന്നതുക, സമുദായ സ്ഥാപനങ്ങൾ പടുത്തുയർത്തുവാനും നിലനിർത്താനും വേണ്ടി മുടക്കികൊണ്ടിരിക്കുന്ന ഭീമമായ തുകയുടെ പലിശപോലുമാകുന്നില്ല. സർക്കാർ നൽകുന്ന മെയിന്റനസ് ഗ്രാന്റ് മാനേജ്മെന്റ് ഒരു വർഷം ചിലവിടുന്നതുകയുടെ പത്തുശതമാനം പോലും ആകുന്നില്ല. ഇത്രയും കഷ്ടപ്പെട്ട് നിരവധി സ്ഥാപനങ്ങൾ പടുത്തുയർത്തി ജാതിമതഭേദമെന്യേ ആർക്കും പഠിക്കാനവസരം നൽകി ഇന്നാട്ടിലെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ സമുദായാംഗങ്ങൾക്ക് സാധിച്ചെങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ സേവനം ചെയ്യാൻ, യോഗ്യരായ സമുദായാംഗങ്ങൾക്ക് മുൻഗണന നൽകുന്നതിൽ എന്താണ് തെറ്റ്? ക്രൈസ്തവജീവിതം നയിക്കുന്നവർക്ക് ക്രൈസ്തവസ്ഥാപനങ്ങളിൽ ജോലിക്ക് പ്രത്യേക പരിഗണന നൽകുന്നതിൽ എന്താണ് പിശക്?

എല്ലാവർക്കും വിദ്യാഭ്യാസം നൽകുവാൻ സാധിക്കാതിരുന്ന ഒരു കാലഘട്ടത്തിലാണ് ക്രൈസ്തവസമുദായം ഈ രംഗത്ത് പ്രവർത്തിക്കുവാൻ തുടങ്ങിയത്. ആ സമുദായത്തെ പ്രോത്സാഹിപ്പിക്കാനാണ് എല്ലാവരും ശ്രമിക്കേണ്ടത്. ഗവൺമെന്റ് ശമ്പളം നൽകുന്നുണ്ടെങ്കിൽ അതിൻെറ ഫലം രാജ്യത്തെ ജനങ്ങൾക്ക് പൊതുവേ ലഭിക്കുന്നുണ്ട്. ഈ നാടിന് മുഴുവനുമാണ് അത് ലഭിക്കുന്നത്. പുലിക്കുന്നൻ പറയുന്നതുപോലെ നിയമനം നടത്തിയാൽ ഗവൺമെൻറ് സ്കൂളുകളുടെ നിലയിലേക്ക് ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളും ആയിക്കൊള്ളും ഇവിടുത്തെ അദ്ധ്യാപകരും കൃത്യമായി ശമ്പളം എണ്ണി മേടിക്കും. നൂറുശതമാനം തോൽവികരസ്ഥമാക്കുന്ന വിദ്യാലയങ്ങളുടെ കൂട്ടത്തിൽ ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളും സ്ഥാനം പിടിക്കും അങ്ങനെ ഈ മേഖലയിൽ സർക്കാർ മുടക്കുന്ന തുക മുഴുവൻ പാഴായിപ്പോകും ഗവൺമെന്റിൻെറ പണം നികുതിദായകർ നൽകുന്നതാണ് അച്ചടക്കവും പഠനനിലവാരവും ഉള്ള ന്യൂനപക്ഷസ്കൂളുകളിൽ പഠിക്കുന്നവർക്ക് കൂടി അവകാശപ്പെട്ടതാണ്. ന്യൂനപക്ഷസമുദായത്തിൽപ്പെടാത്തവരും അവിടെ പഠിക്കുന്നുണ്ട്.

പുലിക്കുന്നൻെറ ലേഖനത്തിൻെറ അവസാനഭാഗം കൂടി ഉദ്ധരിക്കട്ടെ "ന്യൂനപക്ഷസമൂഹത്തിൻെറ സംസ്കാരം സംരക്ഷിക്കുന്നതിന് ആ സമൂഹം സ്ഥാപിക്കുകയും സമുദായം തിരഞ്ഞെടുക്കുന്നപ്രതിനിധികൾ നടത്തുകയും ചെയ്യുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുമാത്രമേ ഭരണഘടന 30ാം വകുപ്പനുസരിച്ച് ന്യൂനപക്ഷവകാശം ലഭ്യമാകൂ എന്ന് വ്യവസ്ഥ ചെയ്യണം. ന്യൂനപക്ഷ സ്രക്ഷണം അവകാശപ്പെടുന്ന കത്തോലിക്കാകോർപറേറ്റ് മാനേജുമെന്റിൽ സമുദായത്തിൽ 99.9 ശതമാനം അൽമായർക്ക് ഒരു സ്ഥാനവുമില്ല.... സമുദായത്തിൻെറ പേരിൽ പുരോഹിതർ അവരുടെ ഇഷ്ടപ്പടി നടത്തുന്ന സ്കൂളുകൾക്ക് ഈ ന്യൂനപക്ഷസംരക്ഷണം നൽകാൻ പാടില്ല"പുലിക്കുന്നൻെറ ഈ നിർദ്ദേശം അസ്സലായിരിക്കുന്നു. ക്രൈസ്തവരെ രണ്ട് തട്ടിലാക്കി നിർത്തിയിരിക്കുകയാണ് അദ്ദേഹം. 99.9 ശതമാനം വരുന്ന അൽമായർ ഒരു തട്ടിൽ 0.1 ശതമാനം വരുന്ന വൈദികർ മറ്റൊരു തട്ടിൽ. അങ്ങനെ സമുദായംഗങ്ങളെ രണ്ടുതട്ടിൽ നിറുത്തി അവരെ തമ്മിൽത്തല്ലിക്കുന്നതിനാണ് ഹോളണ്ടിൽനിന്നും സഹായം നൽകുന്നത്. തന്നെ ഏല്പിച്ച ദൗത്യം ഭംഗിയായി നിർവ്വഹിക്കുന്നതിൻെറ പെരിൽ ഹോളണ്ടുകാൻ സംതൃപ്തരായിരിക്കും. 30 വെള്ളിക്കാശിന് ക്രിസ്തുവിനെ ഒറ്റികൊടുത്ത യൂദാസിൻെറ ഭാഗമാണ് അതിഭംഗിയായി ഹോളണ്ടുകാരുടെ മുൻപിൽ ഈ അഭിനവ നാരദൻ അഭിനയിക്കുന്നത്..

www.malankaralibrary.com

ഈ മതപുരോഹിതന്മാർ ഒരു പുരോഹിതാവകാശമാക്കി തീർത്ത ന്യൂന പക്ഷാവകാശം (പുലിക്കുന്നന്റെ ഭാഷ) ഉപയോഗിച്ച് നിയമിക്കപ്പെട്ട അദ്ധ്യാപകർ പഠിപ്പിക്കുന്ന ന്യൂനപക്ഷവിദ്യാലയങ്ങളിൽ എന്തുകൊണ്ട് പുലിക്കുന്നൻ തന്റെ മക്കളെ പഠിക്കാനയച്ചു? പുലിക്കുന്നന്റെ ഭാവനയിലുള്ള സർക്കാർകോളേജ് കോട്ട യത്തുണ്ടായിരുന്നിട്ടും അവിടെനിന്ന് അനേകം കിലോമീറ്റർ അകലെയുള്ള ന്യൂനപ പക്ഷകോളേജിൽ പഠിക്കാനയച്ചത് എന്തിനാണ്?

ഇഷ്ടക്കാർക്ക് ഇഷ്ടം പടി മാർക്കുകൊടുക്കുന്ന റവ. ഡോ.കൾ വാർഡന്മാ രായിരിക്കുന്ന ഹോസ്റ്റലുകളിൽ എന്തുകൊണ്ട് സ്വന്തം മക്കളെ താമസിപ്പിച്ച് പഠിപ്പിച്ചു? ഉത്തരം കിട്ടാത്ത ഈ ചോദ്യങ്ങൾ പുലിക്കുന്നന്റെ മനസാക്ഷിയുടെ മുൻപിൽ ഞാൻ ചോദിക്കട്ടെ.

ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ചുള്ള ചില കോടതിവിധികളുടെ ചുരുക്കം താഴെ ചേർക്കുന്നു.

- 30(1)-ാം വകുപ്പിൽ ഭരണഘടന ന്യൂനപക്ഷങ്ങൾക്കു നൽകുന്നത് ഭാവാത്മകമായ ഒരു പ്രത്യേക ആനുകൂല്യമാണ്.
- ഭരണഘടനയിലെ 19-ാം വകുപ്പുപോലെ ഉള്ളടക്കത്തെ വെട്ടിച്ചുരുക്കി വ്യാഖ്യാനവിക്കാ വുന്ന ഒരു അവകാശമല്ല, ഓരോ ഭാഗവും കൃത്യമായി വ്യക്തമാക്കിയിരിക്കുന്ന പൂർണ്ണ മായ ഒരു അവകാശമാണ് 30(1) -ാം വകുപ്പ് നൽകിയിരിക്കുന്നത്.
- (30) 1-ാം വകുപ്പിലെ അവകാശങ്ങളെ പൂർണ്ണമായും എടുത്തുകളയുന്നവിധത്തിലു ള്ളതല്ലെങ്കിലും ഈ അവകാശങ്ങളെ പരിമിതപ്പെടുത്തുകമാത്രം ചെയ്യുന്ന സ്റ്റേറ്റിന്റെ നിയന്ത്രണനടപടികൾ പോലും ഭരണഘടനാവിരുദ്ധമാണ്.
- ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് സ്റ്റേറ്റിന്റെ അംഗീകാരത്തിനും ഗ്രാന്റിനും അഫി ലിയേഷനുവച്ചിട്ടുള്ള നിബന്ധനകൾ പരോക്ഷമായിപ്പോലും 30(1)ാം വകുപ്പിൽ പ്രത്യ ക്ഷമായി നൽകിയിരിക്കുന്ന അവകാശങ്ങളെ എടുത്തുകളയാനിടയാകുന്നതാകരുത്.
- ന്യൂനപക്ഷങ്ങൾക്ക് അവരുടെയുക്തമനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏർപ്പെടു ത്താനും നടത്താനും ഉള്ള അവകാശം നൽകിയിരിക്കുന്നത് ഇന്ത്യയിൽ ഒരു ഐക്യ ത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാനാണ്.
- ഒരു ന്യൂനപക്ഷസ്ഥാപനത്തെ സംബന്ധിച്ചിടത്തോളം അത് ഏർപ്പെടുത്തിയ ന്യൂനപക്ഷ സമുദായത്തിന് തന്നെയാണ് ആ സ്ഥാപനത്തിന്റെ എല്ലാ വിധ ഭരണകാര്യങ്ങളും നിർവഹിക്കാനുള്ള അവകാശമുള്ളത്.
- ഒരു ന്യൂനപക്ഷസ്ഥാപനത്തിന് ഏറ്റവും അനുയോജ്യനായ പ്രിൻസിപ്പാളിനെയോ ഹെഡ്മാ സ്റ്ററെയോ തിരഞ്ഞെടുക്കുകയെന്നത് മാനേജുമെന്റിന്റെ അധികാരപരിധിയിൽപെടുന്ന കാര്യമാണ്. ഇതിൽ സ്റ്റേറ്റ് കൈ കടത്താൻ പാടില്ല.
- ഈ സ്ഥാപനങ്ങളിൽ സ്റ്റാഫിനെ തിരഞ്ഞെടുക്കുന്നതിന് ഒരു സെലക്ഷൻ കമ്മറ്റിയെ ചുമതലപ്പെടുത്താനോ സ്റ്റാഫ് സെലക്ഷന് ഈ കമ്മറ്റിയുടെ മുൻകൂട്ടിയുള്ള ശരിവ യ്ക്കൽ വേണമെന്ന് നിർബന്ധിക്കാനോ സ്റ്റേറ്റിന് അവകാശമില്ല.

ഈ ഏതാനും കോടതിവിധികളുടെ പശ്ചാത്തലത്തിൽ പുലിക്കുന്നന്റെ വാദഗതികളെല്ലാം അർത്ഥശൂന്യമാണെന്ന് ആർക്കും മനസ്സിലാകും. പുലിക്കുന്നനും അത് മനസ്സിലായിട്ടുണ്ട്. പക്ഷെ സമുദായാംഗങ്ങളെ രണ്ടു തട്ടിൽ നിറുത്തി കലഹിപ്പിച്ച് സമുദായത്തെ തകർക്കുകയെന്നുള്ള ഉദ്ദേശമാണ് ഓശാന ലേഖന ത്തിന്റെ പിമ്പിലുള്ളത്. ഈ നീക്കത്തിന് പിന്നിലുള്ള നിഗൂഢലക്ഷ്യങ്ങൾ സമു ദായ സ്നേഹികൾ മനസ്സിലാക്കണം. വൈദികർ അവർക്കുവേണ്ടി സ്കൂളുകൾ നടത്തുന്നില്ല. നമ്മുടെ വൈദികർ നമ്മുടെ കുട്ടികൾക്കുവേണ്ടിയാണ് സ്കൂളുകൾ നടത്തുന്നത്.

www.malankaralibrary.com

# അനുബന്ധം

## കണ്ണാടിക്കഥകളും ക്രൈസ്തവ സമൂഹവും

### മാത്യു ഉലകംതറ

ഏപ്രിൽമാസം വിഡ്ഢികൾക്കു വിളയാടാനുള്ള മാസമാണല്ലോ. ഇക്കൊല്ലം ഏപ്രിൽ 20ാം തിയതി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ സക്കറിയാ എന്ന കഥാകൃത്ത് കണ്ണാടികാണ്മോളവും എന്ന ശീർഷകത്തിലെഴുതിയ കഥ എത്രയോ വിഡ്ഢികളുടെ യഥാർത്ഥമുഖം പ്രതിഫലിപ്പിച്ചു എന്നു ഞാൻ ആലോചിച്ചു പോകുകയാണ്. ലോകരക്ഷകനും സർവ്വലോകസമാരാധ്യനുമായ ക്രിസ്തുവിനെ ഒരു പമ്പര വിഡ്ഢിയായി അവതരിപ്പിച്ച് സ്വന്തം ബുദ്ധിജീവിത്വം തെളിയിക്കുവാനാണ് കഥാകൃത്ത് ശ്രമിച്ചത്. എന്നാൽ അദ്ദേഹം ചെയ്തതെന്തെന്ന് അദ്ദേഹം അറിഞ്ഞില്ല. അദ്ദേഹത്തിനു ജന്മം നൽകി വളർത്തി ആളാക്കിയ മാതാപിതാക്കളുടെ വിശ്വാസത്തെ പരിഹസിച്ച് ആളാകാൻ ശ്രമിക്കുകയായിരുന്നു അദ്ദേഹം. സ്വന്തം പിതാവിന്റെ വിവസ്ത്രതയെക്കുറിച്ച് വിളിച്ചുകൂവി നടക്കുകയും സ്വന്തം മാതാവിന്റെ "ചോളി കേപീച്ഛേ ക്യാഹേ" എന്നന്വേഷിക്കുകയും ചെയ്യുന്ന ഒരുത്തന്റെ ബുദ്ധിസാമർത്ഥ്യത്തെ ആളുകൾ പ്രശംസിക്കുമെന്നു സക്കറിയാ കരുതി. സ്വയം വിഡ്ഢിവേഷം കെട്ടുകയാണെന്ന് അദ്ദേഹം ധരിച്ചില്ല. കഥാകൃത്തിനെക്കൂടി വിളിച്ചിരുത്തി നമുക്കിതു ചർച്ച ചെയ്തു തീർത്തുകളയാം എന്നു വിചാരിച്ച ചില ഏപ്രിൽ സന്തതികളുണ്ടെന്നുള്ളതാണ് ഈ കഥയുടെ രസകരമായ വാൽക്കഷണം.

..........................................................................................

ക്രിസ്തുവിനെ ദൈവമായി അംഗീകരിക്കാത്തതിലോ മനുഷ്യനായി ചിത്രീകരിച്ചതിലോ ആയിരുന്നില്ല എന്റെ എതിർപ്പ്. സാധാരണ മനുഷ്യരെക്കാൾ നിലവാരം താണ മോശപ്പെട്ട ഒരു മനുഷ്യനായി ക്രിസ്തുവിനെ ചിത്രീകരിച്ചതിനു പിന്നിലുള്ള കഥാകൃത്തിന്റെ ലക്ഷ്യം വ്യക്തമായിരുന്നില്ലല്ലോ. അതിനാൽ തന്നെ സംവേദനം പരാജയപ്പെട്ട ഒരു കലാഭാസമായി അതു മാറി. രണ്ടാമത് ചരിത്രരേഖകളിലും മനുഷ്യമനസ്സുകളിലും തെളിഞ്ഞു കാണുന്ന ക്രിസ്തുവിന്റെ മുഖം മാററിവരച്ച് വികൃതമാക്കുമ്പോൾ അതിന് എതിർരേഖകളുടെയും തെളിവുകളുടെയും പിൻബലം ഉണ്ടായിരിക്കണം. അതുമില്ല. ഇങ്ങനെ ലക്ഷ്യവും മാർഗ്ഗവും പരാജയപ്പെട്ട ഒരു സൃഷ്ടിയെപ്പററി എന്താണു ചർച്ച ചെയ്യാനുള്ളത്.

"രണ്ടായിരം കൊല്ലമായി വണങ്ങപ്പെടുന്ന" യേശുവിനെപ്പററിയാണല്ലോ കഥ. വണങ്ങുന്നതിനുള്ള ആധാരവും യേശുവിനെപ്പററിയുള്ള മുഖ്യചരിത്രരേഖയും ബൈബിളാണ്. പന്ത്രണ്ടു വയസ്സു മുതൽ മുപ്പതു വയസ്സുവരെയുള്ള യേശുവിന്റെ രഹസ്യജീവിതം, ലാസറിന്റെ കുടുംബവുമായുള്ള ബന്ധം, യേശുവിന്റെ സഹോദരന്മാരെപ്പററിയുള്ള പ്രസ്താവം, ക്രൂശുമരണം ഇതൊക്കെ സക്കറിയാ ബൈബിളിൽ നിന്നു സ്വീകരിച്ചിരിക്കുന്നു. ബൈബിളിനെ ഒരു ചരിത്രരേഖയായി സ്വീകരിച്ചുകൊണ്ട് യേശുവിനെപ്പററി കഥയെഴുതുന്നയാൾ ബൈബിളിലെ ചില പ്രസ്താവനകളെ മാത്രം അംഗീകരിക്കുകയും വേറെ ചിലത് നിരാകരിക്കുകയും ചെയ്യുന്നതു യുക്തിയുക്തമല്ല. ചരിത്രഗ്രന്ഥമായി അംഗീകരിക്കുന്ന പക്ഷം പൂർണ്ണമായി അംഗീകരിക്കണം. ബൈബിൾ കെട്ടുകഥയാണെന്നാണു വാദമെങ്കിൽ അതിനെ പൂർണ്ണമായി നിരാകരിക്കണം. ചിലതു സ്വീകരിക്കുക, ചിലതു നിരാകരിക്കുക, ചിലതു വളച്ചൊടിക്കുക ഇതൊക്കെ ചരിത്രത്തോടു ചെയ്യുന്ന കൈയേററമാണ്. ചരിത്രത്തെ കൈയ്യേററം ചെയ്തു തെളിവും യുക്തിയുമില്ലാതെ ചരിത്രപുരുഷനായ ക്രിസ്തുവിനെ മാനഭംഗപ്പെടുത്തി എന്നായിരുന്നു എന്റെ ആക്ഷേപം. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ മാനഭംഗപ്പെടുത്തൽ അനുവദിക്കാമോ എന്നാണു ചോദ്യം. ഇവിടെ വിശ്വാസത്തിന്റെ പ്രശ്നം മാറി നിന്നുകൊള്ളട്ടെ.

www.malankaralibrary.com

മാലാഖ മംഗലവാർത്തയറിയിച്ചു മറിയം ഗർഭം ധരിച്ചു എന്നു ബൈബിളിലുണ്ട്. ഈ ദിവ്യജനനകഥയെ വി. ഖുറാൻ പോലും അംഗീകരിക്കുന്നു. മാലാഖയെപ്പോലൊരുത്തൻ വന്നു മറിയത്തെ കബളിപ്പിച്ചു വകയിലുണ്ടായ ജാരസന്തതിയാണ് ക്രിസ്തു എന്നു സക്കറിയ ധ്വനിപ്പിക്കുന്നു. ഇതു മാനഭംഗ പ്പെടുത്തലാണ്. സക്കറിയാപുരോഹിതനു പ്രത്യക്ഷപ്പെട്ട മാലാഖ തന്നെയാണു മറിയത്തോടു മംഗല വാർത്ത അറിയിച്ചത്. അതേ മാലാഖ യൗസേപ്പിൻെറ ശങ്ക പരിഹരിക്കുകയും മൂന്നു പൗരസ്ത്യ വിജ്ഞാനികളോടു വഴിമാറിപ്പോകാ നാജ്ഞാപിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള മാലാഖക്കഥകളെല്ലാം സക്കറി യായ്ക്കു വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്യാം. അതിശയോക്തിയായി വ്യാഖ്യാനിക്കാം. എന്നാൽ അതിലൊന്നിനെ മാത്രം വേർതിരിച്ചെടുത്ത് വളച്ചൊടിച്ച് ജാരകഥയായി ചിത്രീകരിക്കുന്നത് അനീതിയാണ്. മറിയത്തെയും യേശുവിനെയും അപകീർത്തിപ്പെടുത്തലാണ്.

രഹസ്യജീവിതകാലത്ത് യേശു വിദേശവിദ്യാഭ്യാസത്തിനുപോയി മുപ്പതാം വയസ്സിൽ ഒട്ടെറെ അറിവും സമ്പാദിച്ചു മടങ്ങി വന്നപ്പോൾ നസ്രസ്സിൽ കുളിക്കാൻ വെള്ളമില്ലാഞ്ഞു വിഷമിച്ചു എന്നാണ് സക്കറിയായുടെ കഥ. യേശു വിദേശ വിദ്യാഭ്യാസത്തിനു പോയിട്ടില്ല എന്നു ബൈബിളിൽ വ്യക്തമായ തെളിവുണ്ട്. യേശു സിനഗോഗിൽ പ്രസംഗിക്കുന്നതു കേട്ട അദ്ദേഹത്തിൻെറ ഗ്രാമവാസികൾ ചോദിക്കുന്നു യൗസേപ്പിൻെറയും മറിയയുടെയും മകനായ ആശാരിപ്പണിക്കാരനല്ലേ ഇവൻ? ഈ അറിവൊക്കെ ഇവന് എവിടെന്നു കിട്ടി? (മർക്കോ 6 :2-3-4)യേശു വിദേശവിദ്യാഭ്യാസത്തിനുപോയെങ്കിൽ ആ ഗ്രാമവാസികൾ അറിയുമായിരുന്നു. ഇവന് ഈ അറിവെല്ലാം എവിടുന്ന് എന്നവർ ചോദിക്കുകയുമില്ലായിരുന്നു. മാത്രമല്ല കേവലം 12 -ാം വയസ്സിൽത്തന്നെ യരുശലേം ദേവാലയത്തിലെ ഉപാദ്ധ്യായന്മാരെ വിസ്മയിപ്പിക്കത്തക്ക അറിവ് യേശുവിനുണ്ടായിരുന്നു.(ലൂക്കാ.2:46-47) വിദേശ വിദ്യാഭ്യാസം കൊണ്ടു നേടിയ അറിവല്ല അത്. ബൈബിളിലെ ഈ പ്രസ്താവങ്ങളെ അവഗണിച്ച് ഒരു വിദേശവിദ്യാഭ്യാസ കഥയുണ്ടാക്കുന്നതിൻെറ ലക്ഷ്യം ക്രിസ്തുവിനെ കൊച്ചാക്കുകയാണെന്നു വ്യക്തം. പക്ഷേ അതിനുള്ള തെളിവെന്ത്? ഇത്രയൊക്കെ അറിവുണ്ടായിട്ടും സമുദായ നീതികളോടും രീതികളോടും ഇണങ്ങിപ്പോകാനുള്ള ബുദ്ധിയില്ലാത്തതുകൊണ്ടാണ് യേശുവിന് ആയുസ്സെത്തും മുമ്പ് മരിക്കേണ്ടിവന്നതെന്നും കഥയിൽ പറയുന്നുണ്ട്. അത് യേശുവിൻെറ മഹത്ത്വത്തിനുള്ള തെളിവായി കഥയിലെങ്ങും ഒരു സൂചനപോലും ഇല്ലാത്ത തുകൊണ്ട് വിഡ്ഢിത്തത്തിനുള്ള തെളിവായിട്ടേ സ്വീകരിക്കാൻ നിർവ്വാഹമുള്ളു.

യേശു പഠിപ്പിച്ച ലൈംഗിക സദാചാരത്തിൽ കഥാകൃത്തിനു വിശ്വാസമില്ല. സ്ത്രീ പുരുഷവേഴ്ചകളിൽ പാപമില്ലെന്നാണ് കഥ ധ്വനിപ്പിക്കുന്നത്. അങ്ങനെ യിരിക്കെ ലാസറിൻെറ സഹോദരി മറിയം യേശുവിനെ മടിയിൽകിടത്തി ചുണ്ടത്തു ചുംബിച്ചു പ്രലോഭിപ്പിച്ചപ്പോൾ ഏതോമൂഢമായ ഒരാദർശപ്രേമത്താൽ ഭയന്ന് - അഥവാ ഷണ്ഡത്വത്താൽ അശക്തനായി അദ്ദേഹം നിലവിളിക്കുന്നു. കാളിദാസ ൻെറഭാഷയിൽ, വിഡ്ഢികളല്ലാതെ "വശഗസുഭഗയെക്കൈവിടാനാർ കൊതിക്കും." ലോകഗുരുവായ ക്രിസ്തുവിനെ ഇങ്ങനെയെല്ലാം കാമവശഗനും, ഭീരുവും, ദുർബ ലനും, ആദർശാന്ധനും, സാമൂഹിക വിരുദ്ധനുമായി ചിത്രീകരിക്കയതുകൊണ്ട് ആർക്ക് എന്തുനേട്ടം? ക്രിസ്തുവിൻെറ വ്യക്തിത്വത്തിനു വിലയിടിയുമ്പോൾ അദ്ദേഹ തതിൻെറ പ്രബോധനങ്ങൾക്കും വിലയിടിയും. അതു ലോകത്തിനു വലിയ നഷ്ട മാണ് മനുഷ്യദ്രോഹമാണ്. ഇതായിരുന്നു എൻെറ ആദ്യകത്തിലെ ഉള്ളടക്കം.

.......................................................................................................

കലാകൗമുദിയിൽ ശ്രീ. എൻ. കൃഷ്ണൻ നായർ സക്കറിയായുടെ കഥയെക്കുറിച്ചു ഭിന്നാഭിപ്രായമെഴുതിയത് അദ്ദേഹത്തിന് ദൈവശാസ്ത്രമറിയാത്തതു കൊണ്ടാണെന്നും, ചില മെത്രാന്മാർ സക്കറിയായുടെ കഥയെ എതിർത്തത് അവർക്ക് സാഹിത്യജ്ഞാനമില്ലാഞ്ഞിട്ടാണെന്നും ശ്രീ പുലിക്കുന്നേൽ ആക്ഷേപിച്ചു. മനുഷ്യ

www.malankaralibrary.com

സ്വഭാവത്തിൽ നിന്നും അന്യമായി നിൽക്കുന്ന ഒരു വ്യക്തിത്വം യേശുവിനി ല്ലെന്നും യേശുവിനെ പൂർണ്ണ മനുഷ്യനായി ചിത്രീകരിക്കുവാനാണ് സക്കറിയ ശ്രമിച്ചിരിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പുലിക്കുന്നേലിൻെറ ലഘുലേഖയോടുള്ള എൻെറ ഹ്രസ്വമായ പ്രതികരണം ഇങ്ങനെയായിരുന്നു.: "മനുഷ്യ സ്വഭാവത്തിൽ നിന്ന് അന്യമായി നിൽക്കുന്ന ഒരു വ്യക്തിത്വം യേശുവിനില്ലായിരുന്നു എന്നു പുലിക്കുന്നൻ പറയുന്നത് മറിച്ചും പറയാം. ദൈവസ്വഭാവത്തിൽ നിന്നും അന്യമായി നിൽക്കുന്ന ഒരു മനുഷ്യത്വം യേശുവിനില്ലായിരുന്നു. സക്കറിയായുടെ കഥയിൽ ദൈവസ്വഭാവത്തെ പൂർണ്ണമായും നിരാകരിച്ചിരിക്കുകയാണ്. ബൈബിളിലെ യേശുവിൻെറ ദൈവികതയും മാനുഷികതയും ചേർന്ന സ്വഭാവത്തെ സക്കറിയാ വികലമാക്കി. മെത്രാന്മാരുടെ അഭിപ്രായം മാററിവച്ചാലും ശ്രീ എൻ. കൃഷ്ണൻനായരെപ്പോലുള്ള പക്വതയാർജ്ജിച്ച വായനക്കാർക്കു പോലും തോന്നുന്ന അഭിപ്രായം ഇതാണ്. ക്രിസ്തുവിൻെറ മനുഷ്യസ്വഭാവത്തെ ഉദാത്തവൽക്കരിച്ച പ്രതീതി.

.............................................................................................................

യേശുവിൻെറ സഹോദരീസഹോദരന്മാരെന്നു പറഞ്ഞിരിക്കുന്നത് മറിയം പ്രസവിച്ച മക്കളെ ഉദ്ദേശിച്ചാണെന്നാണ് വായനക്കാർ ധരിക്കുന്നത്. മറിയം വേറെ മക്കളെ പ്രസവിച്ചിട്ടുള്ളതായി ബൈബിളിൽ തെളിവില്ലെന്ന് ശ്രീ പുലിക്കു ന്നേലും സമ്മതിക്കുന്ന മട്ടാണ്. യേശുവിനു സഹോദരങ്ങളുണ്ടായിരുന്നതായുള്ള ചിത്രീകരണം ബൈബിളിനോട് നീതി ചെയ്യുന്നില്ല. യേശുവിൻെറ സഹോദരീ സഹോദരന്മാർ കൂട്ടുകുടുംബത്തിലെ അംഗങ്ങളാണെന്നു പുലിക്കുന്നൻ പറയുന്നു. സക്കറിയാ സമ്മതിക്കുന്ന പക്ഷം സക്കറായായും പുലിക്കുന്നേലും കൂടി അതിനു തെളിവു ഹാജരാക്കണം. യേശു ജീവിച്ചിരുന്ന കാലത്ത് ഇസ്രായേലിൽ കൂട്ടുകുടുബവ്യവസ്ഥ നിലവിലുണ്ടായിരുന്നുവോ? ഈ നൂററാണ്ടിൻെറ ആരംഭ ത്തിൽ കേരളത്തിൽ കൂട്ടുകുടുംബ വ്യവസ്ഥയുണ്ടായിരുന്നെങ്കിലും ഇന്ന് അതില്ലല്ലോ. യേശു കൂട്ടുകുടുംബത്തിൽ ജീവിച്ചിരുന്നതായി എന്തെങ്കിലും തെളിവുണ്ടോ? ബേത്ലഹേമിൽ കാനേഷുമാരിക്കണക്കെഴുതിക്കാൻ പോയ പ്പോഴോ യേശുവിൻെറ പന്ത്രണ്ടാം വയസ്സിൽ ജറുസലേം ദേവാലയത്തിലേക്കു ദീർഘയാത്ര ചെയ്തപ്പോഴോ ആ കൂട്ടുകുടുംബത്തിലെ ഒരംഗത്തെക്കൂടി സഹായ ത്തിനു കൊണ്ടു പോകാതിരുന്നതെന്ത്? മറിയത്തിൻെറ നിത്യകന്യകാത്വത്തെ ചോദ്യം ചെയ്യാൻ ഒരാൾ ഒരു കള്ളക്കഥ ഉണ്ടാക്കുന്നു. അതിനെ ന്യായീകരിക്കാൻ മറെറാരാൾ മറെറാരു കൂട്ടുകുടുംബക്കഥയുണ്ടാക്കുന്നു. തെളിവു രണ്ടു പേരുടെ പക്കലുമില്ല. അവർ ഇരുവരും ചേർന്ന് വായനക്കാരെ മൊത്തത്തിൽ സാഹിത്യ ബോധമില്ലാത്തവരെന്നും ദൈവശാസ്ത്രബോധമില്ലാത്തവരെന്നും ആക്ഷേപിച്ചു വിഡ്ഢികളാക്കുന്നു. പോരേ?

ലാസറിൻെറ പെങ്ങൾ മറിയം യേശുവിനെ മടിയിൽ കിടത്തി ചുംബിക്കുന്നു. തൻെറ ആത്മനിയന്ത്രണം നഷ്ടപ്പെട്ടു പാപത്തിൽ വീണുപോകുമോ എന്ന് ഭയന്ന് "എനിക്കു പേടിയാകുന്നു" എന്നു യേശു നിലവിളിക്കുന്നു. സ്ത്രീ പുരുഷവേഴ്ചയിൽ പാപമൊന്നുമില്ലെന്നും, പാപമുണ്ടെന്നു വിചാരിക്കുന്നതു ദൈവദോഷമാണെന്നും പറഞ്ഞ് കാമാതുരയായ മറിയം യേശുവിനെ ആശ്വസി പ്പിക്കുന്നു. ഇതാണു കഥയിലെ ചിത്രം. ശ്രീ പുലിക്കുന്നേൽ പറയുന്നത് കുടുംബസുഹൃത്തുക്കളെ ചുംബിക്കുന്നത് യഹൂദാചാരമാണെന്നാണ്. യൂദാസ് യേശുവിനെ ചുംബിച്ചത് സ്വവർഗ്ഗരതികൊണ്ടാണോ എന്ന മറുചോദ്യം കൊണ്ട് വിമർശകരെ മൊഴി മുട്ടിക്കാനുള്ള ഒരു വാദകൗശലവും ശ്രീപുലിക്കുന്നേൽ പ്രയോഗിക്കുന്നു. കുടുംബ സുഹൃത്തുക്കളായ യുവാക്കന്മാരെ അവിവാഹിതരായ യുവതികൾ പിടിച്ചു മടിയിൽക്കിടത്തി ചുണ്ടത്തു ചുംബിക്കുന്ന ആചാരം ഏതു സമുദായത്തിലാണുള്ളത്? യൂദാസ് ജനമദ്ധ്യത്തിൽ വച്ച് യേശുവിൻെറ കവിളത്തു നൽകിയ ആസൂത്രിത ചുംബനത്തെ ഒരു യുവതിയുവാവിനെ മടിയിൽ ക്കിടത്തി അധരങ്ങളിലർപ്പിക്കുന്ന രഹസ്യചുംബനത്തോടു താരതമ്യം ചെയ്തു. സ്വയം

www.malankaralibrary.com

ന്യായീകരിക്കുന്ന പുലിക്കുന്നന്റെ തർക്കശാസ്ത്രവൈഭവം അപാരം തന്നെ. പാപഭീതികൊണ്ടു നിലവിളിക്കുന്ന ഭീരുവായ യേശുവിനെ "ഇതിലൊന്നും പേടിക്കാനില്ല ദൈവത്തിന് ഇതൊക്കെ ഇഷ്ടമാണ്" എന്ന അർത്ഥത്തിൽ കാമുകി ആശ്വസിപ്പിക്കുന്നെങ്കിൽ അതു മാനുഷിക സാഹചര്യത്തിൽ സ്വാഭാവികമാണ്. തന്റെ "മനുഷ്യകഥ" യിൽ സക്കറിയാ ഉദ്ദേശിച്ചത് അതായിരിക്കണം. വായനക്കാർ ധരിച്ചതും അതാണ്. പക്ഷേ പുലിക്കുന്നേൽ പറയുന്നത് തന്റെ ഭാവി ദൈവീക ദൗത്യങ്ങളോർത്തു യേശു കരഞ്ഞെന്നും അത് രണ്ട് ബൈബിൾ സന്ദർഭങ്ങളുടെ ദൈവീകമായ മുന്നനുഭവമായിരുന്നെന്നും ജീവിത ദൗത്യഭാര മോർത്തു ഭീരുവാകാതിരിക്കാനാണ് ആ യുവതി അദ്ദേഹത്തെ ഗുണദോഷിച്ച തെന്നും ആണ്. ഇങ്ങനെയൊരു ദൈവീക മാനം ആ കഥയ്ക്കുണ്ടെന്നു സക്കറിയാ അവകാശപ്പെടുന്നില്ല. കഥയ്ക്കുള്ളിൽ അതിന് ഉപോദ്ബലകമായ ഒരു സൂചനപോലുമില്ല. വായനക്കാർ ആരെ വിശ്വസിക്കണം? കഥാകൃത്തിനെയോ കഥയെയോ അതോ പുലിക്കന്നേലിനെയോ?

കന്യാമറിയത്തിനു പ്രത്യക്ഷപ്പെട്ടു മംഗല വാർത്തയറിയിച്ചതു സാക്ഷാൽ ദൈവദൂതനായിരുന്നെന്നു ബൈബിൾ. യേശുവിന്റെ മീശയില്ലാത്ത മുഖം സങ്കൽ പിച്ചപ്പോൾ ദൈവദൂതനെപ്പോലെ ഒരാളെ ഓർത്തു മറിയം വിയർത്തു എന്നു സക്കറിയാ. മകന്റെ ഭാവി ദൗത്യത്തിലുള്ള തന്റെ പങ്കാളിത്തമോർത്താണു മറിയം വിയർത്തതെന്നു പുലിക്കുന്നേൽ, അതിനു കഥയിൽ തെളിവൊന്നുമില്ല. വായനക്കാർ ധരിക്കുന്നത് മാലാഖയെപ്പോലുള്ള ഏതോ ഒരുത്തനുമായുള്ള സംഗമത്തിന്റെ സങ്കീർണ്ണത നിറഞ്ഞ വൈകാരികാനുഭവ സ്തുതിയിൽ അവൾ വിയർത്തു എന്നാണ്. കഥ നൽകുന്ന പ്രതീതി അതായിരിക്കെ സക്കറിയായെ അലക്കി വെളുപ്പിച്ചെടുക്കാൻ പുലിക്കുന്നൻ നിരാലംബ മായി പാടുപെടുന്നു.!

മഗ്ദലനമറിയവും ലാസറിന്റെ പെങ്ങൾ മറിയവും രണ്ടുപേരാണെന്നു ധരിച്ച താണബദ്ധമെന്നും പുലിക്കുന്നൻ. മറിയം ഒരാളോ രണ്ടാളോ എന്നതല്ല ഇവിടെ പ്രശ്നം. പാലസ്തീനായിൽ ജലദൗർലഭ്യമുണ്ടായിരുന്നോ യേശു കുളി ച്ചി രുന്നോ എന്നതുമൊന്നും പ്രശ്നമല്ല. പ്രലോഭനത്തിന്റെമുഖത്തുനോക്കി "സാത്താനേ ദൂരെ പ്പോ" എന്നു ഗർജ്ജിച്ച ആത്മബലത്തിനുടമയായ യേശു പ്രലോഭനത്തിന്റെ മടിയിൽ തലവച്ചുകിടന്ന് ഞെളിപിരികൊള്ളുകയും "എനിക്കു പേടിയാകുന്നു" എന്നു നിലവിളി ക്കുകയും ചെയ്യുന്ന ഒരു ദുർബലനും ഭീരുവുമായി ചിത്രീകരിക്കപ്പെട്ടില്ലേ? ശ്രീ. പുലി ക്കുന്നേലിന്റെ നിർവചനമനുസരിച്ച് അത് സത്യവിരുദ്ധമായ അശ്ലീലചിത്രീകരണമ ല്ലേ? സക്കറിയായുടെ കഥയിൽ അശ്ലീലമില്ല എന്നു ശ്രീ. പുലിക്കുന്നേൽ ആണയിടു മ്പോൾ സക്കറിയായെ രക്ഷിക്കാൻ വന്ന മറ്റൊരു സാഹിത്യകാരൻ ബാബു കുഴിമറ്റം പറയുന്നു പൂവൻ കോഴി പിടക്കോഴിയെ ഓടിച്ചുകൊണ്ടു മുറിക്കകത്തേക്ക് വന്നു എന്നുള്ള വർണ്ണനയിൽ അശ്ലീമുണ്ടെന്ന്. ഇവിടെ അനുകൂല വ്യാഖ്യാതാക്കൾ തമ്മിൽ ഭിന്നിക്കുന്നു ഈ പൂവൻകോഴി സംഭവത്തിന്റെ വേദശാസ്ത്രവ്യാഖ്യാനമെന്തെന്ന് പുലി ക്കുന്നേ' പറയുന്നുമില്ല. ദൈവമനുഷ്യനായ യേശുവിനെ ആദർശാന്ധത കൊണ്ട് അപ്രാ യോഗികബുദ്ധിയായ ഒരു ഫ്രോയിഡിയൻ മനുഷ്യനായി തരംതാഴ്ത്തുകയാണ് സക്ക റിയാ ചെയ്തത്. പുലിക്കുന്നേലിന്റെ ഭാഷയിൽത്തന്നെ അതു ജീവിതമൂല്യനിരാസ ത്തിനു പ്രേരിപ്പിക്കുന്ന അശ്ലീലസാഹിത്യമാണ്. യേശു പാപം ചെയ്തതായി സക്കറിയാ യുടെ കഥയിലില്ലല്ലോ എന്നു ചോദിച്ചേക്കാം. അവിഹിത ലൈംഗികവേഴ്ച പാപമാ ണെന്ന സങ്കല്പം സക്കറിയായ്ക്കുണ്ടെങ്കിൽ മാത്രമേ പാപം ചെയ്യാതിരുന്നത് ഒരു മേന്മയായി അവകാശപ്പെടാൻ കഴിയൂ.സക്കറിയായയുടെ ദൃഷ്ടിയിൽ ഭീരുവോ ഷണ്ഡനോ ആയ ഒരുത്തന്റെ കഴിവുകേടാണത്.

യേശുവിനെ അനുഗമിച്ച സ്ത്രീകൾ അനേകമുണ്ടായിരുന്നു. അവരോടെല്ലാം അവിടുന്നു കരുണ കാണിച്ചിരുന്നു. എങ്കിലും പീലാത്തോസിന്റെ മുന്നിൽ യേശു വിനെ ഹാജരാക്കിയ ശത്രുക്കൾ പോലും യേശുവിനെതിരായ ആരോപണങ്ങളിൽ ഒരു പെണ്ണുകേസ് ഉൾപ്പെടുത്താൻ ധൈര്യപ്പെട്ടില്ല. എന്നിട്ടിവിടെ പിടയുടെ പിന്നാലെ ഓടി യിട്ട് വിഫലതാബോധത്തോടെ മടങ്ങുന്ന ഒരു പൂവൻ കോഴിയായി യേശുവിനെ പ്രതീ കവൽക്കരിക്കാൻ കേരളത്തിൽ ഒരു ക്രിസ്ത്യാനി ഉണ്ടായിരിക്കുന്നു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

## 'ഓശാന'ഗവേഷണങ്ങളുടെ തനിനിറം
### (വിപുലീകരിച്ച രണ്ടാം പതിപ്പ്)

ക്രൈസ്തവ വിശ്വാസത്തിനും സമുദായതാത്പര്യങ്ങൾക്കും ഹാനികരമായ പാഠപുസ്തകലേഖനങ്ങളെയും സാഹിത്യരചനകളെയും സമുദായശ്രദ്ധയിൽ പെടുത്തുന്നതിനും ക്രൈസ്തവമാന്യത നിലനിർത്തിക്കൊണ്ട് പ്രതിഷേധിക്കുന്നതിനും അസാധാരണവും നിരന്തരവുമായ ജാഗ്രത പുലർത്തിപ്പോരുന്ന ശ്രീ ജോൺ കച്ചിറമറ്റം എ. കെ. സി. സി. ബുള്ളറ്റിനിലും ദീപനാളം വാരികയിലും എഴുതിയ ഏതാനും ലേഖനങ്ങളുടെ സമാഹാരമാണ് "ഓശാന" ഗവേഷണങ്ങളുടെ തനിനിറം എന്ന ഈ ഗ്രന്ഥം. സഭാനവീകരണം എന്ന വ്യാജ്യേന ഇടമറ്റത്ത് പ്രവർത്തിക്കുന്ന ഭാരതീയ ക്രൈസ്തവപഠനകേന്ദ്രം നടത്തുന്ന ഹീനമായ നശീകരണശ്രമങ്ങളെ ബഹുജനദൃഷ്ടിയിൽ കൊണ്ടുവരുന്നതിന് ഈ ഗ്രന്ഥം സഹായകമാകുമെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം.

### "ആധുനികഭാരതവും ക്രൈസ്തവ സംഭാവനകളും"

യേശു ശിഷ്യനായ സെന്റ് തോമസ് സ്ഥാപിച്ച ഭാരതത്തിലെ ക്രൈസ്തവസമൂഹം രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ വഹിച്ച സ്തുത്യർഹമായ പങ്ക് വിലയിരുത്തുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണ് "ആധുനിക ഭാരതവും ക്രൈസ്തവസംഭാവനകളും". ഇന്ത്യൻ ദേശീയ നവോത്ഥാനപ്രസ്ഥാനത്തിന്റെ വളർച്ചയിലും ഭാരതസ്വാതന്ത്ര്യസമരത്തിലും ക്രൈസ്തവസമൂഹം വഹിച്ച ധീരോദാത്തമായ പങ്ക് ഈ ഗ്രന്ഥത്തിൽ അനാവരണം ചെയ്തിരിക്കുന്നു.

ഒന്നര വ്യാഴവട്ടക്കാലം അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചതിനുശേഷം മൂന്നു വർഷക്കാലമായി അതിന്റെ പ്രസിഡന്റായി പ്രവർത്തിച്ചുവരുന്ന ജോൺ കച്ചിറമറ്റം രചിച്ച ഈ ഗ്രന്ഥം ഭാരതത്തിലെ ക്രൈസ്തവ സമൂഹം നവഭാരതസൃഷ്ടിയിൽ വഹിച്ച പങ്കെന്തെന്ന് വെളിച്ചത്തു കൊണ്ടുവന്നിരിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ പ്രകാശനം
1999 ആദ്യം പ്രതീക്ഷിക്കുക.

— പ്രസിദ്ധീകരണം —
ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി. ഒ. 686 655

www.malankaralibrary.com